


Contents
Next >>>>

# വികസന രൂപരേഖ 2021 – പരവൂർ
## (കരട്)

---

**അവതാരിക**

**ആമുഖം**

**കടപ്പാട്**

**സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി അംഗങ്ങൾ**

**കൗൺസിലർമാർ**

---

### ഭാഗം – 1 – വികസന രൂപരേഖ – ആമുഖം

പേജ് നമ്പർ


വികസന രൂപരേഖ – ആമുഖം

എ. പ്രാദേശിക വികസന രൂപരേഖ/ സംയോജിത ജില്ലാ വികസന രൂപരേഖ – 3

ബി. പ്രാദേശിക വികസന രൂപരേഖ – പരവൂർ – 5


### ഭാഗം – 2 – നിലവിലെ സ്ഥിതി വിശകലനം


അദ്ധ്യായം – 1 – പൊതുവിവരങ്ങൾ – 11

1.1 പരവൂരിന്റെ സ്ഥാനം – 11

1.2 ഭരണ ചരിത്രം – 12

1.3 വികസന ചരിത്രം – 12

1.4 ചരിത്ര–സാംസ്കാരിക പശ്ചാത്തലം – 14

1.5 ഭൂപ്രകൃതി – 15

1.6 ജൈവസമ്പത്ത് – 16

അദ്ധ്യായം – 2 – ഭൂവിനിയോഗം – 17

2.1 ഭൂവിനിയോഗത്തിന്റെ വിശകലനം – 17

2.2 വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം – 21

2.3 വാസമേഖലയുടെ തരംതിരിവ് – 23

2.4 പ്രവർത്തന സ്വഭാവം (Functional Character) – 25

2.5 അനുമാനം – 28

അദ്ധ്യായം – 3 – ജനസംഖ്യ – പഠനം – 29

3.1 ജനസംഖ്യ – 29

3.2 ജനസംഖ്യാ വളർച്ച നിരക്ക് – 29

3.3 ജനസാന്ദ്രത – 31

3.4 സ്ത്രീ–പുരുഷാനുപാതം – 32

3.5 ജനസംഖ്യാ വിതരണം – 32

3.6 അനുമാനം – 33

അദ്ധ്യായം – 4 – തൊഴിൽ രംഗം – 35

4.1 പരവൂർ നഗരസഭാപ്രദേശത്തെ തൊഴിലാളികളുടെ എണ്ണം – 35

4.2 തൊഴിൽ ഘടന – 36

4.3 അനുമാനം – 38

| | | |
|---|---|---|
| അദ്ധ്യായം – 5 – കാർഷിക മേഖല | – | 39 |
| 5.1 കൃഷി : മുൻകാലങ്ങളിലെ അവസ്ഥ | – | 39 |
| 5.2 കൃഷി : നിലവിലെ സ്ഥിതി | – | 40 |
| 5.3 ജലസേചന സൗകര്യങ്ങൾ | – | 44 |
| 5.4 കാർഷികോല്പന്ന വിപണന സൗകര്യങ്ങൾ | – | 45 |
| 5.5 കാർഷിക ഉല്പന്ന ഉപഭോഗം – പരവൂർ | – | 45 |
| 5.6 കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ | – | 46 |
| 5.7 അനുമാനം | – | 47 |
| അദ്ധ്യായം – 6– വ്യവസായം | – | 49 |
| 6.1 വ്യവസായങ്ങൾ: നിലവിലെ സ്ഥിതി | – | 49 |
| 6.2 അനുമാനം | – | 52 |
| അദ്ധ്യായം – 7– മൃഗ സംരക്ഷണവും മത്സ്യബന്ധനവും | – | 53 |
| 7.1 മൃഗസംരക്ഷണം – നിലവിലെ സ്ഥിതി | – | 53 |
| 7.2 മത്സ്യബന്ധന മേഖല –നിലവിലെ സ്ഥിതി | – | 55 |
| 7.3 അനുമാനം | – | 61 |
| അദ്ധ്യായം – 8– വിനോദ സഞ്ചാരം | – | 63 |
| 8.1 വിനോദ സഞ്ചാരം – നിലവിലെ സ്ഥിതി | – | 63 |
| 8.2 ജലപാത (ടി.എസ് കനാൽ) | – | 65 |
| 8.3 തീരദേശ റോഡ് | – | 66 |
| 8.4 പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ | – | 66 |
| 8.5 അനുമാനം | – | 66 |
| അദ്ധ്യായം – 9 – ഗതാഗതം | – | 67 |
| 9.1 റോഡ് ശൃംഖല | – | 67 |
| 9.2 വാഹനങ്ങളുടെ വ്യാപ്തം. (Traffic Volume) | – | 69 |
| 9.3 വാഹനങ്ങളുടെ തരം | – | 70 |
| 9.4 ചരക്ക് ഗതാഗതം | – | 71 |
| 9.5 പാർക്കിംഗ് | – | 72 |
| 9.6 ബസ് സ്റ്റാൻഡ് | – | 73 |
| 9.7 റെയിൽ ഗതാഗതം | – | 73 |
| 9.8 ജലഗതാഗതം | – | 74 |
| 9.9 ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ | – | 74 |
| 9.10 അനുമാനം | – | 75 |
| അദ്ധ്യായം – 10 – വിദ്യാഭ്യാസം | – | 77 |
| 10.1 വിദ്യാഭ്യാസ നിലവാരം | – | 77 |
| 10.2 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തരവും എണ്ണവും | – | 78 |
| 10.3 ഇന്നത്തെ സ്ഥിതി | – | 79 |

10.4 ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ – 81
10.5 വിദ്യാഭ്യാസ സൗകര്യങ്ങൾ – ആസൂത്രണ സൂചികയു
(Planning Standard) മായുള്ള താരതമ്യം – 82
10.6 അനുമാനം – 82
അദ്ധ്യായം – 11 – ആരോഗ്യം – 83
11.1 ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ – 83
11.2 ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ–ആസൂത്രണ സൂചിക
(Planning Standard) യുമായുള്ള താരതമ്യം – 86
11.3 അനുമാനം – 86
അദ്ധ്യായം – 12 – കുടിവെള്ളവും മാലിന്യ നിർമ്മാർജ്ജനവും – 87
12.1 കുടിവെള്ളം –നിലവിലെ സ്ഥിതി – 87
12.2 മാലിന്യനിർമ്മാർജ്ജനം നിലവിലെ സ്ഥിതി – 89
12.3 അനുമാനം – 90
അദ്ധ്യായം – 13 – വാണിജ്യവിപണന മേഖല – 91
13.1 നിലവിലെ സ്ഥിതി – 91
13.2 വാണിജ്യ വിപണന കേന്ദ്രങ്ങൾ – 92
13.3 വാണിജ്യമേഖല–പ്രധാന പ്രശ്നങ്ങൾ – 92
13.4 അനുമാനം – 94
അദ്ധ്യായം – 14 – സാമൂഹ്യപിന്നോക്കാവസ്ഥ – 95
14.1 SC/ST ഇൻഡക്സും, BPL ഇൻഡക്സും – 95
14.2 പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗം – 95
14.3 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ സംബന്ധിച്ച വിവരം – 96
14.4 അനുമാനം – 97
അദ്ധ്യായം – 15 – പാർപ്പിടവും ചേരിപ്രദേശങ്ങളും – 99
15.1 പാർപ്പിടം – 99
15.2 ചേരികളും, അധിവാസ കേന്ദ്രങ്ങളും – അടിസ്ഥാന വിവരങ്ങൾ – 99
15.3 ചേരികളുടെയും, നിലവാരം കുറഞ്ഞ അധിവാസകേന്ദ്രങ്ങളുടെയും
തരംതിരിവ് – 100
15.4 അനുമാനം – 103
അദ്ധ്യായം – 16 – പരിസ്ഥിതിയും പൈതൃക പ്രദേശങ്ങളും – 105
16.1 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ – 105
16.2 പൈതൃക പ്രദേശങ്ങൾ – 107
16.3 അനുമാനം – 108
അദ്ധ്യായം – 17 – വികസനഭരണവും ധനകാര്യവും – 109
17.1 വികസനഭരണം – 109
17.2 ധനകാര്യം – 111

## ഭാഗം – 3 – കണ്ടെത്തലുകളും നിഗമനങ്ങളും


**അദ്ധ്യായം – 18 – കണ്ടെത്തലുകളും നിഗമനങ്ങളും** – 117

18.1 സംയോജിത ജില്ലാ വികസന രൂപരേഖയുടെ അടിസ്ഥാനത്തിൽ – 117

18.2 ജനസംഖ്യ, ഭൂവിനിയോഗം – 117

18.3 കാർഷിക മേഖല – 118

18.4 വ്യവസായ മേഖല – 119

18.5 വിനോദസഞ്ചാര മേഖല – 119

18.6 മൃഗസംരക്ഷണവും മത്സ്യബന്ധനവും – 119

18.7 പരിസ്ഥിതി – 119

18.8 ഗതാഗത മേഖല – 119

18.9 വാണിജ്യ മേഖല – 120

18.10 പബ്ലിക്–സെമി പബ്ലിക് മേഖല – 120

18.11 കുടിവെള്ള മേഖല – 120

18.12 വിദ്യാഭ്യാസ മേഖല – 121

18.13 ആരോഗ്യ മേഖല – 121

18.14 സാമൂഹിക പിന്നോക്കാവസ്ഥ – 121


## ഭാഗം – 4 – വികസന ലക്ഷ്യങ്ങളും വികസന സങ്കല്പവും


**അദ്ധ്യായം – 19 – വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും** – 125

19.1 വികസന ലക്ഷ്യങ്ങൾ – 125

19.2 വികസന ഉദ്ദേശ്യങ്ങൾ – 125

**അദ്ധ്യായം – 20 – വികസന സങ്കല്പം** (Development Concept) – 133

20.1 **വികസന സങ്കല്പം** – 134

**അദ്ധ്യായം – 21 – വികസന നയവും തന്ത്രങ്ങളും** – 143

**21.1 പൊതുവികസന നയം** – 143

**21.2 മേഖലാനയങ്ങളും തന്ത്രങ്ങളും** – 143

**അദ്ധ്യായം – 22– ജനസംഖ്യയിലും തൊഴിലവസരങ്ങളിലും** പ്രതീക്ഷിക്കുന്ന മാറ്റം – 147

**22.1 തൊഴിൽ ഘടനയിൽ പ്രതീക്ഷിക്കുന്ന മാറ്റം** – 147

**22.2 ജനസംഖ്യയിൽ പ്രതീക്ഷിക്കുന്ന മാറ്റം** – 149

**അദ്ധ്യായം – 23 – ഭൂവിനിയോഗം** – 153

**23.1 ഭൂവിനിയോഗം** – 153

**23.2 ഭൂവിനിയോഗ മാപ്പ്** – 161

## ഭാഗം – 5 – മേഖലാ നിർദ്ദേശങ്ങൾ


അദ്ധ്യായം – 24 – കാർഷിക മേഖല – 167

24.1 കർഷക തൊഴിലാളി ബാങ്ക് (Agricultural Labour Bank) – 167

24.2 കർഷക കൂട്ടം, കാർഷിക ഉപകരണ ബാങ്ക് – 168

24.3 സമഗ്രപുരയിട കൃഷി പ്ലാൻ – 168

24.4 കാർഷിക – അനുബന്ധ പ്രവർത്തന വികസന സെന്റർ – 168

24.5 ജലസേചന സൗകര്യം – 169

അദ്ധ്യായം – 25 – മൃഗ സംരക്ഷണം – 171

25.1 ചെറുകിട ഡയറി ഫാമുകൾ – 171

25.2 കാർഷിക – അനുബന്ധ വികസന കേന്ദ്രം – 172

25.3 താറാവ് വളർത്തൽ – 172

25.4 മുട്ടക്കോഴി വളർത്തൽ – 172

25.5 ഇറച്ചിക്കോഴി വളർത്തൽ – 172

25.6 ഫിഷ് ലാന്റിംഗ് സെന്റർ – 172

25.7 മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡ് – 173

25.8 സ്റ്റോക്ക് സെന്റർ – 173

25.9 കൃത്രിമ പാരിന്റെ നിർമ്മാണം – 173

25.10 ഉൾനാടൻ കുളങ്ങളുടെ സംരക്ഷണം – 173

25.11 ലൈറ്റ് ഹൗസിന്റെ നിർമ്മാണം – 173

അദ്ധ്യായം – 26 – വിനോദ സഞ്ചാര മേഖല – 175

26.1 ലാന്റ് മാർക്കിന്റെ നിർമ്മാണം – 175

26.2 കനാലിന്റെ വീതി കൂട്ടി സംരക്ഷിക്കൽ – 175

26.3 വിനോദ സഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് / ബോട്ട്ജട്ടി – 175

26.4 ഹോം സ്റ്റേ – 176

26.5 ബീച്ച് / പാർക്ക് – 176

26.6 കായൽ തീര / കനാൽ റോഡുകൾ – 176

26.7 ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ – 176

26.8 വെബ് സൈറ്റ് – 176

26.9 ലുക്ക് ഔട്ട് ഏരീയ – 176

26.10 ഹെറിറ്റേജ് മ്യൂസിയം – 177

26.11 ആന സവാരി – 177

26.12 ചൂണ്ടയിടൽ പ്ലാറ്റ് ഫോമുകൾ – 177

26.13 വഴിയോര നാടൻ ഭക്ഷണശാലകൾ – 177

അദ്ധ്യായം – 27 – ഗതാഗതം – 179
27.1 നിർദ്ദിഷ്ട റോഡ് ശൃംഖല – 179
27.2 ജംഗ്ഷൻ വികസന പദ്ധതികൾ – 182
27.3 വിശദമായ പ്ലാൻ തയ്യാറാക്കേണ്ട റോഡുകൾ – 182
27.4 മറ്റ് വികസനങ്ങൾ – 182

അദ്ധ്യായം – 28–വ്യവസായം – 185

അദ്ധ്യായം – 29 – വിദ്യാഭ്യാസം – 189
29.1 മുനിസിപ്പൽ ഗ്രന്ഥശാല – 189
29.2 ഹയർ സെക്കണ്ടറി തലം – 189
29.3 ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ – 189

അദ്ധ്യായം – 30 – ആരോഗ്യം – 191

അദ്ധ്യായം – 31–കുടിവെള്ളവും മാലിന്യ നിർമ്മാർജ്ജനവും – 193
31.1 കുടിവെള്ളം – 193
31.2 മാലിന്യ നിർമ്മാർജ്ജനം – 194

അദ്ധ്യായം – 32 –വാണിജ്യവിപണന മേഖല – 197

അദ്ധ്യായം – 33 – ചേരിപ്രദേശങ്ങൾ – 199

അദ്ധ്യായം – 34– മറ്റ് പശ്ചാത്തല സൗകര്യങ്ങൾ – 201

അദ്ധ്യായം – 35 – പരിസ്ഥിതിയും പൈതൃക പ്രദേശങ്ങളും – 203
35.1 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ – 203
35.2 പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ – 204

## ഭാഗം – 6 – ധനകാര്യം, വികസനഭരണം, വികസന ഘട്ടങ്ങൾ

അദ്ധ്യായം – 36 – ധനകാര്യം, വികസനഭരണം, വികസന ഘട്ടങ്ങൾ – 207
36.1 ധനകാര്യവും വികസനഭരണവും – 207
36.2 വികസന ഘട്ടങ്ങൾ – 212

അനുബന്ധം
അനുബന്ധം 1 – പരവൂർ നഗരസഭയിലെ പഴയതും പുതിയതുമായ വാർഡുകൾ
അനുബന്ധം 2 – മേഖലാ നിയന്ത്രണങ്ങൾ
അനുബന്ധം 3 – പ്രത്യേക മേഖലകൾ
അനുബന്ധം 4 – അഞ്ച് മീറ്റർ വീതി നിർദ്ദേശിക്കുന്ന പ്രാദേശിക റോഡുകൾ

<<< previous | contents | next >>>

# അവതാരിക

ജില്ലാ ആസൂത്രണ സമിതി നിലവിൽ വന്നത് 74-ാം ഭരണ ഘടനാ ഭേദഗതിയിലൂടെയാണ്. ഈ ഭരണഘടനാ ഭേദഗതിയുടെ ആർട്ടിക്കിൾ 243 ZD യിൽ ജില്ലാ ആസൂത്രണ സമിതിയ്ക്കു രണ്ടു പ്രധാനഉത്തരവാദിത്വങ്ങളാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്- മുനിസിപ്പാലിറ്റികളും, പഞ്ചായത്തുകളും തയ്യാറാക്കുന്ന വികസന രൂപരേഖകളെ സംയോജിപ്പിക്കുക എന്നതും, ജില്ലയ്ക്കു മൊത്തത്തിൽ ഒരു കരട് വികസന രൂപരേഖ തയ്യാറാക്കുക എന്നതും. ഈ കരട് വികസന രൂപരേഖകൾ സ്ഥലപരാസൂത്രണ സമീപനത്തോടെ തയ്യാറാക്കണമെന്നും ഭരണഘടനാ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നു.

കൊല്ലം ജില്ലാ ആസൂത്രണ സമിതി, ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇങ്ങനെ വികസന രൂപരേഖകൾ തയ്യാറാക്കണമെന്നും അതോടൊപ്പം സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കണമെന്നും തീരുമാനിക്കുകയും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതി എന്ന നിലയിൽ ഒരേ സമയം ഇത് ജില്ലയിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ജനപങ്കാളിത്തത്തോടെ ഈ പദ്ധതി തയ്യാറാക്കണമെന്നാണ് ജില്ലാ ആസൂത്രണ സമിതി തീരുമാനിച്ചത്. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധ കമ്മിറ്റികളിൽ പരിചയസമ്പന്നരായ ആൾക്കാരെ അംഗങ്ങളാക്കാനും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഗ്രാമ/വാർഡ് സഭകളിൽ ചർച്ചചെയ്ത് വികസന നിർദ്ദേശങ്ങൾ ക്രോഡീകരിക്കാനും തീരുമാനിച്ചു.

സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി സ്പെഷ്യൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയും, സ്പെഷ്യൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയ്ക്കു മേഖലാടിസ്ഥാനത്തിൽ 19 സബ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ അധ്യക്ഷതയിലുള്ള ഈ കമ്മിറ്റികളുടെ കൺവീനർമാർ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരാണ്. സ്ഥലപരാസൂത്രണത്തെ സംബന്ധിച്ച സങ്കേതിക സഹായം നൽകുന്നതും, ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ജില്ലാ നഗര-ഗ്രാമാസൂത്രണ വകുപ്പാണ്. ഇവരുടെയെല്ലാം ഏകമനസ്സോടെയുള്ള പ്രവർത്തന ഫലമായി സംയോജിത ജില്ലാ വികസന രൂപരേഖ വിജയകരമായി പൂർത്തീകരിക്കാൻ നമുക്കു സാധിക്കുകയും ചെയ്തു. സ്ഥലപരാസൂത്രണ സമീപനത്തിലൂന്നി, ദീർഘവീക്ഷണ കാഴ്ചപ്പാടോടെ വികസന രൂപരേഖ തയ്യാറാക്കുന്ന ആദ്യത്തെ ജില്ലയെന്ന ഖ്യാതി കൊല്ലത്തിനാണ്. ഈ മാതൃകാ പദ്ധതിയുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റു 13 ജില്ലകളിലേക്കു ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖയിൽ ജില്ലയുടെ വികസന കാഴ്ചപ്പാടും ആ കാഴ്ചപ്പാട് സാധൂകരിക്കുന്നതിന് ജില്ലയിലെ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്കും വിശദമാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ തല വികസന നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ജില്ലാതല വികസന കാഴ്ചപ്പാടിനനുസൃതമായി പ്രദേശിക വികസന നിർദ്ദേശങ്ങൾ രൂപീകരിച്ചു നടപ്പിലാക്കുമ്പോൾ മാത്രമേ വികസന കാഴ്ചപ്പാട് സാർത്ഥകമാകൂ. അല്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ സംയോജിത ജില്ലാ വികസന രൂപരേഖ ഒരു നയരേഖ എന്ന രീതിയിൽ ഒതുങ്ങിപോകും. ഇത് പ്രാദേശിക വികസന രൂപരേഖകൾ എത്രയും വേഗം തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ജില്ലയിലെ ഓരോ തദ്ദേശ ഭരണ സ്ഥാപനവും വികസന രൂപരേഖ തയ്യാറാക്കുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണ്. എന്നാൽ പ്രാദേശിക വികസന രൂപരേഖകൾക്കു രണ്ടു മാതൃകകൾ എത്രയും വേഗം ജില്ലയിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിക്കുകയും, രണ്ടു വ്യത്യസ്ത സ്വഭാവം കാണിക്കുന്ന പരവൂർ നഗരസഭയെയും പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിനെയും ഇതിനായി തിരഞ്ഞെടുക്കുകയുമുണ്ടായി.

പരവൂർ നഗരസഭ വികസന രൂപരേഖ ഇപ്പോൾ തയ്യാറാക്കിക്കഴിഞ്ഞു. സംയോജിത ജില്ലാ വികസന കാഴ്ചപ്പാടിനനുസൃതമായി പരവൂരിന്റെ പങ്ക് എന്ത് എന്ന് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നു. പരവൂരിന്റെ ഭാവി വികസന കാഴ്ചപ്പാടും അതിനനുസൃതമായ വികസന നിർദ്ദേശങ്ങളും ഇതിലുൾക്കൊള്ളിച്ചിരിക്കുന്നു. പരവൂരിന്റെ ഭാവി വികസനത്തിന് മാർഗ്ഗ നിർദ്ദേശം നൽകാൻ ഈ വികസന രൂപരേഖ ഉപയുക്തമാകും. ഇതിനു നേതൃത്വം നൽകിയ പരവൂർ നഗരസഭാ ചെയർമാനെയും, കൗൺസിലിനെയും, സാങ്കേതിക സഹായം നൽകിയ ജില്ലാ നഗര ഗ്രാമാസൂത്രണ വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കട്ടെ.

**കെ. ദേവകി**
**ഡി.പി.സി. ചെയർപേഴ്സൺ**


<<< previous | contents | next >>>

## ആമുഖം

74–ാം ഭരണഘടനാ ഭേദഗതിക്കനുസൃതമായി നമ്മുടെ സംസ്ഥാനത്ത് 1994 ൽ നിലവിൽ വന്ന കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 51 (3) പ്രകാരം ഓരോ നഗരസഭയും സ്ഥലപരാസൂത്രണ സമീപനത്തിലൂന്നി ദീർഘവീക്ഷണ കാഴ്ചപ്പാടോടെ വികസന രൂപരേഖകൾ തയ്യാറാക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ വിഭവങ്ങളുടെ ഉദാത്തമായ ഉപയോഗത്തിന് ദീർഘവീക്ഷണത്തോടെ രൂപീകരിക്കുന്ന വികസന കാഴ്ചപ്പാട് അനിവാര്യമാണ്. കൊല്ലം ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇങ്ങനെ വികസന രൂപരേഖകൾ തയ്യാറാക്കണമെന്നും അതോടൊപ്പം സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കണമെന്നും തീരുമാനിക്കുകയും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതി എന്ന നിലയിൽ ഒരേ സമയം വികസന രൂപരേഖകൾ തയ്യാറാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പരവൂർ നഗരസഭയും, നഗരസഭാ പ്രദേശത്തേയ്ക്കുവേണ്ടി പ്രദേശിക വികസന രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.

പരവൂർ നഗരസഭയ്ക്കായി ഒരു മാസ്റ്റർ പ്ലാൻ നിലവിലുണ്ട്. ഇത് നഗര–ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയതാണ്. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ സംയോജിത ജില്ലാ വികസന രൂപരേഖ നിലവിലില്ലായിരുന്നു. സ്വാഭാവികമായും ജില്ലയുടെ വികസന കാഴ്ചപ്പാടും അതിനനുസൃതമായ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സാധ്യതകളും അന്ന് രൂപീകരിക്കപ്പെട്ടിട്ടില്ല. സംയോജിത ജില്ലാ വികസന കാഴ്ചപ്പാട് രൂപീകരിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ നിലവിലെ മാസ്റ്റർ പ്ലാനിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്. പരവൂർ നഗരസഭാ പ്രദേശത്തിനു വേണ്ടിയുള്ള പ്രാദേശിക വികസന രൂപരേഖാ രൂപീകരണം ഇതിനുള്ള ശ്രമം കൂടിയാണ്.

പരവൂരിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിനായി നഗരസഭാ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാനെ, ചെയർമാനാക്കിയും ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരും, പരവൂരിന്റെ വികസന കാര്യങ്ങളിൽ ആധികാരികമായി അഭിപ്രായം പറയുവാൻ പ്രാപ്തിയുള്ളവരുമായ വ്യക്തികളെ അംഗങ്ങളാക്കിയും നഗരസഭയിൽ സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിച്ചു. നഗര–ഗ്രാമാസൂത്രണ വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസ് ഈ കമ്മിറ്റിയ്ക്കാവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്തു. പരവൂർ നഗരസഭാ കൗൺസിൽ ഈ കമ്മിറ്റിയ്ക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

വികസന രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനം പരവൂർ നഗരസഭയ്ക്കു സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചു എന്നത് ഇതുമായി ബന്ധപ്പെട്ടവർക്കെല്ലാം അഭിമാനിക്കാവുന്ന കാര്യമാണ്. പരവൂരിന്റെ വികസന രൂപരേഖ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാവിധ സഹായവും നൽകിയ ജില്ലാ നഗര–ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരെയും പ്രത്യേകിച്ച് ഡെപ്യൂട്ടി ടൗൺപ്ലാനർ ശ്രീ.കെ.ബൈജുവിനെയും നഗരസഭയ്ക്കു വേണ്ടി ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

പരവൂരിലെ വിവിധ വികസന മേഖലകളെക്കുറിച്ച് വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, 2021–ാം മാണ്ടോടെ പരവൂരിലെ സാമ്പത്തിക അടിത്തറയ്ക്കു എന്തുമാറ്റങ്ങൾ ഉണ്ടാകുമെന്ന് ഈ വികസന രൂപരേഖയിൽ പറഞ്ഞിരിക്കുന്നു. പരവൂരിലെ കായലുകളും, തീരദേശവും, തോടും, കുളങ്ങളും, പുരാതന ആരാധനാലയങ്ങളുമെല്ലാം പരവൂരിന്റെ ഗ്രാമീണ ഭംഗിയ്ക്കു ആക്കം കൂട്ടുന്നു. ഇത് പരവൂരിലെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കു കാരണമാകുമെന്ന് വികസന രൂപരേഖയിൽ പറഞ്ഞിരിക്കുന്നു. കൂടാതെ ജില്ലയിലെ ഒരു ഐ.റ്റി കേന്ദ്രമായി കൂടി വികസിക്കാനുള്ള സാധ്യതയും പരവൂരിനുണ്ടെന്ന് വികസന രൂപരേഖ സൂചിപ്പിക്കുന്നു. പരവൂരിന്റെ മറ്റൊരു വികസന സാധ്യത വീട്ടുവളപ്പിനോടനുബന്ധിച്ചും അല്ലാതെയുമുള്ള കരകൃഷിയും അതോടൊപ്പമുള്ള മൃഗപരിപാലനവുമാണ്. പരവൂരിലെ പരമ്പരാഗത വ്യവസായമായ കയർമേഖലയുടെയും, മത്സ്യബന്ധന മേഖലയുടെയും വളർച്ചയ്ക്കും സാധ്യത വികസന രൂപരേഖ കാണുന്നു. വിവിധ വികസന മേഖലകളിലെ ഉന്നമനത്തിനുതകുന്ന വിവിധ വികസന നിർദ്ദേശങ്ങളും, പശ്ചാത്തല സൗകര്യങ്ങളിൽ ഉണ്ടാവേണ്ട മാറ്റങ്ങളും വികസന രൂപരേഖ നിഷ്ക്കർഷിക്കുന്നു.

പരവൂരിന്റെ ഭാവി വികസന ദിശയെക്കുറിച്ച് വിശകലനം ചെയ്തു, വികസന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന വികസന രൂപരേഖ, പരവൂരിലെ വികസന പങ്കാളികൾക്കെല്ലാം, അത് നഗരസഭയായാലും, മറ്റ് സർക്കാർ വകുപ്പുകളായാലും സ്വകാര്യ സംരംഭകരായാലും ഉപയോഗപ്രദമാകുമെന്ന് നിസ്സംശയം പറയാം.

**കെ. പി. കുറുപ്പ്**
**ചെയർമാൻ**
**പരവൂർ നഗരസഭ**

<<< previous | contents | next >>>

# കടപ്പാട്

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിലെ ഒരു മാതൃകാ ഉദ്യമമാണ് കൊല്ലം ജില്ലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന സ്ഥലപരാസൂത്രണ സമീപനത്തോടെ സംയോജിത ജില്ലാ വികസന രൂപരേഖയും, ജില്ലയിലെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിനും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്ന പദ്ധതി. ജില്ലാ നഗര–ഗ്രാമാസൂത്രണ കാര്യാലയത്തെയാണ് ഈ പദ്ധതിയ്ക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ നിർദ്ദേശിച്ചത്.

വികസന രൂപരേഖകളുടെ ‘കൊല്ലം മാതൃക’ എന്നു വിശേഷിപ്പിക്കാവുന്ന ഈ പദ്ധതി വിവിധ സവിശേഷതകളോടു കൂടിയതാണ്. രൂപരേഖകൾ തയ്യാറാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പങ്കാളിത്തപരമായ സ്ഥലപരാസൂത്രണ സമീപനം തന്നെ അതിൽ മുഖ്യം. കൂടാതെ പ്രദേശത്തെ വിവിധ വികസന മേഖലകളുടെ ഉചിതമായ സംയോജനം, ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം, ‘മുകളിൽ നിന്ന് താഴേയ്ക്ക്– ‘താഴെ നിന്ന് മുകളഇലേയ്ക്ക് എന്നീ സമീപനങ്ങളുടെ സമുചിതമായ സംയോജനം എന്നിവയും പദ്ധതിയുടെ സവിശേഷതകളിൽപ്പെടുന്നു.

പരവൂർ നഗരസഭയുടെ പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കിയത് പ്രാദേശിക തല ത്തിൽ നടത്തിയ വിപുലമായ വിവരശേഖരണം, വിശകലനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച വികസന നിർദ്ദേശങ്ങൾ എന്നിവയെ ആസ്പദമാക്കിയാണ്. അതേസമയം ജില്ലയുടെ സംയോജിത വികസന രൂപരേഖയിലെ നിർദ്ദേശങ്ങളുടെ ചട്ടക്കൂടിൽ നിന്നു കൊണ്ടാണ് പരവൂരിന്റെ വികസന രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. മറിച്ച് ജില്ലയുടെ വികസനനയ രൂപീകരണത്തിൽ പരവൂരിന്റെ പ്രദേശികതല നിർദ്ദേശങ്ങൾ കണക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിന് ഒരു മാതൃകയായി വർത്തിക്കത്തക്ക രീതിയിൽ പരവൂർ നഗരസഭയുടെ വികസന രൂപരേഖ ആദ്യം തന്നെ തയ്യാറാക്കണമെന്ന ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനിത്തിന്റെ അടിസ്ഥാനത്തിൽ നഗര–ഗ്രാമാസൂത്രണ വകുപ്പ് ഇതിനു വേണ്ടുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തി. വികസന രൂപരേഖ തയ്യാറാക്കുന്ന പ്രവർത്ത നത്തിന് കാര്യക്ഷമമായ നേതൃത്വം നൽകിയ പരവൂർ നഗരസഭാ ചെയർമാനും, കൗൺസിലും, പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിയും അഭിനന്ദനം അർഹിക്കുന്നു.

സംസ്ഥാനത്തെ ഒരു തീരദേശ പട്ടണമെന്ന നിലയ്ക്കു പരവൂരിന് അതിന്റേതായ പ്രത്യേക തകളുണ്ട്. പരവൂർ നടയറ കായലുകളുടെ സാന്നിദ്ധ്യം കൊണ്ട് സമ്പന്നവുമാണ് പരവൂർ. ഒരു കാലത്ത് ജില്ലയിലെ പ്രധാന വാണിജ്യ കേന്ദ്രമെന്നും സമ്പന്നമായ കയർ മേഖല എന്നുമുള്ള ഖ്യാതി പരവൂരിനുണ്ടായിരുന്നു. ജലഗതാഗത മാർഗ്ഗത്തിന്റെ പ്രാധാന്യം നഷ്ടപ്പെട്ടപ്പോൾ ജില്ലയിലെ പ്രധാന റോഡിൽ (എൻ.എച്ച് – 47) നിന്നും അകന്നു സ്ഥിതി ചെയ്യുന്ന പരവൂരിന് വളർച്ചാ മുരടിപ്പുണ്ടാകുകയും അത് ഇവിടുത്തെ ജനസംഖ്യാ വർദ്ധനവിന്റെ നിരക്കിലും, തൊഴിൽ പങ്കാ ളിത്ത

നിരക്കിലും കാര്യമായ കുറവുണ്ടാക്കുകയും ചെയ്തു. ലഭ്യമായ വിഭവങ്ങളുടെ ഉദാത്തമായ ഉപയോഗത്തിലൂടെ ഈ സ്ഥിതിയ്ക്ക് വ്യത്യാസം വരുത്തി പരവൂരിന്റെ സർവ്വതോന്മുഖമായ വികസനം ഉറപ്പു വരുത്തുക എന്നതാണ് വികസന രൂപരേഖയിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പതിനഞ്ചു വർഷക്കാലത്തെ വികസനാവശ്യങ്ങൾ സ്ഥാനാധിഷ്ഠിതമായി നിർണ്ണയിക്കുകയും നിർദ്ദിഷ്ട സമയത്ത് നിർദ്ദിഷ്ട പ്രദേശത്ത് ആയവ ലഭ്യമാകത്തക്ക രീതിയിലുള്ള പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്തിട്ടുണ്ട്. പരവൂരിന്റെ ജലാശയ സമൃദ്ധിയും, പ്രകൃതി രമണീയതയും വിഭവങ്ങളായിക്കരുതി, വിനോദ സഞ്ചാര മേഖലയുടെ പുരോഗതിയ്ക്കാവശ്യമായ വികസന നിർദ്ദേശങ്ങൾ രൂപരേഖ മുന്നോട്ടു വയ്ക്കുന്നു. നിർദ്ദിഷ്ഠ കൊല്ലം–പരവൂർ തീരദേശ റോഡിന്റെ പുനരുദ്ധാരണം ടി.എസ്. കനാലിന്റെ വിപുലീകരണം എന്നിവ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിലൂടെ മറ്റു വികസന മേഖലകളുടെ ഉന്നമനം സാധ്യമാക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണഅ വികസന രൂപരേഖയിൽ മുന്നോട്ടുവച്ചിരിക്കുന്നത്. പുരയിട കൃഷി, കയർ, മത്സ്യബന്ധന മേഖലകൾ, സംയോജിത ജില്ലാ വികസന രൂപരേഖയുടെ കണ്ടുത്തലുകളുടെ അടിസ്ഥാനത്തിൽ ഐ.ടി.മേഖല എന്നിവയ്ക്ക് ഇതോടൊപ്പം ഊന്നൽ നൽകിയിട്ടുണ്ട്.

സംയോജിച വികസന രൂപരേഖയും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്ന ബൃഹദ് പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനായി തീവ്രശ്രമത്തിലേർപ്പെട്ടിരിക്കുന്ന വകുപ്പിന്റെ കൊല്ലം ജില്ലാ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പ്രത്യേകിച്ചും ഈ മാതൃകാ പ്രാദേശിക വികസന രൂപരേഖ സമയബന്ധിതമായി തയ്യാറാക്കിയ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ.കെ.ബൈജുവിനും, ടീമിലെ മറ്റ് അംഗങ്ങൾക്കും അനുമോദനങ്ങൾ.

സമസ്ത വികസന മേഖലകളിലേയും പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ടും, ജില്ലയുടെ വികസനത്തിൽ പരവൂരിന്റെ പങ്ക് നിർവ്വഹിക്കത്തക്ക രീതിയിലുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുമാണ് വികസന രൂപരേഖ – പരവൂർ 2021 തയ്യാറാക്കിയിരിക്കുന്നത്. ഓരോ മേഖലയിലും 2021 കാലയളവിൽ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കേണ്ട പ്രവർത്തികൾ അവയുടെ ഏകദേശ ചിലവ്, ചുമതലപ്പെട്ട ഏജൻസികൾ എന്നിവയുൾപ്പെടെ പട്ടികപ്പെടുത്തിയിരിക്കുന്നത് നിർവ്വഹണത്തിന് സഹായകമാവും എന്നു പ്രതീക്ഷിക്കുന്നു. ഈ വികസന രൂപരേഖ പരവൂരിന്റെ ആസൂത്രിതമായ സമഗ്ര വികസനത്തിനുള്ള അടിസ്ഥാന രേഖയായി പരണമിക്കട്ടെ എന്നാശംസിക്കുന്നു.

**ഈപ്പൻ വറുഗ്ഗീസ്**
**ചീഫ് ടൗൺപ്ലാനർ**

<<< previous | contents | next >>>

***ചെയർമാൻ***

ശ്രീ. കെ. പി. കുറുപ്പ്

***വൈസ് ചെയർമാൻ & ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ***

ശ്രീമതി. സീനത്ത് സംയൂൺ

*കമ്മിറ്റി അംഗങ്ങൾ*

ശ്രീ. എസ്. രമണൻ, ശ്രീമതി. ഒ. ഷൈലജ, ശ്രീ. ജയലാൽ ഉണ്ണിത്താൻ,
ശ്രീ. എ. നിസ്സാമുദീൻ

***വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ***

ശ്രീ. കെ. സേതുമാധവൻ

*കമ്മിറ്റി അംഗങ്ങൾ*

**ശ്രീമതി. എം. ബിന്ദു, ശ്രീ. മഹേന്ദ്രൻപിള്ള**
**ശ്രീമതി. ഉഷാസജീവ്, ശ്രീ. ഇസ്മായിൽ, ശ്രീ. സുധീർ ചെല്ലപ്പൻ**

***ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ***

ശ്രീമതി. അഡ്വ. ആർ. സി അജി

*കമ്മിറ്റി അംഗങ്ങൾ*

ശ്രീമതി. ശ്രീകല.കെ.പിള്ള, ശ്രീ. സി. ഗംഗ ാധരൻപിള്ള, ശ്രീ. അബ്ദുൾ റഷീദ്,
ശ്രീ. എൻ. രഘു, ശ്രീമതി.ഷൈനി സുകേഷ്

***ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ***

അഡ്വ. ജി. രാജേന്ദ്രപ്രസാദ്

*കമ്മിറ്റി അംഗങ്ങൾ*

ശ്രീ. അപ്പുക്കുട്ടൻപിള്ള, ശ്രീ. ആർ. വിജയൻ, ശ്രീ. പരവൂർ സജീബ്, ശ്രീമതി.
ഷീല

***പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ***

ശ്രീമതി. എം. ബി. ബിന്ദു

*കമ്മിറ്റി അംഗങ്ങൾ*

ശ്രീ. സി. രഘുനാഥപിള്ള, ശ്രീ. മേടയിൽ സജീവ് ശ്രീ. വി. പ്രകാശ്
ശ്രീമതി. ശ്രീജാകുമാരി

## സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി അംഗങ്ങൾ

1. ശ്രീ.കെ.സേതുമാധവൻ, ചെയർമാൻ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി
   *(വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പരവൂർ നഗരസഭ)*
2. ശ്രീ.ജി.രാജേന്ദ്രൻ നായർ, കൺവീനർ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി
   *(സെക്രട്ടറി, പരവൂർ നഗരസഭ)*
3. ശ്രീ.കെ.സുനിൽകുമാർ, ജോയിന്റ് കൺവീനർ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി
   *(മുനിസിപ്പൽ എഞ്ചിനീയർ, പരവൂർ നഗരസഭ)*
4. ശ്രീ.കെ.ബൈജു, ഡെപ്യൂട്ടി ടൗൺപ്ലാനർ, നഗര–ഗ്രാമാസൂത്രണ വകുപ്പ്
5. ശ്രീ.എൻ.ഗുരുദാസ്, റിസോഴ്സ് പേഴ്സൺ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി
   *(അസിസ്റ്റന്റ് രജിസ്ട്രാർ (റിട്ട.))*
6. ശ്രീ.അപ്പുക്കുട്ടൻപിള്ള, കൗൺസിലർ, പരവൂർ നഗരസഭ
7. ശ്രീമതി ശ്രീജാകുമാരി.കെ, കൗൺസിലർ, പരവൂർ നഗരസഭ
8. ശ്രീ.കെ.എൻ.ഭാനുമതി (മുൻ. ചെയർമാൻ), പരവൂർ നഗരസഭ
9. ശ്രീ.പി.ചന്ദ്രശേഖരൻ പിള്ള, റിട്ട.സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്
10. ശ്രീ.കെ.ജനാർദ്ദനൻ ഉണ്ണിത്താൻ, റിട്ട. മുനിസിപ്പൽ എഞ്ചിനീയർ
11. ശ്രീ.കെ.ഗോപാലപിള്ള, ചൈതന്യ, പൊഴിക്കര

<<< previous | contents | next >>>

## പരവൂർ നഗരസഭ

### കൗൺസിലർമാർ

| | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ശ്രീമതി ശ്രീജാകുമാരി | 1 |
| 2 | ശ്രീ. മഹേന്ദ്രൻപിള്ള | 2 |
| 3 | ശ്രീമതി ബിന്ദു | 3 |
| 4 | ശ്രീ. ജയലാൽ ഉണ്ണിത്താൻ | 4 |
| 5 | ശ്രീമതി ഉഷാസജീവ് | 5 |
| 6 | ശ്രീ. ഗംഗാധരൻപിള്ള | 6 |
| 7 | ശ്രീ. കെ.പി.കുറുപ്പ് | 7 |
| 8 | അഡ്വ.ആർ.സി.അജി | 8 |
| 9 | ശ്രീമതി ശ്രീകലാ കെ.പിള്ള | 9 |
| 10 | ശ്രീമതി ഷൈനി സുകേഷ് | 10 |
| 11 | ശ്രീമതി ഷൈലജ.ഒ | 11 |
| 12 | ശ്രീ. വി.പ്രകാശ് | 12 |
| 13 | ശ്രീ. അപ്പുക്കുട്ടൻപിള്ള | 13 |
| 14 | ശ്രീ. എസ്.രമണൻ | 14 |
| 15 | ഭദ്രപ്രസാദ് | 15 |
| 16 | ശ്രീമതി സീനത്ത് സംയൂൺ | 16 |
| 17 | ശ്രീ. വിജയൻ | 17 |
| 18 | ശ്രീ. നിസാമുദ്ദീൻ | 18 |
| 19 | ശ്രീ. പരവൂർ സജീബ് | 19 |
| 20 | ശ്രീ. അബ്ദുൽ റഷീദ് | 20 |
| 21 | ശ്രീ. ഇസ്മയിൽ | 21 |
| 22 | ശ്രീ. മേടയിൽ സജീവ് | 22 |
| 23 | ശ്രീ. കെ.സേതുമാധവൻ | 23 |
| 24 | ശ്രീമതി ഷീല | 24 |
| 25 | ശ്രീമതി എം.ബി.ബിന്ദു | 25 |
| 26 | ശ്രീ. സുധീർചെല്ലപ്പൻ | 26 |
| 27 | ശ്രീ. രഘുനാഥൻപിള്ള.സി | 27 |
| 28 | ശ്രീ. എൻ.രഘു | 28 |
| 29 | അഡ്വ.ജി.രാജേന്ദ്രപ്രസാദ് | 29 |

<<< previous | contents | next >>>

# ഭാഗം 1

## വികസന രൂപരേഖ – ആമുഖം

<<< previous | contents | next >>>

# വികസന രൂപരേഖ - ആമുഖം

## എ. പ്രാദേശിക വികസന രൂപരേഖയും/ സംയോജിത ജില്ലാ വികസന രൂപരേഖയും

ഒരു പ്രദേശത്തിന്റെ പ്രത്യേകതകളും വികസന പ്രശ്നങ്ങളും സാധ്യതകളും, വിവിധ വികസന മേഖലകളുടെ പ്രവർത്തന സാഹചര്യങ്ങളും വിശകലനം ചെയ്ത് ആ പ്രദേശത്തിന് യോജിച്ച വികസന കാഴ്ചപ്പാട് രൂപീകരിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുള്ള ദീർഘകാല പരിപ്രേക്ഷ്യവും തദനുസൃതമായി വിവിധ വികസന മേഖലകളിലെ വികസന നിർദ്ദേശങ്ങളും രൂപീകരിക്കുകയും ചെയ്യുന്നു. ഇപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര വികസന രേഖയെ ആ പ്രദേശത്തിന്റെ വികസന രൂപരേഖ എന്നു പറയുന്നു.

ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്ന ഒരു കാര്യം ഒരു പ്രദേശത്തിന്റെ വികസന രൂപരേഖ അതിനു ചുറ്റുമുള്ള ഇതര പ്രദേശങ്ങൾ, പ്രദേശമുൾക്കൊള്ളുന്ന മേഖല (region) എന്നിവയുടെ വികസന നയങ്ങളും, വികസന നിർദ്ദേശങ്ങളും ഉൾക്കൊണ്ടു കൊണ്ടു മാത്രമേ തയ്യാറാക്കാനാവൂ എന്നതാണ്. (horizontal and vertical itegration നടക്കണമെന്നർത്ഥം)

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രദേശങ്ങൾ എന്നിവ ആസൂത്രണ പ്രദേശങ്ങളാണ്. ഗ്രാമ പഞ്ചായത്തുകളും, മുനിസിപ്പൽ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ജില്ലാ ആസൂത്രണ സമിതികളുമുണ്ട്. ഭരണ ഘടനയുടെ 243 ZD ആർട്ടിക്കിൾ പ്രകാരം ജില്ലയിലെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും രൂപരേഖകൾ സംയോജിപ്പിക്കുന്നതും, ജില്ലക്ക് സ്ഥലപരാസൂത്രണ സമീപനത്തോടു കൂടി കരട് വികസന രൂപരേഖ തയ്യാറാക്കുന്നതും ഡി.പി.സി.യുടെ ഉത്തരവാദിത്വമാണ്. അതുപോലെ തന്നെ പഞ്ചായത്തി രാജ് നിയമത്തിലും, മുനിസിപ്പാലിറ്റി നിയമത്തിലും ദീർഘവിക്ഷണത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലാ ആസൂത്രണ സമിതി അതിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വം ഉൾക്കൊണ്ട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സ്ഥലപരാസൂത്രണ സമീപനത്തോടെ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖകളും (Local Development Plan -LDP) ജില്ലയ്ക്കുവേണ്ടി സംയോജിത ജില്ലാ വികസന രൂപരേഖയും (Integrated District Development Plan-IDDP) തയ്യാറാക്കണമെന്ന് തീരുമാനിക്കുകയും സർക്കാർ അംഗീകാരത്തോടെ ജില്ലയിൽ ഇതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയുമുണ്ടായി. ഈ പദ്ധതിയുടെ സാങ്കേതിക സഹായം നൽകുന്നത് നഗര – ഗ്രാമാസൂത്രണ വകുപ്പാണ്. ഒരു പൈലറ്റ് പദ്ധതി എന്ന നിലയ്ക്ക് കൊല്ലം ജില്ലയിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ അംഗീകാരംലഭിച്ചത്.

ഇങ്ങനെ തയ്യാറാക്കിയ വികസന രൂപരേഖകൾക്കു താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

- വികസന രൂപരേഖ പങ്കാളിത്തപരമായ സ്ഥലപരാസൂത്രണ സമീപനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നു. വികസന പ്രക്രിയയിൽ ഭാഗഭാക്കാകുന്ന സാങ്കേതിക വിദഗ്ദ്ധർ, രാഷ്ട്രീയ പ്രവർത്തകർ, സർക്കാരേതര സംഘടനകൾ, സർക്കാർ വകുപ്പുകൾ, സാധാരണ വ്യക്തികൾ, തീരുമാനം കൈക്കൊള്ളുന്ന മറ്റുള്ളവർ തുടങ്ങി എല്ലാവരും ഐ.ഡി. ഡി.പി, എൽ. ഡി.പി. രൂപീകരണ പ്രക്രിയയിൽ പങ്കാളികളായിരുന്നു.

- മറ്റു സ്ഥലപര പദ്ധതികളിൽ നിന്നു വ്യത്യസ്തമായ ഒരു സവിശേഷതയും ഐ.ഡി.ഡി.പി, എൽ.ഡി.പി. രൂപീകരണത്തിനുണ്ട്. ആസൂത്രണ രംഗത്തെ വിവിധ വികസന ഏജൻസിക ളുടെ മേഖലാ സംബന്ധമായ നയങ്ങളെ സ്ഥലപരമായ രൂപരേഖകളാക്കി പരിവർത്തനം ചെയ്യുന്നു എന്നതാണത്. ഒരേ സ്ഥലത്ത് വിവിധ വികസന മേഖലകളുടെ സംയോജനം ഇതി ലൂടെ ഉറപ്പു വരുത്തുന്നു. (സ്ഥലം എന്നത് എൽ.ഡി.പി. യെ സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയം ഭരണ സ്ഥാപനവും, ഐ.ഡി.ഡി.പി യെ സംബന്ധിച്ചിടത്തോളം ജില്ല ആകമാനവു മാണ്.) സംയോജനം നടത്തേണ്ട സ്ഥലം ഏതാണോ, അതിന്റെ സാമൂഹികവും, ഭൗതികവും, സാമ്പത്തികവുമായ വശങ്ങൾ പരിഗണിച്ചുവേണം വിവിധ മേഖലകളുടെ സംയോജനം നടത്തേണ്ടത്. ആസൂത്രണ പ്രദേശത്തെ ഏറ്റവും മൂല്യവത്തായ വിഭവമായ ഭൂമിയുടെ വിനിയോഗം അങ്ങേയറ്റം മികച്ചതും പരമാവധി അനുകൂല സ്ഥിതിയിലുള്ളതുമാണെന്ന് ഉറപ്പുവരുത്താൻ ഇതുവഴി സാധ്യമാകുന്നു.

- ഒരു പ്രദേശത്തെ വിവിധ വികസന മേഖലകളെയും, പ്രത്യേകതകളെയും വിശകലനം ചെയ്യുന്നതിന് ജനാഭിപ്രായങ്ങളും, ശേഖരിച്ച വിവരങ്ങളും ഒരേപോലെ ഉപയോഗിക്കുന്നു. മേഖലാ സംബന്ധവും സ്ഥല സംബന്ധവും (അധിവാസ കേന്ദ്രങ്ങളുടെ പഠനം ഉൾപ്പെടെ) ആയ വിശകലനങ്ങൾ സംയോജിപ്പിച്ചാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നത്. വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ വീക്ഷണങ്ങളെ സംയോജിപ്പിച്ചാണ് വികസന പരിപ്രേക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നത്. വീക്ഷണമാകട്ടെ, ആഗ്രഹങ്ങൾ മാത്രമാവാം; ശാസ്ത്രീയമായ അപഗ്രഥ നത്തിന്റെ അടിസ്ഥാനത്തിലുള്ളതുമാവാം.

- ഐ.ഡി.ഡി.പി, എൽ.ഡി.പി. ഇവയുടെ രൂപീകരണം‘മുകളിൽ നിന്നു താഴേക്കും’, ‘താഴെ നിന്നു മുകളിലേക്കും’ ഉള്ള സമീപനങ്ങളെ അടിസ്ഥാനമാക്കിയാണ്. വിവര ശേഖരണം, അപഗ്രഥനം, പ്രാദേശിക നിർദ്ദേശങ്ങൾ എന്നിവ രൂപപ്പെടുന്നത് താഴെ തട്ടിലാണ്. മുകൾ തട്ടിൽ ആവിഷ്ക്കരിക്കുന്ന നയങ്ങൾക്കനുസൃതമായി ഇവ പിന്നീട് ഭേദഗതി ചെയ്യുന്നു. അതേ സമയം, താഴെ തട്ടിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്താണ് മുകൾ തട്ടിൽ നയരൂപീ കരണം നടത്തുന്നത്.

- ഐ.ഡി.ഡി.പി, എൽ.ഡി.പി.ഇവയുടെ രൂപീകരണത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നു – Geographical Information System (GIS), Global Positioning System (GPS), Satellite imagery എന്നിവ.

കൊല്ലം ജില്ലയുടെ സംയോജിത വികസന രൂപരേഖ തയ്യാറാക്കുന്ന പ്രക്രിയ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഡി.പി.സി. അംഗീകരിച്ച ജില്ലാ വികസന സങ്കല്പം ജില്ലയിലെ ഓരോ പ്രദേശിക ഭരണകൂടങ്ങൾക്കുമുള്ള വികസന രൂപരേഖകൾ തയ്യാറാക്കുന്നതിന് ഒരു ചട്ടക്കൂടായി വർത്തിക്കുന്നു. പരവൂരിന്റെ വികസന രൂപരേഖയും ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ എടുത്തു പറയേണ്ട കാര്യം ജില്ലയുടെ സംയോജിത വിക സന രൂപരേഖ അന്തിമമാക്കുന്നത് ജില്ലയിലെ എല്ലാ പ്രാദേശിക ഭരണകൂടങ്ങളുടെയും വികസന രൂപരേഖകൾ പരഗണിച്ചു കൊണ്ടായിരിക്കും. ഇതിൽ നിന്നും പ്രാദേശിക വികസന രൂപരേഖ കൾ സമയബന്ധിതമായി തയ്യാറാക്കേണ്ടുന്നതിന്റെ പ്രാധാന്യം വ്യക്തമാണ്.

സ്ഥലപരാസൂത്രണ സമീപനത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കുമ്പോൾ ഏറ്റവും പ്രാധാന്യം നൽകുന്നത് ഒരു പ്രദേശത്തിന്റെ പ്രത്യേകതകൾക്കാണ്. ഓരോ പ്രദേശത്തിനും അതിന്റെ സ്ഥാനം കൊണ്ട് ചില പ്രത്യേകതകൾ കാണാം. തീരദേശ പ്രദേശത്തിനും, മലനാടിനും വ്യത്യസ്ത സ്വഭാവമാണുള്ളത്. ഓരോ പ്രദേശത്തെ വിഭവങ്ങളും വ്യത്യസ്തമാണ്. ചിലയിടത്ത് കൃഷിസ്ഥലങ്ങളാണ് പ്രധാന പ്രകൃതിവിഭവങ്ങളെങ്കിൽ ചിലയിടത്ത് അത്യപൂർവ്വമായ ധാതുക്കളായിരിക്കും. ജനങ്ങളുടെ എണ്ണത്തിലും, അവരുടെ വിതരണത്തിലും, സാന്ദ്രതയിലും വിവിധ പ്രദേശങ്ങൾ തമ്മിൽ വ്യത്യാസമുണ്ടായിരിക്കും.

പശ്ചാത്തല മേഖലയിലെ സൗകര്യങ്ങളും അവയുടെ വിതരണവും ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും. ചിലയിടങ്ങളിൽ സൗകര്യങ്ങൾ ആവശ്യത്തിലധികമാണെങ്കിൽ, ചിലയിടത്തു ഇത് വളരെ അപര്യാപ്തമായിരിക്കും. ജലക്ഷാമം ഒരിടത്തെ പ്രധാന പ്രശ്നമാണെങ്കിൽ, മറ്റിടങ്ങളിൽ വെള്ളപ്പൊക്കമായിരിക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. സ്ഥലപരാസൂത്രണത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കുമ്പോൾ ഈ പ്രത്യേകതകൾക്കനുസൃതമായായിരിക്കും വികസന നിർദ്ദേശങ്ങൾ കൊണ്ടുവരുന്നത്. ഈ വികസന നിർദ്ദേശങ്ങൾ ഒറ്റപ്പെട്ട വിശകലനത്തെ അടിസ്ഥാനമാക്കിയായിരിക്കില്ല രൂപപ്പെടുത്തുന്നത്, മറിച്ച് ആ പ്രദേശത്തെ സമഗ്ര വികസനത്തിനനുയോജ്യമായവികസന കാഴ്ചപ്പാട് രൂപീകരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കേണ്ട വികസന മേഖലകളെ പ്രാദേശികമായി സംയോജിപ്പിച്ച ശേഷമായിരിക്കും.

വികസന രൂപരേഖ തയ്യാറാക്കുന്നതിന്റെ ആദ്യഘട്ടം പരിശീലന പരിപാടികളാണ്. രണ്ടാം ഘട്ടത്തിൽ സമഗ്രമായ രീതിയിലെ വിവര ശേഖരണമാണ്. ഇതിൽ ഓരോ തദ്ദേശ ഭരണ പ്രദേശത്തിന്റെയും ഭൂവിനിയോഗ സർവ്വെയും, സാമൂഹിക സാമ്പത്തിക സർവ്വെയും, മറ്റ് ദ്വതീയ വിവര ശേഖരണവും ഉൾപ്പെടുന്നു. മൂന്നാം ഘട്ടത്തിൽ ശേഖരിച്ച വിവരങ്ങളുടെ വിശകലനവും, നാലാം ഘട്ടത്തിൽ വികസന കാഴ്ചപ്പാടിന്റെ രൂപീകരണവും, വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തലും രൂപരേഖയുടെ റിപ്പോർട്ട് തയ്യാറാക്കലുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

## ബി. പ്രാദേശിക വികസന രൂപരേഖ– പരവൂർ

പരവൂരിന്റെ വികസന രൂപരേഖ, പരവൂർ നഗരസഭയുടെ കാര്യക്ഷമമായ നേതൃത്വത്തിലാണ് തയ്യാറാക്കിയത്. രൂപരേഖ തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പരവൂർ നഗരസഭയിൽ സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നഗരസഭ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ചെയർമാനായും വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരും, പരവൂരിന്റെ വികസന കാര്യങ്ങളിൽ ആധികാരികമായി അഭിപ്രായം പറയുവാൻ പ്രാപ്തിയുള്ളവരുമായ വ്യക്തികളെ അംഗങ്ങളാക്കിയും ആണ് സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിച്ചത്. ഒരു സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയെ എഞ്ചിനീയറിംഗ് ട്രെയിനിയായി നിയമിക്കുകയും ചെയ്തു. സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിയുടെ ചെയർമാനും, കൺവീനറും, ജോയിന്റ് കൺവീനറും, എഞ്ചിനീയറിംഗ് ട്രെയിനിയും വിവിധ പരിശീലന പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

തുടർന്നു പരവൂരിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിനായി അനുവർത്തിച്ച പ്രക്രിയ സംക്ഷിപ്തമായി താഴെ നൽകിയിരിക്കുന്നു.

1. ഒരു വാർഡിനു രണ്ടു വീതം സർവ്വെ ട്രെയിനികളെ തിരഞ്ഞെടുത്ത് ഇവരുടെ സഹായത്തോടെ, ഭൂവിനിയോഗ സർവ്വെയും, സാമൂഹിക സാമ്പത്തിക സർവ്വെയും നടത്തി. ഈ രണ്ടു സർവ്വെകളും ഒരു മാസത്തെ സമയം കൊണ്ടു പൂർത്തീകരിച്ചു. ഭൂവിനിയോഗ സർവ്വെ നടത്തിയത് 1:5000 സ്കെയിലിലെ റീസർവ്വെ മാപ്പിലാണ്. ഈ മാപ്പിന്റെ പകർപ്പ് ജില്ലാ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയതാണ്. ഭൂവിനിയോഗ സർവ്വെ മാപ്പ് സ്കാൻ ചെയ്ത് കമ്പ്യൂട്ടറിലാക്കുകയും, ജി.ഐ.എസ്സിൽ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തു. ഓരോ വാർഡിൽ നിന്നും 10% വീടുകളെ തിരഞ്ഞെടുത്താണ് സാമൂഹിക സാമ്പത്തിക സർവ്വെ നടത്തിയത്. നിശ്ചിത പട്ടികയിൽ ശേഖരിച്ച വിവരങ്ങൾ, ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ കമ്പ്യൂട്ടറിലാക്കുകയും, ഇത് ജില്ലാ നഗര–ഗ്രാമാസൂത്രണ വകുപ്പിന് കൈമാറുകയും ചെയ്തു.

2. ഇതോടൊപ്പം നിശ്ചിത ഫാറങ്ങളിൽ ദ്വിതീയ വിവരങ്ങളും ശേഖരിച്ചു. നഗര–ഗ്രാമാസൂത്രണ വകുപ്പ് നിഷ്ക്കർഷിച്ച ഫോർമാറ്റിൽ ഇവ ക്രോഡീകരിച്ച് വകുപ്പിന്റെ ജില്ലാ ഓഫീസിൽ ഏല്പിക്കുകയുണ്ടായി.

3. വാർഡടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങളും (സാമൂഹിക–സാമ്പത്തിക സർവ്വെ വിവരങ്ങളും, ദ്വിതീയ വിവരങ്ങളും), ഭൂവിനിയോഗ മാപ്പിൽ നിന്നും ലഭിക്കുന്ന വാർഡടിസ്ഥാനത്തിലും വിവരങ്ങളും (ഓരോ ഭൂവിനിയോഗത്തിന്റെയും വാർഡടിസ്ഥാനത്തിലെ വിസ്തീർണ്ണം മുതലായവ) ശേഖരിച്ചുകൊണ്ട് ഒരു മാസ്റ്റർ പട്ടിക കമ്പ്യൂട്ടറിൽ (Excel Format ൽ) തയ്യാറാക്കി ഇത് ഒരു വാർഡിനെ സംബന്ധിച്ച മിക്കവാറും എല്ലാ വിവരങ്ങളും നൽകുന്ന ഡാറ്റാ ബാങ്കാണ്. നഗര–ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസാണ് ഈ മാസ്റ്റർ പട്ടിക തയ്യാറാക്കിയത്.

4. ജി.ഐ.എസിലെ വാർഡ് മാപ്പും, വാർഡടിസ്ഥാനത്തിലെ മാസ്റ്റർ പട്ടികയും സംയോജിപ്പിക്കുകയും, വിവിധ കാര്യങ്ങളുടെ വാർഡടിസ്ഥാനത്തിലെ വിതരണം സൂചിപ്പിക്കുന്ന ചിത്രങ്ങൾ ജി.ഐ.എസിൽ തയ്യാറാക്കുകയും ചെയ്തു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്ന സ്ഥലപര വിശകലനത്തിന് ഉപയോഗിക്കുകയും ചെയ്തു. സ്ഥലപര വിശകലനത്തിൽ പ്രധാനമായും ഉൾപ്പെട്ടിരിക്കുന്നത്–ഭൂവിനിയോഗത്തിന്റെ വിശകലനം, ജനസംഖ്യാ പഠനം, തൊഴിൽ ഘടനയെക്കുറിച്ചുള്ള പഠനം, വാർഡടിസ്ഥാനത്തിലെ പ്രവർത്തന സ്വഭാവം, വിവിധ വികസന മേഖലകളുടെ നിലവിലെ സ്ഥിതി മുതലായവയാണ്.

5. പ്രാദേശിക വികസന രൂപരേഖ തയ്യാറാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി, വികസന രൂപരേഖ തയ്യാറാക്കുന്ന കാര്യവും, ഭൂവിനിയോഗ മാപ്പും പ്രത്യേക വാർഡു സഭകൾ കൂടി വിശദീകരിക്കുകയും, വാർഡടിസ്ഥാനത്തിലെയും, നഗരസഭാ പ്രദേശ അടിസ്ഥാനത്തിലുമുള്ള വികസന പ്രശ്നങ്ങളും വികസന നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയും ചെയ്തു.

6. വാർഡ് സഭ നിർദ്ദേശങ്ങളുടെയും നിലവിലുള്ള വികസന രേഖകളുടെയും അടിസ്ഥാനത്തിൽ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി പ്രാദേശിക തല വിശകലന റിപ്പോർട്ട് തയ്യാറാക്കി. പ്രാദേശിക തല വിശകലന റിപ്പോർട്ടിൽ നഗരസഭയിലെ സാമ്പത്തിക അടിത്തറ,പ്രധാനപ്പെട്ട ജംഗ്ഷനുകൾ അവയുടെ ക്രമം, വാർഡടിസ്ഥാനത്തിലെ വികസന നിർദ്ദേശങ്ങൾ, നഗരസഭയെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ മുതലായവ ഉൾപ്പെടുന്നു.

7. സ്ഥലപര വിശകലനത്തിന്റെയും പ്രാദേശിക തല വിശകലനത്തിന്റെയും അടിസ്ഥാനത്തിലെ വിവിധ വികസന മേഖലകളെ സംബന്ധിച്ച പ്രശ്നങ്ങളും, സാധ്യതകളും നഗര-ഗ്രാമാസൂത്രണ വകുപ്പ് ക്രോഡീകരിച്ചു. ഓരോ വികസന മേഖലയെക്കുറിച്ചും ജില്ലാ വികസന രൂപരേഖ യ്ക്കായി നടത്തിയ വിശകലനം കൂടി പരിഗണിച്ചു കൊണ്ടാണ്, പരവൂരിലെ വിവിധ വികസന മേഖലകളെ സംബന്ധിച്ച പ്രശ്നങ്ങളും സാധ്യതകളും ക്രോഡീകരിച്ചത്.

8. വികസന മേഖലയെ സംബന്ധിച്ച പ്രധാന കണ്ടെത്തലുകൾ, സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ചില ഭേദഗതികൾ വരുത്തി അംഗീകരിക്കുകയും ചെയ്തു.

9. തുടർന്നു സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി, നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സഹായത്തോടെ ഭാവി സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് നിർണ്ണയിക്കുകയും, അവ നഗരസഭ പ്രദേശത്ത് വരുത്താവുന്ന മാറ്റങ്ങൾ ചർച്ച ചെയ്തു, വികസന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്തു.

10. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന നയം തീരുമാനിക്കുകയും, അതിനനുസൃതമായി വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

11. വികസന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതെയുള്ള പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തുകയും, അതിനാവശ്യമായ ഏകദേശ പദ്ധതി തുക, ഓരോ പദ്ധതിയും നടപ്പിലാക്കേണ്ട ഘട്ടം, വികസന ഏജൻസി മുതലായവ നിർണ്ണയിക്കുകയും ചെയ്തു.

12. ഇതെല്ലാം നഗരസഭാ കൗൺസിലിൽ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു.

13. ഇതെല്ലാം ഉൾപ്പെടുത്തി വികസന രൂപരേഖ റിപ്പോർട്ട് തയ്യാറാക്കി.

പ്രാദേശിക വികസന രൂപരേഖകളും (LDPs) സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലപരാസൂത്രണ സമീപന രീതിയിൽ വികസന രൂപരേഖ തയ്യാറാക്കുന്ന ജില്ലയിലെ ആദ്യത്തെ തദ്ദേശ ഭരണ സ്ഥാപനമാണ് പരവൂർ മുനിസിപ്പാലിറ്റി.

പരവൂർ നഗരസഭ പ്രദേശത്തിന് ഒരു വികസന രൂപരേഖ നിലവിലുണ്ട്. 2002 ൽ നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയ ഈ വികസന രൂപരേഖ (Development Plan to Paravur) സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശ പ്രകാരം ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള വികസന രൂപരേഖ, ജില്ലാ വികസന കാഴ്ചപ്പാടും കൂടി പരിഗണിച്ചുകൊണ്ട്, 2002-നു ശേഷം പ്രദേശത്തു വന്ന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ നഗര-ഗ്രാമാസൂത്രണ നിയമങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങളോടെ ഈ വികസന രൂപരേഖ പരവൂരിൽ ബാധകമാക്കേണ്ടതുണ്ട്.

<<< previous | contents | next >>>

# ഭാഗം 2

# നിലവിലെ സ്ഥിതി വിശകലനം

(വിശകലനത്തിനായി പരവൂർ നഗരസഭയിലെ പഴയ വാർഡുകളാണ്
(26 എണ്ണം) ഉൾപ്പെടുത്തിയിട്ടുള്ളത്)

<<< previous | contents | next >>>

# അദ്ധ്യായം – 1

# പൊതുവിവരങ്ങൾ

*ഈ അദ്ധ്യായത്തിൽ പരവൂരിന്റെ കൊല്ലം ജില്ലയിലെ സ്ഥാനം, ചരിത്രം, ജൈവ സമ്പത്ത് എന്നിങ്ങനെയുള്ള പൊതുവിവരങ്ങൾ വിശദമാക്കുന്നു.*

## 1.1 പരവൂരിന്റെ സ്ഥാനം

കൊല്ലം ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ ഒന്നാണ് പരവൂർ. പരവൂർ മുനിസിപ്പാലിറ്റി പരവൂർ, കോട്ടപ്പുറം എന്നീ വില്ലേജുകളിൽപ്പെടുന്നു. 29* വാർഡുകളുള്ള പരവൂർ മുനിസിപ്പാലിറ്റിയുടെ ഏകദേശ വിസ്തീർണ്ണം 16.2 ചതുരശ്ര കിലോമീറ്ററാണ്. തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയിൽ സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ പ്രദേശങ്ങളിലൊന്നാണ് പരവൂർ. കൊല്ലം ജില്ലയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി ഉത്തര അക്ഷാംശം 08°47'00'' നും 08°50'30'' നും ഇടയിലായും പൂർവ്വരേഖാംശം 76°38'30'' നും 76°42'00'' നും ഇടയിലായും ആണ് പരവൂരിന്റെ സ്ഥാനം.




*ചിത്രം 1-1 - ജില്ലയിൽ പരവൂരിന്റെ സ്ഥാനം*

പരവൂരിന്റെ വടക്ക് മയ്യനാട്, ആദിച്ചനല്ലൂർ, ചാത്തന്നൂർ ഗ്രാമപഞ്ചായത്തുകളും തെക്ക് തിരുവനന്തപുരം ജില്ലയിലുള്ള ഇടവാ പഞ്ചായത്തും കിഴക്ക് പൂതക്കുളം ഗ്രാമ പഞ്ചായത്തും പടിഞ്ഞാറായി ലക്ഷദ്വീപ് സമുദ്രവുമാണുള്ളത്. പരവൂരിന്റെ തെക്കു കിഴക്കുഭാഗത്തായി ഇടവാ–നടയറക്കായലും, വടക്കു പടിഞ്ഞാറു ഭാഗത്തായി പരവൂർ ക്കായലും വ്യാപിച്ചു കിടക്കുന്നു. ഇവയെത്തമ്മിൽ ബന്ധിപ്പിച്ചുകൊ ുള്ള റ്റി.എസ്.-കനാൽ പരവൂരിന്റെ മദ്ധ്യഭാഗത്തു നിന്നും അൽപം പടിഞ്ഞാറോട്ടു നീങ്ങി സ്ഥിതിചെയ്യുന്നു.




*ചിത്രം 1-2 - പരവൂരിന്റെ സമീപ പഞ്ചായത്തുകളും പ്രധാന വാണിജ്യകേന്ദ്രങ്ങളും*

**കുറിപ്പ് :** *പരവൂരിൽ നിലവിൽ 29 വാർഡുകൾ ഉ ങ്കിലും മിക്കവാറും എല്ലാ വിവരങ്ങളും (സെൻസസ്, പഞ്ചായത്ത് തല സ്റ്റാറ്റിസ്റ്റിക്സ്) ലഭ്യമായിട്ടുള്ളത് 2005 ന് മുമ്പേ ഉള്ള 26 വാർഡുകളിലേതാണ്.അതിനാൽ വികസന രൂപരേഖയുടെ വിശകലനത്തിനായി പഴയ 26 വാർഡുകളാണ് പരിഗണിച്ചിട്ടുള്ളത്. എന്നാൽ വികസന സങ്കല്പവും, മേഖലാ നിർദ്ദേശങ്ങളും പുതിയ വാർഡുകളുടെ (29 വാർഡ്) അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കൊല്ലം–തിരുവനന്തപുരം ദേശീയപാതയിൽ, ചിന്നക്കടയിൽ നിന്നും 14 കി.മീ. മാറി, കൊട്ടിയത്തിനും ചാത്തന്നൂരിനും മദ്ധ്യേയുള്ള തിരുമുക്ക് ജംഗ്ഷനിൽ നിന്നും 4 കി.മീ. തെക്കോട്ടു നീങ്ങിയാൽ പരവൂരെത്താം. പരവൂരിന് ചുറ്റുമുള്ള പ്രധാന വികസിത കേന്ദ്രങ്ങൾ എന്നു പറയുന്നത്, കൊല്ലം ജില്ലയിലെ കൊല്ലംപട്ടണം, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവയും, തിരുവനന്തപുരം ജില്ലയിലുള്ള വർക്കലയുമാണ്.പരവൂരിൽ നിന്നും ഈ പ്രദേശങ്ങളിലേക്കുള്ള ദൂരം താഴെ പറയുന്നതുപേലെയാണ്.

| | | |
|---|---|---|
| ചാത്തന്നൂർ | – | 8 കി.മി. |
| കൊട്ടിയം | – | 12 കി.മി. |
| പാരിപ്പള്ളി | – | 6 കി.മി. |
| വർക്കല | – | 20 കി.മി. |

പണ്ടുകാലത്ത് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ പ്രധാന വാണിജ്യ കേന്ദ്രങ്ങളുമായി ജലമാർഗ്ഗ മായിരുന്നു പരവൂർ ബന്ധപ്പെട്ടിരുന്നത്. ഈ ജലമാർഗ്ഗം (ടി. എസ്. കനാൽ) നിലവിലുണ്ട്ങ്കിലും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. ഇപ്പോൾ റോഡു മാർഗ്ഗവും റെയിൽ മാർഗ്ഗവും വഴിയാണ് പരവൂർ മറ്റ് പ്രദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത്.

## 1.2 ഭരണ ചരിത്രം

ശ്രീമൂലം പ്രജാസഭയുടെ 1925–ലെ വില്ലേജ് പഞ്ചായത്ത് ചട്ടം VII പ്രകാരം 1932–ൽ തിരുവിതാംകൂറിൽ സ്ഥാപിതമായ 6 പഞ്ചായത്തുകളിൽ ഒന്ന് പരവൂരായിരുന്നു. അന്ന് പരവൂർ പഞ്ചായത്ത് പ്രദേശത്ത് പൊഴിക്കര, കോങ്ങാൽ, കോട്ടപ്പുറം, കുറുമണ്ടൽ, കൂനയിൽ, കലയ്ക്കോട്, പൂതക്കുളം എന്നീ 9 ചേരികൾ ഉണ്ടായിരുന്നു. ഭരണ സൗകര്യത്തിനുവേണ്ടി 1953–ൽ പരവൂർ പഞ്ചായത്ത് പ്രദേശത്തെ വിഭജിച്ച് പരവൂർ പഞ്ചായത്ത്, പൂതക്കുളം പഞ്ചായത്ത് എന്നിങ്ങനെയാക്കി മാറ്റി. അന്ന് പരവൂർ പഞ്ചായത്തിൽ പൊഴിക്കര, കോങ്ങാൽ, തെക്കുംഭാഗം, കോട്ടപ്പുറം, കുറുമണ്ടൽ എന്നീ ചേരികൾ ഉൾപ്പെട്ടിരുന്നു. അക്കാലത്ത് അതിർത്തിയിൽ വീണ്ടും മാറ്റം വരുത്തുകയും കൂനയിൽ ചേരികൂടി പരവൂരിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1988 മെയ് 1 ന് പരവൂർ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയായി ഉയർത്തുകയുണ്ടായി.2001 സെൻസസ് പ്രകാരം പരവൂർ മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ 38649 ആണ്.

## 1.3 വികസന ചരിത്രം

പരവൂരിന് നൂറ്റാണ്ടുകൾക്കു മുമ്പേതന്നെ ശക്തമായ വാണിജ്യ ബന്ധങ്ങളുണ്ടായിരുന്നു. എ.ഡി. ആദ്യ ശതകങ്ങളിലെ വാണിജ്യ വികാസം പരവൂരിലും ഉണ്ടായി എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

പഴയകാലത്ത് പരവൂരിന്റെ ഭരണസിരാകേന്ദ്രം സമുദ്രതീരമായ പൊഴിക്കരയായിരുന്നു. ഇതിന് തെളിവുകൾ ഏറെയുണ്ട്. രാജാവിന്റെ കൊട്ടാരം, രാജാവിന്റെ നിർദ്ദേശ പ്രകാരം പരിഷ്ക്കരിച്ച് നിർമ്മിക്കപ്പെട്ട പൊഴിക്കര ക്ഷേത്രം, അതിനോട് ചേർന്നുള്ള സത്രം, ഇന്നത്തെ പോലീസ് സ്റ്റേഷനുകൾക്ക് പകരം പ്രവർത്തിച്ച താനം, ആദ്യത്തെ അഞ്ചലാപ്പീസ്, കോടതി എന്നിവ ഈ പ്രദേശത്തായിരുന്നു. കൊട്ടാരത്തിന്റെ ഭാഗം, ക്ഷേത്രം, താനം, അഞ്ചലാപ്പീസ് എന്നിവ ഇന്നും പൊഴിക്കരയിലുണ്ട്. ഇതിനെല്ലാം പുറമെ തീരുവിതാംകൂറിലെ കമ്മട്ടം (Mint) പത്മനാഭപുരത്തു നിന്നും 1800 നും 1824 നും ഇടയിൽ പരവൂരിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതായി രേഖകൾ സൂചിപ്പിക്കുന്നു.

1824 –ൽ റാണി ഗൗരിഭായിയുടെ ഭരണകാലത്ത് പരവൂർ കായലിനെയും ഇടവ, നടയറ കായലിനെയും ബന്ധിപ്പിക്കുന്ന പരവൂർ തോട് നിർമ്മിക്കപ്പെട്ടു. അത് വഴി കൊല്ലം, തിരുവനന്ത പുരം, ആലപ്പുഴ എന്നീ മൂന്നു വ്യാപാര കേന്ദ്രങ്ങളുമായിട്ടുള്ള വ്യാപാര ബന്ധം പരവൂരിന് ലഭിച്ചു. എൻ.എച്ച്. 47 നിർമ്മിക്കുന്നതിന് മുമ്പ് ഈ തോടുവഴിയാണ് കൊല്ലവുമായി ബന്ധപ്പെട്ടിരുന്നത്.

കൊല്ലംവരെ നീളുന്ന ഈ തോടുവഴി കയർ, കൊപ്ര, കുരുമുളക് എന്നീ ഉല്പന്നങ്ങൾ കൊല്ലത്തും അവിടെനിന്ന് അഷ്ടമുടിക്കായൽ വഴി ആലപ്പുഴയ്ക്കും കൊ ു പോയിരുന്നു. കയറ്റുമതി ചെയ്യാനുള്ള സൗകര്യവും അന്നു ായിരുന്നു. ഈ സൗകര്യം പരവൂരിലെയും പരി സര പ്രദേശങ്ങളിലെയും വ്യാപാരം വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. വർഷ ങ്ങൾക്കു മുമ്പ് കോട്ടവിള വീട്ടിൽ ശ്രീമാൻ നാരായണൻനായർ കോട്ടപ്പുറത്ത് തന്റെ പുരയിട ത്തിന്റെ ഒരുഭാഗം (ഇന്നത്തെ മാർക്കറ്റ്) വ്യാപാരികൾക്ക് കച്ചവട സൗകര്യത്തിനായി വിട്ടുകൊ ടുത്തതോടെയാണ് ഇന്ന് കാണുന്ന തരത്തിലുള്ള വിപുലമായ സൗകര്യങ്ങൾ പരവൂരിൽ ഉ ാ യത്. മാത്രമല്ല തന്റെ പുരയിടത്തിന്റെ മധ്യത്തിലൂടെ വീതിയുള്ള വഴിതുറന്നു കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന റോഡുകളെ ബന്ധിപ്പിച്ചു (പൊഴിക്കര–പാരിപ്പള്ളി റോഡ്). ഇതി നോട് തെക്കുനിന്നും വടക്കുനിന്നും വരുന്ന റോഡുകൾ ചേർത്തപ്പോൾ സൗകര്യപ്രദമായ ഒരു ജംഗ്ഷൻ പരവൂരിൽ രൂപം കൊണ്ടു. ഈ പ്രവർത്തനങ്ങളൊക്കെ തന്നെ കൂട്ടായ്മകളുടെ മാതൃകകളാണ്. 1834 ൽ സ്വാതി തിരുനാളിന്റെ കാലത്ത് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാ ഭ്യാസം ആരംഭിച്ചപ്പോൾ തിരുവിതാംകൂറിന്റെ ഭാഗമായ പരവൂരിൽ 1907–ൽ കോട്ടപ്പുറം ഹൈസ്കൂൾ സ്ഥാപിച്ചു. കോട്ടവിള നാരായണൻനായരുടെയും ചാമവിള ഗോവിന്ദപ്പിള്ളയുടെയും കൂട്ടായ ശ്രമഫലമായിട്ടാണ് ഈ സ്കൂൾ സ്ഥാപിതമായത്. (ഇന്നത്തെ കെ.എച്ച്.എസ്. മലയാളം മീഡിയം സ്കൂൾ) ആറ്റിങ്ങലിനും കൊല്ലത്തിനും ഇടയ്ക്കുള്ള ഏക ഇംഗ്ലീഷ് ഹൈസ്കൂൾ എന്ന ഖ്യാതി ഈ സ്കൂളിന് അന്ന് ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ ഇരവിപുരം, മയ്യനാട്, കാപ്പിൽ, ഇടവ, വർക്കല, ചാത്തന്നൂർ, ആദിച്ചനല്ലൂർ, വെളിനല്ലൂർ മുതലായ സ്ഥലങ്ങളിൽ നിന്നും അക്കാലത്ത് വിദ്യാർത്ഥികൾ ഇവിടെ വന്ന് പഠിച്ചിരുന്നു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോട്ടപ്പുറം ഹൈസ്കൂളിൽ ഗവൺമെന്റ് നിർദ്ദേശം അനു സരിച്ച് ഫീസ് സൗജന്യം നൽകിയപ്പോൾ ഈഴവ വിദ്യാർത്ഥികൾക്കും ഈ സൗജന്യം ലഭിക്കണമെന്ന അഭി പ്രായം ഉ ായി. ഗവൺമെന്റ് നിർദ്ദേശം ലഭിക്കാത്തതി നാൽ മാനേജ്മെന്റിന് അതു നടപ്പാക്കാൻ കഴിഞ്ഞില്ല. പ്രശ്നപരിഹാരമെന്ന നിലയിൽ പരവൂർ എസ്.എൻ.വി. സമാജത്തിന്റെയും നിവാസികളുടെയും സംഘടിത ശ്രമഫലമായി 1923–ൽ ഒരു വിദ്യാലയം കോട്ടപ്പുറം ഹൈസ്കൂളിന് സമീപം ആരംഭിച്ചു. ശ്രീനാരായണഗുരു ഉദ്ഘാടനം ചെയ്ത ഈ സ്കൂൾ പിൽക്കാലത്ത് എസ്. എൻ.വി. ഗേൾസ് ഹൈസ്കൂളായി മാറി. ഈ സ്ഥാപനം ഇന്ന് ആറ്റിങ്ങലിനും കൊല്ലത്തിനും ഇടയ്ക്കുള്ള ഏക ഗേൾസ് ഹൈസ്കൂൾ ആണ്.




*ചിത്രം 1-3 - ഭരണസിരാകേന്ദ്രം പൊഴിക്കരയിൽ നിന്നും പരവൂർ ജംഗ്ഷനിലേക്ക്*

കൊല്ലം, തിരുവനന്തപുരം റയിൽവേ പൂർത്തിയായപ്പോൾ കുറുമണ്ടൽ ഭാഗത്ത് 1918 ൽ റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടു. കരമാർഗ്ഗമുള്ള ഗതാഗത സൗകര്യം വർദ്ധിച്ചതോടെ മാർക്കറ്റിന്റെ ഉപയോഗവും വർദ്ധിച്ചു. കാലക്രമേണ ഭരണകേന്ദ്രം പൊഴിക്കരയിൽ നിന്ന് പരവൂർ ജംഗ്ഷനിലേയ്ക്ക് മാറി.



*പരവൂർ ജംഗ്ഷൻ*



*പരവൂർ മാർക്കറ്റ്*

## 1.4 ചരിത്ര–സാംസ്കാരിക പശ്ചാത്തലം

കേരളത്തിന്റെ സാഹിത്യ–കലാ–കായിക സാംസ്കാരത്തിന് മഹത്തായ സംഭാവനകൾ നൽകിയ പ്രദേശംകൂടിയാണ് പരവൂർ.

സമുദ്രതീര ഗ്രാമം എന്ന് അർത്ഥം വരുന്ന “പരവൈയ്യൂർ” ആണ് പരവൂരിന്റെ ആദ്യനാമമെന്ന് വായ്മൊഴികളും ചില വരമൊഴികളും സൂചിപ്പിക്കുന്നു. “പരവൈയ്യൂർ” പിൽക്കാലത്ത് പരവൂർ ആയി മാറിയതായി കരുതപ്പെടുന്നു.

പരവൂരിന്റെ പടിഞ്ഞാറു ഭാഗത്ത് ലക്ഷദ്വീപ് സമുദ്രമാണ്. പരവൂർ കായലിൽ നിന്നും കടലിലേയ്ക്കുള്ള വെള്ളം ഒഴുകി പോകാനുള്ള പൊഴിയുള്ളതിനാൽ ഈ പ്രദേശത്ത് വെള്ളപ്പൊക്കം ഉ ാകുന്നില്ല. ഫലഭൂയിഷ്ടമായ മണ്ണ് ഫലവൃക്ഷങ്ങളും സസ്യങ്ങളും തഴച്ചുവളരുവാൻ സഹായിക്കുന്നു. കായലുകളും തോടുകളും ഈ പ്രദേശത്തെ വലം വയ്ക്കുന്നു. ഇവ മത്സ്യബന്ധനത്തിന് സൗകര്യമൊരുക്കുന്നു. കരമാർഗ്ഗവും ജലമാർഗ്ഗവും ഉള്ള ഗതാഗതസൗകര്യങ്ങൾ കാലാകാലങ്ങളിൽ വാണിജ്യ ബന്ധത്തിനായും, സാംസ്കാരിക വിനിമയത്തിനായും ഉപയോഗിക്കപ്പെട്ടു.

വേണാടിനും ദേശിംഗനാടിനും ഇടയ്ക്ക് പ ു ായിരുന്ന പെണ്ണരശുനാടിന്റെ ഭാഗമായിരുന്നു പരവൂർ. ഇവിടെ വേണാട് മഹാരാജാവിനോ ദേശിങ്ങനാട് തിരുവടിയ്ക്കോ യാതൊരുവിധ അധികാരവും പ ു ായിരുന്നില്ല. ആറ്റിങ്ങൽ അമ്മത്തമ്പുരാട്ടിയുടെ അധീനതയിലായിരുന്നു പരവൂർ കോട്ടയും കൊത്തളങ്ങളും കുരുമുളക് പ കശാലയും മറ്റും. പ്രാചീന സാഹിത്യത്തിൽ സ്ത്രീ രാജ്യമെന്ന് പുകൾപെറ്റ ആറ്റിങ്ങൽ രാജ്യത്തിന്റെ ഭാഗമായിരുന്നതുകൊ ് സ്ത്രീരാജ്യമെന്ന് പരവൂരിന് പ്രശസ്തി ഉ ായി. പരവൂരിന്റെ ചരിത്രം വെളിപ്പെടുത്തുന്ന പ്രാചീന രേഖകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് എ.ഡി. 12–ാം ശതകത്തിലു ായ പൊഴിക്കര ശാസനമാകുന്നു.

*പരവൂർ പൊഴി*





*മുൻസിപ്പൽ പാർക്ക്- ദേവരാജൻ മാഷിന്റെ ഭൗതിക ശരീരം ഇവിടെ അടക്കം ചെയ്തിരിക്കുന്നു.*
?

ധീരനായ വേലുത്തമ്പിയുടെ സഹവർത്തിയായി നിന്ന് തിരുവിതാംകൂറിന് പൊതുവെയും കൊല്ലത്തിനും പരവൂരിനും വിശേഷിച്ചും ഐശ്വര്യം പുലർത്തിയിരുന്ന ഒരു മഹാനായിരുന്നു പരവൂർ വാഴവിള കണക്കുചെമ്പകരാമൻ ശങ്കരപിള്ള സർവ്വാധികാര്യക്കാർ. പണ്ഡിത വരേണ്യരായ കേശവനാശാനും മഹാകവി കെ.സി. കേശവപിള്ളയും പരവൂരിന്റെ സംഭാവനകളാണ്. മലയാള കവികളിൽ ബഹുമുഖ പ്രതിഭാശാലി എന്നുപറയുന്ന ഏകമഹാകവിയാണ് കെ.സി. കേശവപിള്ള. അദ്ദേഹത്തിന്റെ പ്രധാന മഹാകാവ്യമാണ് കേശവീയം. കേരളത്തിലെ പ്രശസ്ത ചരിത്രകാരൻമാരുടെകൂട്ടത്തിൽപെടുന്ന വ്യക്തിയായിരുന്നു കോങ്ങാൽ തുണ്ടത്തിൽ ആർട്ടിസ്റ്റ് അച്യുതൻപിള്ള. തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെ ചിത്രം വരയ്ക്കാൻ നിയുക്തനാകത്തക്കവണ്ണം പ്രതിഭാശാലിയായിരുന്നു അദ്ദേഹം. ചലിച്ചിത്ര രംഗത്തും പരവൂർ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രശസ്ത സംഗീത സംവിധായകനായിരുന്ന പരവൂർ ദേവരാജൻമാസ്റ്റർ, ആർട്ട് ഡയറക്ഷന് ദേശീയ അവാർഡ് നേടിയ ദേവദത്തൻ, നിരവധി അവാർഡ് ചിത്രങ്ങൾക്ക് കലാ–സംവിധാനം നിർവ്വഹിച്ച ജയസിങ് തുടങ്ങിയവർ പരവൂരിന്റെ സംഭാവനകളാണ്. ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ പ്രദേശമെന്ന നിലയിലും വാണിജ്യബന്ധങ്ങൾക്ക് പുകൾപെറ്റ പ്രദേശമെന്ന നിലയിലും സാംസ്കാരിക പ്രവർത്തനങ്ങളാൽ കീർത്തികേട്ട പ്രദേശമെന്ന നിലയിലും പണ്ടുമുതൽ തന്നെ പരവൂരിൽ പലരും കുടിയേറുകയും ഇവിടെ തന്നെ സ്ഥിരതാമസം തുടരുകയും ചെയ്തിരുന്നു. ഇത് സാംസ്കാരിക വിനിമയത്തിന് കൂടുതൽ അവസരങ്ങൾ നൽകി.

## 1.5 ഭൂപ്രകൃതി

പ്രകൃതി രമണീയമായ കടൽത്തീരവും കായൽ ദൃശ്യങ്ങളുമുള്ള പരവൂരിൽ കായലും കടലും സംഗമിക്കുന്നു. വടക്ക്–കിഴക്കു ഭാഗത്ത് ചാത്തന്നൂർ പഞ്ചായത്തും കിഴക്കുഭാഗത്ത് പൂതക്കുളം പഞ്ചായത്തും സ്ഥിതിചെയ്യുന്നു. തെക്ക് അതിർത്തിയിലുള്ള ഇടവാ പഞ്ചായത്തിനെ, ഇടവ–നടയറ കായൽ പരവൂരിൽ നിന്ന് വേർതിരിച്ച് നിർത്തിയിരിക്കുന്നു. ഇരു പഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് കാപ്പിൽ പാലം സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറ് വിശാലമായ പരവൂർ കായലിന്റെ മറുകര മയ്യനാട് പഞ്ചായത്താണ്. .പ്രദേശത്തിന്റെ കോൺടൂർ മാപ്പ് അനുസരിച്ച് വിവിധ പ്രദേശങ്ങളുടെ ചരിവ് $0^{\circ}$യ്ക്കും $15^{\circ}$ യ്ക്കും ഇടയിലാണ്.




*ചിത്രം 1-4- പരവൂരിന്റെ കോൺടൂർ (Contour) മാപ്പ്*

ഭൂപ്രകൃതി അനുസരിച്ച് പരവൂരിനെ മൂന്ന് ഭാഗങ്ങളായി തിരിക്കാം :-

1. ഉയർന്ന സമതല പ്രദേശങ്ങൾ
2. താഴ്ന്ന സമതല പ്രദേശങ്ങൾ
3. തീരപ്രദേശങ്ങൾ

### 1. ഉയർന്ന സമതലപ്രദേശങ്ങൾ

നെടുങ്ങോലം, ഒഴുകുപാറ, കൂനയിൽ, പെരുമ്പുഴ എന്നീ പ്രദേശങ്ങൾ ഉയർന്ന സമതല പ്രദേശങ്ങളാണ്. ഇവിടത്തെ മണ്ണ് മണലും ചരലും കലർന്നതും വളക്കൂറുള്ളതുമാണ്. നെല്ല്, മരച്ചീനി, നാളീകേരം എന്നിവയാണ് ഇവിടത്തെ പ്രധാന വിളകൾ. കരഭൂമിയുടെ ഏകദേശം 5 മീ. മുതൽ 10 മീ. വരെ താഴ്ചയിലാണ് വയലുകൾ. പരവൂരിലെ മൊത്തം ഏലായുടെ ഭൂരിഭാഗവും കൂനയിൽ പ്രദേശത്താണ്.

### 2. താഴ്ന്ന സമതല പ്രദേശങ്ങൾ

കുറുമണ്ടൽ, കോട്ടപ്പുറം, കോങ്ങാലിന്റെ കിഴക്കുപ്രദേശം എന്നിവിടങ്ങൾ താഴ്ന്ന സമതല പ്രദേശങ്ങളാണ്. മണൽ കലർന്ന പശിമരാശി മണ്ണാണ് പൊതുവിൽ കാണപ്പെടുന്നത്. ഈ പ്രദേശം പരവൂരിന്റെ തെക്കുഭാഗത്തായി കിടക്കുന്നു. ജനസാന്ദ്രത ഉയർന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 8 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. തെങ്ങാണ് മുഖ്യവിള. ഇടവിളയായി വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുണ്ട്.

### 3. തീരപ്രദേശങ്ങൾ

തീരപ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്ന് ശരാശരി 4 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്ത് ഉയർന്ന ജനസാന്ദ്രതയുണ്ട്. പ്രധാനകൃഷി നാളീകേരമാണ്. ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്. ഏകദേശം 5 ച.കി.മീ. വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പരവൂർ കായലിൽ കേരളത്തിലെ പ്രധാന നദികളിൽ ഒന്നായ ഇത്തിക്കരയാറ് വന്ന് ചേരുന്നു. പ്രകൃതിരമണീയമായ ഈ പ്രദേശത്ത് നിന്നാൽ സൂര്യാസ്തമയം ദർശിക്കാൻ കഴിയും.

## 1.6 ജൈവസമ്പത്ത്

പരവൂർ മേഖലയിൽ ഏറ്റവും കൂടുതലായി കൃഷി ചെയ്യുന്നത് തെങ്ങാണെങ്കിലും ഇതര ഫലവൃക്ഷങ്ങളും കുറവല്ല. മാവ്, പ്ലാവ്, പുളി എന്നിവ വ്യാപകമായുണ്ട്. ഒരുകാലത്ത് നാട്ടിൻ പുറത്തുകാരുടെകല്പവൃക്ഷമായിരുന്ന പുന്നമരം ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. ഞവര, തുളസി, തഴുതാമ, കുറുന്തോട്ടി, കസ്തൂരി മഞ്ഞൾ, കറുകപ്പുല്ല്, ആടലോടകം, കിരിയാത്ത്, കൊടുത്തുവ, കൈതോന്നി, കീഴാർനെല്ലി, ഉമ്മം, കരുന്നച്ചിയില, മൂടില്ലാത്താളി, കുടങ്ങൽ, നീരൂറ്റി, നന്ത്യാർവട്ടം, നറുനീണ്ടി, ബ്രഹ്മി, മുത്തങ്ങ, കൊടുവേലി തുടങ്ങി നിരവധി ഔഷധ സസ്യങ്ങൾ ഇവിടെ കാണാൻ കഴിയുന്നു.

പാറയിൽക്കാവ്, മാലാക്കാവ്, ആയിരവില്ലി, കടുവാപ്പൊയ്ക, യക്ഷിക്കാവ് എന്നിവിടങ്ങളിലുണ്ടായിരുന്ന ചെറുവനങ്ങൾ ഇന്നില്ല. ആയിരവല്ലിയിൽ മാത്രം ഏതാനും മരങ്ങളുണ്ട്. എന്നിരിക്കിലും, ഈ ക്ഷേത്രപരിസരത്ത് വസിക്കുന്ന നൂറുകണക്കിന് വാവലുകൾ കൗതുകകരമാണ്. പക്ഷേ, അവയ്ക്ക് ഏറെക്കാലം അവിടെ കഴിഞ്ഞു കൂടാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ ഉരുത്തിരിഞ്ഞു വരുന്നത്. നഷ്ടപ്പെടുത്തിയ വൃക്ഷങ്ങൾക്ക് പകരം അനുയോജ്യമായവ വച്ചു പിടിപ്പിക്കേണ്ടിയിരിക്കുന്നു. മഹാഗണിയടക്കമുള്ള വൻവൃക്ഷങ്ങൾ വളർത്തി സന്തുലിതാവസ്ഥ നിലനിർത്തേണ്ടതായിട്ടുണ്ട്.

# അദ്ധ്യായം – 2

# ഭൂവിനിയോഗം

*പരവൂർ നഗരസഭയും നഗരഗ്രാമാസൂത്രണ വകുപ്പും സംയുക്തമായി നടത്തിയ ഭൂവിനിയോഗ സർവ്വേയുടെ അടിസ്ഥാനത്തിൽ പരവൂരിന്റെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കി. ഇതിൽ പരവൂരിലെ ഓരോ പ്രദേശവും എന്ത് ഉപയോഗത്തിനാണ് വിനിയോഗിച്ചിരിക്കുന്നതെന്ന് (വാസഗൃഹങ്ങൾ, വാണിജ്യ മേഖല, വ്യവസായ മേഖല എന്നിങ്ങനെ) കാണിച്ചിട്ടുണ്ട്. ഈ ഭൂവിനിയോഗ മാപ്പിന്റെ അടിസ്ഥാനത്തിൽ പരവൂരിലെ വിവിധ പ്രദേശങ്ങളുടെ ഭൂവിനിയോഗവും അതിന്റെ വിശകലനവുമാണ് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നത്.*

## 2.1 ഭൂവിനിയോഗത്തിന്റെ വിശകലനം

പരവൂർ മുനിസിപ്പിലാറ്റി പ്രദേശത്തിന്റെയും തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളായ ഭൂതക്കുളം, ചിറക്കര എന്നിവയും ഭൂവിനിയോഗ മാപ്പ് ചിത്രം 2.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം– 2.1 പരവൂർ മുനിസിപ്പാലിറ്റിയുടെയും സമീപ പ്രദേശങ്ങളുടെയും ഭൂവിനിയോഗ മാപ്പ്*

അവലംബം – ഭൂവിനിയോഗ സർവ്വേ 2006

ഈ ചിത്രത്തിൽ നിന്നും ചാത്തന്നൂർ പഞ്ചായത്തിലും ഭൂതക്കുളം പഞ്ചായത്തിലും തുടർച്ചയായുള്ള നെൽ വയലുകളും മറ്റു കര കൃഷി പ്രദേശങ്ങളും കൂടുതലായി കാണുന്നു എന്ന് വ്യക്തമാകുന്നു. എന്നാൽ പരവൂർ മുനിസിപ്പാലിറ്റി പ്രദേശത്ത് ഇത് തുലോം കുറവായാണ് കാണുന്നത്. ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പരവൂരിനേക്കാളും കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള പ്രദേശങ്ങളാണ് ഭൂതക്കുളവും ചിറക്കരയുമെന്ന് ഇത് വ്യക്തമാക്കുന്നു. പരവൂരിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 13.33% കാർഷിക മേഖലയിൽപ്പെടുമ്പോൾ, ചാത്തന്നൂർ പഞ്ചായത്തിൽ ഇത് 34.06% ഉം, ഭൂതക്കുളം പഞ്ചായത്തിൽ ഇത് 28.95% ഉം ആണ്.

26 വാർഡുകളിലായി 16.2 ച.കി.മി. വ്യാപിച്ചുകിടക്കുന്ന പരവൂർ മുനിസിപ്പാലിറ്റിയുടെ ഭൂവിനിയോഗ മാപ്പ് ചിത്രം–2.2 ൽ കാണിച്ചിരിക്കുന്നു.




അവലംബം – ഭൂവിനിയോഗ സർവ്വേ 2006

*ചിത്രം– 2.2 പരവൂർ മുനിസിപ്പാലിറ്റിയുടെഭൂവിനിയോഗ മാപ്പ് (2006)*

പരവൂരിലെ ഓരോതരം ഭൂവിനിയോഗവും എത്ര വിസ്തീർണ്ണത്തിൽ വ്യാപിച്ചിരിക്കുന്നുവെന്നും അത് പരവൂർ നഗരസഭാ പ്രദേശത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ എത്ര ശതമാനം വരുന്നു എന്നും പട്ടിക 2.1 ലും ചിത്രം 2.3 ലും കാണിച്ചിരിക്കുന്നു.

*പട്ടിക 2.1 പരവൂരിന്റെ ഭൂവിനിയോഗം*

| ഭൂവിനിയോഗം | വാസ മേഖല | വാണിജ്യ മേഖല | വ്യവസായ മേഖല | പബ്ലിക് & സെമിപ ബ്ലിക് | കാർഷിക മേഖല | ജലാശയം | തരിശ് മേഖല | ഗതാഗത മേഖല | ആകെ |
|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം (ച.കി.മി) | 9.02 | 0.13 | 0.05 | 0.59 | 2.16 | 3.86 | 0.04 | 0.37 | 16.22 |
| മൊത്തം വിസ്തീർണ്ണ ത്തിന്റെ ശതമാനത്തിൽ | 55.61 | 0.82 | 0.29 | 3.62 | 13.33 | 23.81 | 0.24 | 2.28 | 100 |
| ജനവാസത്തിന് യോഗ്യമല്ലാത്ത പ്രദേശം (ജലാശയം)ഒഴിവാക്കിയ ശേഷം വിസ്തീർണ്ണം ശതമാനത്തിൽ | 73 | 1 | 0.4 | 4.8 | 17.5 | | 0.3 | 3 | |

അവലംബം – ഭൂവിനിയോഗ സർവ്വേ 2006




*ചിത്രം– 2.3 ഭൂവിനിയോഗത്തിന്റെ വിശകലനം.*

പട്ടിക (2.1) ൽ നിന്നും പരവൂരിലെ കൂടുതൽ പ്രദേശവും വാസമേഖലയാണ് (56%) എന്ന് കാണാം. ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ പരവൂരിലെ ഭൂവനിയോഗത്തിൽ രWvSാം സ്ഥാനം ജലാശയങ്ങൾക്കാണ് (23.8%). പരവൂർ, നടയറ കായലുകൾ, ഇവയെ ബന്ധിപ്പിച്ചിരിക്കുന്ന റ്റി. എസ്സ്.കനാൽ, ചെറുകുളങ്ങൾ എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. ഭൂവിനിയോഗത്തിൽ മൂന്നാം സ്ഥാനമാണ് കൃഷിക്കാണുള്ളത് (13.33) ഇതിൽ പരവൂരിലെ വയലുകൾ, തെങ്ങും തോപ്പുകൾ എന്നിവ ഉൾപ്പെടുന്നു. (ഭൂവിനിയോഗത്തിന്റെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഏറ്റവും കൂടുതൽ ഉള്ള വാർഡുകൾ 4, 5, 6 എന്നിവയും അതിനു തൊട്ടു താഴെ ഉള്ളവ 3, 7, 11, 12, 13, 19, 20, 24, 25, 26 എന്നിവയുമാണ്.) ഇവ ആയിരവല്ലി ക്ഷേത്രത്തിന് അടുത്ത പ്രദേശങ്ങളും, രWvSു കായലിന്റെയും തീരത്തോട് ചേർന്ന പ്രദേശങ്ങളുമാണ്.

വാർഡുതലത്തിലുള്ള ഭൂവിനിയോഗം പട്ടിക (2.2)ലും ചിത്രം (2.4) ലും കാണിച്ചിരിക്കുന്നു.

*പട്ടിക–2.2 വാർഡ് തലത്തിലുള്ള ഭൂവിനിയോഗം (ചതുരശ്ര കി.മീ)*

| വാർഡ് നം. | വാസ മേഖല | വാണിജ്യ മേഖല | വ്യവസായ മേഖല | പബ്ലിക് & സെമി പബ്ലിക് | കാർഷിക മേഖല | ജല വിഭാഗം | തരിശ് മേഖല | ഗതാഗത മേഖല |
|---|---|---|---|---|---|---|---|---|
| 1 | 0.57 | 0.01 | 0.00 | 0.02 | 0.15 | 0.63 | 0.00 | 0.00 |
| 2 | 0.34 | 0.01 | 0.01 | 0.06 | 0.01 | 0.00 | 0.00 | 0.02 |
| 3 | 0.38 | 0.00 | 0.00 | 0.03 | 0.11 | 0.00 | 0.00 | 0.00 |
| 4 | 0.51 | 0.00 | 0.00 | 0.01 | 0.18 | 0.00 | 0.00 | 0.01 |
| 5 | 0.48 | 0.00 | 0.00 | 0.02 | 0.18 | 0.00 | 0.00 | 0.00 |
| 6 | 0.33 | 0.01 | 0.00 | 0.02 | 0.21 | 0.00 | 0.00 | 0.00 |
| 7 | 0.33 | 0.01 | 0.00 | 0.04 | 0.09 | 0.00 | 0.00 | 0.01 |
| 8 | 0.27 | 0.03 | 0.00 | 0.01 | 0.00 | 0.08 | 0.00 | 0.02 |
| 9 | 0.38 | 0.00 | 0.00 | 0.02 | 0.01 | 0.00 | 0.00 | 0.00 |
| 10 | 0.39 | 0.00 | 0.00 | 0.02 | 0.00 | 0.00 | 0.00 | 0.00 |
| 11 | 0.47 | 0.00 | 0.00 | 0.02 | 0.14 | 0.13 | 0.00 | 0.01 |
| 12 | 0.27 | 0.00 | 0.00 | 0.01 | 0.10 | 0.26 | 0.00 | 0.00 |
| 13 | 0.35 | 0.00 | 0.00 | 0.02 | 0.16 | 0.60 | 0.00 | 0.00 |
| 14 | 0.20 | 0.00 | 0.00 | 0.05 | 0.03 | 0.01 | 0.00 | 0.00 |
| 15 | 0.19 | 0.00 | 0.00 | 0.02 | 0.03 | 0.00 | 0.01 | 0.00 |
| 16 | 0.29 | 0.00 | 0.00 | 0.00 | 0.05 | 0.03 | 0.01 | 0.00 |
| 17 | 0.17 | 0.00 | 0.01 | 0.01 | 0.00 | 0.02 | 0.00 | 0.00 |
| 18 | 0.19 | 0.00 | 0.00 | 0.04 | 0.01 | 0.00 | 0.00 | 0.00 |
| 19 | 0.44 | 0.00 | 0.01 | 0.02 | 0.09 | 0.04 | 0.00 | 0.01 |
| 20 | 0.43 | 0.00 | 0.00 | 0.00 | 0.16 | 0.08 | 0.00 | 0.01 |
| 21 | 0.30 | 0.01 | 0.00 | 0.05 | 0.02 | 0.00 | 0.00 | 0.03 |
| 22 | 0.28 | 0.00 | 0.00 | 0.04 | 0.02 | 0.95 | 0.00 | 0.00 |
| 23 | 0.41 | 0.01 | 0.00 | 0.01 | 0.01 | 0.00 | 0.00 | 0.01 |
| 24 | 0.41 | 0.00 | 0.00 | 0.02 | 0.14 | 0.34 | 0.00 | 0.00 |
| 25 | 0.27 | 0.00 | 0.00 | 0.01 | 0.18 | 0.78 | 0.00 | 0.00 |
| 26 | 0.39 | 0.02 | 0.00 | 0.02 | 0.09 | 0.00 | 0.00 | 0.01 |

അവലംബം – ഭൂവിനിയോഗ സർവ്വേ 2006

പട്ടിക (2.2) പരശോധിച്ചാൽ പരവൂർ നഗരസഭാ പ്രദേശത്തെ സംബന്ധിച്ചിടത്തോളം എല്ലാ വാർഡുകളിലും ഏറ്റവും പ്രധാനപ്പെട്ട ഭൂവിനിയോഗം വാസമേഖലയാണ്.




*ചിത്രം– 2.4 പരവൂർ മുനിസിപ്പാലിറ്റിയുടെവാർഡുതല ഭൂവിനിയോഗ വിശകലനം.*

മേൽപ്പറഞ്ഞ ചിത്രത്തിൽ നിന്നും ഒരു വാർഡിൽ ഏറ്റവും കൂടുതലായുള്ളത് ഏത് പ്രവർത്തനങ്ങളാണെന്നും, ഒരു പ്രത്യേക മേഖലയെടുത്താൽ അത് ഏത് വാർഡിലാണ് കൂടുതലായി കാണുന്നതെന്നും മനസ്സിലാക്കാവുന്നതാണ്.

## 2.2 വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം

ഏതെങ്കിലും ഭൂവിനിയോഗത്തിന്റെ നിശ്ചിത പ്രദേശത്തെ കേന്ദ്രീകരണം കണക്കാക്കുന്നത് ആ ഭൂവിനിയോഗത്തിന്റെ വിവിധ പ്രദേശങ്ങളിലെ കേന്ദ്രീകരണ സൂചക (Concentration Index ) ത്തിന്റെ താരതമ്യത്തിലൂടെയാണ്.

ഒരു ഭൂവിനിയോഗത്തിന്റെ ഒരു വാർഡിലെ കേന്ദ്രീകരണ സൂചകം =

$$\frac{\text{വാർഡിലെ പ്രസ്തുത ഭൂവിനിയോഗത്തിന്റെ ശതമാനം}}{\text{തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിന്റെ ശതമാനം.}}$$

കേന്ദ്രീകരണ സൂചകം ഒന്നോ, ഒന്നിൽകുറവോ, ഒന്നിൽ കൂടുതലോ ആകാം. ഒന്നിൽ കുറവു സൂചിപ്പിക്കുന്നത് ആ വാർഡിൽ നിർദ്ദിഷ്ട ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം ഇല്ലെന്നും, ഓന്നോ അതിൽ കൂടുതലോ സൂചിപ്പിക്കുന്നത് നിർദ്ദിഷ്ഠ ഭൂവിനിയോഗത്തിന്റെ കേന്ദ്രീ കരണം ഉണ്ടെന്നുമാണ്.

ഭൂവിനിയോഗത്തിൽ മൂന്നാം സ്ഥാനമുള്ള കാർഷിക മേഖലയുടെ കേന്ദ്രീകരണം ചിത്രം 2.5 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം– 2.5 കൃഷിമേഖലയുടെ കേന്ദ്രീകരണം*

ഈ ചിത്രത്തിൽ നിന്നും പരവൂർ മുൻസിപ്പാലിറ്റിയിലെ കാർഷിക മേഖല പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് പരവൂരിന്റെ പ്രധാന റോഡുകളിൽ നിന്നും അകലെയാണെന്നു മനസ്സി ലാക്കാം. (വാർഡ് നമ്പർ. 3,4,5,6,7,11,12,13,19,20,24,25,26)

വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയിൽ അടുത്തതായി പ്രാധാന്യ മുള്ളത്, മുനിസിപ്പാലിറ്റിയുടെ ആകെ വിസ്തീർണത്തിന്റെ 0.82% വരുന്ന വാണിജ്യമേഖലയാണ്. വാണിജ്യമേഖലയുടെ കേന്ദ്രീകരണം ചിത്രം (2.6) ൽ കാണിച്ചിരിക്കുന്നു. പരവൂരിലെ വാണിജ്യ മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് വാർഡ് 26,8,1 എന്നിവടങ്ങളിലാണ്.




*ചിത്രം– 2.6 വാണിജ്യമേഖലയുടെ കേന്ദ്രീകരണം*

ഈ ചിത്രത്തിൽ നിന്നും പരവൂർ മുൻസിപ്പാലിറ്റിയിലെ വാണിജ്യമേഖല പ്രധാനമായും വാർഡ് 8 (പരവൂർ ജംഗ്ഷൻ ഉൾപ്പെടുന്ന വാർഡ്), വാർഡ് 26 എന്നിവിടങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. അതുപോലെ തന്നെ പ്രധാന റോഡുകളുടെ (പരവൂർ –ചാത്തന്നൂർ, പരവൂർ – കാപ്പിൽ, പരവൂർ – പാരിപ്പള്ളി) വശങ്ങളിലെ വാർഡുകളിലാണ് വാണിജ്യമേഖലയുടെ കേന്ദ്രീകരണം എന്നും കാണാം.

## 2.3 വാസമേഖലയുടെ തരംതിരിവ്

കേരളത്തിലെ വാസ മേഖല കൂടുതലും സമിശ്ര സ്വഭാവത്തോടു (Mixed land use)കൂടിയതാണ്. ഈ സമിശ്ര സ്വഭാവം തന്നെ രണ്ടുതരത്തിൽ കാണപ്പെടുന്നു. ചില സ്ഥലങ്ങളിൽ വാസ ഗൃഹങ്ങളോടുകൂടിയ പുരയിടത്തിന് വിസ്തൃതി തുലോം കുറവായിരിക്കും. എങ്കിലും പുരയിട കൃഷിചെയ്യുന്നുണ്ടാവും. മറ്റിടങ്ങളിൽ കൃഷിസ്ഥലങ്ങളിലെ വാസ ഗൃഹങ്ങൾ എന്ന നിലയ്ക്ക് പുരയിടത്തിന്റെ വിസ്തൃതി വലുതായിരിക്കും. ഇവിടെ കാര്യമായ കൃഷി നടക്കുന്നുണ്ടാവും. അല്ലെങ്കിൽ നടത്താൻ സാധ്യതയുണ്ടാകും. ഇങ്ങനെ വാസ ഗൃഹങ്ങളോടുകൂടിയ പുരയിടങ്ങളുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തിന്റെ വാസമേഖലയെ നാലായി തിരിക്കാം.

1. പൂർണ്ണതോതിലുള്ള വാസ ഗൃഹമേഖല – ഇവിടെ പുരയിടത്തിന്റെ വിസ്തൃതി 25 സെന്റിൽ താഴെയായിരിക്കും. കൃഷി പ്രധാന വരുമാനമായി എടുക്കാൻ കഴിയില്ല.

2. കാർഷിക–വാസ ഗൃഹമേഖല – ഇവിടെ പുരയിടത്തിന്റെ വിസ്തൃതി 25 സെന്റിനും50 സെന്റിനും മധ്യേയായിരിക്കും. ഇവിടെ കൃഷിയും ഒരു വരുമാന മാർഗ്ഗമാണ്.

3. കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസഗൃഹമേഖല– ഇവിടെ പുരയിടത്തിന്റെ വിസ്തൃതി 50 സെന്റിനും 70 സെന്റിനും മധ്യേയായിരിക്കും. കൃഷി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്.

4. പൂർണ്ണതോതിലുള്ള കാർഷിക പ്രവർത്തനം സാധ്യമായ വാസഗൃഹ മേഖല ഇവിടെ പുരയിടത്തിന്റെ വിസ്തൃതി 70 സെന്റിന് മുകളിൽ ആയിരിക്കും. കൂടാതെ കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ടുമാത്രം കുടുംബം പുലർത്താൻ സാധിക്കുകയും ചെയ്യും.




*ചിത്രം– 2.7 ഭൂവിനിയോഗ മാപ്പ് (വാസമേഖലയെ പരിപൂർണ്ണ വാസമേഖലയും കൃഷിയോടുകൂടിയ വാസമേഖലയെന്നും വേർതിരിച്ച ശേഷം)*

പരവൂരിലെ 56% വരുന്ന വാസമേഖല ഈ തരംതിരിവിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചാൽ അതിൽ 44% പ്രദേശവും കാർഷിക–വാസമേഖലയാണെന്ന് മനസിലാക്കാം. (അതായത് ഇവിടുത്തെ വാസമേഖലയിലെ ശരാശരി പ്ലോട്ട് വിസ്തീർണ്ണം 25 മുതൽ 50 സെന്റ് വരെയാണ്). ബാക്കി വരുന്ന 12% വാസമേഖല മാത്രമാണ് പൂർണ്ണ അർത്ഥത്തിൽ വാസമേഖലയായി പറയാവുന്നത്. (ഇവിടെ ശരാശരി പ്ലോട്ട് വിസ്തീർണ്ണം 25 സെന്റിൽ താഴെയാണ്). വാസമേഖലയെ ഇങ്ങനെ രണ്ടായി തരം തിരിച്ചതിന് ശേഷമുള്ള കണക്ക് ചിത്രം –2.8 ൽ കാണിച്ചിരിക്കുന്നു. ഇതിന്റെ സ്ഥലപര വിന്യാസം ചിത്രം –2.7 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 2.7 ഉം 2.8 ഉം സൂചിപ്പിക്കുന്നത് പരവൂർ മുനിസിപ്പാലിറ്റിയുടെ ഭൂരിഭാഗം പ്രദേശങ്ങളും കാർഷിക – വാസ മേഖലയാണെന്നാണ്. പുരയിട കൃഷി പരിപോഷിപ്പിക്കാൻ സാധ്യതയുള്ള പ്രദേശമാണ് പരവൂർ എന്ന് ഇതിൽ നിന്ന് അനുമാനിക്കാം.




*ചിത്രം– 2.8 വാസമേഖലയുടെ തരംതിരിവോടു കൂടിയ ഭൂവിനിയോഗ മാപ്പ്*

## 2.4 പ്രവർത്തന സ്വഭാവം (Functional Character)

കേരളത്തിന്റെ പൊതുവിൽ കണ്ടുവരുന്ന വികസനരീതി രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നും തുലോം വ്യത്യസ്തമാണ്. ഇവിടെ നഗര പ്രദേശമെന്നും, ഗ്രാമപ്രദേശമെന്നും വേർതിരിച്ചറിയാൻ പ്രയാസമാണ്. നഗരങ്ങളുടെ തുടർച്ചയെന്നോണം ഗ്രാമപ്രദേശങ്ങളും മറിച്ചും സ്ഥിതി ചെയ്യുന്നു. തനതായ പ്രദേശങ്ങൾ കുറവാണ്. വയൽ, പ്ലാന്റേഷൻസ്, കാട്, ജലാശയങ്ങൾ എന്നിവ ഒഴികെയുള്ള സ്ഥലങ്ങളിലെല്ലാം വാസ ഗൃഹങ്ങൾ കാണപ്പെടുന്നു.

ഒരു പ്രദേശത്ത് നിലവിലുള്ളതോ, ആ പ്രദേശത്തിന്റെ നിലവിലെ ശരാശരി പുരയിട വിസ്തീർണ്ണത്തിനാനുപാതികമായി കൊണ്ടുവരാൻ സാധ്യതയുള്ളതോ ആയ പ്രവർത്തനങ്ങളാണ് ഒരു പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്നത്. മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളുടെയും ( നിലവിലെ പ്രവർത്തനം, നിലവിലെ ശരാശരി പുരയിട വിസ്തീർണ്ണത്തിനാനുപാതികമായി കൊണ്ടുവരാവുന്ന പ്രവർത്തനം)അടിസ്ഥാനത്തിൽ ഒരു പ്രദേശത്തിന് തഴെ പറയുന്ന നാലുതരം പ്രവർത്തന സ്വഭാവങ്ങളിൽ ഒന്ന് ഉണ്ടെന്ന് കാണാം. 1. നഗരസ്വഭാവം, 2. ഗ്രാമീണ സ്വഭാവം, 3 അർദ്ധ നഗരസ്വഭാവം, 4. അർദ്ധ ഗ്രാമീണസ്വഭാവം.

ഒരു പ്രദേശത്ത് നിലവിലുള്ളതും ഭാവിയിൽ കൊണ്ടു വരാവുന്നതുമായ പ്രവർത്തനങ്ങൾ ആ പ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ കൃഷി ഭൂമി കൂടുതലുള്ള (പകുതിയോ അതിൽകൂടുതലോ) പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്നും വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ മുതലായവ കുടുതലുള്ള (പകുതിയോ അതിൽകൂടുതലോ) പ്രദേശങ്ങളെ നാഗരിക സ്വഭാവം കാണിക്കുന്ന പ്രദേശങ്ങളെന്നും പറയാം. ചില പ്രദേശങ്ങളിൽ ഇങ്ങനെ നഗര–ഗ്രാമ സ്വഭാവങ്ങളെ വ്യക്തമായി വേർതിരിച്ചെടുക്കുവാൻ സാധിക്കാത്ത വിധം പ്രധാന ഭൂവിനിയോഗം വാസ സ്ഥലവും കൃഷി ഭൂമിയുമായി കൂടി കലർന്ന് സമിശ്ര സ്വഭാവത്തോടെ (Mixed Land Use) കാണപ്പെടുന്നു. ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്തുകൊണ്ട് ഈ പ്രദേശങ്ങളെ പൂർണ്ണതോതിലുള്ള വാസഗൃഹമേഖല, കാർഷിക–വാസഗൃഹമേഖല, കാർഷിക പ്രവർത്തനത്തിനു മുൻതൂക്കമുള്ള വാസമേഖല, പൂർണ്ണതോതിലുള്ള കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖല എന്നിങ്ങനെ തരം തിരിക്കാം. പൂർണ്ണതോതിലുള്ള വാസമേഖലയെ നാഗരിക സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക – വാസമേഖല പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള പ്രദേശത്തെ അർദ്ധനഗര സ്വഭാവമുള്ള പ്രദേശമെന്നും, കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസമേഖലയെ അർദ്ധഗ്രാമീണ സ്വഭാവമുള്ള പ്രദേശമെന്നും പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസമേഖലയെ ഗ്രാമീണസ്വഭാവമുള്ള പ്രദേശമെന്നും പറയാം. ശരാശരി പുരയിട വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാസ സ്ഥലവും കൃഷിസ്ഥലവം കൂടികലർന്ന് കാണുന്ന പ്രദേശത്തെ ഏത് തരത്തിൽ പെടുത്താം എന്ന് പട്ടികയി (2.3) ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 2.3 ശരാശരി പുരയിട വിസ്തീർണ്ണ അടിസ്ഥാനത്തിൽ*

| വാസമേഖലയിലെ ശരാശരി പുരയിട വിസ്തീർണ്ണം | വാസമേഖലയിലെ തരംതിരിവ് | പ്രവർത്തന സ്വഭാവം |
|---|---|---|
| 25 സെന്റിന് താഴെ | പൂർണ്ണതോതിലുള്ള വാസമേഖല | നഗര സ്വഭാവം |
| 25 – 50 സെന്റ് | കാർഷിക വാസമേഖല | അർദ്ധ നഗരസ്വഭാവം |
| 50 – 70 സെന്റ് | കാർഷിക പ്രവർത്തനത്തിന് മുൻതൂക്കമുള്ള വാസമേഖല | അർദ്ധ ഗ്രാമീണ സ്വഭാവം |
| 70 സെന്റിന് മുകളിൽ | പൂർണ്ണതോതിൽ കാർഷിക പ്രവർത്തനം സാധ്യമായ വാസ മേഖല | ഗ്രാമീണ സ്വഭാവം |

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിന്റെയോ, ഒരു വാർഡിന്റെയോ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്നതിനായി അവിടുത്തെ മൊത്തം ഭൂവിനിയോഗത്തെ മൂന്നായി തരംതിരിക്കുക – പൂർണ്ണമായും നഗര സ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, പൂർണ്ണമായും ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശങ്ങൾ, സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖല. സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയെ പട്ടിക 2.3 പ്രകാരം തരംതിരിക്കുകയും, അത് നഗര സ്വഭാവമാണെങ്കിൽ പൂർണ്ണ നഗര സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകയും, അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലെ പ്രവർത്തന സ്വഭാവം നഗര സ്വഭാവം എന്ന് തിരിക്കുകയും ചെയ്യാം. മറിച്ച് സമിശ്ര സ്വഭാവം കാണിക്കുന്ന വാസ മേഖലയുടെ പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവമാണെങ്കിൽ പൂർണ്ണതോതിലെ ഗ്രാമീണ സ്വഭാവം കാണിക്കുന്ന പ്രദേശത്തിന്റെ വിസ്തൃതിയോട് കൂട്ടുകുയും അങ്ങനെ ലഭിക്കുന്ന വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ആ പ്രദേശത്തിന്റെ മൊത്തത്തിലെ പ്രവർത്തന സ്വഭാവം ഗ്രാമീണ സ്വഭാവം എന്ന് തിരിക്കുകയും ചെയ്യാം. സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ വിസ്തീർണ്ണം 50% കൂടുതലാണെങ്കിൽ ഈ സമിശ്ര സ്വഭാവം കാണിക്കുന്ന വാസമേഖലയുടെ സ്വഭാവം തന്നെയായിരിക്കും ആ പ്രദേശത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന സ്വഭാവം.

കൊല്ലം ജില്ലയുടെ പശ്ചാത്തലത്തിൽ പരവൂർ മുനിസിപ്പാലിറ്റിയെ വിശകലനം ചെയ്യുമ്പോൾ നാഗരിക പ്രവർത്തനത്തിനു മുൻതൂക്കമുള്ളതും എന്നാൽ കാർഷിക പ്രവർത്തനത്തിന് സാധ്യതയും ഉള്ള പ്രദേശം (semi urban) എന്ന വിഭാഗത്തിലാണ് പരവൂർ ഉൾപ്പെടുന്നത്. ഇത് ചിത്രം–2.9 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം– 2.9 പരവൂർ മുൻസിപ്പാലിറ്റിയുടെ പ്രവർത്തന സ്വഭാവം.*

ഇത് സൂചിപ്പിക്കുന്നത് പരവൂർ മുനിസിപ്പാലിറ്റിയുടെ വാസമേഖലയിലെ പുരയിടങ്ങളുടെ ശരാശരി വിസ്തീർണ്ണം 25 സെന്റിനും 50 സെന്റിനും മധ്യേ ആണെന്നാണ്. വാർഡടിസ്ഥാനത്തിൽ പ്രവർത്തന സ്വഭാവം വിശകലനം ചെയ്യുമ്പോൾ ഭൂരിഭാഗം വാർഡുകളും (12 വാർഡുകൾ) ഉൾപ്പെടുന്നത് നാഗരിക പ്രവർത്തനത്തിന് മുൻതൂക്കമുള്ളതും കാർഷിക പ്രവർത്തനം കൂടി കാണപ്പെടുന്നതുമായ പ്രദേശം എന്ന തരത്തിലാണ് .വാർഡടിസ്ഥാനത്തിൽ പ്രവർത്തന സ്വഭാവം കാണിക്കുന്ന ചിത്രം (2.10) ൽ നൽകിയിരിക്കുന്നു.




*ചിത്രം– 2.10 വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തന സ്വഭാവം – പരവൂർ*

പരവൂർ നഗരപ്രദേശത്തെ 8 വാർഡുകൾ നഗര സ്വഭാവം കാണിക്കുന്നതും 12 വാർഡുകൾ നാഗരിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള എന്നാൽ ഗ്രാമസ്വഭാവം കൂടി കാണിക്കുന്ന തരത്തിലും 5 വാർഡുകൾ ഗ്രാമീണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള എന്നാൽ നഗരസ്വഭാവം കാണിക്കുന്നു എന്ന തരത്തിലും പെടുന്നു.

ഇതിൽ നിന്നും വ്യക്തമാവുന്നത് പരവൂർ മുനിസിപ്പാലിറ്റിയിൽ കാർഷിക മേഖലയ്ക്ക് തനതായ നിലനില്പ്പില്ലെന്നും എന്നാൽ ചെറുകിട കാർഷിക പ്രവർത്തനങ്ങളും അതിനോടൊപ്പം മൃഗപരിപാലനം, ചെറുകിട വ്യവസായങ്ങൾഇവയ്ക്ക് ഒരുപോലെ മുൻതൂക്കം നൽകി വികസിപ്പിക്കേണ്ട പ്രദേശമാണിതെന്നുമാണ്.

## 2.5 അനുമാനം

*ഭൂവിനിയോഗത്തിന്റെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത് പരവൂർ ഒരു അർദ്ധ നഗര പ്രദേശമാണെന്നാണ്. ഒറ്റപ്പെട്ട ചില കാർഷിക മേഖലകൾ ഉWvSങ്കിലും പരവൂരിൽ പൊതുവേ കാർഷിക-വാസഗൃഹമേഖലകളാണ് കാണപ്പെടുന്നത്. അതായത് നഗര സ്വഭാവം പൂർണ്ണമായും ആർജിച്ചിട്ടില്ലാത്ത ഒരു നഗരസഭാ പ്രദേശമാണ് പരവൂർ എന്ന് അനുമാനിക്കാവുന്നതാണ്. ഇവിടം വീട്ടുവളപ്പിലെ കാർഷിക അനുബന്ധന പ്രവർത്തനത്തിനു സാധ്യതയുള്ള സ്ഥലമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം– 3

## ജനസംഖ്യാ പഠനം

*ഈ അദ്ധ്യായത്തിൽ പരവൂർ മുനിസിപ്പാലിറ്റിയുടെ ജനസംഖ്യ, ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക്, വാർഡ് അടിസ്ഥാനത്തിൽ ജനസംഖ്യാ വിതരണം എന്നിവ വിശദമാക്കിയിരിക്കുന്നു. സെൻസസ് വിവരങ്ങളാണ് ഈ വിശകലനത്തിന് അടിസ്ഥാനമാക്കിയിരിക്കുന്നത്.*

### 3.1 ജനസംഖ്യ

2001 കാനേഷുമാരി പ്രകാരം പരവൂർ മുനിസിപ്പാലിറ്റിയിലെ മൊത്തം ജനസംഖ്യ 38652 ആണ്. ഇത്, കൊല്ലം ജില്ലയുടെ മൊത്തം ജനസംഖ്യയുടെ 1.5% (കൊല്ലം ജില്ലയുടെ ജനസംഖ്യ 2583315) ആണ് പരവൂരിന്റെ മൊത്തം ജനസംഖ്യയിൽ 18326 പുരുഷന്മാരും 20326 സ്ത്രീകളും ഉൾപ്പെടുന്നു. 1971, 81, 91 കാലങ്ങളിലെ പരവൂരെ ജനസംഖ്യ യഥാക്രമം 31651, 35562, 37185 എന്നി ങ്ങനെയാണ്. ജനസംഖ്യാ വർദ്ധനവ് ചിത്രം 3.1 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 3.1 പരവൂരിലെ വിവിധ വർഷങ്ങളിലെ ജനസംഖ്യ*

### 3.2 ജനസംഖ്യാ വളർച്ച നിരക്ക്

1991–2001 കാലയളവിൽ പരവൂരിലെ നിലവിലെ ദശവർഷ ജനസംഖ്യാ വളർച്ചാനിരക്ക് 3.95% ആണ്. ഇത് കൊല്ലം ജില്ലയിലെ ഇതേ കാലയളവിലെ ദശവർഷ ജനസംഖ്യാ വളർച്ചാ നിര ക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെക്കുറവാണ്. കൊല്ലം നഗരപ്രദേശത്ത് പൊതുവിൽ വളരെ കുറഞ്ഞ ജനസംഖ്യാവളർച്ചാനിരക്കാണ് കാണിക്കുന്നത്. (പട്ടിക 3.1) (1991–2001 കൊല്ലം ജില്ലയുടെ ദശവർഷ ജനസംഖ്യാ വളർച്ചാ നിരക്ക് 7.38 ആണ്,കൊല്ലം നഗരപ്രദേശങ്ങൾ മൊത്ത ത്തിൽ കണക്കിലെടുക്കുമ്പോൾ വളർച്ചാനിരക്ക് 4.1% ആണ്.) 1971–81, 1981–91, 1991–2001 കാലയള വുകളിലെ പരവൂരിലെ ദശവർഷ ജനസംഖ്യാ വളർച്ചാനിരക്ക് പരിശോധിച്ചാൽ ഇത് കാലക്ര മേണ കുറഞ്ഞുവരുന്നതായിട്ട് കാണാവുന്നതാണ്. ജില്ലയിലെ മറ്റു നഗരപ്രദേശങ്ങളുമായി താര തമ്യപ്പെടുത്തുമ്പോൾ 1991 വരെ, പരവൂരിലെ ജനസംഖ്യാ വളർച്ചാ നിരക്ക് ഏറ്റവും കുറവാ ണെന്നു കാണാം. എന്നാൽ 2001 ൽ പുനലൂർ നഗര സഭാ പ്രദേശത്തെ ജനസംഖ്യാ നിരക്ക് പര വൂരിന്റെ വളർച്ചാ നിരക്കിലും താഴെയാണ്. (ചിത്രം –3.2)




*ചിത്രം 3.2 നഗരസഭാപ്രദേശങ്ങളിലെ ജനസംഖ്യാ വളർച്ചാനിരക്ക് താരതമ്യം*

പരവൂരിന്റെ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളുമായി (മയ്യനാട്, ചാത്തന്നൂർ, ഭൂതക്കുളം) താരതമ്യപ്പെടുത്തുമ്പോഴും പരവൂരിലെ ജനസംഖ്യാ വളർച്ച നിരക്ക് കുറവായിട്ടാണ് കാണുന്നത്. പട്ടിക 3.1 കാണുക.

*പട്ടിക 3.1 ജനസംഖ്യവർദ്ധനവിന്റെ നിരക്ക്*

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | ജനസംഖ്യ 1991 | ജനസംഖ്യ 2001 | ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് (%) |
|---|---|---|---|
| പരവൂർ | 37185 | 38652 | 3.95 |
| മയ്യനാട് | 41011 | 47148 | 14.96 |
| ഭൂതക്കുളം | 24610 | 28417 | 15.47 |
| ചാത്തന്നൂർ | 46419 | 51679 | 11.33 |
| ജില്ലയിലെ നഗരപ്രദേശം | 429477 | 447447 | 4.1 |
| ജില്ല | 2407408 | 2585064 | 7.38 |

അവലംബം : സെൻസസ് 2001

പരവൂരിൽ നടത്തിയ സാമൂഹിക-സാമ്പത്തിക സർവ്വെ വിവരങ്ങളുടെ വിശകലനം സൂചിപ്പിക്കുന്നത്. പരവൂർ മുനിസിപ്പാലിറ്റിയിലേക്ക് കുടിയേറ്റം തുലോം കുറവാണെന്നാണ്. എന്നാൽ പരവൂരിൽ നിന്നും പുറത്തേയ്ക്കുള്ള കുടിയേറ്റം താരതമ്യേന കൂടുതലാണ്. സർവ്വെയിൽ ഉൾപ്പെടുത്തിയ മൊത്തം കുടുംബങ്ങളുടെ 7.5% ൽ നിന്ന് ഒരാൾ എങ്കിലും പരവൂരിന് പുറത്തേക്ക് പോകുന്നതായിട്ട് കാണാൻ കഴിയും. ഇതായിരിക്കാം ഇവിടുത്തെ ജനസംഖ്യാ വളർച്ചാ നിരക്കിന്റെ കുറവിന് ഒരു കാരണമാകുന്നത്. അതോടൊപ്പം തന്നെ ജനങ്ങളെ പിടിച്ചുനിർത്തുന്നതോ, കൂടുതലായി ഇങ്ങോട്ടു ആകർഷിക്കത്തക്കതോ ആയ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ (Economic activities) ഒന്നും തന്നെ പരവൂരിലില്ല എന്നും അനുമാനിക്കാം.

## 3.3 ജനസാന്ദ്രത

കൊല്ലം നഗര പ്രദേശങ്ങളിലെ ശരാശരി ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 4139 ആണ്. ഇത് ജില്ലയുടെ ശരാശരി ജനസാന്ദ്രതയേക്കാൾ (1018) ഏകദേശം നാലിരട്ടിയാണ്. 16.2 ച.കി.മീ. വിസ്തൃതിയുള്ള പരവൂർ നഗരസഭാ പ്രദേശത്തെ ജനസംഖ്യാ സാന്ദ്രത ചതുരശ്ര കി.മീ.ന് 2014 ആണ്. ഇത് പരവൂരിന്റെ സമീപ ഗ്രാമ പഞ്ചായത്തുകളുടെ ജനസാന്ദ്രത (ഭൂതക്കുളം–1716, ചാത്തന്നൂർ–1540) യിലും കൂടുതലാണ്. പരവൂരിലെ ജനസാന്ദ്രത ജില്ലയിലെ മറ്റ് രണ്ട് നഗരപ്രദേശത്തെയും, നഗരസ്വഭാവം കാണിക്കുന്ന കൊട്ടാരക്കരയിലെയും, കരുനാഗപ്പള്ളിയിലേയും ജനസാന്ദ്രതയുമായുള്ള താരതമ്യം പട്ടിക 3.2 ൽ നൽകിയിരിക്കുന്നു. കൊല്ലത്തെ നഗരസഭകളിൽ ജനസാന്ദ്രതയിൽ രണ്ടാംസ്ഥാനത്താണ് പരവൂരിന്റെ സ്ഥാനമെന്നാണ് പട്ടിക 3.2 വ്യക്തമാക്കുന്നത്. എന്നാൽ ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ നിലവാരമുള്ള മയ്യനാട്, കരുനാഗപ്പള്ളി ഗ്രാമ പഞ്ചായത്തുകളുടെ ജനസാന്ദ്രത പരവൂരിനേക്കാൾ കൂടുതലാണെന്ന് പട്ടിക വ്യക്തമാക്കുന്നു.

*പട്ടിക 3.2 നഗരസഭാ പ്രദേശങ്ങളിലെ ജനസാന്ദ്രത –താരതമ്യം*

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | ജനസാന്ദ്രത (ച.കി.മീ.) |
|---|---|
| പരവൂർ | 2014 |
| മയ്യനാട് | 2683 |
| ഭൂതക്കുളം | 1716 |
| ചാത്തന്നൂർ | 1540 |
| പുനലൂർ | 897 |
| കൊട്ടാരക്കര | 1711 |
| കരുനാഗപ്പള്ളി | 2505 |
| കൊല്ലം കോർപ്പറേഷൻ | 6307 |
| ജില്ലയിലെ നഗരപ്രദേശം | 4139 |
| ജില്ല | 1038 |

അവലംബം : സെൻസസ് 2001

26 വാർഡുകളുള്ള പരവൂരിലെ ജനസാന്ദ്രതയുടെ വിതരണം പരിശോധിച്ചാൽ, തീരദേശത്തും റോഡിന് ഇരുവശവുമായും കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ജനസംഖ്യാ സാന്ദ്രത 4000 ൽ കൂടുതലുള്ളത് 2, 10, 15, 16, 17 വാർഡുകളിലാണ്. ജനസംഖ്യാ സാന്ദ്രതയുടെ വാർഡുതലത്തിലുള്ള വിന്യാസം ചിത്രം 3.3 ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 3.3 വാർഡ് അടിസ്ഥാനത്തിലെ ജനസാന്ദ്രത (ച.കി.മീ)*

| വാർഡ് നം. | ജനസാന്ദ്രത | വാർഡ് നം. | ജനസാന്ദ്രത |
|---|---|---|---|
| 1 | 1252.82 | 14. | 3801.67 |
| 2 | 4020.63 | 15. | 5096.51 |
| 3. | 2648.64 | 16. | 3669.01 |
| 4. | 2379.28 | 17. | 6514.88 |
| 5. | 2390.93 | 18. | 6438.55 |
| 6. | 2820.28 | 19. | 2884.21 |
| 7. | 3123.66 | 20. | 2156.61 |
| 8. | 3361.03 | 21. | 3410.76 |
| 9. | 3451.34 | 22. | 919.19 |
| 10. | 4181.45 | 23. | 3131.22 |
| 11. | 2024.70 | 24. | 1628.89 |
| 12. | 1848.50 | 25. | 1194.24 |
| 13. | 1234.44 | 26. | 1522.21 |




*ചിത്രം 3.3 വാർഡ് അടിസ്ഥാനത്തിൽ ജനസാന്ദ്രതയുടെ വിന്യാസം*

ചിത്രം 3.3 ൽ പരവൂർ നഗരസഭാ പ്രദേശത്തെ വാർഡടിസ്ഥാനത്തിലുള്ള ജനസാന്ദ്രതയുടെ വ്യതിയാനം കാണിച്ചിരിക്കുന്നു. ഈ ചിത്രത്തിൽ നിന്നും വ്യക്തമാക്കുന്നത് ജനസാന്ദ്രത കൂടുതലുള്ളത് തീരദേശ വാർഡുകളിലും, പ്രധാന റോഡുകൾക്കിരുവശവുമുള്ള വാർഡുകളിലുമാണ്.

## 3.4 സ്ത്രീ–പുരുഷാനുപാതം

2001 കാനേഷുമാരി പ്രകാരം പരവൂരിലെ സ്ത്രീപുരുഷ അനുപാതം 1109 ആണ്. ഇത് കൊല്ലം ജില്ലയുടെ സ്ത്രീപുരുഷാനുപാതമായ 1069 നേക്കാൾ കൂടുതലാണ്. ജില്ലയിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും സ്ത്രീ പുരുഷാനുപാതം 1000 ൽ കൂടുതലാണ്. മറ്റ് നഗരസഭകളുമായി പരവൂരിനുള്ള വ്യത്യാസം പട്ടിക (3.4) ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 3.4 സ്ത്രീ–പുരുഷാനുപാതം*

| | **പരവൂർ** | **കൊല്ലം കോർപ്പറേഷൻ** | **പുനലൂർ** | **കൊല്ലംജില്ല** |
|---|---|---|---|---|
| പൊതുവായത് | 1109 | 1035 | 1058 | 1069 |
| 0–6 വയസ്സ് | 970 | 952 | 911 | 960 |

അവലംബം : സെൻസസ് 2001

ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ കാര്യമെടുത്താൽ സ്ത്രീ പുരുഷാനുപാതം പരവൂരിൽ 970 ഉം ജില്ലയിലേത് 960 ആണ്. ജില്ലയിൽ മറ്റു സ്ഥലങ്ങളിലും ഇത് 1000 ൽ താഴെയാണെന്ന് കാണാവുന്നതാണ്.

## 3.5 ജനസംഖ്യാ വിതരണം

ജനസംഖ്യാ വിതരണം എന്നതുകൊ ് ഉദ്ദേശിക്കുന്നത്, മൊത്തം ജനസംഖ്യ പരവൂർ നഗരസഭാ പ്രദേശത്തെ വിവിധ വാർഡുകളിലായി എങ്ങനെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. പരവൂർ മുനിസിപ്പാലിറ്റിയിലെ ജനസംഖ്യാ (2001 ലെ) വിതരണം ചിത്രം 3.4 ൽ നൽകിയിരിക്കുന്നു.




*ചിത്രം–3 . 4 വാർഡുതല ജനസംഖ്യാവിതരണം*

ചിത്രത്തിൽ നിന്നും പരവൂരിലെ ജനസംഖ്യ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് തീരദേശവും, പരവൂർ–പൊഴിക്കര, പരവൂർ–കാപ്പിൽ റോഡുകളും അതിരിടുന്ന ത്രികോണാകൃതിയിലുള്ള പ്രദേശത്തും, ചാത്തന്നൂർ, പാരിപ്പള്ളി – പരവൂർ റോഡുകളുടെ വശങ്ങളിലുമാണെന്ന് കാണാം.

## 3.6 അനുമാനം

*ഒരു നഗരസഭാ പ്രദേശത്ത് പ്രതീക്ഷിക്കുന്ന ജനസംഖ്യാവർദ്ധനവ് പരവൂരിലില്ല എന്നാണ് ജനസംഖ്യാ പഠനത്തിലൂടെ മനസ്സിലാവുന്നത്. ഒരു കാലത്ത് പരവൂർ കൊല്ലം ജില്ലയിലെ ഒന്നാംകിട മാർക്കറ്റും, കയർ വ്യവസായത്തിന് പേരുകേട്ട പ്രദേശവുമായിരുന്നു. ടി.എസ്. കനാലിലൂടെയുള്ള ചരക്ക് ഗതാഗതം നിലച്ചതും, പ്രധാന റോഡു മാർഗ്ഗത്തിൽ നിന്നുകന്നുള്ള പരവൂരിന്റെ സ്ഥാനവും തീരദേശ നഗരസഭയായ പരവൂരിന്റെ വളർച്ച മുരടിക്കുന്നതിന് കാരണമായി. ഇതുകൊണ്ട് തന്നെ പരവൂരിലേക്ക് ആളുകളെ ആകർഷിക്കത്തക്ക തൊഴിലവസരങ്ങളൊന്നും സൃഷ്ടിക്കപ്പെട്ടില്ല. ഇത് കുറഞ്ഞ തോതിലുള്ള ജനസംഖ്യാവർദ്ധനവിനും കാരണമാകുന്നുവെന്ന് അനുമാനിക്കാം. എന്നാൽ തീരദേശ–തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിൽ പൊതുവേ കാണുന്ന ഉയർന്ന ജനസാന്ദ്രത പരവൂരിലും കാണുന്നു.*

<<< previous | contents | next >>>

# അദ്ധ്യായം- 4

# തൊഴിൽ രംഗം

*ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്ത് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നിലവിലെ വിശദവിവരങ്ങൾ നൽകിയിരിക്കുന്നു. ഒരു പ്രദേശത്തെ തൊഴിലെടുക്കുന്നവരെക്കുറിച്ചുള്ള വിശകലനം ആ പ്രദേശത്തിന്റെ സാമ്പത്തിക അടിത്തറയെക്കുറിച്ചു പൊതുവിലുള്ള ഒരു ചിത്രം നൽകുന്നു.2001 -ലെ സെൻസസ് വിവരങ്ങളാണ് തൊഴിൽ ഘടനയെക്കുറിച്ച് വിശകലനം ചെയ്യുന്നതിനായി കൂടുതലും ഉപയോഗിച്ചിരിക്കുന്നത്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എത്ര ശതമാനം ആൾക്കാർക്കു തൊഴിലുന്നും, അവർ ഏതൊക്കെ വിഭാഗങ്ങളിലാണ് തൊഴിലെടുക്കുന്നതെന്നും വിശകലനത്തിലൂടെ മനസ്സിലാക്കാം.*

## 4.1 പരവൂർ നഗരസഭപ്രദേശത്തെ തൊഴിലാളികളുടെ എണ്ണം

2001 സെൻസസ് പ്രകാരം പരവൂർ മുനിസിപ്പാലിറ്റിയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 10058 ആണ്. ഇത് പരവൂരിന്റെ മൊത്തം ജനസംഖ്യയുടെ 26.02% വരും. അതായത് പരവൂർ നഗരസഭാപ്രദേശത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് (WPR) 26.02% ആണ് ജില്ലയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവായിട്ടാണ് കാണുന്നത് (ജില്ല– 32.05 %). പരവൂർ നഗരസഭാപ്രദേശത്ത് തൊഴിൽ പങ്കാളിത്ത നിരക്കിലെ കാലക്രമേണയുള്ള വ്യതിയാനം ചിത്രത്തി (4.1) ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 4.1 തൊഴിലാളികളുടെ എണ്ണത്തിലും തൊഴിൽ പങ്കാളിത്ത നിരക്കിലുമുള്ള വ്യതിയാനം*

| വർഷം | ജനസംഖ്യ | തൊഴിലാളികൾ | തൊഴിൽപങ്കാളിത്ത നിരക്ക് |
|---|---|---|---|
| 1981 | 35562 | 8968 | 25.2 |
| 1991 | 37185 | 9826 | 26.4 |
| 2001 | 38652 | 10058 | 26.02 |




അവലംബം: സെൻസസ് 2001

*ചിത്രം-4-1 തൊഴിൽ പങ്കാളിത്ത നിരക്കിലെ കാലക്രമേണയുള്ള വ്യതിയാനം (1981-2001)*

1981 ൽ നിന്നും 2001 ലേക്ക് വരുമ്പോൾ തൊഴിൽ പങ്കാളിത്ത നിരക്കിൽ നാമമാത്രമായ വർദ്ധനവ് (25.2%ൽ നിന്നും 26.02% ലേക്ക്) കാണുന്നു. എങ്കിലും മൂന്ന് ദശകങ്ങളായി പരവൂരിലെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറഞ്ഞു തന്നെയാണിരിക്കുന്നത്. തൊഴിലാളികളുടെ മൊത്തത്തിലുള്ള എണ്ണം കാലക്രമേണ ചെറിയ വർദ്ധനവ് കാണിക്കുന്നു. 1981 മുതൽ 2001 വരെയുള്ള കാലയളവിലെ തൊഴിലാളികളുടെ എണ്ണം ചിത്രം (4.2) ൽ കാണിച്ചിരിക്കുന്നു.




അവലംബം: സെൻസസ് 2001

*ചിത്രം–4–2 തൊഴിലാളികളുടെ എണ്ണം (1981–2001)*

കഴിഞ്ഞ ദശകങ്ങളിലെ കണക്ക് സൂചിപ്പിക്കുന്നത് 1991–2001 കാലയളവിൽ പരവൂരിൽ മെയിൻ വർക്കേഴ്സിന്റെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുന്നു എന്നാണ്. (9250 ൽ നിന്ന് 7452 ലേക്ക്). കൃഷിക്കാരുടെയും, കൃഷിപ്പണിക്കാരുടെയും (cultivators & Agri labours) എണ്ണത്തിലുണ്ടായ കുറവാണ് ഇതിനു കാരണം. ഇത് മോശപ്പെട്ട സാമ്പത്തിക സ്ഥിതിയുടെ ഒരു സൂചകമാണ്

1981 മുതൽ 2001 വരെയുള്ള തൊഴിൽ പങ്കാളിത്ത നിരക്കും (ചിത്രം 4.1) തൊഴിലാളികളുടെ എണ്ണവും (ചിത്രം 4.2) പരിശോധിക്കുമ്പോൾ തൊഴിലാളികളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണുന്നുണ്ടെങ്കിലും തൊഴിൽ പങ്കാളിത്ത നിരക്ക് കുറയുകയാണെന്ന് കാണാം. ഇത് സൂചിപ്പിക്കുന്നത് ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി തൊഴിലവസരങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നില്ല എന്നാണ്. പരവൂരിലെ തൊഴിലാളികളിൽ സ്ത്രീകൾ 22.9% (2313 പേർ) ഉം പുരുഷൻമാർ 77.1% (7745) ആണുള്ളത്. സ്ത്രീത്തൊഴിലാളികളുടെ ശതമാനം, ജില്ലയെ അപേക്ഷിച്ച് നേരിയ കുറവ് കാണിക്കുന്നു. (ജില്ല– 27.02%).

## 4.2 തൊഴിൽ ഘടന

സെൻസസ് വിവരം പ്രകാരം, തൊഴിൽ ചെയ്യുന്നവരെ മൊത്തത്തിൽ മാർജിനൽ വർക്കേഴ്സ് (നാമമാത്ര തൊഴിലാളികൾ), മെയിൻ വർക്കേഴ്സ്, എന്ന് തിരിച്ചിട്ടുണ്ട്. പരവൂർ നഗരസഭാപ്രദേശത്തെ മൊത്തം ജനസംഖ്യയിലെ 26.2% (10058) തൊഴിലാളികളിൽ, 19% പേർ മെയിൻ വർക്കേഴ്സും (7452 പേർ), 7% പേർ മാർജിനൽ വർക്കേഴ്സും ആണ് (2606 എണ്ണം). ചിത്രം 4.3 കാണുക.




*ചിത്രം 4–3 മെയിൻ വർക്കേഴ്സ മാർജിനൽ വർക്കേഴ്സ്*

മെയിൻ വർക്കേഴ്സിനെ നാലായി തരം തിരിച്ചിരിക്കുന്നു. (1).കർഷകർ, (2)കൃഷിപ്പണിക്കാർ, (3)കുടിൽ വ്യവസായ തൊഴിലാളികൾ, (4) മറ്റുള്ള തൊഴിലാളികൾ. ഈ നാല് തരത്തിലുള്ള തൊഴിലാളികളുടെ എണ്ണം പട്ടിക 4.2 ലും ശതമാനം ചിത്രം 4.4 ലും കാണിച്ചിരിക്കുന്നു.

*പട്ടിക 4.2 തൊഴിലാളികളുടെ എണ്ണം*

| | |
|---|---|
| കർഷകർ | 95 |
| കർഷക തൊഴിലാളികൾ | 793 |
| കുടിൽ വ്യവസായ തൊഴിലാളികൾ | 243 |
| മറ്റുള്ള തൊഴിലാളികൾ | 6321 |

അവലംബം: സെൻസസ് 2001




*ചിത്രം 4–4 വിവിധതരം തൊഴിലാളികളുടെ ശതമാനം*

മെയിൻ വർക്കേഴ്സിൽ, കൃഷി, കുടിൽ വ്യവസായം (household industries) എന്നീ മേഖലകളിലുള്ള തൊഴിലാളികളെക്കുറിച്ച് കൂടുതൽ പരിശോധിച്ചാൽ താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. കൃഷിമേഖലയിൽ, കർഷകർ മൊത്തം തൊഴിലാളികളുടെ 1 % മാത്രമാണ് (95 പേർ) കർഷക തൊഴിലാളികൾ 7 % വും (793 പേർ). ഇവ കൊല്ലം ജില്ലയിൽ യഥാക്രമം 6.83% വും 14.68% വുമാണ്. കുടിൽവ്യവസായ തൊഴിലാളികളാകട്ടെ പരവൂരിൽ 3% വും (249 പേർ), ജില്ലയിൽ 2.6% ആണ് ഉള്ളത്. നേരിട്ടുള്ള വിവര ശേഖരണത്തിൽ നിന്നും മനസിലാകുന്നത്, പരവൂരിൽ ഏകദേശം 1500 ഓളം കയർ തൊഴിലാളികളും മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്ന ഏകദേശം 1000–ത്തോളം പേരും ഉണ്ട്ടന്നാണ്.




*ചിത്രം 4–6 കർഷകത്തൊഴിലാളികളുടെ വാർഡുതല വിതരണം*

പരവൂർ നഗരസഭാപ്രദേശത്തെ കർഷകരുടെ വാർഡുതല വിതരണം പരിശോധിച്ചാൽ (ചിത്രം 4.5) 2, 3, 7, 15, 16, 26 എന്നീ വാർഡുകളിൽ കൂടുതൽ കേന്ദ്രീകരണം നടന്നിരിക്കുന്നതായിട്ട് കാണാം. കർഷക തൊഴിലാളികളുടെ (ചിത്രം 4.6)കാര്യമെടുത്താൽ ഇത് 3, 4, 5, 6, 23, 26 വാർഡുകളിലാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് കർഷകരും കർഷക തൊഴിലാളികളും ഒരേ വാർഡുകളിൽ അല്ലെങ്കിൽ ഏകദേശം അടുത്തടുത്ത വാർഡുകളിൽ കാണപ്പെടുന്നു എന്നതാണ്. ഈ മേഖല പരവൂരിന്റെ വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ (നെടുങ്ങോലം, ആയിരവല്ലി) കേന്ദ്രീകരിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്. കർഷകതൊഴിലാളികളുടെയും കർഷകരുടെയും കേന്ദ്രീകരണവും കൃഷി പ്രദേശത്തിന്റെ കേന്ദ്രീകരണവും ഒരേ പ്രദേശങ്ങളാണെന്ന് ഭൂവിനിയോഗ മാപ്പ് കൂടി പരിശോധിക്കുമ്പോൾ മനസ്സിലാകും.




*ചിത്രം 4–5 കർഷകരുടെ വാർഡുതല വിതരണം*

പരവൂരിൽ 243 കുടിൽ വ്യവസായ തൊഴിലാളികൾ (2.48%) ആണ് ഉള്ളത്. ഇവർ ജില്ലയിൽ 2.6% ആണെന്ന് കാണാം. പരവൂർ നഗരസഭാ പ്രദേശത്തെ വാർഡുതല വിതരണം പരിശോധിച്ചാൽ, വാർഡ് 6, 7, 14, 22, 25, 26 എന്നിവിടങ്ങളിൽ കുടിൽ വ്യവസായ തൊഴിലാളികൾ കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ചിത്രം 4.7 കാണുക.




*ചിത്രം 4–7 കുടിൽവ്യവസായ തൊഴിലാളികളുടെ വാർഡുതല വിതരണം*

## 4.3 അനുമാനം

*പരവൂരിലെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക് സൂചിപ്പിക്കുന്നത് പരവൂരിന്റെ സാമ്പത്തിക അടിത്തറയുടെ ദുർബലതയാണ്. കർഷക തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറവാണ്. അതുപോലെ കർഷകരുടെ എണ്ണവും വളരെ കുറവാണ്. ഇത് കാർഷിക മേഖലയിൽ പരവൂർ നേരിടുന്ന തകർച്ചയെ സൂചിപ്പിക്കുന്നു. കയർമേഖലയിലും മത്സ്യബന്ധന മേഖലയിലും താരതമ്യേന കൂടുതൽ ആൾക്കാർ പണിയെടുക്കുന്നു. ഇത് കാർഷിക മേഖലയെ അപേക്ഷിച്ച് വ്യവസായ മേഖലയിൽ പരവൂരിന്റെ പ്രകടനം നല്ലതാണെന്ന് സൂചിപ്പിക്കുന്നു. കാർഷിക തൊഴിലാളികളും, കർഷകരും പരവൂരിന്റെ ചില പ്രത്യേക ഭാഗങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി ഇവരുടെ സ്ഥലപര വിന്യാസം സൂചിപ്പിക്കുന്നു. കർഷകതൊഴിലാളികളുടെയും കർഷകരുടെയും കേന്ദ്രീകരണവും കൃഷി പ്രദേശത്തിന്റെ കേന്ദ്രീകരണവും ഒരേ പ്രദേശങ്ങളിലാണെന്നും കാണാം.*

<<< previous | contents | next >>>

# അദ്ധ്യായം – 5

# കാർഷിക മേഖല

*ഒരു നഗരസഭാ പ്രദേശമെന്ന നിലയ്ക്ക് പരവൂരിനെ കാർഷിക മേഖലയ്ക്ക് മുൻതൂക്കമുള്ള പ്രദേശമായി പ്രതീക്ഷിയ്ക്കാൻ വയ്യ. എങ്കിലും ഏണ്ടുകാലത്ത് കാർഷികവൃത്തിയിലും പേരുകേട്ട പ്രദേശമായിരുന്നു പരവൂർ. ഈ അദ്ധ്യായത്തിൽ കൃഷിയുടെ മുൻകാലങ്ങളിലെ അവസ്ഥയും നിലവിലെ സ്ഥിതിയും, കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളും വിശദമാക്കിയിരിക്കുന്നു.*

## 5.1 കൃഷി : മുൻകാലങ്ങളിലെ അവസ്ഥ

കയറുല്പാദനത്തിന് പേരുകേട്ട പരവൂരിൽ, ഒരു കാലത്ത് കൃഷിയും വ്യാപകമായി ഉണ്ടായിരുന്നു. 9–ാം പഞ്ചവത്സര പദ്ധതി കാലയളവിൽ തയ്യാറാക്കിയ വികസനരേഖ പ്രകാരം (1995) പരവൂരിൽ കരഭാഗത്തിന്റ മുക്കാൽ ഭാഗവും ഏതെങ്കിലും കൃഷിക്കായി ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പരവൂരിലെ ഏറ്റവും പ്രധാന കൃഷി നാളികേരമായിരുന്നു. പരവൂരിലെ കയറുല്പാദനത്തിന് ഈ നാളികേര കൃഷി സഹായകമായി. നാളികേരം, നെല്ല്, മരച്ചീനി, വാഴ, ഇതര കിഴങ്ങുവർഗ്ഗങ്ങൾ, കുവരക്, എള്ള്, മുതിര, പയറുവർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തു വന്നിരുന്നു. കുരുമുളക് കൃഷിയിൽ വളരെ പ്രശസ്തി നേടിയ പ്രദേശമായിരുന്നു പരവൂർ. ഈ കറുത്ത പൊന്ന് ശേഖരിക്കുന്നതിന് ഇംഗ്ലീഷുകാർ ഇവിടെ പണ്ടകശ്ശാല കെട്ടിയിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു.

1995 കാലയളവിൽ പരവൂരിലെ വിവിധ വിളകളുടെ വിസ്തീർണ്ണവും, ഉല്പാദനവും താഴെ പട്ടിക 5.1 ൽ കൊടുത്തിരിക്കുന്നു.

*പട്ടിക 5.1 പരവൂരിലെ വിവിധ വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും.*

| വിള | വിസ്തീർണ്ണം (ഹെ) | ഉല്പാദനം (കി.ഗ്രാം) | ഉല്പാദനക്ഷമത (കി.ഗ്രാം/ഹെ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 25 | 76500 | 3060 |
| നെല്ല് (ര ാം വിള) | 25 | 84150 | 3366 |
| പയർ | 15 | 3000 | 200 |
| പച്ചക്കറികൾ | 5 | 10000 | 2000 |
| തെങ്ങ് | 836 | 4389000 | 5250 |
| വാഴ | 42 | 6300 | 15000 |
| മരച്ചീനി | 425 | 6375000 | 15000 |
| കുരുമുളക് | 15 | 3300 | 220 |
| പ്ലാവ് | 3 | 30000 | 10000 |
| കശുമാവ് | 5 | 4000 | 800 |
| മാവ് | 2 | 5000 | 2500 |
| കവുങ്ങ് | 5 | 50000 | 10000 |

അവലംബം: വികസനരേഖ പരവൂർ – 1995

## 5.2 കൃഷി : നിലവിലെ സ്ഥിതി

പരവൂരിന്റെ ഭൂവിനിയോഗ മാപ്പ് സൂചിപ്പിക്കുന്നത് പരവൂരിൽണ്ടരണ്ട് ചതുരശ്ര കിലോ മീറ്ററോളം (ആകെ വിസ്തീർണ്ണത്തിന്റെ 12%) കൃഷി ഭൂമിയാണെന്നാണ്. (വയലും, തെങ്ങിൻതോപ്പുകളും ചേർന്നത്), അതോടൊപ്പം തന്നെ വീട്ടുപുരയിടമായി ബന്ധപ്പെട്ട് ഏകദേശം 7 ച.കി.മി. വിസ്തീർണത്തിൽ (കരകൃഷി 44%) (തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി) നടത്തുന്നതായും കാണാം. ഇതുകൂടി കണക്കിലെടുക്കുമ്പോൾ പരവൂരിലെ ഭൂമിയുടെ 56% കൃഷിയ്ക്കായി വിനിയോഗിക്കുന്നു എന്ന് കാണാം.അതായത് 9–ാം പദ്ധതി കാലയളവിലെ വികസന രേഖപ്രകാരം പരവൂരിലെ കരഭൂമിയുടെ 75% പ്രദേശത്തും ഏതെങ്കിലും കൃഷിയ്ക്കായി വിനിയോഗിച്ചിരുന്നു, ഇപ്പോൾ അത് 56% മായി കുറഞ്ഞെന്നു കാണാം.




*ചിത്രം 5.1 കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന വ്യതിയാനം*

പരവൂരിലെ പ്രധാന വിളകളുടെ വിസ്തീർണ്ണവും, ഉല്പാദനവും പട്ടിക :5.2 ൽ നൽകിയിരിക്കുന്നു.

*പട്ടിക :5.2 വിള:– വിസ്തീർണ്ണവും ഉല്പാദനവും (2003)*

| വിള | വിസ്തീർണ്ണം (ഹെ) | ഉല്പാദനം (കി) | ഉല്പാദന ക്ഷമത (കി/ഹെ) |
|---|---|---|---|
| നെല്ല് (രണ്ട് വിളകളും കൂടി) | 25 | 82000 | 3280 |
| തെങ്ങ് | 836 | 6000 | 7177 |
| വാഴ | 200 | 1800000 | 9000 |
| മരച്ചീനി | 105 | 1575000 | 15000 |
| കുരുമുളക് | 15 | 20000 | 1333 |

*അവലംബം: സംയോജിത ജില്ലാവികസന രൂപരേഖ 2006*

കൃഷിഭവൻ രേഖ പ്രകാരം പരവൂരിലെ പ്രധാന വിളകളുടെ വാർഷിക ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ താഴെ ചിത്രത്തിൽ നല്കിയിരിക്കുന്നു.




ചിത്രം–5.2 നെല്ല് ഉല്പാദനം




ചിത്രം–5.3 നാളികേര ഉല്പാദനം




ചിത്രം–5.4 വാഴപ്പഴം ഉല്പാദനം




ചിത്രം–5.5 മരച്ചീനി ഉല്പാദനം

മേൽ ചിത്രങ്ങളിൽ നിന്ന് വ്യക്തമാകുന്നത് പരവൂർ മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രധാന വിളകളുടെ ഉല്പാദനം കാലക്രമേണ കുറഞ്ഞുവരുന്നതായിട്ടാണ്.

ജില്ലയിലെ ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രധാന വിളകളുടെ കാര്യത്തിൽ പരവൂരിന്റെ സ്ഥാനം ചിത്രം 5.6, 5.7, 5.8 എന്നിവയിൽ കാണിച്ചിരിക്കുന്നു.




ചിത്രം –5.6 നെല്ല് കൃഷിയുടെ വിസ്തീർണ്ണം മറ്റ് ത.സ്വ.സ്ഥാപനങ്ങളുമായുള്ള താരതമ്യം




*ചിത്രം – 5.7 തെങ്ങ് കൃഷിയുടെ വിസ്തീർണ്ണം– മറ്റ് ത.സ്വ.സ്ഥാപനങ്ങളുമായുള്ള താരതമ്യം*




*ചിത്രം – 5.8 വാഴ കൃഷിയുടെ വിസ്തീർണ്ണം– മറ്റ് ത.സ്വ.സ്ഥാപനങ്ങളുമായുള്ള താരതമ്യം*

കൃഷിഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, പരവൂർ മുനിസിപ്പാലിറ്റിയിൽ നാമമാത്രമായ തോതിൽ മാത്രമേ നെൽകൃഷി നടക്കുന്നുള്ളു എന്നുമനസ്സിലാക്കാം. എന്നാൽ തെങ്ങ്, വാഴ എന്നിവയുടെ വിസ്തൃതി പരവൂർ മുനിസിപ്പാലിറ്റിയിൽ അത്ര കുറവല്ല എന്നുകാണാം. (തെങ്ങ് കൃഷിയുടെ വിസ്തൃതിയിൽ 4–ാം സ്ഥാനത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടത്തിലും, വാഴകൃഷിയിൽ രണ്ടാം സ്ഥാനത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടത്തിലുമാണ് പരവൂർ ഉൾപ്പെടുന്നത്.) കരകൃഷി, നെൽകൃഷിയേക്കാളും മെച്ചപ്പെട്ട തോതിലാണ് പരവൂർ നഗരസഭാ പ്രദേശത്തുള്ളതെന്ന് മനസ്സിലാക്കാം.

നെൽകൃഷിയുമായി ബന്ധപ്പെട്ട് പ്രധാനമായും അഞ്ച് ഏലകളാണ് പരവൂരിലൂള്ളത്. (ചിത്രം–5.9)

| | | |
|---|---|---|
| ക്ലാവറ ഏലായും<br>കൂനയിൽ ഏലായും | – | 15 ഏക്കർ |
| പണ്ടാരത്തിൽ ഏല | – | 7 ഏക്കർ |
| പശുമൺ ഏല | – | 29 ഏക്കർ |
| ഏലക്കുളം ഏല | – | 8 ഏക്കർ |




*1. ക്ലാവറ ഏല, കൂനയിൽ ഏല*

*2. പണ്ഡാരത്തിൽ ഏല*

*3. പശുമൺ ഏല*

*4. ഏലക്കുളം ഏല*

*ചിത്രം : 5.9 പരവൂരിലെ വിവിധ ഏലകൾ*

ഇതിൽ ക്ലാവറ, കൂനയിൽ, പണ്ടാരത്തിൽ, പശുമൺ എന്നീ ഏലകളിൽ നല്ല രീതിയിൽ നെൽകൃഷി നടന്നുവരുന്നു. ഏലകൾക്ക് തലച്ചിറകൾ പണ്ടുമുതൽക്കേ ഉണ്ടെങ്കിലും ജലസേചനം മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. ഇരുപ്പൂകൃഷിയാണ് ഇവിടെ തുടർന്ന് വരുന്നത്. ഒന്നാം വിളയെ അപേക്ഷിച്ച് രണ്ടാം വിളയിലാണ് ഉല്പാദനം കൂടുതൽ. രണ്ടുവിളയിലുംകൂടി ഏകദേശം 82 ടൺ നെല്ല് ഉല്പാദിപ്പിക്കുന്നു.

പരവൂർ മുനിസിപ്പാലിറ്റിയിലെ 5,28,18 എന്നീ വാർഡുകളിൽ തെങ്ങിൻ തോപ്പുകൾ കാണുന്നുണ്ട്. എങ്കിലും വീട്ടുപുരയിടത്തോടു ചേർന്നുള്ള തെങ്ങ് കൃഷിയാണ് ധാരാളമായി പരവൂർ നഗരസഭാ പ്രദേശത്തുള്ളത്.

## 5.3 ജലസേചന സൗകര്യങ്ങൾ

പരവൂർ നഗരസഭാ പ്രദേശത്ത് നിലവിൽ കൃഷി മഴയെ മാത്രം ആശ്രയിച്ചാണ്. നിലങ്ങളിൽ ജലസേചനത്തിന് തലച്ചിറകളുണ്ടെങ്കിലും വേനൽക്കാലത്ത് മിക്കവയും പൂർണ്ണമായും വരളുന്നതാണ് തലച്ചിറകളിൽ നിന്നും ഏലായുടെ ഭാഗങ്ങളിലേയ്ക്ക് വെള്ളം ഒഴുക്കാൻ തോടുകളുണ്ട്. അവ പലതും ഇന്ന് തൃപ്തികരമായ നിലയിലല്ല. വശങ്ങൾ ഇടിഞ്ഞും കരമണ്ണ് ഒലിച്ചിറങ്ങിയും ആഴം കുറഞ്ഞിരിക്കുന്നു.

### കുളങ്ങൾ

ആകെ 28 കുളങ്ങളാണ് പരവൂർ നഗരസഭാ പ്രദേശത്തുള്ളത്. ഇവയിൽ ഏലാകളുടെ തലച്ചിറകളും ക്ഷേത്രക്കുളങ്ങളും ഉൾപ്പെടും. പണ്ടാരത്തു വയലിന്റെ തലച്ചിറയായ പാലോട്ടു കാവ് കുളവും പേരാവയലിന്റെ തലച്ചിറയായ കോട്ടുവൻകോണം കുളവും പൂതക്കുളം പഞ്ചായത്ത് അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. പശുമൺ ഏലായുടെ തലച്ചിറകളിലൊന്നായ ചിറയിൽക്കുളം വറ്റാറില്ല. എന്നാൽ ഇതിൽ ഉറവ നാമമാത്രമാണ്. ഈ ഏലായ്ക്ക് മറ്റ് രണ്ട് തലച്ചിറകൾ കൂടിയുണ്ട് എന്നാലും വേനൽക്കാല ജലസേചനത്തിന് ഒന്നും പര്യാപ്തമല്ല.

*പട്ടിക –5.3 പ്രധാന കുളങ്ങൾ*

| ക്രമ നം. | സർ.നം | കുളം | വാർഡ് | സ്ഥലം |
|---|---|---|---|---|
| 1 | 154 | ചിറയിൽകുളം | 9 | കൂനയിൽ |
| 2 | 152 | തോട്ടത്തുകുളം | 9 | " |
| 3 | 151 | മാലാക്കുളം | 9 | " |
| 4 | 332 | പന്നിക്കുളം | 10 | " |
| 5 | 62 | പരകുളം | 7 | " |
| 6 | 172 | യാക്കുളം | 13 | |
| 7 | 57 | വാറുകുളം | 1 | പൊഴിക്കര |
| 8 | 58 | പൊഴിക്കര ക്ഷേത്രക്കുളം | 1 | " |
| 9 | 380 | ആയിരിവില്ലിക്കുളം | 12 | കൂനയിൽ |
| 10 | 270 | പൂക്കുളം | 6 | കുറുമ ൽ |

*പട്ടിക –5.4 മറ്റു കുളങ്ങൾ*

| ക്രമ നം. | കുളം | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | പന്തലിക്കുളം | 12 | കൂനയിൽ |
| 2 | മങ്ങാട് കുളം | 12 | " |
| 3 | പുഞ്ചിറക്കുളം | 11 | കുറുമ ൽ |
| 4 | മുതലക്കുളം | 8 | കൂനയിൽ |
| 5 | പൊട്ടക്കുളം | 12 | " |
| 6 | ചിറയിൽകൊടിക്കളം (2) | 9 | " |
| 7 | കരകമ്പിൽ കൊടിക്കുളം (3) | 9 | " |
| 8 | താന്നീത്തും വാതുക്കൽ | 22 | കോങ്ങാൽ |
| 9 | കൊര ിക്കുളം | 20 | " |
| 10 | പുത്തൻ മുക്കാൽവട്ടം | 19 | " |
| 11 | ഇടത്തറക്കുളം | 20 | " |
| 12 | കാമറക്കുളം | 20 | " |
| 13 | പുറ്റിംഗൽ ക്ഷേത്രക്കുളം | 13 | കുറുമ ൽ |
| 14 | പുതിയിടം ക്ഷേത്രക്കുളം | 14 | കോട്ടപ്പുറം |
| 15 | ഭൂതത്താൻ ക്ഷേത്രക്കുളം | 14 | " |
| 16 | കട്ടാകുളം | 15 | " |
| 17 | പുതിയകാവിൽ ക്ഷേത്രക്കുളം | 18 | തെക്കുംഭാഗം |
| 18 | ചിറയിൽകുളം | 21 | പൊഴിക്കര |

*അവലംബം വികസനരേഖ–2001 പരവൂർ*

## തോടുകൾ

പരവൂർ മേഖലയിലെ തോടുകളെല്ലാം ഏലാകളുമായി ബന്ധപ്പെട്ടവയാണ്. ഇവയിൽ ക്ലാവറ വയലിന്റെ പടിഞ്ഞാറേ തോട്ടിൽ മാത്രമാണ് വേനൽക്കാലത്ത് നാമമാത്രമായെങ്കിലും നീരൊ **gp; p**ണ്ടാവുക. ഏകദേശം 3000 മീ. നീളമുള്ള പശുമൺ തോടാണ് ഏറ്റവും വലുത്. ക്രമത്തിനുള്ള ആഴമില്ലാത്തതിനാൽ ജലസേചനത്തിന് മിക്ക തോടുകളും അനുയോജ്യമല്ല. വശങ്ങൾ ഇടിഞ്ഞും കരമണ്ണ് വന്നിറങ്ങിയുമാണ് തോടുകൾ യോഗ്യമല്ലാതായിത്തീരുന്നത്.

## കായലുകൾ

വിസ്തൃതിയിൽ കേരളത്തിലെ പ്രധാന കായലുകളിൽ ഒന്നാണ് പരവൂർ കായൽ. പൗരാണിക പ്രസിദ്ധമായ ഇത്തിക്കരയാറ് ഈ ജലാശയത്തിൽ വന്നുചേരുന്നു. കടലിൽനിന്ന് ഉപ്പുവെള്ളം കയറാതിരിക്കാൻ ചീർപ്പുണ്ടെങ്കിലും ഷട്ടറുകൾ പലതും പ്രവർത്തനക്ഷമമല്ല. ഇടവാ നടയറക്കായൽ പരവൂരിന്റെ കിഴക്കുഭാഗം വരെ വ്യാപിച്ചു കിടക്കുന്നു. 1824 ൽ റാണിഗൗരി പാർവ്വതിഭായി വെട്ടിച്ച മണിയംകുളം തോട് ഈ കായലിനെ പരവൂർ കായലുമായി ബന്ധിപ്പിക്കുന്നു.

## ഉപരിതല ജലസ്രോതസ്സുകൾ

ആയിരിവല്ലി ക്ഷേത്രത്തിനു വടക്കുഭാഗത്തായി ഒരിക്കലും വറ്റാത്ത ജലസ്രോതസ്സുണ്ട്. എസ്.എൻ.വി. സ്കൂളിന് കിഴക്കുവശം മുണ്ടുംതലയ്ക്കൽ പെരുമ്പുഴ യക്ഷിക്കാവിന് കിഴക്കുഭാഗം എന്നിവിടങ്ങളിലുള്ള ഉറവകളും വറ്റാറില്ല. പശുമൺ ഏലയുടെ തലച്ചിറയിൽ ഒന്നായ ചിറയിൽ കുളത്തിൽ ഉയരത്തിൽ നിന്നും പതിക്കുന്ന ഉറവ സ്ഥായിയാണ്.

## ഭൂഗർഭ ജലം

ഉയർന്ന പ്രദേശങ്ങളിലെ ജലലഭ്യത ശരാശരി 22.5 മീറ്റർ ആഴത്തിലാണ്. താഴ്ന്ന പ്രദേശങ്ങളിൽ 3 മീറ്റർ ആഴത്തിൽ മുതൽ ജലം ലഭിക്കുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് മിക്ക കിണറുകളും വറ്റും.

## 5.4 കാർഷികോല്പന്ന വിപണന സൗകര്യങ്ങൾ

പരവൂർ പബ്ലിക് മാർക്കറ്റ് മാത്രമാണ് നിലവിലുള്ള ഏകവിപണന കേന്ദ്രം. മാർക്കറ്റിന്റെ മിക്കവാറും ഭാഗങ്ങളിൽ സ്ഥിരം കച്ചവടക്കാർ സ്ഥലംപിടിച്ചത് കാരണം കർഷകർക്ക് ഉൽപ്പന്നങ്ങൾ സ്വതന്ത്രമായി വിറ്റഴിക്കാൻ സൗകര്യമില്ല.

## 5.5 കാർഷിക ഉല്പന്ന ഉപഭോഗം – പരവൂർ

പരവൂർ നഗരസഭ പ്രദേശ നിവാസികൾ വിവിധ കാർഷികോത്പന്നങ്ങൾ ഉപയോഗിക്കുന്നതിന്റെ ഒരു ഏകദേശ കണക്ക് ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ കേരളത്തിലെ നഗരപ്രദേശങ്ങളിൽ നടത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കിലാക്കിയിട്ടുള്ളത് പട്ടിക (5.5) ൽ നൽകിയിരിക്കുന്നു.

*പട്ടിക 5.5 – കാർഷികോല്പന്നങ്ങളുടെ ഉപഭോഗം – പരവൂർ*

| തരം | ആളോഹരി മാസ ഉപഭോഗം (കി.ഗ്രാം) | ഒരു മാസത്തെ മൊത്തം ഉപഭോഗം (കി.ഗ്രാം) |
|---|---|---|
| അരി | 7.823 | 302383 |
| ധാന്യങ്ങൾ | 0.501 | 19346 |
| പച്ചക്കറികൾ | 2.629 | 101622 |
| പഴങ്ങൾ | 2.662 | 102867 |
| ഭക്ഷ്യഎണ്ണ | 0.309 | 11935 |

അവലംബം: നാഷണൽ സമ്പിൾ സർവ്വേ

പട്ടിക 5.5 ഉം, 5.2 ഉം കൂടി പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം പരവൂർ നഗരസഭാപ്രദേശത്ത് നെൽകൃഷിയിൽ സ്വയം പര്യാപ്തയ്ക്ക് ഒരു സാധ്യതയില്ലെന്നും, എന്നാൽ തെങ്ങ്, വാഴ, മരച്ചീനി എന്നിവയിൽ ഒരു പരിധിവരെ സ്വയം പര്യാപ്തതയ്ക്ക് സാധ്യതയുണ്ടെന്നുമാണ്. 102 ടെണ്ണോളം ഉപയോഗിക്കപ്പെടുന്ന പച്ചക്കറിയിൽ നാമമാത്രമായ അളവ് മാത്രമാണ് നഗരസഭയിൽ ഉല്പാദിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ പച്ചക്കറി ഉല്പാദനത്തിലും പരവൂരിന് സാധ്യതയുണ്ടെന്ന് പറയാം.

## 5.6 കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. *രോഗങ്ങൾ*:– തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, മണ്ടചീയൽ, കാറ്റുവീഴ്ച, വേരുചീയൽ, ഓലമഞ്ഞളിപ്പ് എന്നിവ സാധാരണയായി ക്കണ്ടുവരുന്നു. മണ്ടയടപ്പു രോഗം വാഴക്കൃഷിയെ സാരമായി ബാധിക്കുന്നു.

2. *കീടബാധ:*– കീടബാധ നെൽകൃഷിയെയും പച്ചക്കറിക്കൃഷിയെയും സാരമായി ബാധിക്കുന്നു. ചാഴി, തണ്ടുതുരപ്പൻ പുഴു, ഇലചുരുട്ടിപ്പുഴു, മുഞ്ഞ എന്നിവ നെല്ലിനെ നശിപ്പിക്കുന്നു. കൊമ്പൻ ചെല്ലിയുടെയും എലിയുടെയും ശല്യം തെങ്ങുകൃഷിയ്ക്ക് ഭീഷണിയാണ്. പൂങ്കുലയിൽത്തന്നെ സ്ഥാനം പിടിച്ച് വളർന്ന് മാങ്ങയെ നശിപ്പിക്കുന്ന ചെറുപ്രാണികളുണ്ട്. പാവൽ, പടവലം, മത്തൻ, ചീര തുടങ്ങിയവയും രൂക്ഷമായ കീടശല്യത്തെ നേരിടുന്നു.

3. കൃഷിപ്പണിക്ക് ആളുകളുടെ ലഭ്യത കുറവ്

4. നെല്ലിന് വില ലഭിക്കാതിരിക്കുകയും അതുമൂലം നെൽകൃഷി ആദായമല്ലാതായിത്തീരുകയും ചെയ്യുന്നു.

5. ജലസേചന സൗകര്യത്തിന്റെ അഭാവം.

## 5.7 അനുമാനം

*പരവൂരിൽ 56 % പ്രദേശത്ത് ഏതെങ്കിലും കൃഷിചെയ്യുന്നുണ്ടെങ്കിലും, കാലക്രമേണ എല്ലാ വിളകളുടെയും ഉല്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു. പൊതുവേ പറഞ്ഞാൽ നിലവിൽ കാർഷിക മേഖലയുടെ പ്രാധാന്യം പരവൂരിൽ കുറഞ്ഞാണിരിക്കുന്നത്.*

*അതുപോലെ പരവൂരിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ജില്ലയുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. എന്നാൽ കരകൃഷിയായ വാഴ, തെങ്ങ് എന്നിവ നല്ല രീതിയിൽ പരവൂരിൽ ഫലം തരുന്നു എന്നാണ് മനസ്സിലാക്കാവുന്നത്. വിശകലനം സൂചിപ്പിക്കുന്നത് നെൽകൃഷിയ്ക്ക് പരവൂരിൽ സാധ്യത കുറവാണെന്നും, കരകൃഷിയ്ക്ക് സാധ്യതയുണ്ടെന്നുമാണ്. അതുപോലെ പച്ചക്കറി ഉല്പന്നങ്ങൾ വളരെയധികം ഉപയോഗിക്കപ്പെടുന്ന പരവൂർ നഗരസഭാ പ്രദേശത്ത് പച്ചക്കറി കൃഷിക്കും ബോധപൂർവ്വമായ പരിശ്രമങ്ങൾ ആവശ്യമാണെന്നും വിശകലനങ്ങൾ സൂചിപ്പിക്കുന്നു.*

<<< previous | contents | next >>>

# അദ്ധ്യായം-6

# വ്യവസായം

*വ്യാവസായിക ഭൂപടത്തിൽ പരവൂരിന് ഏകദേശം 200 ഓളം വർഷങ്ങളുടെ പഴക്കം വരും. നെയ്ത്ത്, കയർ, കൊപ്ര, മത്സ്യബന്ധനം എന്നീ പരമ്പരാഗത വ്യവസായങ്ങളായിരുന്നു പരവൂരിന്റെ സാമ്പത്തിക അടിത്തറകൾ. റാട്ടു യന്ത്രങ്ങളുടെയും തൊണ്ടു തല്ലുന്നതിന്റെയും ഊട അടിക്കുന്നതിന്റെയും സംഗീതാത്മകമായ ശബ്ദം ആയിരുന്നു പരവൂരിലേക്ക് ജനങ്ങളെ സ്വാഗതം ചെയ്തിരുന്നത്. കായലുകളുടെയും കടലിന്റെയും സാമീപ്യമുള്ളതിനാൽ പരവൂരിൽ തെങ്ങുകൃഷി വ്യാപകമായി ഉണ്ടാകുകയും അതിലൂടെ കൊപ്ര വ്യവസായം പുഷ്ടിപ്പെടുകയും ചെയ്തു. ഉൾക്കട്ടിയുള്ള വലിയ തേങ്ങ ആയതുകൊണ്ട് പരവൂരിലെ കൊപ്രയ്ക്ക് കമ്പോളത്തിൽ വലിയ പ്രിയമായിരുന്നു. എന്നാൽ ഈ വ്യവസായത്തിന് കേന്ദ്രീകരണ സ്വഭാവം ഉണ്ടായിരുന്നില്ല. മാത്രമല്ല, അശാസ്ത്രീയമായ തെങ്ങുകൃഷിയുടെ ഫലമായി കാലാന്തരത്തിൽ തേങ്ങയുടെ ഉൽപ്പാദനം കുറയുകയും അതിലൂടെ ലാഭകരമല്ലാതാവുകയും ചെയ്തു. കാലത്തിന്റെ കുത്തൊഴുക്കിൽ പരമ്പരാഗതമായ ഈ വ്യവസായങ്ങൾ ക്ഷയിച്ചു വരുന്നു. പരവൂരിന്റെ വ്യവസായങ്ങളുടെ നിലവിലെ സ്ഥിതി ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നു.*

## 6.1 വ്യവസായങ്ങൾ: നിലവിലെ സ്ഥിതി

### 1. കയർ മേഖല:

പരവൂരിലെ ഓരോ വീട്ടു പുരയിടങ്ങളിലും കുടിൽ വ്യവസായമെന്ന നിലയിൽ കയർപിരിപ്പ് ഉണ്ടായിരുന്നു. ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്ന കയർ കാർപ്പെറ്റ് നിർമ്മാണത്തിന് യോജിച്ച വിധത്തിൽ നേർമ്മയും വെണ്മയും ഉള്ളതായിരുന്നതിനാൽ പ്രത്യേക പ്രശസ്തി നേടിയിരുന്നു. പാശ്ചാത്യ വ്യാപാരികൾ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട അഞ്ചുതെങ്ങിൽ പണ്ടകശ്ശാലയും കോട്ടയുംകെട്ടി, പരവൂരിലെ കയർ അവിടെ ശേഖരിച്ചിരുന്നു. കാലക്രമേണ പരവൂർ കേരളത്തിലെ ഒരു പ്രധാന കയർ ഉൽപ്പാദനകേന്ദ്രമായിത്തീർന്നു. മണിയംകുളത്ത് ഏകദേശം 80 വർഷങ്ങൾക്കു മുമ്പ് കേരള ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ശ്രീകൃഷ്ണവിലാസം (S.K.V) ഇൻഡസ്ട്രിയൽ വർക്സ് (ഇന്നത്തെ ഫ്ളോർക്കോ) എന്ന കയർ വ്യവസായശാല സ്ഥാപിച്ചു. ഇതിനോടൊപ്പം അന്ന് ഒരു കയർ ഇൻഡസ്ട്രിയൽ സ്കൂളും സ്ഥാപിക്കുകയുണ്ടായി. പരവൂരിലെ കയർ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ജലഗതാഗത മാർഗ്ഗം വളരെയധികം സഹായിച്ചിട്ടുണ്ട്.

പരവൂരിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായമെന്ന് ഇപ്പോഴും പറയാവുന്നത് കയർ വ്യവസായത്തെയാണ്. വിവിധ പ്രദേശങ്ങളിൽ നിന്നും തൊണ്ട് ശേഖരിച്ച് കായലിൽ താഴ്ത്തി, അത് അഴുകുന്ന മുറയ്ക്ക് പുറത്തെടുത്ത് അടിച്ച് ചകിരി ആക്കിയശേഷം റാട്ടിൽ പിരിച്ച് കയറാക്കുന്ന പ്രക്രിയയാണ് പ്രധാനമായും കയറുല്പാദനത്തിൽ നിലനില്ക്കുന്നത്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന കയർ ഈടുറ്റതും ഭംഗിയേറിയതുമായിരുന്നു. കാലക്രമേണ ആ രീതിയ്ക്ക് മാറ്റം വരുകയും തൊണ്ടുകൾ കായലിൽ താഴ്ത്തി അഴുക്കാതെ, പച്ചതൊണ്ടിൽ നിന്നും യന്ത്രസഹായത്താൽ ചകിരി

എടുക്കുന്ന രീതി നിലവിൽ വരുകയും ചെയ്തു. എന്നാൽ തൊണ്ട് ശേഖരണം ഏതാണ്ട് പൂർണ്ണമായും നിലച്ച സ്ഥിതിയിൽ തമിഴ്നാട്ടിൽ നിന്നും പച്ചതൊണ്ടിൽ നിന്നും എടുത്ത ചകിരി ഇവിടെ കൊണ്ടുവരുകയും കയറാക്കി പിരിക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇങ്ങനെ ലഭ്യമാകുന്ന കയറിന് പഴയകാലത്ത് ലഭ്യമായിരുന്ന ബലമോ, ഭംഗിയോ ഇല്ല എന്നതാണ് വാസ്തവം. മുമ്പ് ഏതെങ്കിലും പ്രദേശം കേന്ദ്രീകരിച്ചാണ് കയർ പിരിപ്പ് നടന്നതെങ്കിൽ, ഇപ്പോൾ കയർതൊഴിലാളികളുടെ വീട്ടിൽ റാട്ടുകൊണ്ടു വന്ന് വയ്ക്കുകയും, ചകിരി അവിടെ എത്തിച്ച് കയർ ആക്കി മാറ്റുകയും ചെയ്യുന്ന രീതിയാണ് വ്യാപകമായിട്ടുള്ളത്. പരവൂരിലെ കയർ മേഖല പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് കുറുമണ്ടൽ, ഒല്ലാൽ, പൊഴിക്കര, കോട്ടമൂലഎന്നീ പ്രദേശങ്ങളിലാണ്. (ചിത്രം–6–1).




*ചിത്രം 6–1 ൽ പരവൂരിൽ കയർമേഖല കേന്ദ്രീ കരിച്ചിരിക്കുന്ന പ്രദേശങ്ങൾ*

കയർ മേഖലയിൽ പണിയെടുക്കുന്ന ഏകദേശം 1500 ഓളം തൊഴിലാളികൾ പരവൂരിൽ ഇപ്പോഴുണ്ട്. ഇവരുടെ വാർഡ് അടിസ്ഥാനത്തിലുള്ള എണ്ണം പട്ടിക 6–1 ൽ നൽകിയിരിക്കുന്നു.

*പട്ടിക–6–1 കയർ തൊഴിലാളികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള എണ്ണം*

| വാർഡ് നം | കയർ തൊഴിലാളികൾ | വാർഡ് നം | കയർ തൊഴിലാളികൾ |
|---|---|---|---|
| 1 | 18 | 16 | 0 |
| 2 | 21 | 17 | 3 |
| 3 | 39 | 18 | 12 |
| 4 | 39 | 19 | 97 |
| 5 | 32 | 20 | 9 |
| 6 | 39 | 21 | 0 |
| 7 | 162 | 22 | 47 |
| 8 | 26 | 23 | 146 |
| 9 | 26 | 24 | 26 |
| 10 | 32 | 25 | 10 |
| 11 | 45 | 26 | 32 |
| 12 | 34 | 27 | 78 |
| 13 | 44 | 28 | 58 |
| 14 | 356 | 29 | 54 |
| 15 | 16 | ആകെ | 1500 |

*അവലംബം – പരവൂർ നഗരസഭ*



പരവൂരിൽ കയർമേഖലയിൽ മുന്ന് കയർ വ്യവസായ സഹകരണ സംഘങ്ങൾ നിലവിലുണ്ട്. കയർ മേഖലയുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട കയർ വ്യവസായ സഹകരണ സംഘങ്ങൾ ഇപ്പോൾ നിർജ്ജീവ അവസ്ഥയിലാണ്.

*പട്ടിക –6–2 പരവൂരിലെ കയർ സഹകരണ സംഘങ്ങൾ*

| പേര് | **രജിസ്റ്റർ ചെയ്ത വർഷം** |
|---|---|
| നമ്പർ 3060 പരവൂർ കയർ വ്യവസായ സഹകരണസംഘം | 20.10.50 |
| നമ്പർ ക്യൂ.636. കൂനയിൽ കയർ വ്യവസായ സഹകരണ സംഘം | 26.03.79 |
| നമ്പർ ക്യൂ. 870 പരവൂർ തെക്കുംഭാഗം കയർ വ്യവസായ സഹകരണ സംഘം | 26.10.85 |

*അവലംബം: നഗരസഭ*

ഈ സഹകരണ സംഘങ്ങളെല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പരവൂരിൽ കയർ ഉണ്ടാക്കുന്നുവെങ്കിലും ഇതുപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഇവിടെ ഉണ്ടാക്കുന്നില്ല എന്നുതന്നെ പറയാം. ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ ആലപ്പുഴയിലേക്കാണ് പ്രധാനമായും കൊണ്ടുപോകുന്നത്. കയർ മേഖലയിൽ നാമമാത്രമായെങ്കിലും ഇവിടെ പ്രവർത്തിക്കുന്ന സ്വകാര്യമേഖലയിലുള്ള ഒരു ഫാക്ടറിയാണ് ഫ്ളോർകോ (Floorco)

കയറിനും കയർ ഉല്പന്നങ്ങൾക്കും വിദേശത്തും ആഭ്യന്തര വിപണിയിലും ഉപഭോഗം വർദ്ധിച്ച് വരികയാണ്. പ്രകൃതിയിൽ ലയിച്ചുചേരാത്ത പ്ലാസ്റ്റിക്കിന് പകരം ഉയർന്നുവരുന്ന രണ്ടുല്പന്നങ്ങളാണ് കയറും ചണവും. കേന്ദ്ര–സംസ്ഥാന സർക്കാർ നയവും കയറിനെയും കയറുല്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഈ കാരണങ്ങൾ കൊണ്ട് തന്നെ കയർ മേഖല കരുത്താർജ്ജിക്കും എന്നു വിശ്വസിക്കാം. കയർ മേഖലിയിൽ പണിയെടുക്കുന്ന വൈദഗ്ധ്യമുള്ള തൊഴിലാളികളും, തൊണ്ട് അഴുക്കുന്നതിനുള്ള വ്യാപകമായ സൗകര്യവും (പരവൂർ കായലും, ഇടവ – നടയറ കായലും) പരവൂരിനെ ജില്ലയിലെ ഒരു പ്രധാന കയർ ഉല്പാദന മേഖലയായി നിലനിർത്താൻ പോന്നവയാണ്.

## പരവൂരിലെ കയർമേഖലകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ:

1. കയർമേഖലയിലെ തൊഴിലാളികൾക്കുള്ള കുറഞ്ഞ വേതനം (ഒരു ദിവസം കയർ തൊഴിലാളികൾക്ക് ആളൊന്നിന് വരുമാനം 60 രൂപയ്ക്കും 80 രൂപയ്ക്കും ഇടയ്ക്കുമാത്രമാണ്.)

2. കാര്യക്ഷമമല്ലാത്ത തൊണ്ട് സംഭരണം, ഇത് കയറുണ്ടാക്കുന്നതിനുള്ള അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ക്ഷാമം ഉണ്ടാക്കുന്നു.

3. **k ao] PrÃI frem\W vI b ep] tb mKri psIm-***ണ്ടു*ള്ള ഉല്പന്നങ്ങൾ മിക്കതും ഉണ്ടാക്കുന്നത് ഇതിനായി കയർ സമീപജില്ലകളിലേയ്ക്ക് വാഹനങ്ങളിൽ കൊണ്ടുപോകുന്നത്, വാഹനക്കൂലി ഇനത്തിലും, കയറ്റിയിറക്കു കൂലിയിനത്തിലും നല്ലൊരു തുക ചിലവാകുകയും ചെയ്യുന്നു.

## 2. കൈത്തറി മേഖല:

കൈത്തറി മേഖല പരവൂരിൽ സജീവമായിരുന്നു. 4.11.1958–ൽ പ്രവർത്തനം തുടങ്ങിയ വിനായകർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ആരംഭകാലത്ത് 260 ഓളം പേർക്ക് തൊഴിൽ ലഭ്യമാക്കിയിരുന്നു.

എന്നാൽ ഇപ്പോൾ പരവൂരിലെ കൈത്തറി മേഖല ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ് ഇപ്പോഴുള്ളത്. പരവൂരിൽ കൈത്തറി പ്രവർത്തനം നാമമാത്രമായെങ്കിലും നടക്കുന്നത് 'വിനായകർ' കൈത്തറി സഹകരണ സംഘത്തിലാണ്. ഏകദേശം 15–ഓളം തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു. വർഷത്തിൽ കുറച്ചുദിവസം മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത്. അതുകൊണ്ട് മിക്കവാറും തന്നെ മറ്റു തൊഴിലുകളിൽ കൂടി വ്യാപൃതരാണ് ഇവർ.





*ചിത്രം– 6–2 വിനായകർ നെയ്ത്ത സൊസൈറ്റി – പരവൂർ*

## 3. ചെറുകിട വ്യവസായ മേഖല

മറ്റ് ഏത് പ്രദേശത്തും കാണപ്പെടുന്ന രീതിയിലുള്ള ചെറുകിട വ്യവസായ സംരഭങ്ങൾ പരവൂർ നഗരസഭാ പ്രദേശത്തുമുണ്ട്. ഇവയുടെ തരവും എണ്ണവും താഴെ നൽകിയിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ഫ്ളോർ മില്ല് | – | 10 | കറിപൗഡർ ഉണ്ടാക്കുന്ന യൂണിറ്റ് | – | 1 |
| വർക്ക് ഷോപ്പ് | – | 16 | തടിമില്ല് | – | 2 |
| പ്രിന്റിംഗ് പ്രസ്സ് | – | 4 | ടയർ റീ–ട്രെയിഡിംഗ് യൂണിറ്റ് | – | 2 |
| ഓയിൽ മില്ല് | – | 1 | | | |

## 6.2 അനുമാനം

*പരവൂരിന്റെ വ്യവസായ മേഖല, കയർമേഖലയായാലും, കൈത്തറി മേഖലയായാലും തളർച്ചയുടെ ചിത്രമാണ് നൽകുന്നത്. കയർ വ്യവസായത്തിന് സാധ്യത നിലനിൽക്കുന്ന പ്രദേശമെന്ന നിലയ്ക്ക് കയർ മേഖല പരിപോഷിപ്പിക്കപ്പെടേണ്ടതുണ്ട്. അതുമായി ബന്ധപ്പെട്ട് മറ്റ് ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യതയും പരവൂരിൽ നിലനിൽക്കുന്നു.*

# അദ്ധ്യായം–7

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

*കയർമേഖലയും, മത്സ്യബന്ധനമഖലയും പുഷ്ടിപ്പെട്ടിരുന്ന പരവൂരിൽ മൃഗസംരക്ഷണ മേഖലയിൽ വേണ്ടത്ര ശ്രദ്ധ ആൾക്കാർ നല്കിയിരുന്നില്ല. മൃഗ സംരക്ഷണ മേഖലയിലെയും മത്സ്യബന്ധന മേഖലയിലെയും നിലവിലെ സ്ഥിതി ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നു.*

## 7.1 മൃഗസംരക്ഷണം – നിലവിലെ സ്ഥിതി :

ജില്ലാതലത്തിൽ നോക്കുമ്പോൾ പരവൂർ മുനിസിപ്പാലിറ്റി പ്രദേശം മൃഗസംരക്ഷണ മേഖലയിൽ പറയത്തക്ക നേട്ടങ്ങൾ കൈവരിച്ചതായി കാണാൻ സാധിക്കില്ല.പരവൂരിലെ നിലവിലെ പക്ഷിമൃഗാദികളുടെ കണക്കു താഴെ നൽകിയിരിക്കുന്നു.

*പട്ടിക– 7–1 പക്ഷി മൃഗാദികളുടെ എണ്ണം*

| | എണ്ണം |
|---|---|
| പശു | 1490 |
| ഏരുമ | 5 |
| ആട് | 1284 |
| പന്നി | 4 |
| കോഴി | 3962 |
| താറാവ് | 164 |

*അവലംബം സംയോജിത ജില്ലാവികസന രൂപരേഖ, 2006*

പാൽ ഉല്പാദിപ്പിക്കുന്നതിനു മാത്രമല്ല, നിലം ഉഴുവുന്നതിനും, വണ്ടിവലിക്കുന്നതിനും, കൃഷിക്ക് ആവശ്യമായ ജൈവ വളങ്ങളുടെ മുഖ്യസ്രോതസ്സ് എന്നനിലയിലും കന്നുകാലികളെ വളർത്തിയിരുന്നു. നെൽപാടം നികത്താൻ തുടങ്ങിയതോടെ പുല്ല്, കാലിത്തീറ്റ എന്നിവ വേണ്ടുവോളം, കിട്ടാത്ത അവസ്ഥ ഉണ്ടാവുകയും കന്നുകാലി വളർത്തൽ ഒരു ഭാരമായി കർഷകന് അനുഭവപ്പെടുകയും ചെയ്തു. ഇപ്പോൾ മൃഗപരിപാലനത്തിലൂടെ സാമ്പത്തിക വരുമാനം ലഭ്യമാകുന്നത് വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമാണ്. വരുമാനക്കുറവ് മൂലവും, മൃഗപരിപാലനത്തിനുള്ള അനുബന്ധ സൗകര്യങ്ങളുടെ കുറവ്മൂലവും ആൾക്കാർ ഇതിൽ നിന്നും പിൻമാറുന്നതായിട്ടാണ് കാണുന്നത്. അതേ സമയം പാലിനും പാലുൽപന്നങ്ങൾക്കും, മുട്ടയ്ക്കും, ഇറച്ചിയ്ക്കും ആവശ്യക്കാർ ഏറെയുള്ളതിനാൽ അവയ്ക്ക് നല്ല രീതിയിൽ വില ലഭ്യമാകുകയും ചെയ്യുന്നു. (മുട്ടയ്ക്ക് 2 മുതൽ 3 രൂപ വരെ വിലയും, മാട്ടിറച്ചിയ്ക്ക് കിലോയ്ക്ക് 100 രൂപയും, കോഴിയിറച്ചിയ്ക്ക് കിലോയ്ക്ക് 50 രൂപയും, ആട്ടിറച്ചിയ്ക്ക് 180 രൂപയും മാർക്കറ്റിൽ വിലയുണ്ട്).

ക്ഷീര വിപണനരംഗത്ത് കാര്യമായ സംഘടിത ശ്രമങ്ങൾ നടന്നിട്ടില്ല. ആകെയുള്ളത്, രണ്ടു ക്ഷീരോത്പാദക സഹകരണ സംഘങ്ങളും, രണ്ട് സ്വകാര്യ പാൽസംഭരണ കേന്ദ്രങ്ങളുമാണ്. ഏകദേശം 1150 ലിറ്റർ പാൽ ഈ സ്ഥാപനങ്ങളിൽ കൂടി സംഭരിക്കുന്നു. ഇതിൽ ഭൂരിഭാഗവും ആഭ്യന്തര ഉപഭോഗത്തിനാണുപയോഗിക്കുന്നത്.

വളർത്തു പക്ഷികളിൽ ഏറ്റവും പ്രധാനം കോഴിയാണ്. താറാവ് വളർത്തൽ ചെറിയ തോതിലുണ്ട്. ഇവയെ വളർത്തുന്നതിന് ജലാശയ സൗകര്യങ്ങളും, ചതുപ്പുകളും ഉണ്ട്. എന്നാൽ

വേണ്ട വിധത്തിൽ താറാവു കൃഷി വികസിക്കുന്നില്ല.

കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റപ്പെടുന്നത് കാലി വളർത്തലിലൂടെയാണ്. കൃഷി കുറഞ്ഞുവന്നതോടെ കാലിവളർത്തലിനും മാന്ദ്യം സംഭവിച്ചു. പ്രധാനമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. പ്രത്യുല്പാദന നിരക്ക് വളരെ കൂടുതലായതിനാൽ ഇറച്ചി ആവശ്യത്തിന് വേണ്ടി മുയലിനെ വളർത്തുന്നത് ലാഭകരമായിരിക്കും.

പാലുല്പാദനത്തിനും മാംസോല്പാദനത്തിനും ആടിനെ വളർത്തുന്നു. ആടുവളർത്തൽ മിക്കവാറും ലാഭകരമാണ്. ദരിദ്ര ജനവിഭാഗങ്ങൾക്ക് ആടുവളർത്തൽ ഒരു തൊഴിലും വരുമാന മാർഗ്ഗവുമാണ്. ആടുവളർത്തൽ നേരിടുന്ന പ്രധാന പ്രതിസന്ധി അതിനുള്ള തീറ്റയുടെ ദൗർലഭ്യ മാണ്.

ഇവിടെ ഇന്ന് സ്വീകരിച്ചുവരുന്ന മാംസോല്പാദന വിപണന രീതികൾ തികച്ചും അശാ സ്ത്രീയമാണ്. വൃത്തിഹീനമായ പരിസരങ്ങളിൽ വിൽക്കുന്ന മാംസം ഉപയോഗിക്കുന്നത് മനു ഷ്യന് പല രോഗങ്ങളും ഉണ്ടാക്കുന്നു. അനധികൃതമായ കശാപ്പ് ഇവിടെ ധാരാളം നടക്കുന്നു. ഇതിന് അറുതി വരുത്തേണ്ടതുണ്ട്. അറവിനുപയോഗിക്കുന്ന ഉരുക്കളെ കശാപ്പിനു മുമ്പും പിമ്പും വെറ്ററിനറി ഡോക്ടർ പരിശോധിക്കുന്ന പതിവില്ല. ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണിത്. മാംസം വിൽക്കുന്ന തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും പരിശോധിക്കേണ്ടതുണ്ട്. ഇവടെ വിൽക്കപ്പെടുന്ന മാടിന്റെ മാംസം വളരെ മോശമാണ്. പ്രായം ചെന്ന വണ്ടിക്കാളകളുടെയും ഉഴവ് കാളകളുടെയും മാംസമാണ് വിപണനം ചെയ്യുന്നത്.



പരവൂരിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് ആണ് ഉള്ളത്. ഇന്ന് എല്ലാത്തരം കറവു മൃഗങ്ങളിലും കണ്ടു വരുന്ന ഒരു അസുഖമാണ് അകിടുവീക്കം. കൂടാതെ കുളമ്പുരോഗം, പനി എന്നിവയും ഈ പ്രദേശത്തെ കന്നുകാലികളിൽ കണ്ടുവരുന്നു. ഇവിടത്തെ മൃഗാശുപത്രിയോട് ചേർന്ന് ഒരു ക്ലിനിക്കൽ ലാബുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ചെയ്യുകയാണെങ്കിൽ ധാരാളം ഉരുക്കളെ രക്ഷിക്കാൻ കഴിയും.

## മൃഗസംരക്ഷണമേഖലയിലെ ഉല്പന്നങ്ങളുടെ ഉപഭോഗം – പരവൂർ

മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളുടെ ഉപയോഗത്തിന്റെ ഒരു ഏകദേശ കണക്ക് ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ കേരളത്തിലെ നഗര പ്രദേശങ്ങളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ. കണക്കിലാക്കിയിട്ടുള്ളത് പട്ടിക (7.2) ൽ നൽകിയിരിക്കുന്നു.

| തരം | ഒരു മാസത്തെ ഉപയോഗം |
|---|---|
| പാലും പലുല്പന്നങ്ങളും | 119464 |
| മുട്ട | 193245 എണ്ണം |
| ഇറച്ചി | 663 കിലോ |

പട്ടിക–7.2 – മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളുടെ ഉപയോഗം.

പട്ടിക 7.2 സൂചിപ്പിക്കുന്നത് പാലും, പാലുല്പന്നങ്ങളും, മുട്ട, ഇറച്ചി ഇവ ഗണ്യമായ തോതിൽ ഉപോയഗിക്കുന്നുണ്ടെന്നാണ്. എന്നാൽ ഇവിടുത്തെ മൃഗ സമ്പത്ത് ഇത്രയും ഉല്പന്നങ്ങൾ നൽകാൻ തക്കവണ്ണം പര്യാപ്തമല്ല. ഇത് സൂചിപ്പിക്കുന്നത് പരവൂരിന്റ മൃഗസംരക്ഷണ മേഖലയെ പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകതയിലേക്കാണ്.

## മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ:

1. കാലത്തീറ്റകളുടെ വിലവർദ്ധനവ്
2. തീറ്റപ്പുല്ലിന്റെ അഭാവം
3. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. കന്നുകാലികൾക്ക് പിടിപെടുന്ന നിരവധി രോഗങ്ങൾ
5. പാൽ കറക്കുന്നതിന് തൊഴിലാളികളെ ലഭ്യമല്ല
6. കോഴിത്തീറ്റ ലഭ്യമല്ല
7. മേൽത്തരം മുട്ടക്കോഴികളെ ലഭ്യമല്ല
8. താറാവ്, കാട എന്നിവയെ വളർത്താൻ ലഭിക്കുന്നില്ല

## 7.2 മത്സ്യബന്ധന മേഖല:

സമുദ്രതീരങ്ങളാൽ അനുഗ്രഹീതമായ നാടാണ് പരവൂർ അതുകൊണ്ട് തന്നെ പരവൂർ പുരാതന കാലംമുതൽ അറിയപ്പെടുന്ന മത്സ്യബന്ധന കേന്ദ്രങ്ങളിൽ ഒന്നാണ്. പരവൂർ നഗരസഭയുടെ പടിഞ്ഞാറ് ഭാഗത്താണ് അറബിക്കടൽ സ്ഥിതി ചെയ്യുന്നത്. വടക്ക് നഗരാതിർത്തിയായ മുക്കം മുതൽ തെക്ക് കാപ്പിൽ പാലം വരെയുള്ള ഏഴ് വാർഡുകളിലായി കടലോരപ്രദേശം വ്യാപിച്ചു കിടക്കുന്നു. ഈ വാർഡുകളിലായി അഞ്ച് മത്സ്യബന്ധന തുറകളാണുള്ളത്. തെക്കും ഭാഗം, തോട്ടുകുഴി, പരക്കിട, ചില്ലയ്ക്കൽ, പൊഴിക്കര എന്നിവയാണ് തുറകൾ. ഏകദേശം 7 കി. മീ. തീരപ്രദേശം പരവൂരിനുണ്ട്.

1524 കാലഘട്ടത്തിൽ കൊല്ലം ഭരിച്ചിരുന്ന റാണി, സാമൂതിരിയുടെ ഒത്താശയോടെ തീര സംരക്ഷണ പരിപാടിയുടെ ഭാഗമായി സ്ഥാപിച്ച നാവിക കേന്ദ്രങ്ങളിൽ ഒന്നാണ് പരവൂർ തെക്കും ഭാഗം എന്ന് ചരിത്രകാരൻമാർ പറയുന്നു. അന്ന് കണ്ണൂരിൽ നിന്നും കൊച്ചിയിൽ നിന്നും കൊണ്ടു വന്ന മരയ്ക്കാർ കുടുംബങ്ങളിലെ അംഗങ്ങളായിരുന്നു സൈനിക മേധാവികൾ. ഈ സൈനികരെ കടലോര പ്രദേശങ്ങളിൽ കുടിലുകൾ കെട്ടി പാർപ്പിച്ചിരുന്നു. ഇവർ ചെറിയതോതിൽ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തിയിരുന്നു. കാലക്രമേണ ഇവർ തദ്ദേശ വാസികളുമായി ചേർന്ന് മത്സ്യബന്ധനം, വിപണനം, സംസ്കരണം, കയറ്റുമതി എന്നീ മേഖലകളിൽ പ്രവർത്തിച്ചു തുടങ്ങി. അങ്ങനെ പരവൂരിലെ മത്സ്യ ബന്ധനമേഖല പുരോഗതി പ്രാപിച്ചു. പിന്നീട് ആഴക്കടൽ മത്സ്യബന്ധനത്തിന് അവർ പ്രാപ്തരായപ്പോൾ സ്രാവ്, തിരണ്ടി, നെയ്മീൻ എന്നീ വൻ മത്സ്യങ്ങൾ പിടിച്ച് വിപണനരംഗം വുപുലമാക്കി. വർഷങ്ങൾക്കു മുമ്പ് വിദേശരാജ്യങ്ങളായ ശ്രീലങ്ക, മലേഷ്യ എന്നിവിടങ്ങളിലേക്ക് മത്സ്യം കയറ്റി അയച്ചിരുന്നു,



*ചിത്രം– 7.1 തീര പ്രദേശം – പരവൂർ*

## ഇന്നത്തെ അവസ്ഥ

നൂറ്റാണ്ടുകൾ പിന്നിട്ട് കഴിഞ്ഞിട്ടും നവീന ഉപകരണോപാധികളോ സാങ്കേതിക വിദ്യ കളോ മത്സ്യബന്ധനത്തിന് ഇവിടെ ഉപയോഗിക്കുന്നില്ല.

1995–ൽ തയ്യാറാക്കിയ പരവൂരിന്റെ വികസന രേഖ പ്രകാരം പരവൂരിൽ കടൽ മത്സ്യ ബന്ധന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ 2055 പേരുണ്ട്. ഏകദേശം അഞ്ഞൂ റോളം കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗമാണ് മത്സ്യബന്ധന മേഖല. ഇവരിൽ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ 1335 പേരാണ് മറ്റുള്ളവർ സംസ്കരണം, വിപണനം തുട ങ്ങിയ അനുബന്ധ മേഖലകളിൽ പണിയെടുക്കുന്നു. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി കൾ മുഖ്യമായും വസിക്കുന്നത് ഒന്നാം വാർഡിലും 14 മുതൽ 22 വരെ വാർഡുകളിലുമാണ്. ഇപ്പോഴത്തെ അവസ്ഥയിൽ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചവരുടെ എണ്ണം 1000 ൽ കുറവാണ്.

## കടൽ മത്സ്യഇനങ്ങൾ അന്നും ഇന്നും

ഇവിടെ സ്രാവ്, തെരണ്ടി, പൂന്തി, നെമ്മീൻ എന്നീ വൻ മത്സ്യങ്ങൾ മുൻകാലങ്ങളിൽ ലഭിച്ചു കൊണ്ടിരുന്നു. ജില്ലയിലെ ഇതര തുറകളിൽ നിന്നും യന്ത്രവത്കൃത വള്ളങ്ങളും ബോട്ടു കളും ആധുനിക വലകളുപയോഗിച്ച് ഇവിടെ ലഭ്യമായിക്കൊണ്ടിരുന്ന വൻ മത്സ്യങ്ങളെ പിടി ക്കുന്നതുമൂലം പരമ്പരാഗത മത്സ്യബന്ധനരീതി ഇന്നും തുടരുന്ന ഇവിടുത്തെ തൊഴിലാളികൾക്ക് ഇത്തരം വൻമത്സ്യങ്ങൾ ലഭിക്കാതെ വരുന്നു. ഇത് മത്സ്യകയറ്റുമതിയെ സാരമായി ബാധിക്കു കയും വൻ മത്സ്യലഭ്യത അന്യം നിന്നു പോകുകയും ചെയ്തു.
ഇപ്പോൾ ഇവിടെ പ്രധാനമായും ചെറുമത്സ്യങ്ങളാണ് ലഭിക്കുന്നത്. മത്തി, അയല, നെത്തോലി, വാള, ചൂര, ചാള, പരവ, താട, കുറ്റ, ചെമ്മീൻ, റാള്, കണവ എന്നിവയാണവ.

ഓരോ കാലങ്ങളിലും ലഭിക്കുന്ന കടൽ മത്സ്യങ്ങളെ ഇനം തിരിച്ച് പട്ടിക-7.3 ൽ കാണുക

*പട്ടിക-7.3 ഓരോ കാലത്തും ലഭിക്കുന്ന മത്സ്യങ്ങളുടെ ഇനം*

| | |
|---|---|
| ജനുവരി മുതൽ മാർച്ചു വരെ | നെത്തോലി, അയല, ചാള, ചൂര, വാള |
| ഏപ്രിൽ മുതൽ മെയ് വരെ | പരവ, താട, കുറ്റ |
| ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ചെമ്മീൻ, റാള്, കണവ |
| നവംബർ മുതൽ ഡിസംബർ വരെ | നെത്തോലി, മത്തി, അയല |

മത്സ്യങ്ങളുടെ വാർഷിക ലഭ്യത പട്ടിക-7.4 ൽ കൊടുത്തിട്ടുണ്ട്.

*പട്ടിക-7.4 കടൽ മത്സ്യ ലഭ്യത*

| നമ്പർ | ഇനം | അളവ് (ടൺ) |
|---|---|---|
| 1 | നെത്തോലി | 700 |
| 2 | അയല | 100 |
| 3 | ചാള | 105 |
| 4 | ചൂര | 1 |
| 5 | വാള | |
| | ചുണ്ണാമ്പ് വാള | 10 |
| 6 | പരവ | 90 |
| 7 | താട | 80 |
| 8 | കുറ്റ | 40 |
| 9 | ചെമ്മീൻ | 10 |
| 10 | റാള് | 0.5 |
| 11 | കണവ | 20 |
| | ആകെ | **1156.5** |

## ഉൾനാടൻ മത്സ്യബന്ധനം



*ചിത്രം 7.2 അകത്ത് കായൽ*

പരവൂർ നഗരാതിർത്തിയിലെ പെരുമ്പുഴ മുതൽ പൊഴിക്കര ചീർപ്പ് വരെയുള്ള പതിനഞ്ച് കിലോമീറ്റർ പരവൂർ കായൽതീരവും മഞ്ചാടിമൂട് മുതൽ കാപ്പിൽ പാലം വരെയുള്ള നാല് കിലോമീറ്റർ ഇടവാനടയറകായൽ തീരവും ഇതുരണ്ടും ബന്ധിപ്പിക്കുന്ന 3 കി.മീ. നീളമുള്ള കനാൽ തീരവും ചേർന്ന ഇരുപത്തി രണ്ട് കിലോമീറ്റർ തീരങ്ങളിൽ നഗരസഭയുടെ ഉൾനാടൻ മത്സ്യബന്ധന മേഖല വ്യാപിച്ചുകിടക്കുന്നു.

ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ 24, 25 എന്നീ വാർഡുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പ്രദേശങ്ങളിൽ ഊറ്റ്കുഴി, മാമൂട്ടിൽപാലം എന്നീ രണ്ട് കടവുകൾ മാത്രമേ ഉൾനാടൻ മത്സ്യബന്ധനത്തിനായുള്ളൂ. ഈ മേഖലയിൽ ഏകദേശം 500 പേർ പണിയെടുക്കുന്നു. ഇതു സംബന്ധിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

*പട്ടിക 7.5– ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്നവർ*

| മത്സ്യബന്ധനം | പുരു. | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിൽ | 255 | _ | 320 |
| ഭാഗികം | 90 | _ | 90 |
| മത്സ്യ സംസ്കരണം | 10 | _ | 10 |
| മത്സ്യ വിപണനം | 80 | 55 | 135 |
| വലനന്നാക്കൽ | 10 | _ | 10 |
| ആകെ എണ്ണം | 445 | 55 | 500 |

*അവലംബം : നേരിട്ടുള്ള വിവര ശേഖരണം.*

മുൻ കാലങ്ങളിൽ ചുരുക്കം ചിലർ മാത്രമാണ് ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ വിപുലമായ തോതിൽ ഉൾനാടൻ മത്സ്യബന്ധനം നടന്നുവരുന്നു. ഈ മേഖലയുമായി ബന്ധപ്പെട്ടിരുന്നവർ ഈ ദേശവാസികൾക്ക് പുറമേ കുണ്ടറ, പടപ്പക്കര, കുമ്പളം, കണ്ടച്ചിറ എന്നീ ഭാഗങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ക്രിസ്ത്യൻ കുടുംബങ്ങളാണ്. ഇന്നും അവർ ഈ മേഖലയുമായി ബന്ധപ്പെട്ട് വരുന്നു. പുരുഷന്മാർ കായലിൽനിന്നും കക്ക വാരുകയും സ്ത്രീകൾ കക്കാ ഇറച്ചി മാർക്കറ്റിൽ കൊണ്ടുപോയി കച്ചവടം നടത്തുകയും ചെയ്ത് വരുന്നു.

## ഉൾനാടൻ മത്സ്യഇനങ്ങൾ

പരവൂർ കായലാണ് പ്രധാന ഉൾനാടൻ മത്സ്യബന്ധന കേന്ദ്രം. കണമ്പ്, കരിമീൻ, പാര, ചെമ്മീൻ, ഞണ്ട്, കക്ക എന്നിവയാണ് ഇപ്പോൾ ലഭിക്കുന്ന പ്രധാന മത്സ്യ ഇനങ്ങൾ.ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യലഭ്യത താരതമ്യേന കുറവാണ്. ഉൾനാടൻ മത്സ്യങ്ങളുടെ ഇനം പട്ടിക 7.6 ൽ കൊടുത്തിരിക്കുന്നു.

*പട്ടിക– 7.6 വിവിധ കാലയളവിൽ ലഭിക്കുന്ന മത്സ്യങ്ങളുടെ തരം*

| മാസങ്ങൾ | ഇനം |
|---|---|
| ജനുവരി മുതൽ ജൂൺ വരെ | കണമ്പ്, കരിമീൻ, പാര |
| ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ചെമ്മീൻ (നാരൻ, തെളി, തെരിപ്പൻ) ഞ ്, കക്ക |



← ✍ *ചിത്രം 7.3 –മണ്ണ് അടിഞ്ഞിരിക്കുന്ന പൊഴിക്കര ചീർപ്പ്*

ഉൾനാടൻ മത്സ്യലഭ്യതയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന രണ്ട് പ്രധാന കാര്യങ്ങൾ ഒന്ന് യഥാസമയം പൊഴിക്കര ചീർപ്പിൽ നിന്നും മണ്ണ് നീക്കം ചെയ്യാത്തതും മറ്റൊന്ന് കായലുകൾ നികത്തി പുരയിടങ്ങൾ വികസിപ്പിക്കലുമാണ്.

## മത്സ്യബന്ധനോപകരണങ്ങൾ

പരവൂരിലെ മത്സ്യബന്ധന മേഖലയിൽ ഇന്നും ഉപയോഗിക്കുന്ന ഉപകരണങ്ങൾ വള്ളം, ചാളത്തടി എന്നിവയാണ്. ഇതിലേറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ചാളത്തടികളാണ്. ബോട്ട് ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഇവിടെയില്ല.
ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ 110 ചെറുവള്ളങ്ങളും കക്കവാരനായി 5 ഇടത്തരം വള്ളങ്ങളും ഉപയോഗിച്ചു വരുന്നു.

## മത്സ്യഫെഡ്

മത്സ്യബന്ധനമേഖലയുടെ വികസനത്തിനായി മത്സ്യഫെഡിന്റെ കീഴിൽ 2 സഹകരണ സംഘങ്ങൾ ഒരു ദശാബ്ദക്കാലമായി ചില്ലയ്ക്കൽ, തെക്കുംഭാഗം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ സഹകരണ സംഘങ്ങൾ വഴി കാര്യമായ നേട്ടങ്ങൾ ഒന്നും ഈ പ്രദേശത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

## മത്സ്യവിപണനം

പരവൂരിലെ 5 മത്സ്യബന്ധന തുറകളിലേക്കും വാഹനസൗകര്യമുള്ള റോഡുകളില്ല. കൂടുതൽ റോഡ് സൗകര്യങ്ങൾ ഉണ്ടായാൽ മത്സ്യബന്ധന മേഖലകളിലെ വാണിജ്യം വർദ്ധിക്കും. വള്ളം, വല, മറ്റുപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ തുറകളിൽ നിന്നും വളരെ അകലെയാണ്. ഈ ഷെഡ്ഡുകളെല്ലാം തന്നെ ദുർബങ്ങളാണ്. തുറകളോടനുബന്ധിച്ച് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് സ്ഥലസൗകര്യവും സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് ലഭ്യമാക്കണം.
പൊതു വിതരണ മാർക്കറ്റുകൾ തീരെകുറവാണ്. മത്സ്യ സംസ്കരണ സംവിധാനം നിലവിലില്ല. ഇതും വിപണനരംഗത്തെ സാരമായി ബാധിക്കുന്നു.

പരവൂരിൽ തെക്കുംഭാഗം കേന്ദ്രമാക്കി ഒരു മിനി ഫിഷ്ലാന്റിംഗ് സെന്റർ തുടങ്ങുവാൻ 1986 ഏപ്രിൽ ഒന്നിന് ശിലാസ്ഥാപനം നടത്തുകയുണ്ടായി. ആഴക്കടൽ മത്സ്യബന്ധനം വ്യാപിപ്പിക്കുക, ആവശ്യത്തിന് ഐസ് പ്ലാന്റും കോൾഡ് സ്റ്റോറേജും നിർമ്മിക്കുക, സിഫ്റ്റിന്റെ സഹായത്തോടെ സംസ്കരണ ശാലകൾ നിർമ്മിക്കുക എന്നിവയും ഫിഷലാന്റിംഗ് സെന്ററിന്റെ അനുബന്ധ പരിപാടികളായി ലക്ഷ്യമിട്ടിരുന്നു. പക്ഷെ, നാളിതുവരെ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

സ്വകാര്യ കുളങ്ങളും പൊതു കുളങ്ങളും സഹിതം ഇരുപത്തിയെട്ടിലധികം കുളങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പല കുളങ്ങളും നികത്തി മറ്റ് ഉപയോഗങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷിക്ക് വിനിയോഗിക്കാവുന്ന കുളങ്ങൾ പട്ടിക 7.7 ൽ നൽകിയിരിക്കുന്നു.

*പട്ടിക 7.7– മത്സ്യകൃഷിക്ക് വിനിയോഗിക്കാവുന്ന കുളങ്ങൾ*

| ക്രമ നം. | വാർഡ് നം. | പൊതുകുളം |
|---|---|---|
| 1 | 9 | ചിറയിൽക്കുളം |
| 2 | 6 | മാലായിക്കുളം |
| 3 | 24 | കട്ടാക്കുളം |
| 4 | 13 | പാമ്പിൻതൊടിക്കുളം |
| 5 | 10 | പന്നിക്കുളം |
| 6 | 22 | പന്തലിൽക്കുളം |
| 7 | 9 | തോട്ടത്തിൽക്കുളം |
| 8 | 10 | പൂലിക്കുളം |
| 9 | 1 | വാറുകുളം |

പ്രശ്നങ്ങൾ

1. നവീന മത്സ്യബന്ധനരീതികളെക്കുറിച്ചും യന്ത്രവൽകൃത ഉപാധികളെക്കുറിച്ചുമുള്ള ബോധവൽക്കരണമില്ല.

2. സഹകരണ സംഘങ്ങളുടെ പ്രവർത്തന വൈകല്യം.

3. കടലിൽ തുറകളിലേക്കും ഉൾനാടൻ മത്സ്യബന്ധനതീരങ്ങളിലേക്കുമുള്ള വാഹന സൗകര്യമുള്ള റോഡുകളുടെ അഭാവം.

4. മത്സ്യബന്ധന ഉപകരണങ്ങളും മറ്റും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ (കൂടങ്ങൾ) സൗകര്യപ്രദമായി ഇല്ല.

5. ഭൂരിപക്ഷം മത്സ്യബന്ധന തൊഴിലാളികൾക്കും സ്വന്തമായി ഭവനങ്ങളില്ല. ഉള്ളതിലധികവും ഓലഷെഡ്ഡുകളാണ്.

6. ആഴക്കടൽ മത്സ്യബന്ധന സൗകര്യങ്ങളില്ല.

7. സ്റ്റോറേജ് സൗകര്യമോ ഐസ് പ്ലാന്റോ ഇല്ല.

8. മത്സ്യബന്ധന തുറകളിലും കായൽത്തീരങ്ങളിലും വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ല.

9. മത്സ്യക്കൃഷിക്കും ചെമ്മീൻകൃഷിക്കും അനുയോജ്യമായ സ്ഥലം ധാരാളം ഉണ്ടെങ്കിലും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ യഥാവിധി ലഭിക്കുന്നില്ല.

10. മത്സ്യത്തൊഴിലാളി ഭവനങ്ങളിലും തുറകളിലും വേണ്ടത്ര സാനിട്ടറി സൗകര്യങ്ങളില്ല.

11. ഉൾനാടൻ മത്സ്യബന്ധനത്തിന് പൊഴിക്കര ചീർപ്പിൽ നിന്നും യഥാസമയം മണ്ണ്നീക്കം ചെയ്യാത്തതിനാലും കായലുകൾ നികത്തി പുരയിടങ്ങളാക്കുന്നതിനാലും മത്സ്യലഭ്യതയ്ക്കു കുറവ് സംഭവിക്കുന്നു.

12. ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും ഇൻഷ്വറൻസ് പദ്ധതിയിലും സമ്പാദ്യ ആശ്വാസ പദ്ധതികളിലും പങ്കാളികളല്ല.

13. വനിതാ മത്സ്യ വിപണനക്കാർക്ക് ദൂരസ്ഥലങ്ങളിൽ മത്സ്യം കൊണ്ടു പോകുന്നതിനുള്ള വാഹന സൗകര്യമില്ല.

14. സംസ്കരണ സാധ്യത കുറഞ്ഞുവരുന്നു.

15. മത്സ്യബന്ധന ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.

16. ഉൾനാടൻ മത്സ്യ സമ്പത്തായ കക്ക സംസ്കരണമോ അനുബന്ധ വ്യവസായമോ നിലവിലില്ല

17. മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമല്ല.

18. രാത്രികാലങ്ങളിലെ മത്സ്യ ബന്ധനക്കാർക്ക് ദിക്കറിഞ്ഞ് സുരക്ഷിതമായി തുറകളിലേക്ക് മടങ്ങുന്നതിന് സൗകര്യമില്ല.

19. മത്സ്യ ബന്ധനത്തുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഹനസൗകര്യമുള്ള റോഡുകളില്ല.

20. മത്സ്യത്തൊഴിലാളി പെൻഷൻ എല്ലാവർക്കും ലഭിക്കുന്നില്ല.

21. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയോ വിവിധ മത്സ്യബന്ധന ഏജൻസികളുടെയോ ഓഫീസുകൾ ഈ പ്രദേശത്തില്ല.

### 7.3 അനുമാനം

*ഭൂവിശകലനത്തിൽ നിന്നും പരവൂരിൽ ശരാശരി പുരയിട വിസ്തീർണ്ണം (25–50 സെന്റ്) ആണെന്ന് വ്യക്തമായി. ഇത് വീട്ടുവളപ്പിനോട് ചേർന്നുള്ള പക്ഷി–മൃഗാദി വളർത്തലിന് അനുയോജ്യമാണ്. മൃഗ സംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളുടെ ഉപഭോഗം സൂചിപ്പിക്കുന്നതും മൃഗസംരക്ഷണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇവിടെ തന്നെ വിറ്റഴിയുന്നുവെന്നും അതുകൊണ്ട് തന്നെ മൃഗസംരക്ഷണ മേഖലയ്ക്ക് സാധ്യതയുണ്ടെന്നുമാണ്. അതുപോലെ തന്നെ ജലാശയങ്ങളുടെ ധാരാളിത്തം പരവൂരിനെ താറാവ് വളർത്തലിന് ഏറ്റവും അനുയോജ്യമായ പ്രദേശമാക്കി മാറ്റുന്നു. 7 കിലോ മീറ്ററോളം വരുന്ന കടൽ തീരവും, പരവൂർ കായലും, ഇടവ നടയറ കായലും, കുള ങ്ങളും പരവൂരിന്റെ മത്സ്യബന്ധനമേഖലയുടെ സാധ്യതയെ വർദ്ധിപ്പിക്കുന്നു. അതുപോലെ മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന ആയിരത്തിലധികം തൊഴിലാളികളും മത്സ്യബന്ധനമേഖലയുടെ സാധ്യത വർദ്ധിപ്പിക്കുന്നു.*

# അദ്ധ്യായം – 8

# വിനോദ സഞ്ചാരം

***പരവൂരിൽ വിനോദ സഞ്ചാര മേഖല ഇപ്പോഴും ശൈശവാവസ്ഥയിലാണെന്നുപറയാം. കേരളത്തിന്റെ  വിനോദ സഞ്ചാര ഭൂപടത്തിൽ പരവൂരിന് ഇതുവരെ സ്ഥാനം ലഭിച്ചിട്ടില്ല. പരവൂരിന്റെ വിനോദ സഞ്ചാര മേഖലയിലെ നിലവിലെ സ്ഥിതിയും, സാധ്യതയും ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നു.***

## 8.1 വിനോദ സഞ്ചാരം – നിലവിലെ സ്ഥിതി




*ചിത്രം–8.1*
*കായലും തോടും*

നിലവിലെ സ്ഥിതി പരിശോധിച്ചാൽ ടൂറിസവുമായി ബന്ധപ്പെട്ട് ചെറിയ തോതിലുള്ള പ്രവർത്തനങ്ങളെ പരവൂർ മുനിസിപ്പാലിറ്റിയിൽ നടക്കുന്നുള്ളൂ എന്ന് മനസ്സിലാക്കാം. എന്നാൽ ടൂറിസം മേഖലയെ പരിപോഷിപ്പിക്കാനാവശ്യമായ പ്രകൃതിരമണീയത മുനിസിപ്പൽ പ്രദേശത്ത് നിലനിൽക്കുന്നുണ്ട്.  ഇതിൽ എടുത്തു പറയാവുന്നത് പരവൂർ കായലും, നടയറ കായലും, ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന കനാലും, ലക്ഷദ്വീപ് കടലിന്റെ സാമീപ്യവുമാണ്.



*ചിത്രം – 8.2 കായൽ തീരവും കടൽ തീരവും*

കടലും കായലുമായി ചേരുന്ന പരവൂർ പൊഴിക്കര പ്രദേശവും, തെക്കുംഭാഗം പ്രദേശവും ഏറ്റവും പ്രകൃതി രമണീയമായ പ്രദേശങ്ങളാണ്. വർക്കലയ്ക്കും കൊല്ലത്തിനും മധ്യേയുള്ള പരവൂരിന്റെ സ്ഥാനം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.  ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം നേടിയിട്ടുള്ള വർക്കലയിൽ നിന്നും പരവൂരിലെത്താൻ കഷ്ടിച്ച് 20 കി.മീ. മാത്രമേ ദൂരം ഉള്ളൂ.  കൂടാതെ വർക്കലയുമായി പരവൂർ റോഡുമുഖേനയും , റയിൽ മുഖേനയും ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ കൊല്ലത്തിന്റെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി (അഷ്ടമുടി, തെന്മല) പരവൂർ റോഡുമുഖേന ബന്ധപ്പെട്ടിരിക്കുന്നു.  ഈ സാധ്യതകളെ ടൂറിസം മേഖലയെ പരിപോഷിപ്പിക്കത്തക്ക വിധത്തിൽ വികസിപ്പിക്കേണ്ടതുണ്ട്.  പരവൂരിൽ നിലവിൽ ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലുള്ളത് രണ്ടു സ്വകാര്യ സ്ഥാപനങ്ങളാണ് (ലേക്സാഗറും, അക്വാസെറീനും). വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾക്കു വേWvSുന്ന പശ്ചാത്തല സൗകര്യങ്ങൾ മുനിസിപ്പൽ പ്രദേശത്ത് കുറവാണ്.

പുരാതന ക്ഷേത്രങ്ങളും, കൊല്ലം ജില്ലയിൽ തന്നെ പേരുകേട്ട ഉത്സവങ്ങളും പരവൂരിന് സ്വന്തമാണ്. ഇതും പരവൂരിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നു. പരവൂരിലെ പുരാതന ആരാധാനാലയങ്ങളുടെ പട്ടിക താഴെ നൽകിയിരിക്കുന്നു.



*പട്ടിക:8-1 പരവൂരിലെ പുരാതന ആരാധനാലയങ്ങൾ*

| |
|---|
| ആയിരവല്ലി ക്ഷേത്രം |
| ചിറയിൽ ക്ഷേത്രം |
| പെരുമ്പുഴ ക്ഷേത്രം |
| പനയിൽകാവു ക്ഷേത്രം |
| പുറ്റിംഗൽ ദേവീ ക്ഷേത്രം |
| പൊഴിക്കര ക്ഷേത്രം |
| പുതിയകാവ് ക്ഷേത്രം, തെക്കുംഭാഗം |
| പുത്തൻ പള്ളി |
| പൊളിഞ്ഞ പള്ളി |



ക്ഷേത്രങ്ങളിൽ ആയിരവല്ലി ക്ഷേത്രത്തോടനുബന്ധിച്ചുള്ള കാവ് പ്രത്യേകം പരാമർശം അർഹിക്കുന്നു. ഈ നിത്യഹരിതമായ കാവിൽ ആയിരക്കണക്കിന് വവ്വാലുകൾ ചേക്കേറുന്നു. പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്തും, വിനോദസഞ്ചാര സാധ്യത കണക്കിലെടുത്തും ഈ പ്രദേശം സംരക്ഷിക്കേണ്ടതാവശ്യമാണ്. പരവൂർ പുറ്റിംഗൽ ക്ഷേത്രത്തിലെ പ്രശസ്തിയാർജ്ജിച്ച കമ്പം പലരെയും ഇവിടേക്ക് ആകർഷിക്കാറുണ്ട്.




*ചിത്രം – 8.3 പരവൂരിലെ പ്രധാന ആരാധനാലയങ്ങൾ*

## 8.2 ജലപാത (ടി.എസ് കനാൽ)

ദേശീയ ജലപാതയുടെ ഭാഗമായി ടി.എസ്. കനാലിന്റെ കൊല്ലം–കോട്ടപ്പുറം ഭാഗത്തിന്റെ പുനരുദ്ധാരണവും, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ടി.എസ്.കനാലിന്റെ കൊല്ലം– തിരുവനന്തപുരം ഭാഗത്തിന്റെ പുനരുദ്ധാരണവും പൂർത്തീകരിക്കുമ്പോൾ ടി.എസ് കനാലിലൂടെയുള്ള വിനോദ സഞ്ചാരികളുടെ യാത്ര വർദ്ധിക്കുകയും ഇത് പരവൂരിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യും. പരവൂർ നഗരസഭ പ്രദേശത്തിനുള്ളിലെ ഇടവ നടയറക്കായലും, പരവൂർ കായലും തമ്മിൽ ബന്ധിപ്പിക്കുന്നതും ടി.എസ്. കനാലാണ്.അതുകൊണ്ട് തന്നെ നടയറ കായൽ – ടി.എസ്. കനാൽ – പരവൂർ കായൽ – ഇത്തിക്കരയാറ് എന്നത് പരവൂരിലെ ഒരു വിനോദ സഞ്ചാര ശൃംഖലയായി (Tourist Circuit) വർത്തിക്കുന്നതാണ്.

## 8.3 തീരദേശ റോഡ്

കൊല്ലം – മയ്യനാട് – പരവൂർ – കാപ്പിൽ – വർക്കല തീരദേശ റോഡിന്റെ കൊല്ലം – മയ്യനാട് – പരവൂർ ഭാഗം ഇപ്പോൾ യാത്രായോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഈ തീരദേശ റോഡിന്റെ പുനരുദ്ധാരണം പരവൂരിന്റെ വിനോദ സഞ്ചാര മേഖലയിലെ ആക്കം കൂട്ടുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലുള്ള പദ്ധതി എന്ന നിലയ്ക്ക്, തീരദേശ റോഡ് സമീപ ഭാവിയിൽ തന്നെ ഗതാഗത യോഗ്യമാകുമെന്ന് പ്രതീക്ഷിക്കാം. ഈ തീരദേശ റോഡിന്റെ ഇരുവശവുമുള്ള പ്രദേശങ്ങൾ പരവൂരിലെ പ്രകൃതി രമണീയമായ പൊഴിക്കര പ്രദേശവും തെക്കുംഭാഗം പ്രദേശവുമാണ്.

## 8.4 പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ

നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്നതും പൈതൃക പ്രാധാന്യവുമുള്ള രണ്ട് പ്രദേശങ്ങളാണ് പരവൂരിലെ പൊഴിക്കര ദേവീ ക്ഷേത്രവും പുറ്റിംഗൽ ദേവീ ക്ഷേത്രവും. (ചിത്രം–8.3). പൊഴിക്കര ദേവീക്ഷേത്രത്തിലുള്ള 'പൊഴിക്കര ശാസനം' 12–ാം നൂറ്റാണ്ടിൽ തയ്യാറാക്കിയതാണ്. ഇത് നൂറ്റാണ്ടുകൾക്ക് മുമ്പ് പരവൂരിൽ നിലനിന്നിരുന്ന ജീവിത രീതികളെക്കുറിച്ചും, വികസന ഭരണ രീതികളെക്കുറിച്ചും പ്രതിപാദിക്കുന്നു. ചരിത്രപ്രാധാന്യമുള്ള ഈ പ്രദേശങ്ങളും പരവൂരിന്റെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കാൻ ഉതകും.

## 8.5 അനുമാനം

*ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം നേടിയിട്ടുള്ള വർക്കലയുമായുള്ള സാമീപ്യവും, കടലും കായലും സംഗമിക്കുന്ന പ്രകൃതി രമണീയമായ പ്രദേശമെന്നതും, പരവൂർ റെയിൽമാർഗ്ഗവും റോഡു മാർഗ്ഗവും ജില്ലയിലെ മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതും ഇവിടുത്തെ വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കാൻ പോന്ന ഘടകങ്ങളാണ്. അതുപോലെ ടി.എസ്. കനാലിന്റെയും, തീരദേശ റോഡിന്റെയും പുനരുദ്ധാരണം പരവൂരിന്റെ വിനോദ സഞ്ചാര മേഖലയുടെ സാധ്യതയേറ്റുന്നു. അതോടൊപ്പം പരവൂരിലെ പുരാതന ആരാധനാലയങ്ങളും, പ്രസിദ്ധമായ ഉത്സവങ്ങളും പരവൂരിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നു.*

<<< previous | contents | next >>>

# അദ്ധ്യായം – 9

## ഗതാഗതം

*റോഡ്, റെയിൽ, ജലപാതകൾക്ക് പരവൂരിന്റെ ഗതാഗത മേഖലയിൽ സ്ഥാനമുണ്ട്. എന്നാൽ പരവൂരിൽ ഗതാഗതത്തിനായി ജനങ്ങൾ പ്രധാനമായും റോഡ് മാർഗ്ഗത്തെയും റെയിൽ മാർഗ്ഗത്തെയും ആശ്രയിക്കുന്നു. ഈ അദ്ധ്യായത്തിൽ പരവൂരിൽ നിലവിലുള്ള ഗതാഗത സൗകര്യങ്ങളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നു.*

### 9.1 റോഡ് ശൃംഖല

പരവൂർ നഗരസഭാ പ്രദേശത്തിനുള്ളിലെ റോഡുകളെ പൊതുവിൽ രണ്ടായി തിരിക്കാം. പരവൂർ നഗരസഭാ പ്രദേശത്തെ ജില്ലയിലെ മറ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റീജിയണൽ റോഡുകളും നഗരസഭാ പ്രദേശത്തിനുള്ളിലെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രാദേശിക റോഡുകളും. പരവൂരിന് ചുറ്റുമുള്ള വികസിത കേന്ദ്രങ്ങളായ കൊല്ലം പട്ടണം, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി, തിരവനന്തപുരം ജില്ലയിലെ വർക്കല എന്നീ പ്രദേശങ്ങളുമായി ഈ റീജിയണൽ റോഡുകൾ മുഖേന ബന്ധിപ്പിച്ചിരിക്കുന്നു. റീജിയണൽ റോഡ് ശൃംഖലയിൽപ്പെടുന്ന റോഡുകളാണ്.




*ചിത്രം– 9–1 പരവൂരിലെ റീജിയണൽ റോഡ് ശൃംഖല*

- ചാത്തന്നൂർ – പരവൂർ റോഡ്
- പരവൂർ – പാരിപ്പള്ളി റോഡ്
- പരവൂർ – വർക്കല റോഡ്
- തീരദേശ റോഡ്

ഈ റോഡുകൾ ചിത്രം 9.1 ൽ കാണിച്ചിരിക്കുന്നു.

റീജിയണൽ റോഡുശൃംഖലയിലെ ഭാഗമായി പരവൂർ നഗരസഭാ പ്രദേശത്തിനുള്ളിലൂടെ കടന്നുപോകുന്ന റോഡുകളാണ് പരവൂർ നഗരസഭാ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ള പ്രൈമറി റോഡുകൾ. പ്രൈമറി റോഡുകൾ

- നെടുങ്ങോലം – പരവൂർ ജംഗ്ഷൻ റോഡ്
- പരവൂർ ജംഗ്ഷൻ – തെക്കുംഭാഗം റോഡ്
- പൊഴിക്കര – പരവൂർ ജംഗ്ഷൻ റോഡ്
- പരവൂർ ജംഗ്ഷൻ – കൂനയിൽ റോഡ്
- കനാൽ റോഡ് (കൂട്ടൂർപാലം – പൊഴിക്കര ജംഗ്ഷൻ)
- പരവൂർ ജംഗ്ഷൻ – ഒല്ലാൽ റോഡ്, എന്നിവയാണ്.

ഇത് ചിത്രം 9.2–ൽ നൽകിയിരിക്കുന്നു.




*ചിത്രം– 9–2 പരവൂരിലെ റോഡ് ശൃഖല*

പ്രൈമറി റോഡുകളുടെ നിലവിലെ സ്ഥിതി പട്ടിക 9.1–ൽ നൽകിയിരിക്കുന്നു.

*പട്ടിക– 9–1 പരവൂരിലെ പ്രധാന റോഡുകൾ*

| ക്രമ നം. | റോഡ് | ഏകദേശ വീതി (മീ.) | സ്ഥിതി (ടാർ ചെയ്തത് / ചെയ്യാത്തത്) |
|---|---|---|---|
| 1 | നെടുങ്ങോലം – പരവൂർ ജംഗ്ഷൻ | 12 | ടാർ |
| 2 | പരവൂർ ജംഗ്ഷൻ – തെക്കുംഭാഗം | 11 | ടാർ |
| 3 | പൊഴിക്കര – പരവൂർ ജംഗ്ഷൻ | 8.5 | ടാർ |
| 4 | പരവൂർ ജംഗ്ഷൻ – കൂനയിൽ | 9 | ടാർ |
| 5 | കുട്ടൂർ പാലം – പൊഴിക്കര ജംഗ്ഷൻ | 11 | ടാർ |
| 6 | പരവൂർ ജംഗ്ഷൻ–ഒല്ലാൽ | 8 | ടാർ |

പരവൂരിലെ നഗരസഭാ പ്രദേശത്തിനുള്ളിലൂടെ കടന്നുപോകുന്ന ദ്വിതീയ പ്രാധാന്യമുള്ള റോഡുകൾ (Secondary Roads) താഴെ പറയുന്നു.

- വിനായകർ ജംഗ്ഷൻ – പാറയിൽക്കാവ് ജംഗ്ഷൻ – റേഷൻകട ജംഗ്ഷൻ റോഡ്
- കൂനയിൽ ജംഗ്ഷൻ – ആയിരവല്ലി ക്ഷേത്രം – റേഷൻകട ജംഗ്ഷൻ റോഡ്
- ദയാബ്ജി ജംഗ്ഷൻ – പാറയിൽക്കാവ് ക്ഷേത്രം – ആയിരവല്ലി ക്ഷേത്രം റോഡ്
- തീയറ്റർ ജംഗ്ഷൻ – ഐ.ടി.സി. – റെയിൽവേ സ്റ്റേഷൻ റോഡ്
- മുനിസിപ്പൽ ഓഫീസിന് മുന്നിലൂടെ ആയുർവേദ ആശുപത്രിക്ക് സമീപത്ത് കൂടി പരവൂർ ജംഗ്ഷനിൽ എത്തിച്ചേരുന്ന റോഡ്.
- മഞ്ചാടിമൂട് ജംഗ്ഷൻ – അന്നപൂർണ്ണേശ്വരി ക്ഷേത്രം ജംഗ്ഷൻ റോഡ്

*പട്ടിക 9.2 ദ്വിതീയ പ്രാധാന്യമുള്ള റോഡുകൾ (Secondary Roads)*

| നം | റോഡ് | ഏകദേശ വീതി (മീ) | സ്ഥിതി |
|---|---|---|---|
| 1 | വിനായകർ ജംഗ്ഷൻ – പാറയിൽക്കാവ് ജംഗ്ഷൻ – റേഷൻകട ജംഗ്ഷൻ റോഡ് | 8 | ടാർ |
| 2 | കൂനയിൽ ജംഗ്ഷൻ – ആയിരവല്ലി ക്ഷേത്രം – റേഷൻകട ജംഗ്ഷൻ റോഡ് | 8 | ടാർ |
| 3 | ദയബ്ജി ജംഗ്ഷൻ – പാറയിൽക്കാവ് ക്ഷേത്രം – ആയിരവല്ലി ക്ഷേത്രം റോഡ് | 6 | ടാർ |
| 4 | തീയറ്റർ ജംഗ്ഷൻ – ഐ.ടി.സി. – റെയിൽവേ സ്റ്റേഷൻ റോഡ് | 5 | ടാർ |
| 5 | മുനിസിപ്പൽ ഓഫീസിന് മുന്നിലൂടെ ആയുർവേദ ആശുപത്രിക്ക് സമീപത്ത് കൂടി പരവൂർ ജംഗ്ഷനിൽ എത്തിച്ചേരുന്ന റോഡ്. | 8 | ടാർ |
| 6 | മഞ്ചാടിമൂട് ജംഗ്ഷൻ – അന്നപൂർണ്ണേശ്വരി ക്ഷേത്രം ജംഗ്ഷൻ റോഡ് | 4.5 | ടാർ |

പരവൂർ നഗരസഭാ പ്രദേശത്തിലെ പ്രാഥമിക റോഡുകളും ദ്വിതീയ റോഡുകളും ഒരു ശൃംഖല യുടെ ഭാഗമായി വികസിച്ചിട്ടില്ല. എല്ലാ പ്രാഥമിക റോഡുകളുടെയും വീതി ഏകീകൃതമല്ല.അതു പോലെ തന്നെ ദ്വിതീയ റോഡുകളുടെയും വീതി ഏകീകൃതമല്ല.ഏതെങ്കിലും ഒരു റോഡ് എടു ത്താൽ ഇതിന് പല ഭാഗത്തും വ്യത്യസ്ത വീതിയാണുള്ളത്. കാര്യക്ഷമമായ റോഡ് ശൃംഖല യുടെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

## 9.2 വാഹനങ്ങളുടെ വ്യാപ്തം. (Traffic Volume)

പ്രധാനപ്പെട്ട റോഡുകളിലൂടെയുള്ള വാഹനങ്ങളുടെ എണ്ണവും പരവൂരിലെ റോഡുകളി ലൂടെ നിശ്ചിത സമയം കടന്നുപോകുന്ന വാഹനങ്ങളുടെ വ്യാപ്തം (Traffic Volume) സൂചിപ്പി ക്കുന്ന ചിത്രവും പട്ടികയും താഴെ നൽകിയിരിക്കുന്നു.



*ചിത്രം–9.3 പരവൂരിലെ പ്രധാന റോഡുകളിലൂടെ നിശ്ചിത സമയം കടന്നുപോകുന്ന വാഹനങ്ങളുടെ വ്യാപ്തം (PCU)*

*പട്ടിക–9.3 പരവൂരിലെ പ്രധാന റോഡുകളിലൂടെ നിശ്ചിത സമയം കടന്നുപോകുന്ന വാഹനങ്ങളുടെ എണ്ണവും V/C അനുപാതവും*

| Volume - capacity ratio for major road sections in Paravoor Town - 2000 | | | | |
|---|---|---|---|---|
| Sl. No | Name of road stretch | Capacity (PCUs /day) | Volume (PCUs/day) | V/C ratio |
| 1 | Paravoor-Ollal Jn | 4,000 | 6,853 | 1.71 |
| 2 | Ollal Jn-Parippally | 5,000 | 6,106 | 1.22 |
| 3 | Paravoor-Railway Station | 8,000 | 3,680 | 0.46 |
| 4 | RS road Chathannoor | 8,000 | 3,351 | 0.42 |
| 5 | RS road - Paravoor | 5,000 | 6,414 | 1.28 |
| 6 | Paravoor-Thekkumbhagam | 8,000 | 2,798 | 0.35 |
| 7 | Thekkumbhagam- Varkala | 8,000 | 2,245 | 0.28 |
| 8 | Paravoor - Bus Station | 8,000 | 8,737 | 1.09 |
| 9 | Bus Station - Pozhikkara | 8,000 | 2,185 | 0.27 |
| 10 | Kuttoor - Maniyankulam | 8,000 | 645 | 0.08 |

Source : NATPAC traffic survey - April 2000

മേൽ പറഞ്ഞ ചിത്രവും, പട്ടികയും സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ വാഹനങ്ങൾ കടുന്നുപോകുന്നത് ചാത്തന്നൂർ – പരവൂർ റോഡുകളിലൂടെയും, പാരിപ്പള്ളി – പരവൂർ റോഡുക ളിലൂടെയുമാണെന്നാണ്. അതുപോലെ പരവൂർ – ഒല്ലാൽ ജംഗ്ഷൻ, ഒല്ലാൽ ജംഗ്ഷൻ – പാരിപ്പ ള്ളി, പരവൂർ ബസ് സ്റ്റേഷൻ റോഡ്, പരവൂർ – റെയിൽവേ ഓവർ ബ്രിഡ്ജ് റോഡ് എന്നീ റോഡുകളിലെ (ഇതെല്ലാം പരവൂർ ജംഗ്ഷന് ചുറ്റുമുള്ള റോഡുകളാണ്.) ട്രാഫിക് വ്യാപ്തം– റോഡ് കപ്പാസിറ്റി അനുപാതം (V/C ratio) ഒന്നിൽ കൂടുതലാണ്. റോഡുകളുടെ വീതി കൂട്ടേണ്ടത് അത്യാവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

## 9.3 വാഹനങ്ങളുടെ തരം

15 ഓളം ട്രാൻസ്പോർട്ട് ബസുകളും 85 ഓളം സ്വകാര്യ ബസുകളും ഉൾപ്പെടെ 100 ഓളം ബസുകൾ ഇതുവഴി കടന്നുപോകുന്നു. മൂന്ന് ആട്ടോ സ്റ്റാൻഡുകളിലായി 200 ഓളം ആട്ടോറിക്ഷാകളും 6 ടാക്സി സ്റ്റാൻഡുകളിലായി 60 ഓളം മിനി ലോറികളും സർവ്വീസ് നടത്തുന്നു. നാറ്റ്പാക്ക് (NATPAC) നടത്തിയ ഗതാഗത സർവ്വേ (2000) പ്രകാരം പരവൂരിലൂടെ കടന്നുപോകുന്ന വിവിധ വാഹനങ്ങളുടെ ശതമാന കണക്ക് ചിത്രം 9–4 ൽ നൽകിയിരിക്കുന്നു.




*അവലംബം – നാറ്റ്പാക്ക് സർവ്വേ – ഏപ്രിൽ 2000*

*ചിത്രം 9–4 പരവൂരിലൂടെ പ്രതിദിനം കടന്നുപോകുന്ന വാഹനങ്ങൾ*

പരവൂരിലൂടെ കടന്നു പോകുന്നതിൽ 67% വാഹനങ്ങളും ചെറിയ തരം (ഇരു ചക്ര–മൂന്നു ചക്ര) വാഹനങ്ങളാണെന്നു കാണാം. പരവൂരിലൂടെ പോകുന്നതിൽ 6% ബസുകളാണ്
ചിത്രം 9–5 ൽ പരവൂരിലെ ജനങ്ങൾ യാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ശതമാന കണക്ക് കാണിച്ചിരിക്കുന്നു.




*അവലംബം – നാറ്റ്പാക്ക് സർവ്വേ – ഏപ്രിൽ 2000*

*ചിത്രം 9–5 പരവൂർ നിവാസികൾ യാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ തരം*

ചിത്രം 9.5 ൽ നിന്നും വ്യക്താമാകുന്നത് 41% ആൾക്കാരും യാത്രയ്ക്കായി ബസിനെ ആശ്രയിക്കുന്നുവെന്നാണ്. 1.17% ആൾക്കാർ മാത്രമാണ് റെയിൽവേയെ ആശ്രയിക്കുന്നത്.

പരവൂരിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ യാത്ര ആരംഭിച്ച സ്ഥലവും – എത്തിച്ചേരേണ്ട സ്ഥലവും (Origin and Destination) പരിശോധിച്ചാൽ മനസ്സിലാകുന്നത് (ചിത്രം.9.6) പരവൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന 84% വാഹനങ്ങളുടെയും ഉത്ഭവ സ്ഥാനമോ എത്തിച്ചേരേണ്ട സ്ഥലമോ പരവൂർ ആണ് എന്നതാണ്. അതായത് 16% വാഹനങ്ങൾ മാത്രമാണ് മറ്റ് പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനായി പരവൂരിലൂടെ യാത്ര ചെയ്യുന്നത്.




*ചിത്രം–9.6 പരവൂർ മുനിസിപ്പൽ പ്രദേശത്തെ യാത്രവാഹനങ്ങളുടെ യാത്ര ആരംഭിച്ച*
**Ø ehpwF ¯ rt¨ tc**ണ്ട *സ്ഥലവും വിശകലനം നടത്തി കണ്ടെത്തിയ Desire line*

ഇതിൽ നിന്നും മനസ്സിലാക്കുന്നത് പരവൂരിൽ മറ്റ് പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനായി യാത്ര നടത്തുന്നവർ (Bypassable Traffic) തുലോം കുറവാണ് എന്നതാണ്.

## 9.4 ചരക്ക് ഗതാഗതം

നാറ്റ്പാക് നടത്തിയ സർവ്വേ പ്രകാരം, പച്ചക്കറികളും, നിർമ്മാണ സാമഗ്രികളുമാണ് പരവൂരിലേക്ക് വരുന്ന ചരക്കുകളിൽ ഏറ്റവും പ്രാധാന്യമേറിയത്. പരവൂരിലേക്കുള്ള മൊത്തം ചരക്കു ഗതാഗതത്തിൽ (ദിവസേന 714 ടൺ) പകുതിയോളം (312 ടൺ) പച്ചക്കറികളും, നിർമ്മാണ സാമഗ്രികളുമാണ്. ഏകദേശം 714 ടൺ ചരക്കുകളാണ് പരവൂരിലൂടെ മറ്റ് പ്രദേശങ്ങളിലേക്ക് പോകുന്നതായി കാണുന്നത്. ഇതിൽ ഏറ്റവും കൂടുതലായിട്ടുള്ളത് അരിയാണ്. പരവൂർ റെയിൽവേ സ്റ്റേഷനിൽ വരുന്ന അരിയാണ്, ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് പരവൂരിലൂടെ കടന്നുപോകുന്നത്.

## 9.5 പാർക്കിംഗ്

പരവൂർ ജംഗ്ഷനിൽ വാഹനങ്ങളുടെ പാർക്കിംഗിന് സ്ഥലമില്ല എന്നുതന്നെ പറയാം. ആട്ടോറിക്ഷകൾക്കും, ടൂറിസ്റ്റ് ടാക്സികൾക്കും, മിനി ലോറികൾക്കും പാർക്ക് ചെയ്യാൻ സ്റ്റാന്റു കളില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. ഇവ ഇപ്പോൾ റോഡുകളുടെ വശങ്ങളിലായാണ് പാർക്ക് ചെയ്യുന്നത്. (ചിത്രം 9.7) കടകൾക്ക് മുമ്പിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നത് പല പ്പോഴും വ്യാപാരികൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.




*ചിത്രം 9.7– പരവൂർ നഗരസഭാകേന്ദ്രം – പ്രശ്നങ്ങൾ*

പാർക്കിംഗ് സർവ്വേ (Interim Development Plan for Paravur, 2001) സൂചിപ്പിക്കുന്നത് പരവൂർ ജംഗ്ഷ നിൽ ഏറ്റവും തിരക്കേറിയ സമയത്ത് 118 ഓളം വാഹനങ്ങൾ (30 ആട്ടോറിക്ഷ, 17 സൈക്കിൾ, 27 ദ്വിചക്രവാഹനങ്ങൾ, 15 കാറുകൾ) പാർക്കുചെയ്യുന്നുണ്ട് എന്നാണ്. ഇത് പരവൂർ ജംഗ്ഷനിൽ തിരക്കേറിയ സമയത്ത് ട്രാഫിക് കുരുക്ക് സൃഷ്ടിക്കുന്നു.

## 9.6 ബസ് സ്റ്റാൻഡ്

പരവൂരിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റ് ഉണ്ട്. ഇത് പരവൂർ ജംഗ്ഷനിൽ നിന്നും 50 മീറ്റർ പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നു. ഇവിടെ ഒരേ സമയം 7–8 ബസുകൾക്കു പാർക്കു ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. കൊട്ടിയം, ചിന്നക്കട, പാരിപ്പള്ളി, ചാത്തന്നൂർ, വർക്കല എന്നിവിടങ്ങളിലേക്ക് ഇവിടെ നിന്നും ബസ് സർവ്വീസ് നടത്തുന്നുണ്ട്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വക ബസ്സുകൾ കൊല്ലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിന്നും 4 സർവ്വീസുകൾ പരവൂരിലേക്കു നടത്തുന്നുണ്ട്.

## 9.7 റെയിൽ ഗതാഗതം

1918–ൽ കൊല്ലം തിരുവനന്തപുരം റയിൽവേ ലൈൻ പൂർത്തിയായപ്പോഴാണ് പരവൂർ കുറുമണ്ടൽ ഭാഗത്ത് ഒരു റയിൽവേ സ്റ്റേഷൻ സ്ഥാപിതമായത്. 1977– ൽ ഈ ലൈൻ ബ്രോഡ്ഗേജ് ആയി. കൊല്ലം ജില്ലയിൽ കൊല്ലം നഗരം കഴിഞ്ഞാൽ ബ്രോഡ്ഗേജ് ലൈൻ കടന്നുപോകുന്ന ഏക നഗരപ്രദേശമാണ് പരവൂർ.

ഉദ്ദേശം 75 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച ഈ റയിൽവേ സ്റ്റേഷനിൽ ഇന്നും കാലാനുസൃതമായ പുരോഗതിയുണ്ടായിട്ടില്ല. പരവൂർ നഗരസഭയുടെ പ്രദേശത്തുകൂടി 5 കിലോമീറ്റർ റയിൽപാത കടന്നുപോകുന്നുണ്ട്. പരവൂർ പാരിപ്പള്ളി റോഡിൽ ഒല്ലാൽ ഭാഗത്ത് ഒരു റയിൽവേ ഗേറ്റുണ്ട്. ദിവസവും ശരാശരി 5000 ൽ പരം യാത്രക്കാർ ഈ സ്റ്റേഷനിലൂടെ വന്നു പോകുന്നു. പരിസര പ്രദേശങ്ങളിലെ ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കറ്റായ പരവൂരിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും റയിൽ വഴി ചരക്കു സാധനങ്ങൾ ഇറക്കുന്നുണ്ട്. ചാത്തന്നൂർ അസംബ്ലി മണ്ഡലത്തിലെ ഏക റയിൽവേ സ്റ്റേഷനാണ് പരവൂർ. നിർദ്ദിഷ്ട ടൂറിസം പ്രദേശം കൂടിയായ പരവൂരിൽ റയിൽ ഗതാഗതത്തിന് ഇപ്പോൾ വളരെയേറെ പ്രാധാന്യം ഉണ്ട്.



*ചിത്രം–9.8 പരവൂർ റെയിൽവേ സ്റ്റേഷൻ*

## പരവൂരിൽ സ്റ്റോപ്പുള്ള എക്സ്പ്രസ് ട്രെയിനുകൾ

1 മംഗലാപുരം–തിരുവനന്തപുരം–മംഗലാപുരം (മലബാർ എക്സ്പ്രസ്)
2 ഇന്റർസിറ്റി എക്സ്പ്രസ്
3 ബോംബെ–കന്യാകുമാരി–ബോബെ
4 **ബാംഗ്ലൂർ–കന്യാകുമാരി–ബാംഗ്ലൂർ**
5 ഷൊർണ്ണൂർ–തിരുവനന്തപുരം–ഷൊർണ്ണൂർ
6 കണ്ണൂർ–തിരുവനന്തപുരം–കണ്ണൂർ
7 ഗുരുവായൂർ–ചെന്നൈ–ഗുരുവായൂർ

## പരവൂരിൽ സ്റ്റോപ്പുള്ള ഷട്ടിൽ ട്രെയിനുകൾ

1 മധുര–കൊല്ലം–തിരുവനന്തപുരം
2 തിരുവനന്തപുരം–കോട്ടയം–തിരുവനന്തപുരം
3 തിരുവനന്തപുരം–കൊല്ലം–തിരുവനന്തപുരം

### 9.8 ജലഗതാഗതം

പരവൂരിന്റെ വ്യവസായിക വളർച്ചയ്ക്ക് ആക്കം കൂട്ടിയത് ടി.എസ്. കനാലിലൂടെയുള്ള ചരക്ക് ഗതാഗതമായിരുന്നു. പരവൂരിലെ രണ്ടു കായലുകളെയും ബന്ധിപ്പിച്ചു കൊണ്ടു ടി.എസ്. കനാൽ പരവൂരിലൂടെ കടന്നുപോകുന്നുവെങ്കിലും, ഇപ്പോൾ ഇത് ഗതാഗതത്തിന് ഉപയോഗിക്കുന്നതേയില്ല. സംസ്ഥാനത്ത് ജലഗതാഗതത്തിന് പ്രാധാന്യം നൽകി വരുന്നതിനാൽ, അനതിവിദൂര ഭാവിയിൽ പരവൂരിലും ജല ഗതാഗതത്തിന് പ്രാധാന്യമേറുമെന്ന് പ്രതീക്ഷിക്കാം.

### 9.9 ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ

- ✍ പരവൂർ ജംഗ്ഷനിലെ ഗതാഗത കുരുക്ക്
- ✍ ആട്ടോറിക്ഷയ്ക്കും, ടാക്സികാറുകൾക്കും, ലോറികൾക്കും അംഗീകൃത പാർക്കിംഗ് സ്ഥലങ്ങളില്ല.
- ✍ പരവൂരിന്റെ സമീപ ഗ്രാമപഞ്ചായത്തായ മയ്യനാടുമായി ബന്ധപ്പെടാനുള്ള റോഡിന്റെ അഭാവം.
- ✍ വാഹന ഗതാഗതത്തിന്റെ വ്യാപ്തിക്കനുസൃതമായി നിലവിലെ റോഡുകളുടെ വീതികുറവ്.

- ✍ പരവൂർ നിവാസികൾ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾക്കും, ആശുപത്രികൾക്കും, വാണിജ്യ ആവശ്യങ്ങൾക്കുമായി കൂടുതലും ബന്ധപ്പെടുന്നത് കൊല്ലത്തിന്റെ വാണിജ്യകേന്ദ്രമായ (CBD) ചിന്നക്കടയുമായാണ്. തീരദേശ റോഡിന്റെ ശോചനീയമായ അവസ്ഥ മൂലം ചിന്നക്കടയുമായി ബന്ധപ്പെടുന്നതിന് പരവൂർ നിവാസികൾ 28 കി.മീ. സഞ്ചരിക്കേണ്ടിവരുന്നു. എന്നാൽ തീരദേശ വഴിയിലാണെങ്കിൽ ഇത് 13 കി.മീ. ആയി കുറയും.

- ✍ കാര്യക്ഷമമായ ഗതാഗത ശൃംഖലയുടെ അഭാവം.

## 9.10 അനുമാനം

*പരവൂർ നഗരസഭ കൊല്ലം ജില്ലയുടെ തെക്കു-പടിഞ്ഞാറ് അതിർത്തിയിലുള്ള പ്രദേശമാണ്. കൊല്ലം ജില്ലയുടെ മറ്റുപ്രദേശങ്ങളുമായി പ്രധാനമായും റോഡുമാർഗ്ഗം പരവൂർ ബന്ധപ്പെട്ടിരിക്കുന്നു. ഇവിടുത്തെ റെയിൽവേ സ്റ്റേഷൻ പരവൂരിലെ ഗതാഗത സൗകര്യത്തിന് ആക്കം കൂട്ടുന്നു. മയ്യനാടും തുടർന്ന് ചിന്നക്കടയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡിന്റെ അഭാവം പരവൂരിനെ കൊല്ലത്തിന്റെ വാണിജ്യകേന്ദ്രവുമായി ബന്ധപ്പെടുത്തുന്നതിന് പ്രയാസം സൃഷ്ടിക്കുന്നു. അതുപോലെ പരവൂർ ജംഗ്ഷൻ വിവിധ ഗതാഗത അസൗകര്യങ്ങളാൽ വീർപ്പ് മുട്ടുകയാണ്. പരവൂർ ജംഗ്ഷന് ചുറ്റുമുള്ള റോഡുകളെല്ലാം വീതികുറഞ്ഞവയും നിലവിലെ ഗതാഗത വ്യാപ്തംപോലും താങ്ങാൻ പര്യാപ്തമല്ലാത്തവയുമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം– 10

# വിദ്യാഭ്യാസം

*ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്തെ വിദ്യാഭ്യാസ നിലവാരം, വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ, വിദ്യാഭ്യാസ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ എന്നിവ വിശദമാക്കിയിരിക്കുന്നു.*

## 10.1 വിദ്യാഭ്യാസ നിലവാരം

പരവൂർ മുനിസിപ്പാലിറ്റിയിലെ ജനസംഖ്യയുടെ 89.36% ആൾക്കാർ സാക്ഷരരാണ് (30465 പേർ) ജില്ലയുടേതുമായി തട്ടിച്ചു നോക്കുമ്പോൾ പരവൂരിന്റെ സാക്ഷരത നിരക്ക് കുറവാണെന്ന് കാണാം (ജില്ല– 91.24%). വനിതാ സാക്ഷരത നിരക്കിലും, പരവൂർ നഗരസഭയുടെ സാക്ഷരത ജില്ലയേക്കാൾ കുറവാണ് (പരവൂർ– 87.06%, ജില്ല– 88.34%).ചിത്രം–10.1 ൽ ഇത് വിശദമാക്കിയിരിക്കുന്നു.




*ചിത്രം–10.1 സാക്ഷരത നിരക്ക്*

പരവർ നഗരസഭാ പ്രദേശത്തെ വിവിധ വിദ്യാഭ്യാസം സിദ്ധിച്ച ജനങ്ങളുടെ എണ്ണം ശതമാനത്തിൽ ചിത്രം (10.2) ൽ കൊടുത്തിരിക്കുന്നു.




*അബലംബം : സാമൂഹിക സാമ്പത്തിക സർവ്വേ*

*ചിത്രം–10.2 വിദ്യാഭ്യാസ നിലവാരം*

ഇതിൽനിന്നും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരാണ് ഏറ്റവും കുറവ് എന്നു മനസ്സിലാക്കാം (6%). ഇത് പക്ഷേ ജില്ലയുടെ നിലവാരത്തോട് തുല്യമാണ് (ജില്ല 6%) ഹൈസ്കൂൾ (10–ാം തരം)

അല്ലെങ്കിൽ ഹയർ സെക്കൻഡറി (12–ാം തരം) വിദ്യാഭ്യാസം നേടിയവരാണ് കൂടുതൽ ശതമാനം പേരും (പരവൂർ – 63%, ജില്ല – 67%) പ്രൈമറി വിദ്യാഭ്യാസം മാത്രമുള്ളവർ, മുനിസിപ്പാലിറ്റിയിൽ 15% ഉള്ളപ്പോൾ ജില്ലയിലേത് 10% ആണ്. ഡിഗ്രിതലം വരെ വിദ്യാഭ്യാസമുള്ളവർ മുനിസിപ്പാലിറ്റിയിലും ജില്ലയിലും ഏകദേശം തുല്യശതമാനമാണ് ഉള്ളത് (പരവൂർ 16%, ജില്ല – 17%) ഹയർസെക്കണ്ടറി വിദ്യാഭ്യാസം നേടിയ 63% പേർ പരവൂർ നഗരസഭയുടെ മുതൽക്കൂട്ടാണെന്നു പറയാം.

## 10.2 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തരവും എണ്ണവും

പരവൂർ മുനിസിപ്പാലിറ്റിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണവും തരവും താഴെ പട്ടിക (10.1) ൽ കൊടുത്തിരിക്കുന്നു.

*പട്ടിക–10.1 സ്കൂളുകളുടെ എണ്ണവും തരവും.*

| ക്രമനമ്പർ | തരം | എണ്ണം |
|---|---|---|
| 1. | അംഗൻവാടികൾ | 21 |
| 2. | എൽ.പി സ്കൂൾ | 4 |
| 3. | യു. പി സ്കൂൾ | 3 |
| 4. | എച്ച്. എസ്സ് | 2 |
| 5. | എച്ച്. എസ്സ്. എസ്സ് | 1 |

പരവൂർ നഗരസഭാ പ്രദേശത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാനം ചിത്രം (10.2) ൽ കൊടുത്തിരിക്കുന്നു.




*ചിത്രം 10.3 പരവൂർ നഗരസഭാപ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാനം*

## 10.3 ഇന്നത്തെ സ്ഥിതി

പരവൂരിൽ 10 അംഗീകൃത സ്കൂളുകളാണ് നിലവിലുള്ളത്. ഈ വിദ്യാലയങ്ങളിലായി ആകെ 4802 കുട്ടികൾ പഠിക്കുന്നു. ഈ വിദ്യാലയങ്ങളിൽ എല്ലാംകൂടി 160 അദ്ധ്യാപകരുണ്ട്. വിശദവിവരങ്ങൾ പട്ടിക (10.2)ൽ സൂചിപ്പിച്ചിട്ടുണ്ട്. പരവൂർ നഗരസഭാപ്രദേശത്ത് 21 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

ആകെ 10 സ്കൂളുകളിൽ 1 ഹയർസെക്കണ്ടറി സ്കൂളും, 2 ഹൈസ്കൂളുകളും 3 അപ്പർ പ്രൈമറി സ്കൂളുകളും 4 ലോവർ പ്രൈമറി സ്കൂളുകളുമാണ് ഉള്ളത്. 2 ഹൈസ്കൂളുകൾ മാനേജ്മെന്റ് സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂൾ സർക്കാർ സ്കൂളുമാണ്. അപ്പർ പ്രൈമറി സ്കൂളുകളിൽ ഒരെണ്ണം മുനിസിപ്പാലിറ്റി വക സ്കൂളും (ആയിരവില്ലി മുനിസിപ്പൽ യു.പി.എസ്.) രണ്ടെണ്ണം സർക്കാർ സ്കൂളുകളുമാണ്. ലോവർ പ്രൈമറി മേഖലയിലെ മറ്റെല്ലാ സ്കൂളുകളും സർക്കാർ സ്കൂളുകളാണ്. കോട്ടപ്പുറം എൽ.പി.എസ്, മണിയംകുളം യു.പി.എസ്. എന്നിവയോടു ചേർന്ന് പി.റ്റി.എ നടത്തുന്ന പ്രീ–പ്രൈമറി സ്കൂളുകൾ ഉണ്ട്. പരവൂർ മുനിസിപ്പാലിറ്റിയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 6 നഴ്സറി–പ്രൈമറി ക്ലാസ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുണ്ട്. ഇവയിലെല്ലാംകൂടി ഏകദേശം 1600 കുട്ടികൾ പഠിക്കുന്നു. കൂടാതെ ധാരാളം വിദ്യാർത്ഥികൾ പരവൂരിനു പുറത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. ഒരു കാലത്ത് പരവൂരിന് പുറത്തുള്ള കുട്ടികൾ ഇവിടെ വന്ന് പഠിച്ചിരുന്ന കാര്യം ഓർക്കേണ്ടതുണ്ട്.



*ചിത്രം–10.4 പരവൂർ എച്ച്.എസ്സ്.എസ്സ്*

*പട്ടിക –10.2 വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം*

| \ w | k kv qÄ | hnZymÀ° nI fpsSF ® w | A ² ym]I cpsS F ® w |
|---|---|---|---|
| 1 | F k vF ³ .hm t KÄk vssI k kv qÄ | 1294 | 45 |
| 2 | sI .F¨ vF k v]c-hqÀ | 817 | 32 |
| 3 | Kh. F¨vF Ê vF Ê ysX¡ pwÌ nKw | 756 | 23 |
| 4 | Kh-bp.-] nF k vaWh-b wI pfw | 496 | 12 |
| 5 | Kh-bp.-] nF k vI pcba- Â | 428 | 16 |
| 6 | ap\ nb p] nF k vB b ncn-hÃn | 106 | 4 |
| 7 | Kh-F Â . ] nF k vI q\ b nÂ | 271 | 6 |
| 8 | tI mæ; pdwKh.-FÂ.]nF k v | 300 | 9 |
| 9 | tKÄkvKh-F Â . ] nF k v]c-hqÀ | 101 | 6 |
| 10 | Kh-F Â . ] nF k vHbpI pl nd | 233 | 7 |
| | B s I | **4802** | **160** |

പരവൂർ നഗരസഭാ പ്രദേശത്തെ മൊത്തം സ്കൂളുകളും കണക്കിലെടുത്താൽ വിവിധ തരങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക (10.3)ൽ നൽകിയിരിക്കുന്നു.

*പട്ടിക –10.3 വിദ്യാർത്ഥികളുടെ വിവിധ തരങ്ങളിലെ എണ്ണം*

| ക്രമനമ്പർ | തരം | എണ്ണം |
|---|---|---|
| 1. | എൽ.പി | 905 |
| 2. | യു. പി | 1030 |
| 3. | എച്ച്. എസ്സ് | 1573 |
| 4. | എച്ച്. എസ്സ്. എസ്സ് | 180 |

2006–07 അക്കാദമിക് വർഷം എൽ.പി.വിഭാഗത്തിൽ 905 കുട്ടികളാണുള്ളത്. യു.പി. വിഭാഗത്തിൽ 1030 കുട്ടികളാണുള്ളത്. എച്ച്.എസ്.വിഭാഗത്തിൽ 1573 കുട്ടികളും എച്ച്.എസ്സ്. എസ്സ് വിഭാഗത്തിൽ 180 കുട്ടികളുമാണ് പഠിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി പരവൂരിലെ അംഗീകൃത സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവരുന്നതായി സ്കൂളുകളിൽ നിന്നും ലഭിച്ച രേഖകൾ സൂചിപ്പിക്കുന്നു.

## സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ഒരു സ്കൂളും മെച്ചപ്പെട്ടതല്ല എന്ന് പട്ടിക വ്യക്തമാക്കുന്നു. കളിസ്ഥലമില്ലാത്ത ഒരു സ്കൂളാണുള്ളത്. ഭൗതിക സാഹചര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പട്ടിക 10.4 ൽ കൊടുത്തിട്ടുണ്ട്. നേരിട്ട് മനസ്സിലാക്കിയ കാര്യം കുടിവെള്ള സൗകര്യമായി കൂടുതൽ സ്കൂളുകളിലും കിണറുകളാണുള്ളത് എന്നാണ്. ഇത് കുട്ടികൾക്കേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ചുറ്റുമതിൽ ഇല്ലാത്തതോ ഭാഗീകമായി ഉള്ളതോ ആയ സ്കൂളുകൾ നാലെണ്ണമാണുള്ളത്. ഗവ.വെൽഫെയർ സ്കൂളിൽ ക്ലാസ് ഭിത്തി ഉയർന്നതല്ലാത്തതു കൊണ്ട് മഴക്കാലത്ത് കുട്ടികൾക്ക് ക്ലാസ്സിലിരുന്ന് പഠിക്കാൻ കഴിയുന്നില്ല. പരവൂരിലെ 21 അംഗനവാടികളിൽ 12 എണ്ണത്തിന് കെട്ടിടമുണ്ട്. മറ്റ് ഭൗതിക സാഹചര്യങ്ങൾ ഇവയ്ക്കില്ല.



*ചിത്രം–10.5 കെ.എച്ച്.എസ്. –പരവൂർ*

*പട്ടിക–10.4 വിദ്യാലയങ്ങളിലെ ഭൗതിക – അക്കാദമിക് ആവശ്യങ്ങൾ*

| ക്രമ നം | പേര് | ആവശ്യങ്ങൾ |
|---|---|---|
| 1 | ഗവ. എൽ.പി.എസ്., പരവൂർ | കമ്പ്യൂട്ടർ മുറി,ഫർണിച്ചർ<br>കെട്ടിട പുനരുദ്ധാരണം |
| 2. | ഗവ. എൽ.പി.എസ്., കൂനയിൽ | ലൈബ്രറി സൗകര്യം, ചുറ്റുമതിൽ |
| 3. | ഗവ. ഡബ്ല്യു. എൽ.പി.എസ്സ്, ഒഴുകുപാറ | ചുറ്റുമതിൽ, ലൈബ്രറി, കമ്പ്യൂട്ടർ മുറി, |
| 4. | ഗവ. എൽ.പി.എസ്സ്., കോട്ടപ്പുറം | ലൈബ്രറി, ചുറ്റുമതിൽ |
| 5. | ഗവ. യു.പി.എസ്സ്., കുറുമണ്ഡൽ | ലൈബ്രറി, കമ്പ്യൂട്ടർ മുറി<br>ലബോറട്ടറി, ക്ലാസ്സ് മുറികൾ. |
| 6. | ഗവ. യു.പി.എസ്സ്., പരവൂർ | കളിസ്ഥലം, ലൈബ്രറി,<br>ലബോറട്ടറി, ഫർണിച്ചർ |
| 7. | ആയിരവല്ലി.യു.പി.എസ്സ്. കൂനയിൽ | ചുറ്റുമതിൽ, ലൈബ്രറി, കമ്പ്യൂട്ടറി മുറി. |
| 8. | ഗവ. ഹയർസെക്കണ്ടറി സ്കൂൾ, പരവൂർ, തെക്കുംഭാഗം | ടോയിലറ്റ് സൗകര്യം,നിലവിലുള്ള ടോയിലറ്റുകൾക്ക് മേൽക്കൂര, കമ്പ്യൂട്ടർ |
| 9. | എസ്.എൻ.വി.ജി.എച്ച്.എസ്സ്., പരവൂർ | കമ്പ്യൂട്ടർ |
| 10. | കെ.എച്ച്.എസ്., പരവൂർ | പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം. |

അവലംബം: നേരിട്ടുള്ള വിവരശേഖരണം

## 10.4 ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ

ഹൈസ്കൂൾ തലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഴിഞ്ഞാൽ പിന്നെ പരവൂരിലുള്ള എടുത്തു പറയത്തക്ക ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് സ്വകാര്യ മേഖലയിലുള്ള ശിവ രാജ മെമ്മോറിയൽ ഐ.ടി.സി. ഇവിടെ വിവിധ ട്രെയിഡുകളിലായി 600 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. മറ്റ് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും പരവൂർ നഗരസഭയിലില്ല. ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി അകലെയുള്ള കോളേജിലും സാങ്കേതിക സ്ഥാപനങ്ങളിലും പോകേണ്ടിവരുന്നു.

ഇത്രയധികം വിദ്യാർത്ഥികളും അദ്ധ്യാപകരും വിദ്യാസമ്പന്നരുമുള്ള പരവൂർ നഗരസഭയ്ക്ക് സ്വന്തമായി ഒരു ഗ്രന്ഥശാലയില്ല. എല്ലാ വാർഡുകളിലും വായനശാലകളും ഗ്രന്ഥശാലകളും തുടങ്ങുന്നതോടൊപ്പം ഉന്നതവിദ്യാഭ്യാസത്തിനു കൂടി ഉപയോഗിക്കത്തക്കവിധം മുനിസിപ്പൽ ഗ്രന്ഥശാല പരവൂരിൽ സ്ഥാപിക്കണം. കുട്ടികളിലെ വായനാശീലം ഉയർത്തുന്നതോടൊപ്പം പ്രബുദ്ധരായ ഒരു തലമുറയെ വാർത്തെടുക്കുവാനും ഇത് സഹായിക്കും.

## 10.5 വിദ്യാഭ്യാസ സൗകര്യങ്ങൾ – ആസൂത്രണ സൂചികയു (Planning Standard) മായുള്ള താരതമ്യം

ആസൂത്രണ ഏകകം അനുസരിച്ച് വിവിധ ജനസംഖ്യയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങളുടെ പട്ടിക (10.5) താഴെ നല്കിയിരിക്കുന്നു.

*പട്ടിക 10.5 ആസൂത്രണ ഏകകം – വിദ്യാഭ്യാസം*

| നമ്പർ | തരം | കുട്ടികളുടെ എണ്ണം | സൂചിക |
|---|---|---|---|
| 1 | ഹൈസ്കൂൾ | 700 കുട്ടികൾ | 1 H.S for 13000 ppn |
| 2 | ഹയർസെക്ക റി സ്കൂൾ | 400 കുട്ടികൾ | 1 H.S.S with 8 div: for 13000 ppn |
| 3 | ആർട്സ് & സയൻസ് കോളേജ് | 500 കുട്ടികൾ | 1 Arts &Science College for 80,000 ppn |
| 4 | സാങ്കേതിക കോളേജ് | 250 കുട്ടികൾ | 1 Professional College for 2,50,000 ppn |
| 5 | പോളിടെക്നിക് കോളേജ് | 150 കുട്ടികൾ | 1 Polytechnic for 36000 ppn |
| 6 | ഐ.ടി.സി /ഐ.ടി.ഐ | 300 കുട്ടികൾ | 1 I.T.I / I.T.C for 35000 ppn |
| 7 | റ്റി.റ്റി.സി | 120 കുട്ടികൾ | 1 T.T.C for 120000 ppn |

*അവലംബം: സംയോജിത ജില്ലാവികസന രൂപരേഖയും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്നതിനായി കണക്ക് കൂട്ടിയെടുത്ത സൂചികകൾ*

ഇതുവച്ച് നോക്കുമ്പോൾ പരവൂർ നഗരസഭാ പ്രദേശത്ത് വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (എണ്ണം മാത്രം കണക്കിലെടുക്കുമ്പോൾ) നിലവിലെ ജനസംഖ്യയ്ക്ക് അനുപാതികമായി പര്യാപ്തമാണെന്നുകാണാം. ഹയർസെക്കണ്ടറി തലത്തിൽ മാത്രം സീറ്റുകളുടെ കുറവ് കാണുന്നുണ്ട്. ഒരു ആർട്സ് &സയൻസ് കോളേജ് പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് 80,000 ജനസംഖ്യയെങ്കിലും ആവശ്യമാണ്. പരവൂരിലെ ജനസംഖ്യയിൽ ഇത്രയും വർദ്ധനവ് പ്രതീക്ഷിക്കാത്തതിനാൽ നിലവിലെ സ്ഥിതി വച്ച് നോക്കുമ്പോൾ ഒരു ആർട്സ് & സയൻസ് കോളേജിന് ഇവിടെ സാധ്യത കുറവാണെന്നുകാണാം. എന്നാൽ സമീപ പഞ്ചായത്തിലെ ജനങ്ങളും ഉന്നത വിദ്യാഭ്യസത്തിന് ഇവിടെ ആശ്രയിക്കുമെന്നതിനാൽ നഗരസഭാപ്രദേശമെന്ന നിലയ്ക്ക് ഇവിടെ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്.

## 10.6 അനുമാനം

*പരവൂരിലെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമാണ്. അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ എണ്ണം വച്ച് നോക്കുമ്പോൾ പരവൂർ നഗരസഭ സ്വയംപര്യാപ്തമാണെന്നുകാണാം. എന്നാൽ പരവൂർ നഗരസഭാ പ്രദേശത്തെ കൂടുതലും ആൾക്കാർ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നത് നഗരസഭയ്ക്ക് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണെന്നു കാണുന്നു. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതിലും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.*

<<< previous | contents | next >>>

# അദ്ധ്യായം- 11

# ആരോഗ്യം

*ഈ അദ്ധ്യായത്തിൽ പരവൂരിൽ നിലവിലുള്ള പൊതുജനാരോഗ്യ മേഖലയിലെ പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ച് വിശദമാക്കിയിരിക്കുന്നു.*

## 11.1 ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ

പരവൂരിൽ പൊതുമേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നെടുങ്ങോലം ഗവ.രാമറാവു ആശുപത്രി, പൊഴിക്കര പ്രൈമറി ഹെൽത്ത് സെന്റർ, അതിന്റെ കീഴിൽ വരുന്ന 8 സബ് സെന്ററുകൾ, ഗവ.ആയുർവേദ ആശുപത്രി, ഗവ.ഹോമിയോ ഡിസ്പെൻസറി എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യ മേഖലയിലും 6 ഓളം ആശുപത്രികൾ പരവൂർ നഗരസഭാ പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്നു.

### ഗവൺമെന്റ് രാമറാവു ആശുപത്രി.

1887 മുതൽ 1892 വരെ തിരുവതാംകൂറിൽ ദിവാനായിരുന്ന റ്റി.രാമറാവു 1893 ലാണ് ഈ ആശുപത്രി സ്ഥാപിച്ചത്. അതിന് അദ്ദേഹം ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്) യുടെ കീഴിലുള്ള നെയ്യൂർ മെഡിക്കൽ മിഷനെ സൗജന്യ ചികിത്സ പ്രദാനം ചെയ്യണം എന്നുള്ള വ്യവസ്ഥയിൽ ഏൽപിച്ചു. അന്നുമുതൽ ഇവിടെ നിന്നും സൗജന്യ ചികിത്സ ലഭിച്ചു വരുന്നു. പ്രത്യേകിച്ചും സമൂഹത്തിലെ ദുർബല വിഭാഗത്തിന്.



*ചിത്രം-11.1 രാമറാവു ആശുപത്രി*

18-04-1971 ൽ ഈ മിഷൻ ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലവും പോസ്റ്റോഫീസ് മുക്കിലുള്ള 50 സെന്റ് സ്ഥലവും, കെട്ടിടങ്ങളും, കിടക്കയും മറ്റുപകരണങ്ങളും ഗവൺമെന്റ് ഏറ്റെടുത്തു. അത്യാസന്ന നിലയിൽ വരുന്ന ഹൃദ്രോഗികൾക്കുപോലും ഈ പ്രദേശത്തെ ഏക സർക്കാർ ആശുപത്രിയായ ഇവിടെ നിന്നും അടിയന്തിര സഹായം ലഭ്യമാക്കാനുള്ള സൗകര്യമില്ല. ഈ പ്രദേശത്ത് നടക്കുന്ന പ്രസവവും പ്രസവാനന്തര ശുശ്രൂഷയും ലഭ്യമാക്കാൻ ബാധ്യതയുള്ള ആശുപത്രിയാണിത്. ഇന്ന് നിലനിൽക്കുന്ന അപര്യാപ്തതകൾ മൂലം പ്രസവാനന്തര ശുശ്രൂഷയും കുട്ടികളുടെ ചികിത്സയും ഇവിടെ വേണ്ടവിധത്തിൽ നടക്കുന്നില്ല.പരവൂർ മുനിസിപ്പൽ പ്രദേശം, പൂതക്കുളം, കല്ലുവാതുക്കൽ പഞ്ചായത്ത് പ്രദേശങ്ങൾ, ചാത്തന്നൂർ പഞ്ചായത്തിൽപ്പെട്ട മീനാട്, ഉളിയനാട് വില്ലേജുകൾ എന്നീ സ്ഥലങ്ങളിലായി വസിക്കുന്ന ഏകദേശം എൺപതിനായിരം പേർക്ക് ഈ ആശുപത്രിയുടെ വികസനത്തിലൂടെ പ്രയോജനം ലഭ്യമാക്കാവുന്നതാണ്. നെടുങ്ങോലത്ത് പരവൂർ - ചാത്തന്നൂർ റോഡിന്റെ വശത്തായി ഏകദേശം 4.5 ഹെക്ടർ സ്ഥലത്താണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. വിപുലമായ സൗകര്യങ്ങളോടെ ഈ ആശുപത്രി വികസിപ്പിക്കാനുതകുന്ന സ്ഥലസൗകര്യം ഇവിടെ ഉണ്ട്.

***പട്ടിക–11.1 രാമറാവു ആശുപത്രിയിലെ സ്റ്റാഫുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ***

| ക്രമ നം. | സ്റ്റാഫ് | അനുവദിച്ചിട്ടുള്ളവ | നിലവിലുള്ളവ |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 3 | 3 |
| 2 | നഴ്സിംഗ് സൂപ്ര ് ഗ്രേഡ്–2 | 1 | 0 |
| 3 | ഹെഡ് നേഴ്സ് | 2 | 1 |
| 4 | സ്റ്റാഫ് നെഴ്സ് | 7 | 7 |
| 5 | ഫാർമസിസ്റ്റ് | 1 | 1 |
| 6 | ലാബ് ടെക്നീഷ്യൻ | 1 | 1 |
| 7 | ക്ലാർക്ക് | 1 | 1 |
| 8 | പ്യൂൺ | 1 | 1 |
| 9 | നഴ്സിംഗ് അസിസ്റ്റന്റ് | 5 | 2 |
| 10 | ഹോസ്പിറ്റൽ അറ്റന്റേഴ്സ് ഗ്രേഡ് –2 | 5 | 4 |
| 11 | ഹോസ്പിറ്റൽ അറ്റന്റേഴ്സ് ഗ്രേഡ് –1 | 1 | 0 |
| 12 | നോൺ മെഡിക്കൽ സൂപ്രവൈസർ | 1 | 1 |
| 13 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 1 | 1 |

രാമറാവു ആശുപത്രിയിൽ മൂന്ന് ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്. ഐ.പി വിഭാഗത്തിൽ 55 ബഡ്ഡുകളുണ്ട്. സ്പെഷ്യലൈസേഷൻ ഉള്ള ഡോക്ടർമാർ ഇല്ല. ലാബ്, എക്സറേ, ഇ.സി.ജി, സ്കാനിംഗ് തുടങ്ങിയ സൗകര്യങ്ങൾ നിലവിലില്ല.

## മിനി പ്രാഥമികാരോഗ്യ കേന്ദ്രം, പൊഴിക്കര

1.1.1988 –ലാണ് പൊഴിക്കരയിൽ പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയത്. ഈ പ്രദേശത്തെ ജനങ്ങൾക്ക് രോഗനിവാരണം, ചികിത്സ എന്നീ സേവനങ്ങൾ ലഭ്യമാക്കാനുള്ള സ്ഥാപനമാണിത്. ഇപ്പോൾ പുതുതായി പണിത കെട്ടിടത്തിലാണ് ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. പൊഴിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് പെരുമ്പുഴ, കുറുമണ്ടൽ, പൊഴിക്കര, കോങ്ങാൽ, തെക്കുംഭാഗം, കോട്ടപ്പുറം, കൂനയിൽ, പാറയിൽക്കാവ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന 8 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. ഇതിൽ 3 കുടുംബക്ഷേമ കേന്ദ്രങ്ങൾക്കു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ. ആരോഗ്യകേന്ദ്രത്തിൽ ഒരു ഡോക്ടറാണ് ഉള്ളത്. സ്റ്റാഫുകളുടെ എണ്ണം പട്ടികയിൽ കാണിച്ചിരിക്കുന്നു.

***പട്ടിക–11.2 ആശുപത്രി ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ***

| ക്രമ നം. | സ്റ്റാഫ് | എണ്ണം |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഫാർമസിസ്റ്റ് | 1 |
| 4 | പ്യൂൺ | 1 |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 4 |
| 8 | എൽ.എച്ച്.ഐ | 1 |
| 9 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴസ് | 8 |
| 10 | ഹോസ്പിറ്റൽ അറ്റന്റേഴ്സ് | 0 |
| 11 | സ്വീപ്പർ | 0 |

പരവൂർ നഗരസഭാപ്രദേശത്തു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 21 അംഗൻവാടികൾ ഉണ്ട്. ഒരു വയസ്സിനും 5 വയസ്സിനും ഇടയിലുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഈ സ്ഥാപനങ്ങളിൽ നിന്നും ആതുര ശുശ്രൂഷ ലഭിക്കുന്നു.

## പരവൂർ ഗവ.ആയുർവ്വേദ ആശുപത്രി

1989 ലാണ് പരവൂർ നഗരസഭാ പ്രദേശത്ത് പരവൂർ ജംഗ്ഷനു സമീപത്തായി ഗവൺമെന്റ് ആയൂർവേദ ആശുപത്രി ആരംഭിച്ചത്. മൂന്ന് ഡോക്ടർമാരും 14 ജീവനക്കാരുമാണ് ആശുപത്രിയിൽ ഉള്ളത്. ഭൗതിക സാഹചര്യങ്ങളുടെ കുറവ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു.



*ചിത്രം–11.2 ആയൂർവേദ ആശുപത്രി*

## പരവൂർ ഹോമിയോ ഡിസ്പെൻസറി

1980 ഏപ്രിൽ 1–നാണ് പരവൂരിൽ ഗവ.ഹോമിയോ ഡിസ്പെൻസറി തുടങ്ങിയത്. ഒരു മെഡിക്കൽ ഓഫീസറും മുന്ന് ജീവനക്കാരുമാണ് ഇവിടുള്ളത്. സ്വന്തമായി കെട്ടിടം ഈ സ്ഥാപനത്തിനില്ല. നിലവിൽ വളരെയധികം പരാധീനതകൾ ഉള്ള കെട്ടിടത്തിലാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവും വളരെ ആവശ്യമാണ്.

ഈ പ്രദേശത്ത് 6 സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളുടെ ഈ വേലിയേറ്റം സൗജന്യ ചികിത്സ നൽകുന്ന സർക്കാർ ആശുപത്രികളുടെ അപര്യാപ്തതയുടെ പരിണിത ഫലമാണ്.

## സ്വകാര്യ ആശുപത്രികൾ

സ്വകാര്യ മേഖലയിൽ പരവൂരിൽ ആറ് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെപേരും വിവരങ്ങളും പട്ടികയിൽ കാണിച്ചിരിക്കുന്നു.

*പട്ടിക –11. 3 പരവൂർ നഗരസഭ പ്രദേശത്തെ സ്വകാര്യ ആശുപത്രികൾ*

| ക്രമനമ്പർ | ആശുപത്രിയുടെ പേര് | ഡോക്ടർമാരുടെ എണ്ണം | മറ്റ് സ്റ്റാഫുകളുടെ എണ്ണം | സൗകര്യം | | ബഡ്സ് നം |
|---|---|---|---|---|---|---|
| | | | | ഐ പി | ഒ.പി | |
| 1 | കരുണാകര മെമ്മോറിയൽ | 1 | 3 | ഇല്ല | ഉ ് | 0 |
| 2 | നവീൻ | 1 | 8 | ഉ ് | ഉ ് | 10 |
| 3 | ഷിഫാ നഴ്സിംഗ് ഹോം | 1 | 3 | ഉ ് | ഉ ് | 5 |
| 4 | ദയാബ്ജി | 1 | 7 | ഉ ് | ഉ ് | 10 |
| 5 | ബി.ആർ.ഹോസ്പിറ്റൽ | 1 | 4 | ഉ ് | ഉ ് | 5 |
| 6 | പരവൂർ ഹോസ്പിറ്റൽ | 1 | 7 | ഉ ് | ഉ ് | 4 |

## 11.2 ആരോഗ്യമേഖലയിലെ സൗകര്യങ്ങൾ–ആസൂത്രണ സൂചിക (Planning Standard)യുമായുള്ള താരതമ്യം

ആരോഗ്യമേഖലയിലെ സൂചിക (പട്ടിക 11.4) പരിശോധിച്ചാൽ, ഒരു പി.എച്ച്.എസി 20000 അളുകൾക്ക് വേണ്ടിവരും. അതുപോലെ ബ്ലോക്ക് പി.എച്ച്.സി ഒരു ലക്ഷം ജനസംഖ്യയ്ക്കും വേണ്ടിവരും.

*പട്ടിക –11. 4 ആസൂത്രണ ഏകകം – ആരോഗ്യമേഖല*

| | | | |
|---|---|---|---|
| 1 | പിഎച്ച്സി | One PHC for a population of 20000 to 250000 | 4 beds per 10000 population (No beds as per Health Dept) |
| 2 | ബ്ലോക്ക്തല പിഎച്ച്സി | One Block PHC for a population of 1 lakh | 44 beds per 1 lakh population (50 beds as per Health Dept) |
| 3 | താലൂക്ക് ആശുപത്രി | One hospital in a  taluk | 50 beds per 1 lakh population |
| 4 | ജില്ലാ ആശുപത്രി | One district level hospital for a population of 11 lakh | 60 beds for 1 lakh population |

പരവൂരിൽ ഒരു മിനി പി.എച്ച്.സിയും, രാമറാവു ഹോസിപ്പറ്റലുമാണുള്ളത്. ആസൂത്രണ സൂചിക അനുസരിച്ച് പൊഴിക്കരയിലുള്ള മിനി പി.എച്ച്.സി.യെ, പി.എച്ച് സിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുകയും, രാമറാവു ഹോസ്പ്പിറ്റലിനെ ഒരു ബ്ലോക്ക് പി.എച്ച്.സിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുകയും വേണം.

## 11.3 അനുമാനം

*പരവൂർ നഗരസഭാ പ്രദേശത്തിനുള്ളിൽ പ്രാഥമികാരോഗ്യ സൗകര്യങ്ങൾ പര്യാപ്തമാണ് സ്വകാര്യമേഖലയിൽ ആറോളം ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ കിടക്കകളോടും ആധുനിക സൗകര്യങ്ങളോടുകൂടി സർക്കാർ മേഖലയിലെ ആശുപത്രി വികസിപ്പിക്കേണ്ടതാണ്. അതുപോലെ ആയുർവ്വേദം, ഹോമിയോപ്പതി ആരോഗ്യശാഖകളിലും വേണ്ടുന്ന പശ്ചാത്തല സൗകര്യം ഒരുക്കേണ്ടതും ആവശ്യമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം – 12

# കുടിവെള്ളവും മാലിന്യ നിർമ്മാർജ്ജനവും

*ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ പ്രാഥമിക ഘടകമാണ് ശുദ്ധജലം. മനുഷ്യ ജീവന്റെ നിലനിൽപ്പിന് ഏറ്റവും അത്യാവശ്യമായ ഘടകം എന്ന നിലയിൽ, ശുദ്ധജലവും അതിന്റെ വിതരണവും പ്രാധാന്യം അർഹിക്കുന്നു. കുടിവെള്ള ലഭ്യത, ജല സ്രോതസ്സുകൾ, നിലവിലുള്ള വിതരണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചും ഇവിടെ വിശദീകരിക്കുന്നു. അതോടൊപ്പം പരവൂർ നഗരസഭാ പ്രദേശത്ത് അനുവർത്തിച്ച് പോരുന്ന മാലിന്യ (ഖരമാലിന്യവും ദ്രവ മാലിന്യവും) നിർമ്മാർജ്ജന രീതിയെക്കുറിച്ചും ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.*

## 12.1 കുടിവെള്ളം–നിലവിലെ സ്ഥിതി

### 1. കുടിവെള്ള സ്രോതസ്സുകൾ –

കിണറുകളാണ് മുനിസിപ്പാലിറ്റി പ്രദേശത്ത് ജനങ്ങളുടെ പ്രധാന ജല സ്രോതസ്സ്. സാമൂഹിക–സാമ്പത്തിക സർവ്വേ വിവരങ്ങളുടെ വിശകലനം സൂചിപ്പിക്കുന്നത് പരവൂർ നിവാസികളിൽ 93% ആൾക്കാരും കിണറിനെ ആശ്രയിക്കുമ്പോൾ 7% ആൾക്കാർ മാത്രമാണ് പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നത്. എന്നാൽ കായലിൽനിന്നും, വയലുകളിൽ നിന്നുമുള്ള അനിയന്ത്രിതമായ മണൽ ഖനനം നിമിത്തവും, കുളങ്ങളും വയലുകളും നികത്തുന്നതുമൂലവും ഭൂഗർഭ ജലനിരപ്പ് താഴുകയും ആയത് ജലക്ഷാമത്തിന് കാരണമാവുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം മുനിസിപ്പൽ പ്രദേശത്തെ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗത്തും പൊതു ജലവിതരണ സംവിധാനവും നിലവിലുണ്ട്. എങ്കിലും തുടർച്ചയായിട്ടുള്ള ജല വിതരണം ലഭ്യമല്ല.

പരവൂരിലെ ജലവിതരണത്തിനായി, കേരളാ വാട്ടർ അതോറിട്ടി ഒരു ഓപ്പൺ വെല്ലും, ഏഴ് ട്യൂബ് വെല്ലുകളുമാണ് ഉപയോഗിക്കുന്നത്. ഇവയുടെ വിശദാംശം താഴെ നൽകിയിരിക്കുന്നു.

1. മുനിസിപ്പൽ ബസ് സ്റ്റാൻഡിനു സമീപത്തെ കുഴൽക്കിണർ
2. റെയിൽവെ ഓവർ ബ്രിഡ്ജിനു സമീപത്തെ കുഴൽക്കിണർ
3. പുഞ്ചിറക്കുളത്തിനു സമീപത്തെ കുഴൽക്കിണർ (ഇവിടെ നിന്നും ജലം ഭാഗികമായി കോട്ടപ്പുറം എൽ.പി. സ്കൂളിന് സമീപമുള്ള ഓവർ ഹെഡ് ടാങ്കിലേക്കു പമ്പു ചെയ്യുന്നു)
4. രാമറാവു ആശുപത്രി പുരയിടത്തിലെ കുഴൽക്കിണർ
5. പൊഴിക്കര വായനശാലയ്ക്കു സമീപത്തെ കുഴൽക്കിണർ
6. കൂനയിൽ പണയിൽ കാവ് അമ്പലത്തിന് സമീപത്തെ കുഴൽ കിണർ.
7. പൂക്കുളം ഭാഗത്തുള്ള കുഴൽ കിണർ.

## 2. ജല വിതരണം –

മേൽ വിവരിച്ച കുഴൽ കിണറുകളിൽ ആദ്യത്തെ അഞ്ച് കുഴൽക്കിണറിൽ നിന്നുള്ള ജലം ഓവർ ഹെഡ് ടാങ്കിൽ ശേഖരിക്കാതെ നേരിട്ട് പമ്പ് ചെയ്യുകയാണ് ചെയ്യുന്നത്. വാട്ടർ അതോറിറ്റി നൽകിയ വിവരമനുസരിച്ചു ദിവസവും 12 മണിക്കൂർ വീതം ഇവിടുന്ന് വെള്ളം പമ്പ് ചെയ്യുന്നുണ്ട്.കൂനയിൽ പണയിൽക്കാവ് അമ്പലത്തിന് സമീപത്തെ കുഴൽക്കിണറിൽ നിന്നുള്ള ജലം പൂതക്കുളം പഞ്ചായത്തതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഓവർ ഹെഡ് ടാങ്കിൽ ശേഖരിക്കുകയും (2.15 ലക്ഷം ലിറ്റർ ശേഷി) അവിടെ നിന്നും പൈപ്പുലൈൻ വഴി വിതരണം നടത്തുകയും ചെയ്യുന്നു. പൂക്കുളം ഭാഗത്തുള്ള കുഴൽക്കിണറിൽ നിന്നും ജലം മൂലവട്ടത്തുള്ള ഓവർ ഹെഡ് ടാങ്കിൽ ശേഖരിക്കുകയും (1.5 ലക്ഷം ലിറ്റർ ശേഷി) അവിടെനിന്നും പൈപ്പുലൈൻ വഴി വിതരണം നടത്തുകയും ചെയ്യുന്നു.

ഓവർഹെഡ് ടാങ്കുകൾ മൂന്നെണ്ണമാണ് ഉള്ളത്. കോട്ടപ്പുറം ഗവ.എൽ.പി. സ്കൂൾ പരിസരത്തുള്ള 2.5 ലക്ഷം ലിറ്റർ സംഭരണശേഷി ഉള്ളത്, പൂതക്കുളം പഞ്ചായത്തിലുള്ള 2.15 ലക്ഷം ലിറ്റർ സംഭരണശേഷി ഉള്ളത്, മൂലവട്ടത്തുള്ള 1.5 ലക്ഷം ലിറ്റർ ശേഷിയുള്ളത് എന്നിവയാണ് അവ. പരവൂർ നഗരസഭാ പ്രദേശത്തെ ഓവർഹെഡ് ടാങ്കുകളുടെയും കുഴൽ കിണറുകളുടെയും സ്ഥാനം ചിത്രം 12.1 ൽ നൽകിയിരിക്കുന്നു.






*ചിത്രം–12.1 പരവൂർ നഗരസഭാ പ്രദേശത്തെ ഓവർഹെഡ് ടാങ്കുകളുടെയും കുഴൽക്കിണറുകളുടെയും സ്ഥാനം*

## 3. വിതരണം ചെയ്യുന്ന ജലത്തിന്റെ അളവും ആസൂത്രണ സൂചികയുമായുള്ള താരതമ്യം.

പരവൂർ നഗരസഭാ പ്രദേശത്തുള്ള ഏഴ് കുഴൽ കിണറുകളിൽ നിന്നുംകൂടി ഏകദേശം 25 ലക്ഷം ലിറ്റർ വെള്ളം പരവൂർ നഗരസഭാ പ്രദേശത്തേയ്ക്ക് ഒരു ദിവസം പമ്പ് ചെയ്യുന്നു ്. (അവലംബം– വാട്ടർ അതോറിറ്റി) പരവൂർ നഗരസഭാ പ്രദേശത്ത് വ്യാപകമായ കിണറുകളുടെ

സാന്നിദ്ധ്യം കണക്കിലെടുക്കുമ്പോൾ എല്ലാത്തരം ഉപയോഗത്തിനുമായി (വാണിജ്യം, വ്യവസായം, ഗാർഹികം, പൊതു ആവശ്യങ്ങൾ) ഒരാൾക്ക് 125 ലിറ്റർ ഒരു ദിവസം എന്ന കണക്കിലെങ്കിലും ജലം ആവശ്യമാണ്. അങ്ങനെ നോക്കുമ്പോൾ 38652 ജനസംഖ്യയുള്ള പരവൂർ നഗരസഭാപ്രദേശത്ത് ഏകദേശം 48 ലക്ഷം ലിറ്റർ വെള്ളമെങ്കിലും പമ്പ് ചെയ്യേ തു ്. നിലവിൽ ഇത് 25 ലക്ഷം ലിറ്റർ മാത്രമാണ്.അതുപോലെ പരവൂരിലെ കുറുമണ്ഡൽ, കോട്ടപ്പുറ എന്നീ പ്രദേശങ്ങൾഒഴിച്ചുള്ള സ്ഥലങ്ങളിലെല്ലാം ഫെബ്രുവരി മുതൽ മെയ് വരെയുള്ള 4 മാസക്കാലം ജലക്ഷാമമുള്ള പ്രദേശങ്ങളാണ്.( അവലംബം: നേരിട്ട് ശേഖരിച്ച വിവരങ്ങൾ)ഇത് സൂചിപ്പിക്കുന്നത് കിണറുകളുടെ സാധ്യത നിലനിൽക്കെ തന്നെ നല്ലൊരു ജലസ്രോതസ്സിന്റെ ആവശ്യകതയും അതുപോലെ നല്ലൊരു ജലവിതരണ ശൃംഖലയുടെ ആവശ്യകതയുമാണ്.

### 4.കുടിവെള്ള മേഖലയിലെ പ്രശ്നങ്ങൾ–

1. കായലുകളിൽ നിന്നും വയലുകളിൽ നിന്നുമുള്ള അനിയന്ത്രിതമായ മണൽ ഖനനം നിമിത്തവും, കുളങ്ങളും വയലുകളും നികത്തുന്നതുമൂലവും ഭൂഗർഭ ജലനിരപ്പ് താഴുകയും അത് ജലക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നു.

2. ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലം അപര്യാപ്തമാണ്. അതുപോലെ ജല വിതരണ ശൃംഖല കാര്യക്ഷമമല്ല.

3. കുറുമ ൽ, കോട്ടപ്പുറം എന്നീവാർഡുകളൊഴിച്ചുള്ള വാർഡുകളിലെല്ലാം ഫെബ്രുവരി മുതൽ മേയ് വരെയുള്ള നാലുമാസക്കാലം ജലക്ഷാമമുള്ള പ്രദേശങ്ങളാണ്.

## 12.2 മാലിന്യനിർമ്മാർജ്ജനം നിലവിലെ സ്ഥിതി

### 1. ദ്രവമാലിന്യം

നഗരസഭാ പ്രദേശത്ത് സാമൂഹിക സാമ്പത്തിക സർവ്വേ വിവരം സൂചിപ്പിക്കുന്നത് ഏകദേശം 82% ആൾക്കാരും സെപ്റ്റിക് ടാങ്ക് ഉപയോഗിക്കുന്നു ്. ബാക്കിയുള്ളതിൽ 16% കുഴി കക്കൂസുകൾ ഉപയോഗിക്കുന്നു ന്നുമാണ്. 1% ത്തിന് സെപ്ടിക് ടാങ്കോ/കക്കൂസോ ഇല്ല. ഈ ഒരു ശതമാനം നഗരസഭാ പ്രദേശത്തെ കോളനികൾ കേന്ദ്രീകരിച്ചാണ് ഉള്ളത്.

പരവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള ഓടകൾ നിർമ്മിച്ചിട്ടു ങ്കിലും ഇത് വ്യക്തമായ ഒരു പ്ലാനിന്റെ അടിസ്ഥാനത്തിലല്ല നിർമ്മിച്ചിരിക്കുന്നത്.പല പ്രദേശത്തും ഓടകൾക്ക് തുടർച്ചയില്ല. ഹോട്ടലുകളിൽ നിന്നും, മറ്റുവ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിന ജലം ഈ ഓടകളിലൂടെയാണ് ഒഴുക്കിവിടുന്നത്. എന്നാൽ ഓടകളിലൂടെ ഇങ്ങനെ ഒഴുകി വരുന്ന മലിന ജലം ശുദ്ധീകരിക്കാനുള്ള നടപടികളൊന്നും ഇവിടെയില്ല.

### 2.ഖരമാലിന്യം

ഖര മാലിന്യം പ്രധാനമായും കുന്നുകൂടുന്നത് പരവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ചാണ്. ഇവ ശേഖരിക്കാൻ പരവൂർ മുനിസിപ്പാലിറ്റിയിൽ ഒരു ലോറിയാണുള്ളത്. ഖരമാലിന്യശേഖരണം

കാര്യക്ഷമമായിട്ട് നടക്കുന്നില്ല എന്നു വ്യക്തമാണ്.പരവൂർ ജംഗ്ഷന് സമീപം പലയിടത്തും മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് ഇത് തെളിയിക്കുന്നു. ശേഖരിച്ച ഖര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സംവിധാനങ്ങളൊന്നും നഗരസഭാപ്രദേശത്ത് നിലവിലില്ല. എന്നാൽ ഐ.ടി.എസ്.എം.ടി. സ്കീമിൽ ഉൾപ്പെടുത്തി ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു മാലിന്യ സംസ്കരണ പ്ലാന്റിനു നഗരസഭ നടപടി ആരംഭിച്ചിട്ടു ്. ഇതിനാവശ്യമായ സ്ഥലം ഇതിനകം നഗരസഭ കരസ്ഥമാക്കിയിട്ടു ്.

### 12.3 അനുമാനം

*ജല അതോറിറ്റി നഗരസഭാ പ്രദേശത്ത് നൽകുന്ന ജലം പര്യാപ്തമല്ല എന്നാണ് വിശകലനം സൂചിപ്പിക്കുന്നത്. കിണറുകളാണ് കൂടുതൽ ജനങ്ങളും ആശ്രയിക്കുന്ന ജല സ്രോതസ്സ്. ഫെബ്രുവരി മുതൽ മെയ് വരെയുള്ള നാലുമാസക്കാലം പരവൂരിലെ ചില വാർഡുകളൊഴിച്ച് ജലക്ഷാമം അനുഭവപ്പെടുന്നു ്. ഇതൊക്കെ സൂചിപ്പിക്കുന്നത് പരവൂരിലെ കുടിവെള്ള ലഭ്യത കിണറുകളുടെ സാന്നിദ്ധ്യം മൂലം വർഷത്തിൽ 8–9 മാസത്തോളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്നാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജാനത്തിന്റെ സംവിധാനങ്ങളുടെ അപര്യാപ്തത നഗരസഭാ പ്രദേശത്ത് പ്രകടമാണ്.*

<<< previous | contents | next >>>

# അദ്ധ്യായം – 13

# വാണിജ്യ വിപണന മേഖല

*പരവൂർ കമ്പോളം ഒരു കാലത്ത് വളരെ പ്രശസ്തമായിരുന്നു. സമീപ പഞ്ചായത്തുകളുടെകൂടി പ്രധാന മാർക്കറ്റായിരുന്നു പരവൂരിലേത്. കാലക്രമേണ റോഡുഗതാഗത്തിനു പ്രധാന്യം വർദ്ധിച്ചതോടുകൂടി, ദേശീയ പാതയിലുള്ള കൊട്ടിയം, ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിൽ മാർക്കറ്റും മറ്റു വാണിജ്യസ്ഥാപനങ്ങളും നിലവിൽ വരുകയും പരവൂർ കമ്പോളത്തിന് പഴയ പ്രതാപം നഷ്ടപ്പെടുകയും ചെയ്തു. ഈ അദ്ധ്യായത്തിൽ പരവൂരിലെ വാണിജ്യ വിപണന മേഖലയെക്കുറിച്ച് വിശദമാക്കുന്നു.*

## 13.1 നിലവിലെ സ്ഥിതി

പരവൂരിന്റെ ഭൂവിനിയോഗ മാപ്പിന്റെ വിശകലനം സൂചിപ്പിക്കുന്നത് മൊത്തം ഭൂവിനിയോഗത്തിന്റെ 5% ആണ് വാണിജ്യമേഖല എന്നാണ്. അതായത് 16.2 ച.കി.മീ. വിസ്തൃതിയുള്ള പരവൂർ പട്ടണത്തിൽ 14.2 ഹെ. സ്ഥലം വാണിജ്യ–വ്യാപാര അവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കൊല്ലത്തെ മറ്റ് നഗരസഭാപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൊല്ലം കോർപ്പറേഷനേക്കാൾ കുറവും (10%) പുനലൂർ മുനിസിപ്പാലിറ്റിയേക്കാൾ കൂടുതലുമാണെന്ന് (3%) കാണാം. ചിത്രം 13.1 ൽ ഇത് വ്യക്തമാക്കിയിരിക്കുന്നു.




*ചിത്രം–13–1– പരവൂരിനെ കൊല്ലത്തെ നഗരസഭാപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ*

ഭൂവിനിയോഗം താരതമ്യം ചെയ്യുമ്പോൾ പരവൂർ മുൻസിപ്പാലിറ്റി പുനലൂരിനേക്കാൾ കൂടുതൽ നഗരസ്വഭാവം കാണിക്കുന്നുവെന്ന് മനസ്സിലാക്കാം.

## 13.2 വാണിജ്യ വിപണന കേന്ദ്രങ്ങൾ



*ചിത്രം–13–2 പരവൂർ ജംഗ്ഷൻ*

പരവൂരിലെ ഏറ്റവും പ്രധാന (ഒന്നാം കിട) വാണിജ്യ വിപണ കേന്ദ്രം എന്നത് പരവൂർ ജംഗ്ഷനാണ്. പരവൂർ മാർക്കറ്റിന്റെ സാന്നിദ്ധ്യം ഇതിനൊരു കാരണമാണ്. മറ്റെല്ലാ വാണിജ്യകേന്ദ്രങ്ങളും പ്രധാന റോഡുകളോടു ചേർന്നാണ് കാണപ്പെടുന്നത്. രണ്ടാംതര ജംഗ്ഷനിൽപ്പെടുന്നത്, നെടുങ്ങോലം, പൊഴിക്കര, തെക്കുംഭാഗം എന്നിവയും മൂന്നാംതരത്തിൽ, റേഷൻഷോപ്പ് ജംഗ്ഷൻ, പൂക്കുളം, ദയാബ്ജി, കൂനയിൽ, കുട്ടൂർപാലം ജംഗ്ഷൻ എന്നിവയും ഉൾപ്പെടുന്നു. ഇതിൽ നെടുങ്ങോലം, പൂക്കുളം, ദയാബ്ജി എന്നിവ പരവൂർ–ചാത്തന്നൂർ റോഡിലാണ്. കുട്ടൂർപാലം, തെക്കുംഭാഗം ജംഗ്ഷനുകൾ പരവൂർ–കാപ്പിൽ റോഡിലും കൂനയിൽ ജംഗ്ഷൻ പരവൂർ –പാരിപ്പള്ളി റോഡിലും ആയിട്ടാണുള്ളത്. പൊഴിക്കര ജംഗ്ഷൻ പരവൂർ–പൊഴിക്കര റോഡിൽ പോഴിക്കര ക്ഷേത്രത്തോടു ചേർന്ന് കാണപ്പെടുന്നു.

240 ഓളം വിവിധ തരത്തിൽപ്പെട്ട വാണിജ്യ സ്ഥാപനങ്ങളാണ് പരവൂർ ജംഗ്ഷനിലുള്ളത്. ഇവയുടെ തരംതിരിച്ചുള്ള പട്ടിക താഴെ നൽകിയിരിക്കുന്നു.

*പട്ടിക –13– 1 വാണിജ്യകേന്ദ്രങ്ങൾ പരവൂർ ജംഗ്ഷൻ*

| ക്രമ.നം | വാണിജ്യ സ്ഥാപനത്തിന്റെ തരം | എണ്ണം | ആകെ |
|---|---|---|---|
| **I.** | **ഡിസ്പെൻസറിയും മെഡിക്കൽ സ്റ്റോറുകളും** | | **34** |
| 1 | ആയുർവേദ ഡിസ്പെൻസറി | 4 | |
| 2 | ഹോമിയോ ക്ലിനിക് | 4 | |
| 3 | ദന്തൽ ക്ലിനിക് | 2 | |
| 4 | ആയുർവേദ മെഡിക്കൽ സ്റ്റോർ | 3 | |
| 5 | അലോപ്പതി മെഡിക്കൽ സ്റ്റോർ | 8 | |
| 6 | ക്ലിനിക്കൽ ലാബ് | 3 | |
| **II.** | ടെക്സ്റ്റൈൽ ഷോപ്പ് | **17** | **17** |
| **III.** | സ്റ്റേഷനറി & ഫാൻസി ഷോപ്പ് | | **20** |
| 1 | സ്റ്റേഷനറി & ഫാൻസി ഷോപ്പ് (ലേഡീസ്) | 15 | |
| 2 | ചെരുപ്പ് കട | 5 | |
| **IV.** | പലചരക്ക് കട (മാർജിൻ ഫ്രീ ഉൾപ്പെടെ) | **13** | **13** |
| **V.** | സ്വർണ്ണക്കട (8 എണ്ണം തീരെ ചെറിയ കട) | **14** | **14** |
| **VI.** | ഹോട്ടൽ & ബേക്കറി | | **23** |
| 1 | ഹോട്ടൽ | 12 | |
| 2 | ബേക്കറി | 11 | |
| **VII.** | പച്ചക്കറിക്കടകളും പൂക്കടകളും | | **19** |
| 1 | പച്ചക്കറിക്കട | 14 | |
| 2 | പൂക്കട | 5 | |
| **VIII.** | വീടുനിർമ്മാണ സാമഗ്രികളും വീട്ടുപകരണങ്ങൾ | | **23** |
| 1 | ഹാർഡ്വെയർ (സാനിട്ടറി, സിമന്റ്, റ്റൈൽസ്) | 10 | |
| 2 | ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽ | 13 | |
| **IX** | തൊഴിൽ സ്ഥാപനങ്ങൾ | | **14** |
| 1 | തയ്യൽക്കട | 4 | |
| 2 | വാച്ച്കട | 4 | |
| 3 | ബാർബർഷോപ്പ്& ബ്യൂട്ടി പാർലർ | 4 | |
| 4 | സ്റ്റുഡിയോ & കളർലാബ് | 1 | |
| 5 | ഗോൾഡ് കവറിംഗ് | 1 | |
| **X.** | വ്യവസായ സ്ഥാപനങ്ങൾ | | **7** |
| 1 | തടിമില്ല് | 1 | |
| 2 | ലെയ്ത്ത് | 1 | |
| 3 | പൊടിപ്പ് മില്ല് | 3 | |
| 4 | പ്രിന്റിംഗ് പ്രസ് | 2 | |
| **XI.** | ബാങ്ക് | **6** | **6** |
| **XII.** | പെട്ടിക്കട | **10** | **10** |
| **XIII.** | കമ്പ്യൂട്ടർ സെന്റർ/ ഇന്റർനെറ്റ് | **4** | **4** |
| **XIV.** | വിനോദോപാധികൾ | | **4** |
| 1 | വീഡിയോ/സിഡി സെന്റർ | 3 | |
| 2 | ബുക്ക് സ്റ്റാൾ | 1 | |
| **XV** | മറ്റുള്ളവ | | **32** |
| 1 | ലോട്ടറിക്കട | 5 | |
| 2 | സൈക്കിൾകട | 4 | |
| 3 | ഫർണിച്ചർ ഷോപ്പ് | 3 | |
| 4 | വീട്ടുപകരണങ്ങൾ | 3 | |
| 5 | കയർ ഉല്പന്നങ്ങൾ | 2 | |
| 6 | വക്കീൽ ഓഫീസ് | 2 | |
| 7 | ടയർ റീട്രേഡിംഗ് | 2 | |
| 8 | എയർ ട്രാവൽസ് | 2 | |
| 9 | ഡ്രൈവിംഗ് സ്കൂൾ | 2 | |
| 10 | അക്വേറിയം | 1 | |
| 11 | ജ്യോതിഷാലയം | 1 | |
| 12 | പെട്ടിക്കട | 1 | |
| 13 | കൺസ്ട്രക്ഷൻ ഓഫീസ് | 1 | |
| 14 | ബാർ | 1 | |
| 15 | കള്ള് ഷാപ്പ് | 1 | |
| 16 | വിദേശ മദ്യ ചില്ലറ വില്പനശാല | 1 | |
| | **ആകെ** | | **240** |

## 13.3 വാണിജ്യമേഖല–പ്രധാന പ്രശ്നങ്ങൾ

ഏറ്റവും പ്രധാന വാണിജ്യകേന്ദ്രമായ പരവൂർ ജംഗ്ഷൻ വളരെയധികം പരിമിതികളാൽ വീർപ്പ് മുട്ടുകയാണ്. കാർ, ലോറി, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് ശരിയായ പാർക്കിംഗ്

സൗകര്യം ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്.




*ചിത്രം–13–3 വാഹന പാർക്കിംഗ്*

പ്രൈവറ്റ് ബസ് സ്റ്റാന്റും പരവൂർ ജംഗ്ഷനോട് ചേർന്നാണ്. സ്ഥലപരിമിതി ഇവിടെയും ഒരു പ്രശ്നമാണ്.



*ചിത്രം–13–4 ഖരമാലിന്യകൂമ്പാരം*

ടൗൺ ഏരിയായിൽ ശരിയായ ഡ്രയിനേജ് സൗകര്യം ഇല്ലാത്തതും മാലിന്യങ്ങൾ കുന്നുകൂടുന്നതും വളരെയധികം പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും.

ജംഗ്ഷനിലേക്ക് തള്ളി നിൽക്കുന്ന കടകളും വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരവൂർ–പാരിപ്പള്ളി റോഡിൽ, ജംഗ്ഷനോട് ചേർന്നുള്ള മാർക്കറ്റ് ജംഗ്ഷന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വിസ്തീർണ്ണം കുറഞ്ഞ പരവൂർ മാർക്കറ്റ് സ്ഥലപരിമിതിയിൽ വീർപ്പുമുട്ടുകയാണ്. മാംസം, മത്സ്യം, പച്ചക്കറികൾ, പല വ്യഞ്ജനങ്ങൾ, പാത്രങ്ങൾ തുടങ്ങി എല്ലാത്തര കച്ചവടവും മാർക്കറ്റിൽ നടക്കുന്നു. രണ്ട് മത്സ്യഷെഡുകൾ മാർക്കറ്റിലുണ്ട്. സ്ത്രീകൾ ഉൾപ്പടെയുള്ള ചെറുകിട മത്സ്യക്കച്ചവടക്കാർ ഇവിടെ കച്ചവടം നടത്തുന്നുണ്ട്.



*ചിത്രം–13–5 മത്സ്യഷെഡ്*



*ചിത്രം–13–6 മാംസ വില്പന ഷെഡ്*

വൃത്തിഹീനമായ ചുറ്റുപാടിലാണ് മാംസക്കച്ചവടം നടക്കുന്നത്. താൽക്കാലിക ഷെഡുകളാണ് ഇതിനുപയോഗിക്കുന്നത്.

പൊളിഞ്ഞ് വീഴാറായ പഴയ കടകൾ പൊളിച്ചുമാറ്റേണ്ടതാണ്.

പരവൂരിലെ ഒന്നാം ക്രമ വാണിജ്യ വിപണന കേന്ദ്രത്തിന്റെ (ഇതാണ് പരവൂരിന്റെ Central Business District) ഭൂവിനിയോഗവും, സാറ്റലൈറ്റ് ഇമേജ് ( Satelite image) ഉം ചിത്രം (13-7)ൽ നൽകിയിരിക്കുന്നു.




*ചിത്രം-13.7 പരവൂർ ജംഗ്ഷൻ*

ഇതിൽനിന്നും മനസ്സിലാകുന്നത് വാണിജ്യമേഖലയിലും സ്വാഭാവികവളർച്ച (Organic growth) ആണുള്ളതെന്നും ഒരാസൂത്രണവും ഇവിടെ പ്രായോഗിക തലത്തിൽ കൊണ്ടുവന്നിരുന്നില്ല എന്നുമാണ്. വാണിജ്യമേഖല റോഡിന്റെ വശങ്ങളിലായിട്ടാണ് സ്ഥിതിചെയ്യുന്നത്. റോഡുകളിൽ നിന്നും ഉള്ളിലോട്ട് ധാരാളം സ്ഥലം ലഭ്യമാണ്. പരവൂരിന്റെ (CBD) ശാസ്ത്രീയമായി ആസൂത്രണം ചെയ്താൽ അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നും ഇപ്പോഴുള്ളതിൽ കൂടുതൽ സൗകര്യം ലഭ്യമാകുമെന്നും മനസ്സിലാക്കാം.

പരവൂരിലെ രണ്ടാം തരം മൂന്നാം തരം വാണിജ്യകേന്ദ്രങ്ങൾ ചുറ്റുപാടുമുള്ള ഒരു ചെറിയ ജന വിഭാഗത്തെ മാത്രം കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ മേൽ വിവരിച്ച പ്രശ്നങ്ങൾ ഈ വാണിജ്യകേന്ദ്രങ്ങളിൽ അത്രകണ്ട് അനുഭവപ്പെടുന്നില്ല.

### 13.4 അനുമാനം

*പരവൂർ നഗരസഭയുടെ ഒന്നാം ക്രമ വാണിജ്യകേന്ദ്രമായ പരവൂർ ജംഗ്ഷൻ പലവിധ പ്രശ്നങ്ങളാൽ വീർപ്പ് മുട്ടുകയാണ്. ആസൂത്രിതമായ രീതിയിൽ ഇവിടം മാറ്റിയാൽ നിലവിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാവുകയും കൂടുതൽ സൗകര്യം ലഭിക്കുകയും ചെയ്യും.*

<<< previous | contents | next >>>

# അദ്ധ്യായം – 14

# സാമൂഹിക പിന്നോക്കാവസ്ഥ

*ഒരു പ്രദേശത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ പട്ടികജാതി / പട്ടികവർഗ്ഗ ജനസംഖ്യയുടെയും, ദാരിദ്ര്യരേഖയ്ക്കു താഴെ (ബി.പി.എൽ) എത്ര ജനങ്ങളുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.*

## 14.1 SC/ST ഇൻഡക്സും, BPL ഇൻഡക്സും

ഒരു പ്രദേശത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ SC/ST ജനസംഖ്യയുടെയും, ദാരിദ്ര്യരേഖയ്ക്കു താഴെ എത്ര ജനങ്ങളുണ്ട് എന്നതിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണിവിടെ. സാമൂഹിക പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിനു രണ്ടു തരത്തിലുള്ള ഇൻഡക്സ് പഠന വിധേയമാക്കിയിരിക്കുന്നു. SC/ST ഇൻഡക്സും, BPL ഇൻഡക്സും.

ഒരു വാർഡിന്റെ SC/ST ഇൻഡക്സ് എന്നത് ആ വാർഡിലെ SC/ST ജനസംഖ്യയുടെ അനുപാതത്തെ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മൊത്തം SC/ST ജനസംഖ്യയുടെ അനുപാതം കൊണ്ട് ഹരിക്കുന്നതാണ്. ഒരു വാർഡിലെ BPL ഇൻഡക്സും ഇതേ രീതിയിൽ കണക്കാക്കുന്നു. വാർഡടിസ്ഥാനത്തിൽ കണക്കുകൂട്ടുന്ന ഇൻഡക്സിന്റെ വില ഒന്നോ, ഒന്നിൽ കൂടുതലോ, ഒന്നിൽ കുറവോ ആകാം. ഇൻഡക്സ് ഒന്നാണെങ്കിൽ, ആ വാർഡിലെ SC/ST അനുപാതം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ SC/ST അനുപാതത്തിനു തുല്യമാണെന്നു കാണാം. ഇൻഡക്സ് ഒന്നിൽ കൂടുതലാണെങ്കിൽ, ആ വാർഡിലെ SC/ST അനുപാതം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തേക്കാൾ കൂടുതലാണെന്നും അതുകൊണ്ടു തന്നെ SC/ST ജനസംഖ്യയുടെ കേന്ദ്രീകരണം (ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം) ഈ വാർഡിൽ ഉണ്ടെന്നും മനസ്സിലാക്കാം.




*ചിത്രം–14–1 SC/ST ഇൻഡക്സ് വ്യതിയാനം*

## 14.2 പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗം

2001 സെൻസസ് പ്രകാരം, പരവൂർ മുനിസിപ്പാലിറ്റിയിലെ മൊത്തം ജനസംഖ്യയുടെ 12.04% പട്ടികജാതി/ വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് (4655 പേർ) കൊല്ലം ജില്ലയിൽ ഇത് 12.69% ആണ്.

വാർഡുതലത്തിലുള്ള SC/ST ഇൻഡക്സ് വ്യതിയാനം ചിത്രം (14–1) ൽ കാണിച്ചിരിക്കുന്നു.<=1, >1 എന്നീ

രണ്ട് വിഭാഗങ്ങളിലായാണ് വാർഡുകളെ തരം തിരിച്ചിരിക്കുന്നത്. പരവൂർ മുനിസിപ്പാലിറ്റിയുടെ പകുതിയ്ക്കു നിന്നും വടക്കോട്ടാണ് SC/ST വിഭാഗക്കാരുടെ കേന്ദ്രീകരണം എന്ന് ചിത്രത്തിൽ നിന്നും മനസ്സിലാക്കാം.

### 14.3 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ സംബന്ധിച്ച വിവരം

2001 സെൻസസ് പ്രകാരം പരവൂരിലെ മൊത്തം ജന സംഖ്യയുടെ 6.4% (2473 പേർ) ദാരിദ്ര്യ രേഖയ്ക്കു താഴെ യുള്ളവരാണ്. ഇത് ജില്ലയിൽ 10.88% ആണ്. B.P.L ഇൻഡക്സ് ജില്ലയിൽ 1 ആയിരിക്കുമ്പോൾ പരവൂരിന്റേത് 0.59 ആണ്. പരവൂരിന്റെ വാർഡുതലത്തിലുള്ള BPL ഇൻഡക്സ് വ്യതിയാനം <=1, >1 ചിത്രം (14–2)ൽ കാണിച്ചി രിക്കുന്നു.




*ചിത്രം–14–2 BPL ഇൻഡക്സ് വ്യതിയാനം*

മുനിസിപ്പാലിറ്റിയിലെ 10 വാർഡുകളിൽ BPL ഇൻഡക്സ് ഒന്നോ അതിൽ കൂടുതലോ ആയിട്ടാണ് കാണുന്നത് (1, 2, 3, 4, 6, 9, 10, 11, 20, 25)




*ചിത്രം–14–3 വരുമാനത്തിന്റെ വാർഡുതല വ്യതിയാനം*

പരവൂർ മുനിസിപ്പാലിറ്റിയുടെ ശരാശരി കുടുംബവരുമാനം (Household Income) എന്നത് Rs.3712.09 ആണ്. ഇത് ജില്ലയെ അപേക്ഷിച്ച് കൂടുതലായാണ് കാണുന്നത് (ജില്ല –3120.48), കുടുംബ വരുമാനത്തിന്റെ വാർഡുതല വ്യതി യാനം ചിത്രം (14–3) ൽ കാണിച്ചിരിക്കുന്നു.

മുകളിൽ കാണിച്ചിരിക്കുന്ന മൂന്നു ചിത്രങ്ങളുടെ (ചിത്രം 14–1, ചിത്രം 14–2, ചിത്രം 14–3) താരതമ്യ പഠനത്തിൽ നിന്നും മുനിസിപ്പാലിറ്റിയുടെ വടക്കേ അതിർത്തിയിലുള്ള 5 ഓളം വാർഡു കളും (1, 2, 3, 4, 25), വാർഡ് 20 ഉം (ചിത്രം 14.4) ആണ് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നത് എന്നു മനസ്സിലാക്കാം. ഈ വാർഡുകളിൽ തന്നെ, കൃഷി പ്രധാന തൊഴിലായി എടുത്തിട്ടുള്ളവരുടെ കേന്ദ്രീകരണവും കൂടുതലാണെന്നു കാണാം. അതുപോലെ ഉൾനാടൻ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഈ പ്രദേശങ്ങളിലാണ് കേന്ദ്രീക രിച്ചിരിക്കുന്നത്.




*ചിത്രം–14.4 സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശം*

## 14.4 അനുമാനം

*കൃഷിപ്പണിക്കാരും ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരും കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളാണ് പരവൂർ നഗരസഭാപ്രദേശത്തെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ. ഇത് പരവൂർ നഗരസഭാ പ്രദേശത്തെ കൃഷിപ്പണിക്കാരുടെയും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെയും പിന്നോക്കാവസ്ഥയെ സൂചിപ്പിക്കുന്നു.*

<<< previous | contents | next >>>

# അദ്ധ്യായം –15

# പാർപ്പിടവും ചേരിപ്രദേശങ്ങളും

*ഒരു പ്രദേശത്തിന്റെ നഗരവത്കരണവും വ്യവസായ വികസനവും ചേരിപ്രദേശങ്ങളുടെ രൂപീകരണത്തിന് കാരണമാകുന്നു. ചേരിപ്രദേശം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് നിലവാരം വളരെകുറഞ്ഞ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നവരുടെ കൂട്ടായ അധിവാസകേന്ദ്രങ്ങളെയാണ്. ജനങ്ങൾ വളരെ മോശമായ, വെളിച്ചമോ വായുവോ കടക്കാത്ത ഇടുങ്ങിയ താമസസ്ഥലങ്ങളിൽ തിങ്ങിപാർക്കുക, സാനിട്ടേഷൻ സൗകര്യങ്ങൾ, കുടിവെള്ളം തുറസായ സ്ഥലങ്ങൾ എന്നിവയുടെ അഭാവം എന്നിവ ഇവിടുത്തെ പ്രത്യേകതയാണ്. ഇക്കാരണങ്ങളാൽ രോഗങ്ങളും പകർച്ച വ്യാധികളും ഉണ്ടാവുകയും ഇത് പൊതുജനാരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു. പക്ഷേ കേരളത്തിൽ രാജ്യത്തിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചേരിപ്രദേശങ്ങളുടെ അവസ്ഥ താരതമ്യേന ഭേദപ്പെട്ടതാണ്. നഗര-ഗ്രാമാസൂത്രണ വകുപ്പ് ഒരു പ്രദേശത്തെ ചേരിയായി പ്രഖ്യാപിക്കുന്നത് ചില മാനദണ്ഡങ്ങൾ വച്ചാണ്. ഈ മാനദണ്ഡങ്ങൾ എന്താണെന്ന് കുറിപ്പിൽ വിശദീകരിച്ചിരിക്കുന്നു. ഈ മാനദണ്ഡങ്ങൾ അനുസരിച്ച് പരവൂർ മുൻസിപ്പാലിറ്റിയിലെ ചേരികൾ അഞ്ചെണ്ണമാണ്. അവ മാലാക്കായൽ, കൂനയിൽ ലക്ഷംവീട്, ക്ലാവറ തൊടിയിൽ, പാറയിൽക്കാവ്, വാറുകുളം എന്നിവയാണ്. ഇവ കൂടാതെ നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ (Substandard housing area) എന്ന നിലയിൽ 11 എണ്ണം കൂടിയുണ്ട്. ഇവയെ സംബന്ധിക്കുന്ന വിശദാംശങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നത്.*

## 15.1 പാർപ്പിടം

പരവൂർ നഗരസഭാ പ്രദേശത്ത് നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നത്, നഗരസഭാ പ്രദേശത്തെ 98% ആൾക്കാർക്കും സ്വന്തമായി വീടുണ്ടെന്നാണ്. 2% ആൾക്കാർ മാത്രമാണ് സ്വന്തമായി വീടില്ലാത്തത്. സ്വന്തമായി വീടുള്ളവരിൽ 11% ആൾക്കാരാണ് നിലവാരം കുറഞ്ഞ വീടുകളിൽ (Kutcha house) താമസിക്കുന്നത്. ഇത് ഏകദേശം 880 ഓളം വീടുകൾ വരും. ഇതിൽ കൂടുതലും കാണപ്പെടുന്നത് നഗരസഭാ പ്രദേശത്തെ മത്സ്യബന്ധന തുറകളോടനുബന്ധിച്ചും, കോളനികളോടനുബന്ധിച്ചുമാണ്.

## 15.2 ചേരികളും, അധിവാസ കേന്ദ്രങ്ങളും – അടിസ്ഥാന വിവരങ്ങൾ

സർക്കാർ അംഗീകൃത ചേരികളുടെ വിശദാംശങ്ങൾ പട്ടിക (15.1) ൽ കാണിച്ചിരിക്കുന്നു.

*പട്ടിക –15–1 – ഗവൺമെന്റ് അംഗീകൃത ചേരികൾ*

| ക്രമനമ്പർ | പേര് | വിസതീർണ്ണം (ഹെ) | കുടുംബങ്ങളുടെ എണ്ണം | | | | ജനസംഖ്യ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | എസ്.സി. | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി. | എസ്.ടി | മറ്റുള്ളവർ | ആകെ |
| 1 | മാലാക്കായൽ | 1.00 | 18 | 0 | 20 | 38 | 67 | 0 | 94 | 161 |
| 2 | കൂനയിൽ ലക്ഷം വീട് | 0.4 | 5 | 0 | 7 | 12 | 20 | 0 | 31 | 51 |
| 3 | ക്ലാവറ തൊടിയിൽ | 0.15 | 18 | 0 | 0 | 18 | 91 | 0 | 0 | 91 |
| 4 | പാറയിൽക്കാവ് | 0.45 | 27 | 0 | 36 | 63 | 129 | 0 | 158 | 287 |
| 5 | വാറുകുളം | 0.61 | 11 | 0 | 11 | 22 | 50 | 0 | 53 | 103 |
| | **ആകെ** | **2.61** | **79** | **0** | **74** | **153** | **357** | **0** | **336** | **693** |

*അവലംബം: അർബൻ സ്ലംസ് ഇൻ കേരള 1995–96, നഗര–ഗ്രാമ ആസൂത്രണവകുപ്പ്*

പട്ടിക 15.1 ൽ ഉൾപ്പെടാത്ത പരവൂരിലെ നിലവാരം കുറഞ്ഞ മറ്റ് അധിവാസ കേന്ദ്രങ്ങൾ താഴെ പറയുന്നു.

*പട്ടിക 15.2 ചേരിയ്ക്ക് പുറമേയുള്ള നിലവാരം കുറഞ്ഞ മറ്റ് അധിവാസ കേന്ദ്രങ്ങൾ*

| ക്രമനമ്പർ | പേര് | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1 | പുഞ്ചിറക്കുളം | 28 | 125 |
| 2 | ചരുവിള-1 | 35 | 140 |
| 3 | ചരുവിള-2 | 38 | 152 |
| 4 | വെട്ടിക്കുന്നുവിള | 23 | 95 |
| 5 | യക്ഷിക്കാവ് (വിയറ്റ്നാം) | 74 | 370 |
| 6 | പരകുളം | 127 | 648 |
| 7 | പ ാരേത്ത് വടക്കെത്തൊടി | 22 | 144 |
| 8 | മുതലക്കുളം | 30 | 90 |
| 9 | പുലിക്കുളം | 25 | 55 |
| 10 | പേരാൽത്തൊടി | 20 | 102 |
| 11 | പന്നിക്കുളം | 25 | 100 |

## 15.3 ചേരികളുടെയും, നിലവാരം കുറഞ്ഞ അധിവാസകേന്ദ്രങ്ങളുടെയും തരംതിരിവ്

കോളനികളെ അവയുടെ വീടുകളുടെ നിലവാരം, ശുദ്ധ ജല ലഭ്യത, വഴി സൗകര്യം, സാനിട്ടേഷൻ സൗകര്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മൂന്നായി തരംതിരിക്കാവുന്നതാണ്. ഏറ്റവും മോശമായ സ്ഥിതിയിലുള്ളത് (ഗ്രേഡ്-സി) ഇടത്തരം സൗകര്യമുള്ളത് (ഗ്രേഡ് -ബി), ഇടത്തരത്തേക്കാൾ മെച്ചമായത് (ഗ്രേഡ് -എ) എന്നിവയാണവ. പരവൂർ നഗരസഭാ പ്രദേശത്തെ ചേരികളും നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളും തരംതിരിച്ച് പട്ടിക (15.3) ൽ നൽകിയിരിക്കുന്നു. ഇങ്ങനെ തരംതിരിച്ചതിൽ പ്രകാരം സി.ഗ്രേഡിൽ അഞ്ചെണ്ണവും ബി. ഗ്രേഡിൽ നാലെണ്ണവും ബാക്കി ആറെണ്ണം എ ഗ്രേഡിലും ഉൾപ്പെടുന്നു. നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ ചിത്രം 15.1 ൽ കൊടുത്തിരിക്കുന്നു.



*ചിത്രം-15.1 നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങൾ*

സി ഗ്രേഡിൽ വരുന്ന പ്രദേശങ്ങൾ – വാറുകുളം, ചരുവിള-1, യക്ഷിക്കാവ്, പുലിക്കുളം, പേരാൽത്തൊടി

ബി ഗ്രേഡിൽ വരുന്ന പ്രദേശങ്ങൾ – പുഞ്ചിറക്കുളം, വെട്ടിക്കുന്ന് വിള, മാലാക്കായൽ, മുതലക്കുളം

എ ഗ്രേഡിൽ വരുന്ന പ്രദേശങ്ങൾ – ചരുവിള-2, പരകുളം, പരക്കുളം പാറയിൽക്കാവ്, കൂനയിൽ ലക്ഷംവീട്, പണ്ടാരത്ത് വടക്കെത്തൊടി

*പട്ടിക –15–3– ചേരികളുടെയും നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെയും തരംതിരിവ്*

| ക്രമനമ്പർ | പേര് | സെക്ടറുകൾ | | | | മാർക്ക് | ഗ്രേഡ് |
|---|---|---|---|---|---|---|---|
| | | വീടുകളുടെനിലവാരം | കുടിവെള്ളം | വഴി | സാനിട്ടേഷൻ | | |
| 1 | വാറുകുളം | — | 0 | + | — | 9 | C |
| 2 | പുഞ്ചിറക്കുളം | 0 | + | + | 0 | 6 | B |
| 3 | ചരുവിള–1 | — | 0 | + | — | 9 | C |
| 4 | ചരുവിള–2 | + | 0 | + | + | 5 | A |
| 5 | വെട്ടിക്കുന്നുവിള | — | 0 | + | + | 7 | B |
| 6 | യക്ഷിക്കാവ് (വിയറ്റ്നാം) | — | 0 | 0 | — | 10 | C |
| 7 | മാലാക്കായൽ | 0 | 0 | + | + | 6 | B |
| 8 | പരകുളം | + | 0 | + | + | 5 | A |
| 9 | പരകുളം പാറയിൽക്കാവ് | + | 0 | + | + | 5 | A |
| 10 | കൂനയിൽ ലക്ഷംവീട് | + | 0 | + | + | 5 | A |
| 11 | പ ാരേത്ത് വടക്കെത്തൊടി | 0 | + | + | + | 5 | A |
| 12 | മുതലക്കുളം | + | — | + | + | 6 | B |
| 13 | പുലിക്കുളം | 0 | 0 | — | 0 | 9 | C |
| 14 | പേരാൽത്തൊടി | + | 0 | — | 0 | 8 | C |
| 15 | പന്നിക്കുളം | + | 0 | + | + | 5 | A |

*അവലംബം: നേരിട്ടുള്ള സർവെ 2006*

***– ഏറ്റവും മോശമായസ്ഥിതി, 0–മോശം സ്ഥിതി, + കുഴപ്പമില്ല***

വൈദ്യുതി എല്ലാകോളനികളിലും എത്തിയിട്ടുണ്ട്. ബി,സി ഗ്രേഡിൽപ്പെടുന്ന കോളിനികളിൽ വീടുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ശുദ്ധജല ക്ഷാമം ഒട്ടുമിക്ക കോളനികളിലും രൂക്ഷമാണ്. മറ്റൊരു പ്രധാന പ്രശ്നം സാനിട്ടേഷൻ സൗകര്യം ഇല്ലായ്മയാണ്. കോളനികൾ വരെ റോഡുകൾ ഉണ്ടെങ്കിലും, ഒട്ടുമിക്ക കോളനികളിലും കോളനികൾക്കകത്തേയ്ക്ക് റോഡുകൾ ഇല്ല.

സി ഗ്രേഡിൽപ്പെടുന്ന വാറുകുളം കോളനിയിലെ പ്രധാന പ്രശ്നങ്ങൾ നിലവാരം കുറഞ്ഞ വീടുകളും, സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവവും ആണ്. ഇവിടെ സാനിട്ടേഷൻ സൗകര്യങ്ങളില്ലാത്ത ഓരോ വീടിനും കക്കൂസുകൾ പ്രത്യേകമായും എന്നാൽ സെപ്റ്റിക് ടാങ്ക് പൊതുവായും നൽകാവുന്നതാണ്. സെപ്റ്റിക് ടാങ്കിനോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കാവുന്നതാണ്.  ബയോഗ്യാസ് കോളനിയിലെ തെരുവിളക്കുകൾ കത്തിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.



*ചിത്രം–15.2– വാറുകുളം കോളനി*

സി ഗ്രേഡിൽത്തന്നെ ഉൾപ്പെടുന്ന ചരുവിള –1 കോളനിയിലും വീട്, സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം എന്നിവയാണുള്ളത്.



*ചിത്രം–15.3– ചരുവിള–1*

സി ഗ്രേഡിലുള്ള യക്ഷിക്കാവ് (വിയറ്റ്നാം) കോളനിയിൽ വീട്, സാനിട്ടേഷൻ സൗകര്യം എന്നിവയോടൊപ്പം ഇന്റേണൽ റോഡുകളുടെ അഭാവവും ശ്രദ്ധിക്കപ്പെടേണ്ടതാണ്.



*ചിത്രം–15.4– യക്ഷിക്കാവ് കോളനി*

സി ഗ്രേഡിലുള്ള പുലിക്കുളം കോളനിയോട് ചേർന്ന കുളം ശരിയായ രീതിയിൽ സംരക്ഷിക്കുകയാണെങ്കിൽ ജല ക്ഷാമം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. വീടുകളുടെ നിലവാരം ഇവിടെയും വളരെ ശോചനീയമാണ്.





*ചിത്രം–15.5– പുലിക്കുളം*

സി ഗ്രേഡിലുള്ള പേരാൽത്തൊടിക്കോളനിയിൽ ഇന്റേണൽ റോഡുകൾ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. കുടിവെള്ള ക്ഷാമവും ഇവിടെ രൂക്ഷമാണ്.



*ചിത്രം–15.6– പേരാൽത്തൊടി*

ബി. ഗ്രേഡിൽപ്പെടുന്ന പുഞ്ചിറക്കുളം, വെട്ടിക്കുന്നുവിള കോളനികളിൽ വീടുകളുടെ നില വാരം, സാനിട്ടേഷൻ സൗകര്യം, കുടിവെള്ളം എന്നിവ തൃപ്തികരമല്ല. പുഞ്ചിറക്കുളം കോളനി ക്കടുത്തുള്ള കുളം ശരിയായ രീതീയിൽ കുഴിച്ചെടുത്ത് സംരക്ഷിക്കുകയാണെങ്കിൽ ജലസേചന ത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

## 15.4 അനുമാനം

*പരവൂരിലെ പാർപ്പിട മേഖലയിൽ ഗണനീയമായ പ്രശ്നങ്ങളില്ല. എന്നാൽ ചേരികളിലും അധി വാസ കേന്ദ്രങ്ങളിലും പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് വളരെ രൂക്ഷമാണ്. നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളുടെ (അംഗീകൃത ചേരിപ്രദേശം ഉൾപ്പടെ) എണ്ണം 14 ആണ്. ഇവയിലാകെ 246 കുടുംബങ്ങൾ താമസിക്കുന്നു. വീടുകളുടെ നിലവാരക്കുറവ്, കുടിവെള്ളത്തിന്റെ അപര്യാപ്തത, സാനി ട്ടേഷൻ സൗകര്യങ്ങളുടെ അഭാവം ഇവയാണ് പ്രധാനമായും ഈ ചേരികളിലെ പ്രശ്നങ്ങൾ.*

കുറിപ്പ് :

| പിന്നോക്കാവസ്ഥയുടെ സൂചിക | ആവശ്യം വേ സൗകര്യങ്ങളുടെ ചുരുങ്ങിയ നിലവാരം |
|---|---|
| എ) അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത | |
| 1. കക്കൂസിന്റെ അപര്യാപ്തത | ഇരുപതു പേർക്ക് ഒരു കക്കൂസ് |
| 2. അഴുക്കുചാലുകളുടെ അപര്യാപ്തത | |
| 3. റോഡുമായുള്ള സാമീപ്യമില്ലായ്മ | |
| 4. ജലവിതരണത്തിന്റെ അപര്യാപ്തത | നൂറു പേർക്ക് ഒരു ടാപ്പ് |
| 5. തെരുവു വിളക്കിന്റെ അപര്യാപ്തത | 30 മീറ്റർ ഇടവിട്ട് തെരുവ് വിളക്ക് |
| ബി) ജനസാന്ദ്രത | ഒരു ഏക്കറിൽ 100 പേർ |
| സി) പട്ടികജാതി/പട്ടികവർഗ ജനസംഖ്യ | 30 ശതമാനത്തിൽ കൂടുതൽ |
| ഡി) താമസിക്കുന്ന വീടിന്റെ ഘടനാപരമായ സ്ഥിതി | 50 ശതമാനമോ അതിലേറെയോ മോശപ്പെട്ടത് (Katcha) |

# അദ്ധ്യായം –16

# പരിസ്ഥിതിയും പൈതൃക പ്രദേശങ്ങളും

*പരവൂർ പ്രദേശത്തെ കടൽ തീരവും, കായലും, വയലുകളും, തോടും, കുളങ്ങളും, അമ്പലങ്ങ ളോട് ചേർന്നുള്ള കാവുകളും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളാണ്. അതുപോലെ നൂറ്റാ ണ്ടുകളുടെ പഴക്കമുള്ള അമ്പലങ്ങളും പരവൂരിലുണ്ട് അവ പൈതൃക പ്രാധാന്യമുള്ള പ്രദേശ ങ്ങളുമാണ്. ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്തുള്ള പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളെക്കുറിച്ചും പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളെക്കുറിച്ചും വിശദീകരിച്ചിരിക്കുന്നു.*

## 16.1 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ

കടൽ തീരം:– പരവൂർ നഗരസഭാ പ്രദേശത്തിന് 7 കിലോമീറ്റർ നീളമുള്ള കടൽത്തീരമാണുള്ളത് കടൽ തീരത്തിനോട് ചേർന്ന മത്സ്യബന്ധന തുറകളും, മത്സ്യത്തൊഴിലാളികളുടെ പാർപ്പിടങ്ങളു മാണ് കാണുന്നത്. കടൽതീരത്തും, കടൽ തീരത്തോട് ചേർന്നുള്ള പ്രദേശങ്ങളും കോസ്റ്റൽ റെഗു ലേഷൻ സോണിൽ (CRZ) ൽ ഉൾപ്പെടുന്ന ഭാഗങ്ങളാണ്. ഇവയെ ഇങ്ങനെ സംരക്ഷിക്കപ്പെട്ടിരി ക്കുന്നു. വാർഡ് 19 ൽ പെടുന്ന കടൽ തീരത്ത് കടലിലേക്ക് മണ്ണ് ഇടിഞ്ഞ് കിടക്കുകയാണ്. ഇവിടെ കടൽ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്.





*ചിത്രം 16.1 കടൽത്തീരം*

കായൽ തീരം :– പരവൂർ കായലും നടയറ കായലുമാണ് പരവൂരിലെ രണ്ട് കായലുകൾ. ഇവയുടെ തീരം ഇപ്പോൾ കയ്യേറ്റത്തിനിരയാണ്. ഈ കായൽ തീരങ്ങളും CRZ ൽ ഉൾപ്പെടുന്ന പ്രദേശമാണ്. പരിസ്ഥിതി പ്രാധാന്യം കണ ക്കിലെടുത്തുകൊണ്ട് കായൽ തീരത്തിന്റെ അതിരുകൾ കൃത്യമായി വേർതിരിക്കുകയും, കായൽ കയ്യേറ്റം തടയു കയും ചെയ്യേണ്ടതുണ്ട്.



*ചിത്രം 16.2 കായൽത്തീരം*

അകത്തുകായൽ :- പരവൂർ നഗരസഭാ പ്രദേശത്തെ ഏകദേശം 3.82ഹെക്ടർ പ്രദേശത്ത് അകത്തുകായൽ വ്യാപിച്ചുകിടക്കുന്നു. പരവൂർ കായലുമായി ചെറിയ ചാലുമുഖേന അകത്തു കായൽ ബന്ധിപ്പിച്ചിരിക്കുന്നു. ഇതിനെ പരവൂരിലെ ഭാവി ജലസ്രോതസ്സായി മാറ്റാവുന്നതാണ്. ഇപ്പോൾ മണൽ വാരൽ മൂലവും, കായൽ കയ്യേറ്റം മൂലവും ഈ കായൽ ഭീഷണി നേരിടുന്നു.






*ചിത്രം 16.3 അകത്തുകായൽ*

കാവുകൾ:- ആയിരവല്ലി ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള കാവ് പ്രത്യേകം പരാമർശം അർഹി ക്കുന്നു. ഈ നിത്യഹരിതമായ കാവിൽ ആയിരക്കണക്കിന് വവ്വാലുകൾ ചേക്കേറുന്നുണ്ട്. പഴയ കാലത്ത് നിന്നും ഇപ്പോൾ ഇതിന് വിസ്തൃതി വളരെക്കുറഞ്ഞു എന്നാണ് മനസ്സിലാകുന്നത്. പരി സ്ഥിതി പ്രാധാന്യം കണക്കിലെടുത്തു ഈ കാവ് ഇതുപോലെയെങ്കിലും സംരക്ഷിക്കപ്പെണ്ടേതാ ണ്.



*ചിത്രം 16.4 ആയിരവല്ലി കാവ്*

വയലുകൾ:- പരവൂരിലെ വയലുകളെല്ലാം ചുറ്റുമുള്ള പ്രദേ ശങ്ങളിൽ നിന്നും താഴെ സ്ഥിതി ചെയ്യുന്നു, അതിനാൽ തന്നെ ഇവ ഭൂഗർഭ ജലത്തിന്റെ റീചാർജിംഗ് പ്രദേശങ്ങളായി വർത്തി ക്കുന്നു. അതിനാൽ തന്നെ ഇവയ്ക്കു പരിസ്ഥിതി പ്രാധാന്യ മുണ്ട്. ഇവ അതേപടി സംരക്ഷിക്കേണ്ടതാണ്. പരവൂർ നഗരസഭാ പ്രദേശത്തെ പ്രധാന ഏലകൾ-ക്ലാവറ ഏല, കൂന യിൽ ഏല, പണ്ഡാരത്തിൽ ഏല, പശുമൺ ഏല, ഏല ക്കുളം ഏല എന്നിവയാണ്.



*ചിത്രം 16.5 വയലുകൾ*

## 16.2 പൈതൃക പ്രദേശങ്ങൾ

പുരാതന ക്ഷേത്രങ്ങളും, കൊല്ലം ജില്ലയിൽ തന്നെ പേരുകേട്ട ഉത്സവങ്ങളും പരവൂരിന് സ്വന്തമാണ്. നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്നതും പൈതൃക പ്രാധാന്യം ഉള്ളതുമായ രണ്ടു പുരാതന ക്ഷേത്രങ്ങളാണ് പൊഴിക്കര ദേവീക്ഷേത്രവും, പുറ്റിംഗൽ ദേവീ ക്ഷേത്രവും. പൈതൃക പ്രാധാന്യമുള്ള ആരാധനാലയങ്ങൾ എന്നനിലയ്ക്ക് ഇവ രണ്ടിന്റെയും സംരക്ഷണം അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നു. അതുപോലെ പൈതൃക പ്രാധാന്യമുള്ള ഒരു കെട്ടിടമാണ് പൊഴിക്കര കൊട്ടാരം. ഇത് ഇപ്പോൾ പി.ഡബ്ല്യൂ.ഡി.യുടെ കൈവശമാണ്.




*ചിത്രം – 16.6 പരവൂരിലെ പ്രധാന ആരാധനാലയങ്ങൾ*




*ചിത്രം– 16.7 പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ*

## 16.3 അനുമാനം

*പരവൂർ നഗരസഭാ പ്രദേശം ജലാശയങ്ങളുടെ സാന്നിദ്ധ്യങ്ങളാലും (കായലുകൾ, തോട്), തീരപ്രദേശമായതിനാലും, വയലുകളുടെയും കാവുകളുടെയും സാന്നിദ്ധ്യങ്ങളാലും എൻവയൺമെന്റലി സെൻസിറ്റിവായ (Environmentally sensitive area) പ്രദേശമാണ്. ഈ പരിസ്ഥിതിയെ ഹനിക്കുന്ന തരത്തിലെ വികസന പ്രവർത്തനങ്ങൾ പരവൂരിൽ ഒഴിവാക്കേണ്ടതാണ്.*

<<< previous | contents | next >>>

# അദ്ധ്യായം –17

# വികസന ഭരണവും ധനകാര്യവും

*പരവൂർ നഗരസഭാ പ്രദേശത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാർ തലത്തിലെ വകുപ്പുകളെക്കുറിച്ചും, പരവൂർ നഗരസഭയുടെ ധനസമാഹരണത്തെയും വിനിയോഗത്തെക്കുറിച്ചും ഈ അദ്ധ്യായത്തിൽ വിശദമാക്കിയിരിക്കുന്നു.*

## 17.1 വികസന ഭരണം

### 1. പരവൂർ നഗരസഭ

പരവൂർ നഗരസഭാപ്രദേശത്ത് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് പരവൂർ നഗരസഭയാണ്. പരവൂർ നഗരസഭയുടെ പദ്ധതിയിൽ വരുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1. മുനിസിപ്പൽ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും
2. പൊതുജനാരോഗ്യം – പ്രാഥമിക ആരോഗ്യകേന്ദ്രം, കണ്ടിന്യൂറ്റി ഹെൽത്ത് സെന്റർ
3. മാലിന്യനിർമ്മാർജ്ജനം
4. പൊതുമാർക്കറ്റുകൾ നിർമ്മാണവും അറ്റകുറ്റപ്പണികളും.
5. പൊതു ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ
6. പാർക്കുകളും തുറസായ സ്ഥലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ.
7. ചേരികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.
8. പൊതു കുളങ്ങളുടെ സംരക്ഷണം.
9. നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ (സ്കൂളുകൾ, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ) നടത്തിപ്പ്.

### 2. സംസ്ഥാന ജല അതോറിറ്റി

പരവൂർ നഗരസഭാ പ്രദേശത്ത് ജലവിതരണം നടത്തുന്നത് ജല അതോറിറ്റിയാണ്. ഇതിനാവശ്യമായ ജല സ്രോതസ്സ് കണ്ടെത്തുന്നതും ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതും ജല അതോറിറ്റിയുടെ ചുമതലയിൽ വരുന്നു. ജല അതോറിറ്റിയുടെ ഓഫീസുകളൊന്നും നഗരസഭാപ്രദേശത്ത് പ്രവർത്തിക്കുന്നില്ല.

### 3. സംസ്ഥാന വൈദ്യുതി ബോർഡ്

പരവൂർ നഗരസഭാ പ്രദേശത്തെ വൈദ്യുതി വിതരണത്തിന്റെ ചുമതല സംസ്ഥാന വൈദ്യുതി ബോർഡിനാണ്. വൈദ്യുതി ബോർഡിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

### 4. സംസ്ഥാന പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് (റോഡ്സ്)

പ്രധാനപ്പെട്ട റോഡുകളുടെയെല്ലാം(നഗരസഭാപരിധിയിൽ പെടാത്ത) നിർമ്മാണവും അറ്റകുറ്റ പണികളും പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലാണ്.

### 5. ടെലിഫോൺ എക്സ്ചേഞ്ച്

പരവൂരിലെ നഗരസഭാ ബസ് സ്റ്റാൻഡിന് സമീപം ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നു.

**6. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ**

1. വില്ലേജ് ഓഫീസ് (കോട്ടപ്പുറവും, പരവൂരും)
2. സബ് ട്രഷറി
3. എംപ്ലോയ്മെന്റ് ഓഫീസ്
4. കയർ ഇൻസ്പെക്ടറുടെ ഓഫീസ്
5. സബ് രജിസ്ട്രാർ ഓഫീസ്
6. പോലീസ് സർക്കിൾ ഓഫീസ്
7. ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി
8. കൃഷിവകുപ്പിന്റെ ഓഫീസ്
9. വെറ്റിനറി പോളിക്ലിനിക്ക്
10. പോസ്റ്റ് ഓഫീസ്.

**7. സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ സ്ഥിതി**

പ്രധാനപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സ്ഥിതി പട്ടിക17.1 –ൽ നൽകിയിരിക്കുന്നു.

പട്ടിക 17.1 സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സ്ഥിതി

| | ഓഫീസ് | കെട്ടിടത്തിന്റെ ഉടമസ്ഥത | കെട്ടിടത്തിനു പുനരുദ്ധാരണം അവശ്യമോ |
|---|---|---|---|
| 1 | നഗരസഭ | സ്വന്തം | ഇല്ല |
| 2 | വില്ലേജ് ഓഫീസ് (കോട്ടപ്പുറം) | സ്വന്തം | അതെ |
| 3 | വില്ലേജ് ഓഫീസ് (പരവൂർ) | സ്വന്തം | അതെ |
| 4 | സബ് ട്രഷറി | വാടകയ്ക്ക് | |
| 5 | എംപ്ലോയ്മെന്റ് ഓഫീസ് | വാടകയ്ക്ക് | |
| 6 | കയർ ഇൻസ്പെക്ടറുടെ ഓഫീസ് | വാടകയ്ക്ക് | |
| 7. | പി.ഡബ്ല്യൂ.ഡി ഓഫീസ് | നിലവിലില്ല | |
| 8. | കെ.എസ്.ഇ.ബി. ഓഫീസ് | സ്വന്തം | അതെ |
| 9. | വാട്ടർ അതോറിറ്റി ഓഫീസ് | നിലവിലില്ല | |
| 10. | സബ് രജിസ്ട്രാറുടെ ഓഫീസ് | വാടകയ്ക്ക് | |

പട്ടിക (17.1) ൽ സൂചിപ്പിക്കുന്നത് പരവൂർ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ഭൂരി ഭാഗം സർക്കാർ സ്ഥാപനങ്ങളും വാടക കെട്ടിടത്തിലാണെന്നും, സ്വന്തമായി കെട്ടിടം ഉള്ളവയ്ക്കുതന്നെ പുനരുദ്ധാരണം ആവശ്യമാണെന്നുമാണ്. ഇത് പരവൂർ നഗരസഭാ പ്രദേശത്ത് സർക്കാർ ഓഫീസുകൾക്ക് പ്രവർത്തിക്കാനായി ഓഫീസ് കോംപ്ലക്സ് അത്യാവശ്യമാണെന്നാണ് സൂചിപ്പിക്കുന്നത്.

## 17.2 ധനകാര്യം

### പരവൂർ മുനിസിപ്പാലിറ്റിയുടെ 2007–2008–ാം വർഷത്തേക്കുള്ള വരവ് ഇനങ്ങളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റ്

| കണക്ക് വിവരം | വരവ് (രൂപ) (ഹെഡ് ഓഫ് അക്കൗണ്ട്) | കണക്ക് വിവരം (ഹെഡ് ഓഫ് അക്കൗണ്ട്) | ചെലവ് (രൂപ) |
|---|---|---|---|
| | **എ. റവന്യൂ കണക്ക് (റവന്യൂ അക്കൗണ്ട്)** | | |
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 5000000.00 | | |
| 1. മുനിസിപ്പൽ നികുതികളും നിരക്കുകളും | 4429000.00 | 1. നടത്തിപ്പിനും നികുതിപിരിവിനും | 5705800.00 |
| 2. മറ്റ് നിയമങ്ങൾവഴിയുള്ള വരവുകൾ | 379000.00 | 2. പൊതുമരാമത്ത് | 5302550.00 |
| 3. മുനിസിപ്പൽ വസ്തുക്കളിൽ നിന്നുള്ള വരവ് | 2441850.00 | 3. ടൗൺ പ്ലാനിംഗ് | 369500.00 |
| 4. മുനിസിപ്പൽ ഫീസുകൾ | 771250.00 | 4. വിദ്യാഭ്യാസം | 316300.00 |
| 5. ഗവ.നിന്നുള്ള ഗ്രാന്റും ധനസഹായവും | 9651850.00 | 5. ജലവിതരണവും അഴുക്കുചാലും | 82000.00 |
| 6. ഗവ.കൈമാറ്റം ചെയ്ത് തന്നിട്ടുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പിന് ലഭിക്കുന്ന തുക (നോൺ പ്ലാൻ ഇനങ്ങൾ മാത്രം) | 3676520.00 | 6. പൊതുജനാരോഗ്യം | 2926900.00 |
| | | 7. തെരുവുവിളക്ക് കത്തിക്കൽ | 1050000.00 |
| | | 8. മുനിസിപ്പൽ വസ്തുക്കൾ | 61000.00 |
| 7. പലവക വരവുകൾ | 83500.00 | 9. കൈമാറ്റം ചെയ്ത് കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പ് ചെലവ് (നോൺ പ്ലാൻ) | 3397100.00 |
| | | 10. അസാധാരണ ചെലവുകൾ | 220000.00 |
| ആകെ | **21432970.00** | ആകെ | **19431150.00** |

## ബി.മൂലധന കണക്ക് (ക്യാപിറ്റൽ അക്കൗണ്ട്)

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 600000.00 |
| 1. ഗവ.ധനസഹായം (ഗ്രാന്റ്) | 33200000.00 |
| 2. ഗവ.വായ്പ | |
| 3. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | 20000000.00 |
| 4. നിക്ഷേപങ്ങൾ തിരിച്ചുകിട്ടിയത് | |
| 5. എന്റോവ്മെന്റുകൾ | |
| 6. ഗവ.കൈമാറ്റം ചെയ്ത് തന്നിട്ടുള്ള സ്ഥാപനങ്ങൾ നടപ്പാക്കുന്ന പരിപാടികൾക്കുള്ള പ്ലാൻ ഗ്രാന്റ് | 220000.00 |
| 7. കേരളാവികസന പദ്ധതിക്കുള്ള ഗ്രാന്റ് | 21173200.00 |
| 8. മറ്റുവരവുകൾ റവന്യൂകണക്കിൽ നിന്നും മാറ്റം ചെയ്യപ്പെട്ടയിനത്തിൽ ചേർക്കേണ്ടത് | |
| **ആകെ** | **74593200.00** |
| 1. മുനിസിപ്പൽ വികസന പ്രവർത്തനങ്ങൾ | 5800000.00 |
| 2. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തികൾക്ക് ഷേറിയുള്ള തുക | 200000.00 |
| **ആകെ** | **80593200.00** |
| **വർഷാരംഭത്തിലെ മുന്നിരിപ്പുൾപ്പെടെ ആകെ** | **81193200.00** |

| | |
|---|---|
| 1. നടത്തിപ്പ് (മാനേജ്മെന്റ്) | 4220000.00 |
| 2. പൊതുമരാമത്ത് | 54827000.00 |
| 3. വിദ്യാഭ്യാസം | 52000.00 |
| 4. ജലവിതരണവും അഴുക്കുചാലും | 1500000.00 |
| 5. പൊതുജനാരോഗ്യം | |
| 6. തെരുവുവിളക്ക് കത്തിക്കൽ | |
| 7. എന്റോവുമെന്റുകൾ | |
| 8. നിക്ഷേപങ്ങൾ | |
| 9. ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ | 200000.00 |
| 10. ഗവ.കൈമാറ്റം ചെയ്ത് തന്നിട്ടുള്ള സ്ഥാപനങ്ങൾ വഴിയുള്ള പ്ലാൻ പ്രവർത്തനങ്ങൾക്കുള്ള ചെലവ് | 128000.00 |
| 11. കേരളാവികസന പദ്ധതിപ്രകാരമുള്ള പ്രോജക്ടുകൾക്കുള്ള ചെലവ് | 19428220.00 |
| **ആകെ** | **80355220.00** |
| നീക്കിയിരിപ്പ് (ക്ലോസിംഗ് ബാലൻസ്) | **837980.00** |
| **നീക്കിയിരുപ്പുൾപ്പെടെ ആകെ** | **81193200.00** |

മേൽപ്പട്ടിക പ്രകാരം നഗരസഭയുടെ സ്വന്തം ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപയും, കേരള വികസന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്കായി 1 കോടി 94 ലക്ഷം രൂപയും 2007–2008 ൽ മാറ്റിവച്ചിരിക്കുന്നതായി കാണാം.

<<< previous | contents | next >>>

# ഭാഗം– 3

# കണ്ടെത്തലുകളും നിഗമനങ്ങളും

<<< previous | contents | next >>>

# അദ്ധ്യായം – 18

## കണ്ടെത്തലുകളും നിഗമനങ്ങളും

*പരവൂരിലെ നഗരസഭാ പ്രദേശത്തെ വിവിധ വികസന മേഖലകളുടെ നിലവിലെ സ്ഥിതി വിശകലനം ചെയ്ത് രൂപീകരിച്ച പ്രധാന കണ്ടെത്തലുകളും നിഗമനങ്ങളുമാണ് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നത്.*

### 18.1 സംയോജിത ജില്ലാ വികസന രൂപരേഖയുടെ അടിസ്ഥാനത്തിൽ

1. സംയോജിത കൊല്ലം ജില്ലാ വികസനരൂപരേഖ പ്രകാരം, പരവൂർ നഗരസഭ ജില്ലയിലെ മൂന്നാം ക്രമത്തിൽപ്പെടുന്ന ഒരു പ്രദേശമാണ്. അതുപോലെ പരവൂരിനെ ജില്ലയിലെ വിനോദ സഞ്ചാര മേഖലയായും, ഉന്നത സാങ്കേതിക വിദ്യാഭ്യാസധിഷ്ഠിത വ്യവസ്യായ മേഖലയായും വികസിപ്പിക്കാൻ സാധ്യതയുള്ള പ്രദേശമാണെന്ന് ജില്ലാവികസന രൂപരേഖയിൽ കണ്ടെത്തിയിരിക്കുന്നു.

2. സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖ പ്രകാരം പരവൂർ നഗരസഭാപ്രദേശം പൊതുവിൽ അർദ്ധനാഗരിക (Semi Urban) സ്വഭാവം കാണിക്കുന്നു. ഇത് പരവൂരിലെ പുരയിടകൃഷി (home stead cultivation) പരിപോഷിപ്പിക്കുന്നതിനു സാധ്യമാക്കുന്നു.

3. സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖ പ്രകാരം പരവൂർ നഗരസഭാ പ്രദേശത്തിനെ ജലസംരക്ഷിത മേഖല (Aqua bio reserve zone) യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു സൂചിപ്പിക്കുന്നത് പരവൂരിലെ ജലാശയങ്ങളുടെ സംരക്ഷണം പ്രഥമ പരിഗണന അർഹിക്കുന്നു എന്നാണ്.

### 18.2 ജനസംഖ്യ, ഭൂവിനിയോഗം

4. പരവൂരിലെ ജനസംഖ്യാ വർധനവിന്റെ തിരക്ക് തുലോം കുറവാണ്. ഇത് പരവൂരിന്റെ സാമ്പത്തിക അടിത്തറയുടെ ദുർബലതയാണ് സൂചിപ്പിക്കുന്നത്.

5. പരവൂരിന്റെ വളരെക്കുറഞ്ഞ ജനസംഖ്യാവർദ്ധന നിരക്കും, കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കും പരവൂരിന്റെ സാമ്പത്തിക അടിത്തറയുടെ ശോചനീയാവസ്ഥയെ കാണിക്കുന്നു.




*തൊഴിൽ പങ്കാളിത്ത നിരക്ക് – പരവൂർ*

6. പരവൂരിന്റെ തൊഴിൽ ഘടന സൂചിപ്പിക്കുന്നത് കയർ മേഖലയിലും, മത്സ്യബന്ധനമേഖല യിലും പണിയെടുക്കുന്നവർ നല്ലൊരു ഭാഗമുണ്ടെന്നാണ്.

7. പരവൂരിന്റെ ഭൂവിനിയോഗ വിശകലനത്തിൽ നിന്നും മനസ്സിലാകുന്നത് ഭൂരിഭാഗം പ്രദേശ ങ്ങളും മിശ്രിത ഉപയോഗ (Mixed use) ത്തിലാണെന്നാണ്. പരവൂരിന്റെ 44% പ്രദേശത്തെ പുരയിടങ്ങളുടെ ശരാശരി വിസ്തൃതി 25 സെന്റിനും 50 സെന്റിനും ഇടയ്ക്ക് ആണ്. ഇവിടം വീടും അതിനോട് ചേർന്ന കൃഷിസ്ഥലങ്ങളുമാണ്. ഇത് കാണിക്കുന്നത് വാസമേഖലയോ ട് (Homestead cultivation) ചേർന്നുള്ള കാർഷിക സ്ഥലങ്ങൾ പരവൂരിന്റെ ഒരു പ്രധാന സാമ്പത്തിക അടിത്തറയാകാം എന്നാണ്.

8. പരവൂരിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും, കാർഷിക മേഖലയും വ്യത്യസ്ത പ്രദേശ ങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. കാർഷിക മേഖല പ്രധാന റോഡുകളിൽ നിന്നും അകലെയാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതുമൂലം മറ്റു വികസനങ്ങൾ മൂലം കാർഷിക മേഖലയ്ക്കു ക്ഷതം സംഭവിക്കാനുള്ള (കാർഷിക മേഖല മറ്റു പ്രവർത്തന ങ്ങൾക്കായ മാറ്റപ്പെടാനുള്ള) സാധ്യതയെ കുറയ്ക്കുന്നു.

## 18.3 കാർഷിക മേഖല

9. പരവൂരിന്റെ ഉപഭോഗരീതി (Consumption Pattern) കാണിക്കുന്നത്, പാലും പാലുപ്പന്നങ്ങളും, മുട്ട, ഇറച്ചി, പച്ചക്കറി മുതലായവ നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നാണ്. ഇവയുടെ ഉല്പാദനത്തിന് കൊടുക്കേണ്ട പ്രാധാന്യം അതിനാൽ വ്യക്തമാണ്.



കോണ്ടൂർ മാപ്പ്

10. ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും വളരെ താഴെ സ്ഥിതി ചെയ്യുന്ന പരവൂരിലെ പാടശേഖരങ്ങൾ ഭൂഗർഭജലത്തിനുള്ള റീചാർജിംഗ് (Ground water recharging) പ്രദേശങ്ങളായി വർത്തി ക്കുന്നു. അവ അങ്ങനെ തന്നെ സംരക്ഷിക്കപ്പെടേണ്ടതാണ്.

11. ജില്ലയുടെ കാർഷിക മേഖലയിലെ പഠനത്തിൽ നിന്നും, പരവൂർ കരകൃഷിയ്ക്ക് വളരെ പ്രാധാന്യമുള്ള പ്രദേശമാണെന്ന് കാണാം. തേങ്ങയുടെയും വാഴയുടെയും ഉല്പാദനക്ഷമ തയിൽ പരവൂർ, ജില്ലയിൽ താരതമ്യേന മുൻപിലാണെന്നുകാണാം.

12. പരവൂർ മുനിസിപ്പാലിറ്റിയിലെ കാർഷിക രംഗത്തെ ഒരു പ്രധാന പ്രശ്നമായി കാണുന്നത് കാർഷിക തൊഴിലാളികളുടെ കുറവാണ്. 2001 ലെ സെൻസ് പ്രകാരം പരവൂരിൽ 356 കാർഷിക തൊഴിലാളികളാണ് ഉള്ളതായി കാണുന്നത്.

## 18.4 വ്യവസായ മേഖല

13. പരവൂരിലെ കയർ മേഖല മുൻപുണ്ടായിരുന്നതിനേക്കാൾ മോശം സ്ഥിതിയിലാണ്. തൊഴിലാളികളുടെ കൂലിക്കുറവും, തൊണ്ടിന്റെ ക്ഷാമവും ഇതിന് ഒരു കാരണമാണ്.

14. രണ്ടു കായലുകളുടെ സാന്നിദ്ധ്യം കയർ മേഖലയിൽ പരവൂരിൽ വളരെയേറെ സാദ്ധ്യത നൽകുന്നു. കൂടാതെ കയർമേഖലയിൽ 1500 തൊഴിലാളികൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതും കയർ മേഖലയിൽ പരവൂരിനുള്ള സാധ്യതയെ സൂചിപ്പിക്കുന്നു.

## 18.5 വിനോദസഞ്ചാര മേഖല

15. കയർ ഒഴികെയുള്ള മറ്റു വ്യവസായങ്ങൾ (കൈത്തറി, കശുവണ്ടി) പരവൂരിൽ ഇല്ല എന്നു തന്നെ പറയാം.

16. പരവൂർ ഒരു ദീരദേശ മുനിസിപ്പാലിറ്റിയാണ്. ഇത് ടൂറിസം മേഖലയുടെ ഉയർച്ചയ്ക്ക് സാധ്യതയേകുന്നു.

17. കായലുകൾ, കടൽ, കനാൽ, പുരാതന ക്ഷേത്രങ്ങൾ എന്നിവയുടെ സാന്നിദ്ധ്യവും, പ്രശസ്തമായ ഉത്സവങ്ങളും പരവൂരിന്റെ ടൂറിസം വികസനത്തിന് അനയോജ്യമായ ഘടകങ്ങളാണ്.

## 18.6 മൃഗസംരക്ഷണവും മത്സ്യബന്ധനവും

18. പരവൂർ ഒരു തീരദേശ മുനിസിപ്പാലിറ്റിയാണ്. കൂടാതെ പരവൂരിലെ കായലുകളും, കുളങ്ങളും മത്സ്യബന്ധന മേഖലയുടെ ഉയർച്ചയ്ക്ക് സാധ്യതയേകുന്നു.

19. മത്സ്യബന്ധന മേഖലയിൽ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം പ്രകടമാണ്. അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങൾ, ലൈറ്റ് ഹൗസ്, ഫിഷ് ലാന്റിംഗ് സെന്റർ, സ്റ്റോർ മുറികൾ, ഇന്റേണൽ റോഡുകൾ, ഐസ് ഫാക്ടറി എന്നിവയാണ്.

## 18.7 പരിസ്ഥിതി

20. കായൽ, കനാൽ, കാവുകൾ, കുളങ്ങൾ, വയലുകൾ തുടങ്ങി, പരിസ്ഥിതി പ്രാധാന്യമുള്ള ധാരാളം സ്ഥലങ്ങൾ പരവൂരിൽ ഉള്ളതായി കാണാം. ഇവയുടെ സംരക്ഷണത്തിന് വളരെ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്.



*പരവൂർ ജംഗ്ഷൻ*

21. പരവൂർ തീരദേശ പ്രദേശവും പരിസ്ഥിതി പ്രാധാന്യവുമുള്ള പ്രദേശമാണ്.

## 18.8 ഗതാഗത മേഖല

22. പരവൂരിലെ ഗതാഗതമേഖലയുടെ വിശകലനത്തിൽ നിന്നും പരവൂരിന് മെച്ചപ്പെട്ട ഒരു ഗതാഗത ശൃംഖല അനിവാര്യമാണെന്ന് മനസ്സിലാക്കാം.

23. പരവൂരിലെ പ്രധാന റോഡുകളുടെയെല്ലാം വാഹനങ്ങളുടെ വ്യാപ്തവും കപ്പാസിറ്റിയും തമ്മിലുള്ള അനുപാതം ഒന്നിൽ കൂടുതലാണ്. ഇത് സൂചിപ്പിക്കുന്നത് പ്രധാന റോഡുകളുടെ വീതി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നാണ്.

24. പരവൂരിലെ ജലഗതാഗത സൗകര്യം ഉപയോഗയോഗ്യമല്ല. ജലഗതാഗതത്തിനു പ്രാധാന്യം നൽകിവരുന്നതിനാൽ, അനതിവിദൂര ഭാവിയിൽ പരവൂരിലും ജലഗതാഗതത്തിന് പ്രാധാന്യമേറുമെന്ന് പ്രതീക്ഷിക്കാം.

## 18.9 വാണിജ്യ മേഖല

25. പരവൂരിലെ ഒന്നാം ക്രമത്തിൽ വരുന്ന വാണിജ്യ കേന്ദ്രം, പരവൂർ ജംഗ്ഷനാണ്. പൊഴിക്കര, തെക്കുംഭാഗം, നെടുങ്ങോലം എന്നിവ രണ്ടാം ക്രമത്തിൽപ്പെടുന്നു.

26. ഒന്നാംക്രമ വാണിജ്യവിപണന മേഖലയായ (CBD) പരവൂർ ജംഗ്ഷൻ, വളരെയേറെ തിരക്കുള്ള ഒരു പ്രദേശമാണ്. ഇവിടെ ശരിയായ പാർക്കിംഗ് സൗകര്യം ഇല്ല. ഖരമാലിന്യം നീക്കം ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനോ ഡ്രയിനേജിനോ വേണ്ട സ്ഥല സൗകര്യങ്ങൾ ഇവിടെയില്ല. ഇതുകൊണ്ടൊക്കെത്തന്നെ പരവൂർ ജംഗ്ഷന് മാത്രമായി ഒരു വിശദ ടൗൺ പ്ലാനിംഗ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 18.10 പബ്ലിക്–സെമി പബ്ലിക് മേഖല

27. പരവൂരിലെ ഭൂരിഭാഗം പബ്ലിക് ഓഫീസുകളും വാടകകെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയ്ക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ആവശ്യമാണ്.

28 പരവൂർ നഗരസഭാപ്രദേശത്ത് പൊതു ശ്മശാനം, ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ്, ഡ്രെയിനേജ് ട്രീറ്റ്മെന്റ് യൂണിറ്റ് തുടങ്ങിയവയും മുനിസിപ്പൽ ഠൗൺഹാൾ, ലൈബ്രറി, സ്റ്റേഡിയം തുടങ്ങിയ സൗകര്യങ്ങളും അനിവാര്യമാണ്. കുട്ടികൾക്കായി സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. ഹൈസ്കൂൾ തലം വരെയുള്ള സ്കൂൾ സൗകര്യം പരവൂരിൽ ആവശ്യത്തിനുണ്ട് എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വളരെ മോശപ്പെട്ട സ്ഥിതിയിലാണ് ഉള്ളത്.

## 18.11 കുടിവെള്ള മേഖല

29. പരവൂർ നഗരപ്രദേശത്ത് കുടിവെള്ളത്തിനായി 93% ആൾക്കാരും ആശ്രയിക്കുന്നത് കിണറുകളെയാണ്. ഭാവിയിലും കിണറുകളുടെ സാധ്യത കൂടി കണക്കിലെടുക്കുമ്പോൾ തന്നെ പുതിയ ജലസ്രോതസ്സിന്റെ ആവശ്യകതയും, കാര്യക്ഷമമായ ജലവിതരണ ശൃംഖലയുടെയും ആവശ്യകതയും ഉണ്ട്.

30. പരവൂരുള്ള അകത്തുകായൽ, ഭാവിലേക്കുള്ള ജല സ്രോതസ്സായി നിലനിർത്തേണ്ടതാണ്.



*അകത്ത് കായൽ*

## 18.12 വിദ്യാഭ്യാസ മേഖല

31. പരവൂരിൽ ഒരു ഹയർ സെക്കണ്ടറി സ്കൂൾ മാത്രമേ നിലവിലുള്ളു. ആസൂത്രണ സൂചിക (Planning Standard) അനുസരിച്ച് ഒരു ഹയർസെക്കണ്ടറി സ്കൂൾ തലത്തിലെ കൂടുതൽ കുട്ടികൾക്കായി സൗകര്യങ്ങൾ ഉണ്ടക്കേണ്ടത് ആവശ്യമാണ്. ഹൈസ്കൂൾ തലം വരെയുള്ള സ്കൂൾ സൗകര്യം പരവൂരിൽ ആവശ്യത്തിനുണ്ട്. എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വളരെ മോശപ്പെട്ട സ്ഥിതിയിലാണ് ഉള്ളത്.

## 18.13 ആരോഗ്യ മേഖല

32. പരവൂരിലെ ആരോഗ്യമേഖല വളരെ ശോചനീയമായ അവസ്ഥയിലാണ് ഉള്ളത്. അത്യാധുനിക ചികിത്സാ സൗകര്യങ്ങൾക്കായി പരവൂർ നിവാസികൾക്ക് മറ്റ് സ്ഥലങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. ആസൂത്രണ സൂചിക (Planning Standard) പ്രകാരം, 100 ബഡ്ഡുകളോടുകൂടിയ ബ്ലോക്ക് PHC നിലവാരത്തിലുള്ള ഒരു അലോപ്പതി ആശുപത്രി പരവൂരിൽ അനിവാര്യമാണ്. ആരോഗ്യമേഖലയ്ക്കുള്ള 4.5 ഏക്കർ (രാമറാവു ആശുപത്രി കോമ്പൗണ്ട്) സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

## 18.14 സാമൂഹിക പിന്നോക്കാവസ്ഥ

33. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം ഉള്ളവരുടെ കേന്ദ്രീകരണം പരവൂരിന്റെ വടക്കൻ പ്രദേശങ്ങളിൽ കാണപ്പെടുന്നു. പരവൂരിലെ നിലവാരം കുറഞ്ഞ അധിവാസ കേന്ദ്രങ്ങളും വീടുകളുടെ നിലവാരക്കുറവ്, കുടിവെള്ളത്തിന്റെ ലഭ്യതയില്ലായ്മ. സാനിട്ടേഷൻ സൗകര്യങ്ങളുടെ അഭാവം ഇവയാണ് ഇവിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ.




*നിലവാരം കുറഞ്ഞ*
**A [mhnk tI{µ§Ä** (Slums & Substandared housing area)

<<< previous | contents | next >>>

# ഭാഗം- 4

# വികസന ലക്ഷ്യങ്ങളും വികസന സങ്കല്പവും

(വികസന സങ്കല്പത്തിലും, മേഖലാ നിർദ്ദേശങ്ങളിലും പുതിയ വാർഡുകളാണ് (29 വാർഡുകൾ) ഉൾപ്പെടുത്തിയിട്ടുള്ളത്)

<<< previous | contents | next >>>

# അദ്ധ്യായം –19

# വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും

*ഈ അദ്ധ്യായത്തിൽ ആസൂത്രണ കാലയളവിൽ (2021 വരെ) നേടേണ്ട വികസന ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും വ്യക്തമാക്കിയിരിക്കുന്നു.*

## 19.1 വികസന ലക്ഷ്യങ്ങൾ

വിശകലനത്തിലൂടെ ഉരുത്തിരിയുന്ന കണ്ടെത്തലുകളും നിഗമനങ്ങളുമാണ് വികസന ലക്ഷ്യം രൂപപ്പെടുത്തുന്നതിന് അടിസ്ഥാനമാക്കുന്നത്. പരവൂരിന് എടുത്ത് പറയത്തക്ക സാമ്പത്തിക അടിത്തറ നിലവിലില്ല എന്നാണ് വിശകലനം സൂചിപ്പിക്കുന്നത്. അതോടൊപ്പം തന്നെ പരവൂരിന് വികസിക്കാൻ ആവശ്യമായ വിഭവങ്ങൾ പ്രത്യേകിച്ചും പ്രകൃതി വിഭവങ്ങൾ പരവൂരിൽ തന്നെയുണ്ടെന്നുമാണ്. എന്നാൽ അത് ഇതുവരെയും ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നാണ് വിശകലനം സൂചിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ***പരവൂരിലെ വിഭവങ്ങൾ ഉചിതമായി ഉപയോഗിക്കുക*** എന്നത് ഒരു ലക്ഷ്യമാണ്. കായൽ, കനാൽ, കാവുകൾ, കുളങ്ങൾ, വയലുകൾ തുടങ്ങി പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ പരവൂരിലുണ്ട്. ഇവയുടെ സംരക്ഷണത്തിന് വളരെയേറെ പ്രാധാന്യം നൽകേണ്ടതുണ്ട്. സംയോജിത ജില്ലാ വികസന രൂപരേഖയിൽ പരവൂർ നഗരസഭാ പ്രദേശം ജലസംരക്ഷിത മേഖലയിലാണ് (Aqua bio reserve zone) ഉൾപ്പെടുന്നത്. ഇതും പരവൂരിലെ ജലാശയങ്ങളുടെ സംരക്ഷണത്തിന് നൽകേണ്ട പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ***പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിന്*** വികസന രേഖ ലക്ഷ്യമാക്കണമെന്നാണ്. വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിനും, വിഭവങ്ങളുടെ ഉപയോഗം മൂലം പ്രകൃതിയും, മനുഷ്യവാസ പ്രദേശങ്ങളിലും ഏറ്റവും കുറവ് ആഘാതം ഉണ്ടാക്കുന്നതിനും, പരസ്പരപൂരകമായ പ്രവർത്തനങ്ങളുടെ സാമീപ്യം അനുവദിക്കുകയും, പരസ്പരം വിരുദ്ധമായ പ്രവർത്തനങ്ങളെ ഒഴിവാക്കുകയും വേണം. ***വികസന രൂപരേഖ ക്രമമായ ഭൂവിനിയോഗം ലക്ഷ്യമാക്കണമെന്നാണ് ഇത് അർത്ഥമാക്കുന്നത്.***

സംയോജിത ജില്ലാ വികസന രേഖ സൂചിപ്പിക്കുന്നത് പരവൂർ മൂന്നാം ക്രമത്തിൽപ്പെടുന്ന ഒരു തദ്ദേശ ഭരണ പ്രദേശമായിട്ടാണ്. ***സമീപ പഞ്ചായത്തുകളുടെ കൂടെ സേവന കേന്ദ്രമായി*** പരവൂരിനെ വികസിപ്പിക്കുക എന്നതും വികസനരേഖയുടെ ഒരു ലക്ഷ്യമാണ്.

വികസന ലക്ഷ്യങ്ങൾ സംക്ഷിപ്തമായി:–

- പരവൂരിലെ വിഭവങ്ങൾ ഉചിതമായി ഉപയോഗിക്കുക
- പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുക
- ക്രമമായ ഭൂവിനിയോഗം ലക്ഷ്യമാക്കുക
- സമീപ പഞ്ചായത്തുകളുടെ കൂടെ സേവന കേന്ദ്രമായി പ്രവർത്തിക്കുക

## 19.2 വികസന ഉദ്ദേശ്യങ്ങൾ

പരവൂരിലെ വിഭവങ്ങളുടെ ഉചിതമായ ഉപയോഗം ലക്ഷ്യമാക്കുമ്പോൾ, അത് പരവൂരിന് പുതിയ സാമ്പത്തിക അടിത്തറകളുണ്ടാക്കുകയും പരവൂരിലെ സാമ്പത്തിക മുരടിച്ചയ്ക്കു പരിഹാരമാവുകയും ചെയ്യും. പരവൂരിന്റെ വിഭവങ്ങളുടെ അടിസ്ഥാനപ്പെടുത്തിയുള്ള ഭാവി വികസന സാധ്യതകളുടെ നിർണ്ണയം വികസന ലക്ഷ്യം നേടുന്നതിലെ ഒരു പ്രധാന പ്രക്രിയയാണ്. അത് പരവൂരിന്റെ ഭാവി സാമ്പത്തിക അടിത്തറ നിശ്ചയിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.




ഏഴ് കിലോമിറ്ററോളം നീളമുള്ള കടൽ തീരവും, രണ്ടുകായലും, രണ്ടു കയലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തോടും, പ്രകൃതി ഭംഗി മുറ്റി നിൽക്കുന്ന പ്രദേശങ്ങളും പരവൂരിന് മാത്രം പറയാവുന്ന പ്രത്യേകതയാണ്. ഇത് പരവൂരിനെ ടൂറിസം സാധ്യതയുള്ള പ്രദേശമാക്കി മാറ്റുന്നു. കൊല്ലത്തിന്റെ ടൂറിസം കേന്ദ്രമായ അഷ്ടമുടി കായലും പരിസര പ്രദേശത്തിന്റെയും, ലോക ടൂറിസം മാപ്പിൽ തന്നെ സ്ഥാനം പിടിച്ചിട്ടുള്ള വർക്കലയുടെയും ഇടയ്ക്കുള്ള, തീരദേശത്തോട് ചേർന്നുള്ള പ്രദേശമെന്ന നില പരവൂരിന്റെ ടൂറിസം സാധ്യതയേറ്റുന്നു. കൂടാതെ പരവൂരിൽ ലഭ്യമായ കടൽ, മത്സ്യ വിഭവങ്ങളും, മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള ട്രെയിൻസൗകര്യവും, പ്രശസ്തമായ ക്ഷേത്രങ്ങളും, ഉത്സവവും പരവൂരിന്റെ ടൂറിസം സാധ്യതയ്ക്ക് ആക്കം കൂട്ടുന്നു. ആവശ്യമായ പശ്ചത്തല സൗകര്യമൊരുക്കിയാൽ ജില്ലയിലെ ഒന്നാന്തരം ടൂറിസ്റ്റ് കേന്ദ്രമായി പരവൂരിനെ മാറ്റാവുന്നതാണ്. കൂടാതെ പരവൂരിനെ കോവളം–വേളി–വർക്കല–കൊല്ലം–ആലപ്പുഴ വിനോദസഞ്ചാര സർക്ക്യൂട്ടിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കാവുന്നതാണ്.

*തീരദേശ വിനോദ സഞ്ചാര സർക്യൂട്ട്*




പരവൂർ മുൻസിപ്പാലിറ്റിയിലെ കണക്കനുസരിച്ച് ഏകദേശം 1500 ഓളം ആൾക്കാർ കയർമേഖലയിൽ ഇപ്പോൾ പണിയെടുക്കുന്നുണ്ട്. ജില്ലയിലെ പ്രധാന കയർ വ്യവസായ കേന്ദ്രമായിട്ടാണ് പരവൂർ ഒരു കാലത്ത് അറിയപ്പെട്ടിരുന്നത്. ഇപ്പോൾ കയർമേഖല തളർച്ചയിലാണെങ്കിലും കയർപിരിപ്പ് ഇവിടെ ഇപ്പോഴും സജീവമാണ്. പരിസ്ഥിതിയ്ക്ക് വലിയ നാശം വരുത്തുമെന്നതിനാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയരുന്ന ഘട്ടത്തിൽ പ്ലസ്റ്റിക്കിന് പകരം വയ്ക്കാവുന്നത് എന്ന തരത്തിൽ കയറിന് സാധ്യത കൂടുതലാണ്. കേരള സർക്കാരിന്റെ പ്രഖ്യാപിത നയത്തിൽപ്പെടുന്ന ഒന്നാണ് കയർ മേഖലയുടെ ഉന്നമനം. ഇക്കാര്യം കൊണ്ടുതന്നെ ഇപ്പോൾ തളർച്ച നേരിടുന്നുണ്ടെങ്കിലും, കയർ ഭാവിയിലെ സാധ്യതയുള്ള വികസന മേഖലയാണ്. നിർദ്ദിഷ്ഠ തീരദേശ റോഡും, കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയും പരവൂരിലെ കയർമേഖലയ്ക്ക് ഭാവിയിൽ കൂടുതൽ ശക്തിപകരുമെന്ന് കരുതാം. ഈ കാരണങ്ങളാൽ കയറിനെ പരവൂരിന്റെ ഭാവി സാമ്പത്തിക അടിത്തറയായി കണക്കാക്കാവുന്നതാണ്.



ഏകദേശം ഏഴ് കി.മി. നീളമുള്ള കടൽതീരവും, രണ്ടു കായലുകളും മത്സ്യബന്ധനത്തെ ആശ്രയിച്ചു ഉപജീവനം കഴിക്കുന്ന 500 ഓളം കുടുംബങ്ങളും മത്സ്യമേഖല ഒരു സാമ്പത്തിക



അടിത്തറയായി പരവൂരിൽ തുടരുവാനുള്ള സാധ്യത യേറ്റുന്നു. കേരളത്തിൽ എക്കാലവും മത്സ്യസമ്പത്തിന് ആവശ്യക്കാരേറെയാണ്. വിനോദ സഞ്ചാര മേഖല പരവൂരിന്റെ ഭാവി സാമ്പത്തിക അടിത്തറ മേഖലയായി കണക്കാക്കുന്നതിനായി, ടൂറിസവുമായി ബന്ധപ്പെട്ടും മത്സ്യമേഖലയ്ക്കുണവർവുണ്ടാകുമെന്ന് കരുതാം. ഉൾനാടൻ മത്സ്യമേഖലയ്ക്ക് ആക്കം കൂട്ടുവാൻ തക്കവണ്ണം, മത്സ്യം വളർത്തലിന് അനുയോജ്യമായ പത്തോളം കുളങ്ങളും പരവൂർ മുൻസിപ്പൽ പ്രദേശത്തുണ്ട്. ഇതൊക്കെ സൂചിപ്പിക്കുന്നത് പരവൂരിൽ മത്സ്യബന്ധന മേഖലയ്ക്ക് ഭാവിയിലും സാധ്യതയുണ്ടെന്നാണ്.




*വികസന കാഴ്ചപ്പാട് 2021 കൊല്ലം ജില്ല*

സംയോജിത കൊല്ലം ജില്ലാ വികസന രൂപരേഖയുടെ വികസന കാഴ്ചപ്പാട് പ്രകാരം, പ്രത്യേക സാമ്പത്തിക മേഖലയിലാണ് പരവൂർ മുൻസിപ്പാലിറ്റി ഉൾപ്പെടുന്നത്. ഇത് സൂചിപ്പിക്കുന്നത് പരവൂർ മുൻസിപ്പാലിറ്റി ഉന്നത സാങ്കേതിക വിദ്യാധിഷ്ഠിതമായ വ്യവസായങ്ങൾ (IT & BT) സാധ്യതയുള്ള പ്രദേശമായിട്ടാണ്. പരവൂരിലെ പ്രദേശങ്ങളുമായി റെയിൽവേ മുഖേന ബന്ധപ്പെടുത്തിയിരിക്കുന്നതിനാലും, നിർദ്ദിഷ്ഠ തീരദേശ റോഡ് പരവൂർ വഴി കടന്നുപോകുന്നതിനാലും ഈ മേഖലയിലെ വികസനത്തിന് പരവൂരിനുള്ള സാധ്യതയേറുന്നു. ഒരു ഗ്രാമപഞ്ചായത്തിന്റെ ശാന്തതയുള്ള മുൻസിപ്പാലിറ്റി പ്രദേശം എന്നതും ഇതുപോലെയുള്ള ഉന്നത സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്ക് പരവൂരിനെ സജ്ജമാക്കുന്നു. ഇങ്ങനെയുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ (വൈദ്യുതി, വെള്ളം, ടെലി കമ്മ്യൂണിക്കേഷൻ) മുതലായവ പരവൂരിൽ സജ്ജീകരിക്കുന്നതിനും പ്രായേണ ബുദ്ധിമുട്ടില്ല. ഇതൊക്കെ സൂചിപ്പിച്ചിരിക്കുന്നത് പരവൂരിനെ കൊല്ലം ജില്ലയുടെ ഉന്നത സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായ മേഖലയാക്കി മാറ്റാമെന്നും, പരവൂരിലെ മറ്റൊരു സാമ്പത്തിക അടിത്തറ ഈ മേഖലയാകുമെന്നുമാണ്

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം നിശ്ചയിക്കുന്ന വിശകലനം സൂചിപ്പിക്കുന്നത് പരവൂർ നഗരസഭാ പ്രദേശം ഒരു അർദ്ധനഗര പ്രദേശമെന്നാണ് (നഗ

രസ്വഭാവം കാണിക്കുകയും കാർഷിക മേഖലയ്ക്കും കൂടി സാധ്യതയുള്ള പ്രദേശം എന്നാണ്.) വാർഡടിസ്ഥാനത്തിലെ പ്രവർത്തന സ്വഭാവം കാണിക്കുന്നത്, മിക്ക വാർഡുകളും അർദ്ധനഗര സ്വഭാവം കാണിക്കുന്ന വാർഡുകൾ എന്നാണ്. അതോടൊപ്പം ചില വാർഡുകൾ സെമി റൂറൽ (കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകാവുന്ന എന്നാൽ വാസ മേഖലയ്ക്ക് കൂടി പരിഗണിക്കാവുന്ന) സ്വഭാവം കൂടി കാണിക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് വാസ മേഖലയാണ്, കാർഷികവും അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടി സാധ്യതയുള്ള പ്രദേശമാണ് പരവൂർ എന്നാണ്. വീട്ടുവളപ്പിലെ കൃഷിയുടെയും, കൃഷി അനുബന്ധ മേഖലയുടെ യും വികസന സാധ്യതയുള്ള പ്രദേശമാണ് പരവൂർ എന്നാണ്. പരവൂരിലെ കുറഞ്ഞ ജനസംഖ്യാ വളർച്ചാനിരക്കു സൂചിപ്പിക്കുന്നത് നിലവിലെ കൃഷിമേഖലയ്ക്ക് വാസമേഖലയുടെ കടന്നുകയറ്റം നിയന്ത്രിക്കാമെന്നും അതുമൂലം നിലവിലെ കൃഷിമേഖല ബോധപൂർവ്വമായ ശ്രമങ്ങളിലൂടെ സംരക്ഷിക്കാമെന്നുമാണ്.

സംസ്ഥാനത്തിലെ നഗരപ്രദേശത്തെ ശരാശരി ഉപഭോഗ രീതി (consumption pattern) ക്കനുസൃതമായി പരവൂരിലെ വിവിധ സാധനങ്ങളുടെ ഉപഭോഗം നോക്കിയാൽ, പരവൂരിൽ ഒരു മാസം 1.9 ലക്ഷം മുട്ടയും, 10 ടൺ ഇറച്ചിയും, 1 ലക്ഷം കിലോ പച്ചക്കറിയും 1.2 ലക്ഷം ലിറ്റർ പാലും ഉപയോഗിക്കുന്നു എന്നാണ്. ഇത്രയും സാധനങ്ങളുടെ കമ്പോള വില വച്ചു നോക്കമ്പോൾ ഇത് ഏകദേശം 73 ലക്ഷം രൂപ വരും. പരവൂരിന്റെ വിവിധ വാർഡുകളുടെ പ്രവർത്തന സ്വഭാവം (സെമി അർബൻ, സെമി റൂറൽ)സൂചിപ്പിക്കുന്നത്, വാസമേഖലയോടൊപ്പമുള്ള കൃഷിയും അനുബന്ധ പ്രവർത്തനത്തി (homestead cultivation)ലൂടെ പരവൂരിന് ആവശ്യമായതിൽ പകുതി സാധനങ്ങളെങ്കിലും ഇവിടെ തന്നെ ഉല്പാദിപ്പിക്കാമെന്നാണ്. (വിനോദ സഞ്ചാര മേഖലയുടെ വളർച്ചയും തദ്ദേശീയമായി ഉണ്ടാക്കുന്ന സാധനങ്ങളുടെ ആവശ്യം വർദ്ധിപ്പിക്കും ചെയ്യുക) വാസമേഖലയോടൊപ്പമുള്ള കൃഷിയും അനുബന്ധപ്രവർത്തനങ്ങളും (homestead cultivation)പരവൂരിന്റെ ഭാവി സാമ്പത്തിക അടിത്തറ പ്രവർത്തനമായി കണക്കാക്കാം.



*വാർഡുകളുടെ പ്രവർത്തന സ്വഭാവം*

***ചുരുക്കത്തിൽ പരവൂരിന്റെ സാമ്പത്തിക അടിത്തറ നിലവിലെ പരിമിതമായ കയർ, മത്സ്യബന്ധനം, കൃഷി എന്നിവയിൽ നിന്നും വിനോദ സഞ്ചാരമേഖല, വീട്ടുവളപ്പിലെ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, കയർ മേഖല, ഐ.റ്റി. മേഖല, മത്സ്യബന്ധനമേഖല എന്നിങ്ങനെ മാറാം.***



സാമ്പത്തിക അടിത്തറ ബലപ്പെടുത്തുവാനവശ്യം വേണ്ടുന്ന ഘടമാണ് നല്ലൊരു ഗതാഗത ശൃംഖല. ഗതാഗത ശൃംഖല നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകമാണ് ബൈപാസ് റോഡുകളുടെ ആവശ്യകതയെക്കുറിച്ചുള്ള പഠനം. വിശകലനം സൂചിപ്പിക്കുന്നത് പരവൂരിലൂടെ കടന്നു പോകുന്ന വാഹനങ്ങളുടെ യാത്ര ആരംഭിച്ച സ്ഥലവും – എത്തിച്ചേരേണ്ട സ്ഥലവും (Origin and Destination) പരിശോധിച്ചാൽ മനസ്സിലാകുന്നത് പരവൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന 84% വാഹനങ്ങളുടെയും ഉത്ഭവ സ്ഥാനമോ എത്തിച്ചേരേണ്ട സ്ഥലമോ പരവൂർ ആണ് എന്നതാണ്. അതായത് 16% വാഹനങ്ങൾ മാത്രമാണ് മറ്റ് പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനായി പരവൂരിലൂടെ യാത്ര ചെയ്യുന്നത്.




*19.1 പരവൂർ മുനിസിപ്പൽ പ്രദേശത്തെ യാത്രവാഹനങ്ങളുടെ യാത്ര ആരംഭിച്ച സ്ഥലവും–*
**F ¯ - rt¨ tc**ണ്ട *സ്ഥലവും വിശകലനം നടത്തി കണ്ടെത്തിയ Desire line*

ഇതിൽ നിന്നും മനസ്സിലാക്കുന്നത് പരവൂരിൽ (Bypassable Traffic) മറ്റ് പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനായി യാത്ര നടത്തുന്നവർ തുലോം കുറവാണ് എന്നതാണ്. എന്നാൽ ഇതോടൊപ്പം കണക്കിലെടുക്കേണ്ട മറ്റൊരു കാര്യം പരവൂർ നഗര സിരാകേന്ദ്രം, റോഡുകളുടെ വീതിക്കുറവു മൂലവും, പാർക്കിംഗ് സ്ഥലങ്ങളുടെ അഭാവം മൂലവും വീർപ്പുമുട്ടുന്ന അവസ്ഥയിലാണെന്നതാണ്.

അതേസമയം കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖ പ്രകാരം, തങ്കശ്ശേരി തുറമുഖവും, കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയും, തിരുവനന്തപുരവുമായി ബന്ധിപ്പിച്ചിരിക്കുന്നത്, തങ്കശ്ശേരിയിൽ നിന്നും പരവൂർ വരെയുള്ള തീരദേശ റോഡു മുഖേനയും, തുടർന്ന് പരവൂരിൽ നിന്നും ചാത്തന്നൂർ വരെയുള്ള റോഡു മുഖേനയുമാണ്. (ഈ നിർദ്ദിഷ്ട റോഡിന്റെ ദിശ പരവൂർ ജംഗ്ഷനിൽ നിന്നും മാറിവേണം നിശ്ചയിക്കാൻ. ഇപ്പോൾ തന്നെ വർദ്ധിച്ചുവരുന്ന വാഹനഗതാഗതം മൂലവും, കുറഞ്ഞ റോഡുവീതി മൂലവും ശ്വാസം മുട്ടുന്ന പരവൂർ CBD (Central Business District) ൽ കൂടി ഈ റോഡിന്റെ ദിശ നിർണ്ണയിക്കുന്നത് ഉചിതമല്ല.) ***ഇത് സൂചിപ്പിക്കുന്നത് പരവൂർ നഗര സിരാകേന്ദ്രം ഒഴിവാക്കി ഒരു ലിങ്ക് റോഡ് തീരദേശ റോഡിനെയും, പരവൂർ ചാത്തന്നൂർ റോഡിനേയും ബന്ധിപ്പിച്ചുകൊണ്ട് ആവശ്യമാണെന്നാണ്.***




കോണ്ടൂർ മാപ്പ്

പരിസ്ഥിതി സംരക്ഷണത്തോടെയുള്ള വികസനമാണ് പരവൂരിൽ ലക്ഷ്യമാക്കുന്നത്. വിശകലനം സൂചിപ്പിക്കുന്നത് ചുറ്റുമുള്ള പ്രദേശങ്ങളിൽ നിന്നും വളരെ താഴെ സ്ഥിതി ചെയ്യുന്ന പരവൂരിലെ പാടശേഖരങ്ങൾ ഭൂഗർഭജലത്തിനുള്ള റീചാർജിംഗ് (Ground water recharging) പ്രദേശങ്ങളായി വർത്തിക്കുന്നു എന്നാണ്. അതുകൊണ്ട്തന്നെ അവ അങ്ങനെ തന്നെ സംരക്ഷിക്കപ്പെടേണ്ടതാണ്. പരവൂരിലെ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ വയലേലകളെയും, ജലാശയങ്ങളെയും, പുരാതന ക്ഷേത്രങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പുരാതന ക്ഷേത്രങ്ങളെ പരവൂരിലെ പൈതൃക സ്ഥലങ്ങളെന്ന് കണക്കാക്കി സംരക്ഷിക്കേണ്ടതാവശ്യമാണ്. ഈ രണ്ടു പ്രദേശങ്ങളിലും പുതു വികസനങ്ങളൊന്നും കൊണ്ടുവരാതെ സംരക്ഷിക്കേണ്ടതാണ്. അതേപോലെ സംയോജിത ജില്ലാ വികസന രൂപരേഖയിൽ പരവൂർ നഗരസഭാ പ്രദേശത്തെ ജലസംരക്ഷിത മേഖല (Aqua bio reserve zone) യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് തന്നെ പരവൂരിലെ ജലാശയങ്ങൾ അങ്ങേയറ്റം സംരക്ഷണം അർഹിക്കുന്നു. ***ഇതു സൂചിപ്പിക്കുന്നത് പരിസ്ഥിതി പ്രാധാന്യമുള്ളതും, പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളും സംരക്ഷിക്കേണ്ടതാണെന്നാണ്.***

പരവൂർ നഗരസഭാ പ്രദേശം പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളാൽ (കടൽതീരം, കായൽ, കുളങ്ങൾ, കാവുകൾ, വയലുകൾ) സമ്പന്നമാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ പരിസ്ഥിതിയ്ക്കു കോട്ടം തട്ടാത്ത വിധത്തിൽ സ്ഥാനനിർണ്ണയം ചെയ്യേണ്ടതുണ്ട്. ***അതുകൊണ്ട് തന്നെ പരസ്പര പൂരകമായ ഭൂവിനിയോഗം വരുന്ന തരത്തിൽ മുനിസിപ്പാലിറ്റി പ്രദേശത്തെ വിവിധ പ്രവർത്തനങ്ങൾ സജ്ജീകരിക്കേണ്ടതാണ്.***

പരവൂർ നഗരസഭ മൂന്നാം ക്രമത്തിൽപ്പെടുന്ന ഒരു തദ്ദേശ ഭരണ പ്രദേശമാണ്. അതുകൊണ്ടുതന്നെ ചുറ്റുപാടുമുള്ള ഗ്രാമ പഞ്ചായത്തുകളുടെ കൂടെ ഉയർന്ന സേവനമേഖലയായി പരവൂർ നഗരസഭ പ്രവർത്തിക്കണമെന്ന് വികസന രൂപരേഖ ലക്ഷ്യമാക്കുന്നു. ഒരു നഗരസഭാ പ്രദേശത്ത് സ്വാഭാവികമായും കാണപ്പെടേണ്ട വികസന സൗകര്യങ്ങളാണ് മുനിസിപ്പൽ ഠൗൺഹാൾ, സ്റ്റേഡിയം, പാർക്ക്, ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ്, പൊതുശ്മശാനം മുതലായവ. എന്നാൽ ഇവയൊന്നും പരവൂരിൽ നിലവിലില്ല.

പരവൂരിൽ ഒരു ഹയർ സെക്കണ്ടറി സ്കൂൾ മാത്രമേ നിലവിലുള്ളു. ആസൂത്രണ സൂചകം (Planning Standard) അനുസരിച്ച് ഒരു ഹയർസെക്കണ്ടറി സ്കൂൾ തലത്തിലെ കൂടുതൽ കുട്ടികൾക്കായി സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. ഹൈസ്കൂൾ തലം വരെയുള്ള സ്കൂൾ സൗകര്യം പരവൂരിൽ ആവശ്യത്തിനുണ്ട്. എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യങ്ങൾ വളരെ മോശപ്പെട്ട സ്ഥിതിയിലാണ് ഉള്ളത്.

പരവൂരിലെ ആരോഗ്യമേഖല വളരെ ശോചനീയമായ അവസ്ഥയിലാണ് ഉള്ളത്. അത്യാധുനിക ചികിത്സാ സൗകര്യങ്ങൾക്കായി പരവൂർ നിവാസികൾക്ക് മറ്റ് സ്ഥലങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു. ആസൂത്രണ ഏകകം (Planning Standard) പ്രകാരം, 100 ബഡ്ഡുകളോടുകൂടിയ ബ്ലോക്ക് PHC നിലവാരത്തിലുള്ള ഒരു അലോപ്പതി ആശുപത്രി പരവൂരിൽ അനിവാര്യമാണ്.

പരവൂരിലെ ഭൂരിഭാഗം പബ്ലിക് ഓഫീസുകളും വാടകകെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയ്ക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ആവശ്യമാണ്. ***ഇതൊക്കെ സൂചിപ്പിക്കുന്നത് പരവൂർ മുനിസിപ്പാലിറ്റി ജില്ലയിലെ മൂന്നാം ക്രമത്തിൽപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ചുറ്റുപാടുമുള്ള ഗ്രാമപഞ്ചായത്തുകളുടെ കൂടെ ഉയർന്ന സേവന മേഖലയായി പ്രവർത്തിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുക എന്നതാണ്. ആശുപത്രി, ഠൗൺഹാൾ, ഓഫീസ് കോംപ്ലക്സ്, വിദ്യാഭ്യാസ സൗകര്യങ്ങൾ മുതലായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണമെന്നാണ്.***

പരവൂർ നഗരസഭാ പ്രദേശത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ, ഇവിടുത്തെ കോളനികളുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. സാമ്പത്തിക അടിത്തറ വൈവിധ്യ വത്ക്കരണത്തോടെ ശക്തിപ്പെടുത്തുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടും. ഇതു പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ആശ്രയമാവുകയും ചെയ്യും. ***എങ്കിലും ഇവിടുത്തെ അടിസ്ഥാന സൗകര്യത്തിന്റെ കുറവ് പരിഹരിക്കപ്പെടേ***ണ്ട***താണ്.***

അതിനാൽ വികസന ഉദ്ദേശ്യങ്ങളെ താഴെപ്പറയുന്ന രീതിയിൽ ചുരുക്കിപ്പറയാം.

1. **പരവൂരിന്റെ സാമ്പത്തിക അടിത്തറ നിലവിലെ പരിമിതമായ കയർ, മത്സ്യബന്ധനം, കൃഷി എന്നിവയിൽ നിന്നും വിനോദ സഞ്ചാരമേഖല, വീട്ടുവളപ്പിലെ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും , കയർ മേഖല, ഐ.റ്റി. മേഖല, മത്സ്യബന്ധനമേഖല എന്നിങ്ങനെ മാറാം.**

2. പരവൂർ മുൻസിപ്പാലിറ്റി ജില്ലയിലെ മൂന്നാം ക്രമത്തിൽപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ചുറ്റുപാടുള്ള ഗ്രാമപഞ്ചായത്തുകളുടെ കൂടെ ഉയർന്ന സേവന മേഖലയായി പ്രവർത്തിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുക.

3. പരവൂരിന്റെ വാണിജ്യ കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുന്നതോടൊപ്പം സംയോജിത ജില്ലാ വികസന രൂപരേഖയ്ക്ക് അനുസൃതമായ റോഡ് ശൃംഖല വിഭാവനം ചെയ്യുക.

4. പരസ്പര പൂരകമായ ഭൂവിനിയോഗം വരുന്നതരത്തിൽ, മുൻസിപ്പാലിറ്റി പ്രദേശത്തെ വിവിധ പ്രവർത്തനങ്ങളെ സജ്ജീകരിക്കുക.

5. പരിസ്ഥിതി പ്രാധാന്യമുള്ളതും പാരമ്പര്യമായും പൈതൃകമായും പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക.

6. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കുക.

# അദ്ധ്യായം – 20

# വികസന സങ്കല്പം (Development Concept)

*ഒരു പ്രദേശത്തിന്റെ സംയോജിത വികസന സങ്കല്പം രൂപീകരിക്കുന്നത് ആ പ്രദേശത്തിന്റെ പ്രത്യേകതകളും അവിടെ നിലവിലുള്ള വിവിധ പ്രവർത്തനങ്ങളും വിശകലനം ചെയ്തശേഷം അടി സ്ഥാനപ്പെടുത്തുന്ന വികസന ഉദ്ദേശ്യങ്ങൾ മുൻനിർത്തിയാണ്. വിവിധ വികസന മേഖലകളുടെ വിശ കലനത്തിലൂടെ ഉരുത്തിരിയുന്ന കണ്ടെത്തലുകളും അവയുടെ സംയോജനവും വികസന സങ്കല്പം രൂപീകരിക്കുന്നതിനാവശ്യമാണ്. ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്തിന്റെ വികസന സങ്കല്പം എന്താണെന്ന് വിശദമാക്കിയിരിക്കുന്നു.*

വികസന ഉദ്ദേശ്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത് പരവൂരിന്റെ സാമ്പത്തിക അടിത്തറ നിലവിലെ പരിമിതമായ കയർ, മത്സ്യബന്ധനം, കൃഷി എന്നിവയിൽ നിന്നും വിനോദ സഞ്ചാര മേഖല, വീട്ടുവളപ്പിലെ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, കയർമേഖല, ഐ.റ്റി.മേഖല, മത്സ്യബന്ധന മേഖല എന്നിങ്ങനെ മാറേണ്ടതാണെന്നാണ്.

പരവൂർ നഗരസഭാ പ്രദേശം കടലും, കായലും, തോടും, കുളങ്ങളും ചേർന്ന പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമാണ്. സംയോജിത കൊല്ലം ജില്ലാ വികസന പദ്ധതിയിലും പരവൂർ നഗരസഭാ പ്രദേശത്തെ ജലസംരക്ഷിതമേഖ (Aqua-bio reserve zone) ലയിലാണ് ഉൾപ്പെടുത്തിയി രിക്കുന്നത്. അതുകൊണ്ടുതന്നെ ഏത് വികസനമായാലും ജലത്തെയും പരിസ്ഥിതി പ്രാധാന്യ മുള്ള പ്രദേശത്തെയും നശിപ്പിക്കുന്ന തരത്തിലാകരുത്. ചെറുകിട ഐ.റ്റി. സംരഭവും, വിനോദ സഞ്ചാര മേഖലയുടെ വികസനവും പരിസ്ഥിതിയ്ക്കു ഇണങ്ങും വിധം ചെയ്യേണ്ടതുണ്ട്. പര വൂരിലെ വിനോദ സഞ്ചാര മേഖലയിലെ ആകർഷണീയത തന്നെ കടലും, കായലും, ഇതുരണ്ടും ചേർന്നൊരുക്കുന്ന പ്രകൃതിരമണീയതയുമാണ്. വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൻകിട ഹോട്ടൽ സമുച്ചയങ്ങളോ, വൻകിട വാണിജ്യ സമുച്ചയങ്ങളോ പരവൂരിൽ പൊതുവെയും കടൽ തീരവും, കായൽ തീരവും കേന്ദ്രീകരിച്ചു പ്രത്യേകിച്ചും പാടില്ല.

പരവൂരിലെ വികസനം "***പ്രകൃതിക്കിണങ്ങും വിധം നൂതന വികസന മേഖലകളെന്ന നിലയ്ക്കു ചെറുകിട ഐ.റ്റി. മേഖലയെയും, വിനോദ സഞ്ചാര മേഖലയെയും പരിപോഷിപ്പിക്കുന്നതോടൊപ്പം ആ നൂതന വികസന മേഖലകളുടെ വികസനത്തിന്റെ അനുരണങ്ങൾ പരമ്പരാഗത വികസന മേഖലകളെ പരിപോഷിപ്പിക്കുന്ന രീതിയിൽ രണ്ടും കൂട്ടിയി ണക്കുക***" എന്ന സങ്കല്പത്തെ (Concept) അടിസ്ഥാ നപ്പെടുത്തി ആയിരിക്കണം. പരവൂർ നഗരസഭാ പ്രദേശത്തെ സ്ഥലപര ഘടനക്കനുസൃതമായി ഈ വികസന സങ്കല്പത്തെ കൂടുതൽ വിശദീകരിച്ചിരി ക്കുന്നു.



## 20.1 വികസന സങ്കല്പം

വികസന സങ്കല്പ രൂപീകരണത്തിന് നിർദ്ദിഷ്ഠ പ്രദേശത്തിന്റെ സ്ഥലപര ഘടന അറിയേണ്ടതുണ്ട്. സ്ഥലപരഘടനയുടെ നിർണ്ണയത്തെ സ്വാധീനിക്കുന്ന ഘടങ്ങൾ ആ പ്രദേശത്തെ ഭൂപ്രകൃതി, നിലവിലെ പ്രവർത്തനങ്ങളുടെ സ്ഥലപര വിതരണം, ഗതാഗത ശൃംഖല, പരിസ്ഥിതി പ്രാധാന്യമുള്ളതും സംരക്ഷിക്കേണ്ടതുമായ പ്രദേശങ്ങൾ മുതലായവയാണ്.

### 1 ഭൂ പ്രകൃതി

ഒരു പ്രദേശത്ത് വരാവുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് അവിടുത്തെ ഭൂപ്രകൃതി. ഒരു പ്രദേശത്തെ ചരിവ്, അവിടുത്തെ ഭൂപ്രകൃതി പ്രകടിപ്പിക്കുന്ന ഒരു സൂചകമാണ്. ഒരു പ്രദേശത്തിന്റെ ചരിവ് അനുസരിച്ച് അവിടെ വരാവുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറഞ്ഞിരിക്കുന്നു.

ചരിവ് $0^0$–$15^0$ ഇടയ്ക്കാണെങ്കിൽ പ്രധാനമായും മനുഷ്യആവാസവ്യവസ്ഥയ്ക്ക് അനുയോജ്യം.
$15^0$ – $30^0$ ഇടയ്ക്കാണെങ്കിൽ പ്രധാനമായും കൃഷിയ്ക്ക് യോജിച്ചത്
$30^0$ – $50^0$ ഇടയ്ക്കാണെങ്കിൽ പ്രധാനമായും ഹോർട്ടികൾച്ചറിന് യോജിച്ച
ചരിവ് $50^0$ കൂടുതലാണെങ്കിൽ കൂടുതലും വനപ്രദേശം.

പരവൂർ മുനിസിപ്പാലിറ്റി പ്രദേശത്തിന്റെ ചരിവ് (Slope) പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യം ഭൂരിഭാഗം പ്രദേശത്തിന്റെയും (ഏകദേശം 99% പ്രദേശം) ചരിവ് 0–$15^0$യ്ക്കും ഇടയിലാണെന്ന് കാണാം. മനുഷ്യന്റെ ആവാസവ്യവസ്ഥയ്ക്കും അവന്റെ മറ്റു വികസന പ്രവർത്തനങ്ങൾക്കും പരവൂരിന്റെ ഭൂപ്രകൃതി ഒരു തടസ്സമല്ലെന്ന് സൂചിപ്പിക്കുന്നു.




*ചിത്രം 20.1–പരവൂർ നഗരസഭാ പ്രദേശത്തിന്റെ ചരിവ്*

### 2 നിലവിലെ പ്രവർത്തനങ്ങളുടെ സ്ഥലപരവിതരണം

പരവൂർ നഗരസഭാ പ്രദേശത്തിനുള്ളിൽ കൃഷിമേഖലയും, ജനവാസമേഖലയും പരസ്പരം ഒഴിവാക്കിയിരിക്കുന്ന രീതിയിലുള്ള സ്ഥലപര വിതരണം കാണാം. അതുപോലെ തന്നെ കൃഷിമേഖലയും, വാണിജ്യമേഖലയും പരസ്പരം ഒഴിവാക്കിയിരിക്കുന്നു. മുനിസിപ്പൽ പ്രദേശത്തെ തീരദേശത്തോടും, പ്രധാന റോഡിനോടും ചേർന്നുള്ള പ്രദേശങ്ങളിലുമാണ് വാസമേഖലയും വാണിജ്യമേഖലയും കേന്ദ്രീകരിച്ചിരിക്കുന്നതെങ്കിൽ, ഇവിടെ നിന്നും അകന്നാണ് കാർഷികമേഖല കേന്ദ്രീകരിച്ചിരിക്കുന്നത്. ചിത്രം 20–2 ൽ ഇത് വ്യക്തമാക്കുന്നു.




*ചിത്രം 20.2–നിലവിലെ പ്രവർത്തനങ്ങളുടെ സ്ഥലപര വിവരണം*

അതുപോലെ മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം ആൾക്കാരും കേന്ദ്രീകരിച്ചിരിക്കുന്നത് തീരദേശ വാർഡുകളിലാണ്. പരവൂരിലെ കയർ മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് ഒല്ലാൽ, കോട്ടമൂല, പൊഴിക്കര എന്നിവടങ്ങളിലാണ്. നിലവിലെ പ്രവർത്തനങ്ങളുടെ സ്ഥലപര വിതരണം, ഭാവി സാമ്പത്തിക അടിത്തറകളുടെ സ്ഥാനനിർണ്ണയത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്.

### 3 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളും, പൈതൃക സ്ഥലങ്ങളും.

**(Environmentally Sensitive area and heritage sites)**

പരവൂരിലെ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പരവൂരിലെ വയലേലകളെയും, ജലാശയങ്ങളെയും, പുരാതന ക്ഷേത്രങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. നെൽകൃഷി ലാഭകരമല്ലെങ്കിൽ കൂടി, ഭൂഗർഭ ജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഈ വയലേലകളെല്ലാം അതേപടി നികത്താതെ നിലനിർത്തേണ്ടതാവശ്യമാണ്. കൂടാതെ പുരാതന ക്ഷേത്രങ്ങളെ പരവൂരിലെ പൈതൃക സ്ഥലങ്ങളെന്ന് കണക്കാക്കി സംരക്ഷിക്കേണ്ടതാവശ്യമാണ്. ഈ രണ്ടു പ്രദേശങ്ങളിലും പുതു വികസനങ്ങളൊന്നും കൊണ്ടുവരാതെ സംരക്ഷിക്കേണ്ടതാണ്. വിവിധ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളുടെയും, വാസമേഖലകളുടെയും നിർണ്ണയത്തിന് ഇതുകൂടി പരിഗണിക്കേണ്ടതാവശ്യമാണ്. പരവൂർ നഗരസഭാ പ്രദേശത്തെ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളും, പൈതൃക സ്ഥലങ്ങളും ചിത്രത്തി (20–3)ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 20.3–പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾ*

### 4 ജനസംഖ്യാ വിതരണം

പരവൂരിലെ 2001 ലെ ജനസംഖ്യ 38649 ആണ്. ഇപ്പോഴത്തെ ജനസംഖ്യാ വിതരണം പ്രധാനമായും പരവൂർ–പൊഴിക്കര, പരവൂർ–കാപ്പിൽ, പരവൂർ–പാരിപ്പള്ളി റോഡുകളും, തീരദേശവും അതിരുകളായി വരുന്ന ത്രികോണാകൃതിയിലുള്ള പ്രദേശങ്ങളിലാണ്. അതുപോലെ പരവൂർ–ചാത്തന്നൂർ റോഡിന് ഇരുവശമുള്ള വാർഡുകളിലും ജനസംഖ്യ കേന്ദ്രീകരിച്ചിരിക്കുന്നു. ജനസംഖ്യാ വിതരണം ഭാവി പ്രവർത്തനങ്ങളെ എവിടെയാവാം എന്നു നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ്.




*ചിത്രം 20.4–വാർഡടിസ്ഥാനത്തിലുള്ള ജനസംഖ്യ വിതരണം*

## 5 നിർദ്ദിഷ്ട പ്രധാന റോഡ് ശൃംഖല

നിർദ്ദിഷ്ട വികസനങ്ങൾക്കും ജനസംഖ്യയുടെ വിതരണങ്ങൾക്കും അനുസൃതമായാണ് ഒരു പ്രദേശത്തിന്റെ നിർദ്ദിഷ്ഠ റോഡ് ശൃംഖലകൾ രൂപം നൽകുന്നത്. കൊല്ലം ജില്ലാ സംയോജിത വികസന ഭൂരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന റോഡ് ശൃംഖലകൂടി പ്രാദേശികമായി റോഡ് ശൃംഖല രൂപകല്പന ചെയ്യുമ്പോൾ കണക്കിലെടുക്കണം. പരവൂരിന്റെ റോഡ് ശൃംഖല വിഭാവനം ചെയ്തിരിക്കുന്നത് പരവൂരിന്റെ വാണിജ്യ സിരാകേന്ദ്രം ഒഴിവാക്കിയാണ്. ഒന്നാം ക്രമത്തിൽപ്പെടുന്ന റോഡുകളുടെ ദിശ താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

കൊല്ലം ജില്ലാ സംയോജിത വികസന രൂപരേഖാപ്രകാരം, തങ്കശ്ശേരി തുറുമുഖവും, കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയും, തിരുവനന്തപുരവുമായി ബന്ധിപ്പിച്ചിരിക്കുന്നത്, തങ്കശ്ശേരിയിൽ നിന്നും പരവൂർ വരെയുള്ള തീരദേശ റോഡു മുഖേനയും, തുടർന്ന് പരവൂരിൽ നിന്നും ചാത്തന്നൂർ വരെയുള്ള റോഡു മുഖേനയുമാണ്. (ഈ നിർദ്ദിഷ്ട റോഡിന്റെ ദിശ പരവൂർ ജംഗ്ഷനിൽ നിന്നും മാറിവേണം നിശ്ചയിക്കാൻ.) ഇപ്പോൾ തന്നെ വർദ്ധിച്ചുവരുന്ന വാഹന ഗതാഗതംമൂലവും, കുറഞ്ഞ റോഡുവീതി മൂലവും ശ്വാസം മുട്ടുന്ന പരവൂർ CBD(Central Busines District) ൽ കൂടി ഈ റോഡിന്റെ ദിശ നിർണ്ണയിക്കുന്നത് ഉചിതമല്ല. അതിനാൽ ഈ റോഡ് മണിയംകുളം പാലത്തിന് സമീപം തിരിഞ്ഞു ശാസ്താം ക്ഷേത്രത്തിന് മുന്നിലൂടെ കടന്നു പരവൂർ –ചാത്തന്നൂർ റോഡിൽ, സമാജം ജംഗ്ഷനിൽ സന്ധിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നു. അതുപോലെ പരവൂർ നഗരസഭാ പ്രദേശത്ത് ഏറ്റവും കൂടുതൽ വാഹന ഗതാഗതം നടക്കുന്ന റൂട്ട്, ചാത്തന്നൂർ – പരവൂർ – പാരിപ്പള്ളി റോഡാണ്. ചാത്തന്നൂർ ദിശയിൽ നിന്നും പരവൂർ വഴി പാരിപ്പള്ളി ദിശയിൽ പോകുന്ന വാഹനങ്ങൾ, പരവൂർ CBD യിൽ പ്രവേശിപ്പിക്കാതെ, റെയിൽവേ ഓവർബ്രിഡ്ജിന് സമീപത്ത് നിന്നും തിരിഞ്ഞു ഒല്ലാൽ റെയിൽവേ ക്രോസിനപ്പുറം ചെല്ലുന്ന രീതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. പരവൂർ, തീരദേശ വിനോദസഞ്ചാര ശൃംഖലയിൽ ഉൾപ്പെടുമ്പോൾ വർക്കല, കാപ്പിൽ, പൊഴിക്കര, കൊല്ലം റൂട്ടിൽ വാഹനങ്ങളുടെ ഒരു വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഇതിനനുസൃതമായി കാപ്പിൽ–പരവൂർ റോഡ് കുട്ടൂർപാലം വഴി ടി.എസ്. കനാലിന് സമീപത്തുകൂടി മണിയം കുളം പാലത്തിന് സമീപം വച്ച് തീരദേശ റോഡിൽ സന്ധിക്കുന്നതായി വിഭാവനം ചെയ്തിരിക്കുന്നു.




*ചിത്രം 20.5– നിർദ്ദിഷ്ഠ പ്രധാന റോഡ് ശൃംഖല*

## 6 സ്ഥലപര ഘടന

മേൽ വിവരിച്ച ഘടകങ്ങളെല്ലാം കൂടി സംയോജിപ്പിച്ചാണ് സ്ഥലപരഘടന നിർണ്ണയിക്കുന്നത്. ഇത് ചിത്രം (20–6) ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 20.6– സ്ഥലപര ഘടനയുടെ നിർണ്ണയം*

പ്രവർത്തനങ്ങളുടെ വിതരണ ഘടന സൂചിപ്പിക്കുന്നത് കാർഷിക മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് വാർഡ് 3, 4, 5, 6, 7 (പരവൂർ–ചാത്തന്നൂർ റോഡിനും, പരവൂർ–പാരിപ്പള്ളി റോഡിനും ഇടയ്ക്കുള്ള വാർഡുകൾ) എന്നിവിടങ്ങളിലും, വാർഡ് 1, 25, 23 എന്നിവിടങ്ങളിലും (പരവൂർ–ചാത്തന്നൂർ റോഡിനും, പരവൂർ–പൊഴിക്കര റോഡിനും ഇടയ്ക്കുള്ള വാർഡുകൾ), നടയറ കായലിനു സമീപമുള്ള 11, 12, 13 എന്നീ വാർഡുകളിലും, പൊഴിക്കരയിലെ 19, 20 എന്നീ വാർഡുകളിലുമാണ്. ഇതേസമയം ജനങ്ങളുടെ കേന്ദ്രീകരണം കാണുന്നത് ചാത്തന്നൂർ–പരവൂർ റോഡിനിരുവശവുമുള്ള 2, 26, 23, 7, 5 എന്നീ വാർഡുകളിലും, പരവൂർ– പൊഴിക്കര, പരവൂർ–കാപ്പിൽ, പരവൂർ–പാരിപ്പള്ളി റോഡുകളും തീരദേശവും അതിരുകളായി വരുന്ന 21, 8, 9, 10, 18, 17, 16, 15, 14 എന്നീ വാർഡുകളിലുമാണ്. ഇത് രണ്ടും കൂടി നോക്കുമ്പോൾ 5, 7 എന്നീ വാർഡുകളിൽ ജനസംഖ്യയുടെ കേന്ദ്രീകരണവും, കാർഷിക മേഖലയുടെ കേന്ദ്രീകരണവും കാണപ്പെടുന്നു. 5–ാം വാർഡ് ചാത്തന്നൂർ–പരവൂർ റോഡിന്റെ സമീപത്തും, 7–ാം വാർഡ് പരവൂർ–പാരിപ്പള്ളി റോഡിനു സമീപത്തും ഉള്ള വാർഡുകളാണ്. ഈ രണ്ടു വാർഡുകളുടെ റോഡിനോടു ചേർന്നുവരുന്ന ഭാഗങ്ങൾ ജനവാസ കേന്ദ്രീകൃത മേഖലയായും, ബാക്കി ഭാഗങ്ങൾ കാർഷിക മേഖല കേന്ദ്രീകൃത മേഖലയായും തിരിച്ചിരിക്കുന്നു. വാർഡ് 6, 4, 7, 8 എന്നീ വാർഡുകളിൽപ്പെടുന്ന വയലുകളെ (ക്ലാവറ–കൂനയിൽ ഏല, പണ്ടാരത്തിൽ ഏല, പശുമൺ ഏല, ഏലംകുളം ഏല) സംരക്ഷിക്കപ്പെടേണ്ട മേഖലയായി കാണിച്ചിരിക്കുന്നു. നിർദ്ദിഷ്ഠ റോഡു ശൃംഖല കൂടി പരിഗണിച്ച് കുട്ടൂർപ്പാലം–മണിയംകുളം പാലം–ശാസ്താംനട, സമാജം ജംഗ്ഷൻ എന്നിവയ്ക്കു അതിരായി

വരുന്ന ഭാഗവും, തീരദേശ വാർഡുകളും, പരവൂർ–ചാത്തന്നർ റോഡിനിരുവശവുമുള്ള വാർഡുകളും, പരവൂർ–പാരിപ്പള്ളി റോഡിനിരുവശമുള്ള വാർഡുകളും പരവൂർ നഗര പ്രദേശത്തെ കാർഷികേതര പ്രവർത്തനത്തിന് അനുയോജ്യമായ മേഖലയായി കണക്കാക്കിയിരിക്കുന്നു. പരവൂർ–നടയറ കായലിന് സമീപത്തുള്ള വാർഡുകളും, കൂനയിൽ, ആയിരവല്ലി പ്രദേശങ്ങളും പരവൂർ നഗര പ്രദേശത്തെ കാർഷിക മേഖലയ്ക്കു സാധ്യതയുള്ള പ്രദേശമായും കണക്കാക്കിയിരിക്കുന്നു.

പരവൂർ നഗരസഭാ പ്രദേശത്തെ പുതിയ വാർഡടിസ്ഥാനത്തിൽ സ്ഥലപര ഘടന ചിത്രം 20.7 ൽ വ്യക്തമാക്കിയിരിക്കുന്നു.




*ചിത്രം 20.7–സ്ഥലപര ഘടന – പരവൂർ*

ഒരു പ്രദേശത്തിന്റെ സ്ഥലപരഘടന അവിടുത്തെ വിവിധ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളുടെ യുക്തി അധിഷ്ഠിത സ്ഥാന നിർണ്ണയത്തിനു സഹായിക്കുന്നു. അതോടൊപ്പം തന്നെ സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളും, നിർദ്ദിഷ്ഠ പ്രധാന ഗതാഗത ശൃഖലയും നിർണ്ണയിച്ചിരിക്കുന്നു.

## 7 വികസന സങ്കല്പം

സ്ഥലപര ഘടനയ്ക്കൊപ്പം വികസന സങ്കല്പത്തിന്റെ രൂപീകരണത്തിൽ സ്വാധീനമുള്ള വികസന മേഖലകളെക്കൂടി കണക്കിലെടുത്തുകൊണ്ട് വികസന സങ്കല്പം അന്തിമമാക്കുകയും സ്ഥാനാധിഷ്ഠിതമാക്കുകയുമാണ് ഇനി ചെയ്യേണ്ടുന്നത്. പരവൂരിനെ സംബന്ധിച്ച് വികസന സങ്കല്പത്തെ സ്വാധീനിക്കുന്ന പ്രധാന വികസന മേഖലകൾ വിനോദസഞ്ചാരമേഖല, മത്സ്യബന്ധന മേഖല, കയർമേഖല, ഐ.റ്റി.മേഖല എന്നിവയാണ്. ഈ പ്രധാന വികസന മേഖലകളുടെ വികസനത്തിനനുപേക്ഷണീയമായ അനുബന്ധ വികസന മേഖലകളെ (വാണിജ്യമേഖല, ചെറുകിട വ്യവസായ മേഖല, വൈദ്യുതി മേഖല) കൂടി വികസന സങ്കല്പം അന്തിമമാക്കുവാൻ കണക്കിലെടുക്കുന്നു.

പരവൂരിലെ വിനോദസഞ്ചാരം കടലും കായലുമായി ബന്ധപ്പെട്ടിരിക്കുന്നത് (Water front Tourism) കോവളം–വർക്കല–കൊല്ലം –ആലപ്പുഴ തീരദേശ വിനോദസഞ്ചാര ശൃംഖലയുടെ ഭാഗമായിട്ടാണ് പരവൂർ വിഭാവനം ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ പരവൂരിലെ വിനോദസഞ്ചാര മേഖലയുടെ കേന്ദ്രീകരണം പരവൂരിന്റെ തീരദേശം, പരവൂർ, നടയറ, കായൽ തീരം എന്നിവ കേന്ദ്രീകരിച്ചായിരിക്കും. ചത്രം (208) ൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കാൻ അനുയോജ്യമായ പ്രദേശങ്ങൾ കാണിച്ചിരിക്കുന്നു.




*ചിത്രം 20.8– വിനോദസഞ്ചാര മേഖല*

തീരദേശ മത്സ്യബന്ധനവും, കായലും, കുളങ്ങളും കേന്ദ്രീകരിച്ചുള്ള ഉൾനാടൻ മത്സ്യബന്ധന മേഖലയുമാണ് പരവൂരിൽ വികസന സാധ്യതകളായി കണ്ടെത്തിയിരിക്കുന്നത്. മത്സ്യ ബന്ധന മേഖലുയമായി ബന്ധപ്പെട്ടിരിക്കുന്നവർ തീരദേശത്താണ് കേന്ദ്രീകരിച്ചിരിക്കുന്നത്. വീട്ടുവളപ്പിലെ കൃഷിയ്ക്കും അനുബന്ധപ്രവർത്തനങ്ങൾക്കും തീരദേശത്തെ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശം ഒഴിച്ച് പരവൂരിലെ മിക്കവാറും എല്ലാ പ്രദേശങ്ങളും യോജിച്ചതാണ്. എങ്കിലും പരവൂർ – ചാത്തന്നൂർ റോഡിനും, പരവൂർ – പാരിപ്പള്ളി റോഡിനും ഇടയ്ക്കുള്ള ആയിരവല്ലി പ്രദേശം, ക്ലാവര വയലിനോടു ചേർന്നുള്ള പ്രദേശങ്ങൾ എന്നിവ, പെരുമ്പുഴ പ്രദേശം മുതലായവ മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കനുയോജ്യമായ പ്രദേശം ചിത്രം (20.9) ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 20.9– മത്സ്യബന്ധന മേഖല*

പരവൂരിലെ കയർപിരിപ്പ് ഇപ്പോൾ വാസമേഖലയുമായി ചേർന്ന് കുടിൽ വ്യവസായമെന്ന നിലയിലേക്ക് മാറുകയാണ്. എങ്കിലും നിലവിലെ കയർ മേഖല (കുറുമണ്ടൽ, കോട്ടപ്പുറം, ഒല്ലാൽ) തുടർന്നും അതേപടി നിലനിൽക്കുമെന്ന് പ്രതീക്ഷിക്കുന്നു. ചിത്രം (2010) ൽ കാണിച്ചിരിന്നു




*ചിത്രം 20.10–കയർമേഖല*

ചെറുകിട ഐ.ടി. മേഖലയുടെ വികസനത്തിനാണ് പരവൂരിൽ സാധ്യത. ഗതാഗത ശൃംഖലയുമായി ഏറ്റവും അടുത്ത പ്രദേശമാണ് ഐ.ടി. മേഖലയുടെ വികസനത്തിന് അനുയോജ്യമായത് അതോടൊപ്പം ജനസാന്ദ്രത കുറഞ്ഞതും, സ്ഥലം ആവശ്യത്തിന് ലഭ്യമായതുമായിരിക്കണം. റെയിൽവേ സ്റ്റേഷന് സമീപവും, നിർദ്ദിഷ്ഠ ബൈപ്പാസ് റോഡിനു സമീപമുള്ള ശാസ്താം നടയ്ക്ക് സമീപത്തുള്ള പ്രദേശമാണ് ഐ.ടി. മേഖലയുമായി പരവൂരിൽ അനുയോജ്യമായ പ്രദേശം ഇത് ചിത്രം (20.11)ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 20.11–ഐ.ടി.മേഖല*

മേൽ വിവരിച്ച സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ പരവൂർ നഗരസഭാ പ്രദേശത്ത് സംയോജിപ്പിക്കുമ്പോൾ അനുബന്ധമായി വരേണ്ട വികസന പ്രവർത്തനങ്ങളാണ് ഇനി വിശദമാക്കുന്നത്. പട്ടിക 20.1 ൽ ഇത് വിശദമാക്കിയിരിക്കുന്നു.

| മേഖല/ അനുബന്ധ മേഖല | വൈദ്യുതി | വാണിജ്യം | ചെറുകിട വ്യവസായം |
|---|---|---|---|
| വിനോദസഞ്ചാര മേഖല | + | + | |
| കയർ മേഖല | | + | + |
| കൃഷി അനുബന്ധ മേഖല | + | + | + |
| മത്സ്യബന്ധന മേഖല | | + | + |
| ഐ.റ്റി.മേഖല | + | + | + |

*പട്ടിക 20.1 – പ്രധാന വികസന മേഖലകളോട് ബന്ധപ്പെട്ടിരിക്കുന്ന പ്രധാന അനുബന്ധ വികസന മേഖലകൾ*

പ്രധാന സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളുടെ വികാസത്തിനു അനുബന്ധമായി വികസിക്കേണ്ട മേഖലകൾ വാണിജ്യ മേഖലയും, ചെറുകിട വ്യവസായ മേഖലയും വൈദ്യുതി മേഖലയുമാണെന്ന് പട്ടിക 20.1 വ്യക്തമാക്കുന്നു.

പരവൂരിലെ വിവിധ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളുടെ സ്ഥാനം പരിശോധിച്ചാൽ പലതും പരവൂർ ജംഗ്ഷനിൽ നിന്നും അകലെയാണ്. അതുകൊണ്ട് തന്നെ ഇത് പുതിയ വാണിജ്യ കേന്ദ്രങ്ങളുടെ വികസനത്തിന് കാരണമാകും. ഇവയും സ്ഥലപര ക്രമത്തിനനുസൃതമായി നിർണ്ണയിക്കേണ്ടതുണ്ട്. പരവൂരിലെ വാണിജ്യമേഖല ഇപ്പോൾ കേന്ദ്രീകൃതമായിരിക്കുന്നത് പരവൂർ ജംഗ്ഷനിലാണ്. വാണിജ്യമേഖലയുടെ സാന്നിദ്ധ്യം സ്വാഭാവികമായും ഉണ്ടാകുന്നത് പ്രധാന റോഡുകളുടെ സംഗമസ്ഥാനത്താണ്. ഇത് കണക്കിലെടുത്തുകൊണ്ട് രണ്ടാം ക്രമത്തിൽ വരുന്ന വാണിജ്യകേന്ദ്രങ്ങൽ നെടുങ്ങോലത്തും മണിയംകുളത്തും, തെക്കുംഭാഗത്തും വിഭാവനം ചെയ്തിരിക്കുന്നു. ചിത്രം (20.12) ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 20.12–വികേന്ദ്രീകൃത വാണിജ്യമേഖല*

കാർഷിക മേഖലയ്ക്കും, മത്സ്യബന്ധനം, കയർ എന്നീ മേഖലകൾക്കും ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ചെറുകിട വ്യവസായ മേഖല പരവൂർ നഗരസഭാ പ്രദേശത്ത് വിഭാവനം ചെയ്യേണ്ടതുണ്ട്. സ്ഥലലഭ്യത കണക്കിലെടുത്തും, ഗതാഗത സൗകര്യം കണക്കിലെടുത്തും ചെറുകിട–വ്യവസായ മേഖല പരവൂർ–ചാത്തന്നൂർ റോഡിനരികിലുള്ള വിനായകർ വീവേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നിടത്തു വിഭാവനം ചെയ്തിരിക്കുന്നു.

**വൈദ്യുതി:**

ഐ.റ്റി പാർക്കിന്റെ വികസനത്തിനും ചെറുകിട വ്യവസായ യൂണിറ്റിനും കൂടിയ തോതിൽ വൈദ്യുതി ആവശ്യമാണ്. ഇതിനായി സബ് സ്റ്റേഷൻ ചെറുകിട വ്യവസായ മേഖലയ്ക്കു അനുബന്ധമായി വിഭാവനം ചെയ്തിരിക്കുന്നു.

പരവൂരിന്റെ നിർദ്ദിഷ്ഠ സ്ഥലപരഘടനയ്ക്കനുസൃതമായി മേൽപ്പറഞ്ഞ വികസന മേഖലകളുടെ സ്ഥലപര വിന്യാസ ചിത്രം (20–13) ൽ നല്കിയിരിക്കുന്നു. ഇത് വികസന സങ്കല്പത്തെ ഭൗതികമായി പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.




*ചിത്രം 20.13– വികസന സങ്കല്പം 2021– പരവൂർ മുനിസിപ്പാലിറ്റി*



<<< previous | contents | next >>>

# 21. വികസന നയവും തന്ത്രങ്ങളും

*20 വർഷം മുന്നിൽ കണ്ടുകൊണ്ട് പരവൂർ നഗരസഭാ പ്രദേശത്തിന് വേണ്ടി രൂപീകരിച്ച വികസന സങ്കല്പം സാധ്യമാകുന്നതിനുള്ള നയങ്ങളും തന്ത്രങ്ങളുമാണ് (Policies and Strategies) ഈ അദ്ധ്യായത്തിൽ വിശദമാക്കിയിരിക്കുന്നത്.*

## 21.1 പൊതുവികസന നയം

പരവൂർ നഗരസഭയെ ജില്ലയിലെ ഒരു വിനോദ സഞ്ചാര കേന്ദ്രമായും, ചെറുകിട ഐ.റ്റി. സംരംഭത്തിന്റെ കേന്ദ്രമായും വികസിപ്പിക്കുകയും ഇവിടുത്തെ പരമ്പരാഗത വ്യവസായ മായ കയറിനും മത്സ്യബന്ധന മേഖലയ്ക്കും ഊന്നൽ നൽകി ഇവയെ വിനോദ സഞ്ചാര മേഖ ലയുമായി ബന്ധിപ്പിക്കുകയും കാർഷിക–മൃഗ സംരക്ഷണ മേഖലയിൽ കഴിയുന്നിടത്തോളം സ്വയം പര്യാപ്തത കൈവരിക്കുക എന്നതുമാണ് പരവൂർ നഗരസഭയെ സംബന്ധിച്ച പൊതു വികസന നയം.

## 21.2 മേഖലാനയങ്ങളും തന്ത്രങ്ങളും

<u>വിനോദസഞ്ചാര മേഖല</u>

പരവൂരിന്റെ പ്രവർത്തനസ്വഭാവം സൂചിപ്പിക്കുന്നത് ഇത് ഒരു അർദ്ധ നഗര സ്വഭാവം കാണി ക്കുന്ന പ്രദേശമാണെന്നാണ്. കടലും, കായലും, തോടും, കുളങ്ങളും ചേർന്ന ജലസമ്പത്ത് പര വൂരിന്റെ പ്രകൃതിഭംഗിയ്ക്കു ആക്കം കൂട്ടുന്നു. പൂർണ്ണമായും നഗരസ്വഭാവം ആർജ്ജിക്കാതെ ഗ്രാമീണത്തനിമ ഇപ്പോഴും നിലനിൽക്കുന്നതും, ജലാശയങ്ങളുടെ സമൃദ്ധി കൊണ്ട് ലഭ്യമാകുന്ന പ്രകൃതിരമണീയതയുമാണ് പരവൂരിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഘടകങ്ങൾ. ഇവയെ പരമാവധി ഉപയോഗിച്ചുകൊണ്ട് എന്നാൽ അതേപടി നിലനിർത്തിവേണം പരവൂരിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കാൻ. ജലാശയങ്ങളും, കടൽതീരവും ചേർന്നൊരു ക്കുന്ന പ്രകൃതി ഭംഗിയെ ഹനിക്കാതെ, വിനോദസഞ്ചാരികകൾക്കായി തദ്ദേശീയ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങൾ പരവൂരിൽ ഒരുക്കുകയും കോവളം, വർക്കല, ആലപ്പുഴ എന്ന തീര ദേശ വിനോദസഞ്ചാര ശൃംഖലയുടെ ഭാഗമായി കൊണ്ടുവന്ന് പരവൂരിലെ വിനോദസഞ്ചാര മേഖലയുടെ സാധ്യത കൂട്ടുക എന്നതാണ് വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച നയം.

വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കേണ്ട വികസന തന്ത്രം ഇനിപ്പറയുന്നു.

- പരവൂരിന്റെ സാധ്യതകളെക്കുറിച്ചു വിനോദ സഞ്ചാരികൾക്കു അവബോധമുണ്ടാക്കുക
- വിനോദസഞ്ചാരികൾക്കായി കഴിവതും തദ്ദേശീയ സൗകര്യങ്ങൾ ഒരുക്കുക
- പരവൂരിന്റെ സാംസ്ക്കാരിക–പൈതൃക പശ്ചാത്തലം സംരക്ഷിക്കുന്നതും, വിനോദസഞ്ചാ രികൾക്കു ആസ്വദിക്കുന്നതിനും തക്ക പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുക.

## വ്യവസായ മേഖല

ജില്ലയുടെ ചെറുകിട ഐ.റ്റി. സംരംഭത്തിന്റെ ഒരു കേന്ദ്രമായി പരവൂരിനെ വികസിപ്പിക്കുന്നതിനോടൊപ്പം പരവൂരിലെ പരമ്പരാഗത വ്യവസായമായ കയർമേഖലയെ യന്ത്രവത്ക്കരണത്തിലൂടെയും, വിനോദസഞ്ചാരമേഖലയുമായി കൂട്ടിയിണക്കിയും പരിപോഷിപ്പിക്കുക എന്നതാണ് വ്യവസായത്തെ സംബന്ധിച്ച നയം. കയർ മേഖലയിൽ പരമ്പരാഗത രീതിയായ കായലിലെ തൊണ്ടഴുക്കൽ കായൽ മലിനപ്പെടുത്തുമെന്നതിനാൽ യന്ത്ര സഹായത്താൽ ചകിരി എടുക്കുന്ന രീതിയെ പ്രോത്സാഹിപ്പിക്കുകയും വേണം.

വ്യവസായ മേഖലയിൽ നടപ്പിലാക്കേണ്ട വികസന തന്ത്രം

- ഐ.റ്റി. വ്യവസായത്തിന്റെ വളർച്ചയ്ക്കു ഉന്നത ഗുണമേന്മയുള്ള പശ്ചാത്തല സൗകര്യം (റോഡ്, വൈദ്യുതി, ജലം മുതലായവ)
- തൊണ്ടിന്റെ ശേഖരണത്തിനായി സംവിധാനം ഒരുക്കുക
- കയർ മേഖലയിൽ യന്ത്രവത്ക്കരണത്തിന് പ്രോത്സാഹനം നൽകുക (പച്ചതൊണ്ടിൽ നിന്നും ചകിരി എടുക്കുന്നതിനും, കയർ പിരിക്കുന്നതിനും)
- കയർ മേഖലയുടെയും മറ്റു വികസന മേഖലകളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ചെറുകിട വ്യവസായ സംരംഭങ്ങൾക്കു വേണ്ട സജ്ജീകരണമൊരുക്കുക
- കുടിൽ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകുക
- വിനോദസഞ്ചാരികൾക്കായി കയർ മേഖലയിലെ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക

## കാർഷിക അനുബന്ധ മേഖല

പുരയിട കൃഷിയ്ക്കാണ് കാർഷിക മേഖലയിൽ പരവൂരിന് സാധ്യത. ഇത് ചില പ്രദേശങ്ങളിൽ കേന്ദ്രീകൃതമാണ്. പുരയിട കൃഷി ലാഭകരമാക്കുന്നതിനായി, മൃഗസംരക്ഷണ മേഖലകൂടി ഇവിടെ സംയോജിപ്പിക്കേണ്ടതുണ്ട്. കാർഷിക അനുബന്ധ വികസന മേഖലകളിൽ പരവൂരിനുള്ള സാധ്യത പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയെയും–മൃഗസംരക്ഷണ മേഖലയെയും സംയോജിപ്പിച്ചുകൊണ്ട് ചില ഉല്പന്നങ്ങളുടെ കാര്യത്തിലെങ്കിലും ഒരു പരിധി വരെയോളം സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് കാർഷിക അനുബന്ധ മേഖലയെ സംബന്ധിച്ച നയം.

ജൈവകൃഷിയിലൂടെ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്കും, മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങൾക്കും വിനോദസഞ്ചാര മേഖലയുടെ ഉന്നമനത്തിലൂടെ കൂടുതൽ വില ലഭിക്കാനുള്ള സാധ്യതയേറെയാണ്. അതുകൊണ്ടുതന്നെ ജൈവകൃഷിക്കു പ്രാധാന്യം നൽകേണ്ടതുണ്ട്.

കാർഷിക–അനുബന്ധ മേഖലയിലെ വികസന തന്ത്രങ്ങൾ ഇനിപ്പറയുന്നു.

- പുരയിട കൃഷിയ്ക്കു സാധ്യതയുള്ള പ്രദേശങ്ങളിൽ മൃഗസംരക്ഷണ മേഖലകൂടി സംയോജിപ്പിക്കുക
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരവൂരിലെ ഖരമാനിന്യങ്ങൾ ജൈവവളമാക്കി മാറ്റുന്ന ഖരമാലിന്യ നിർമ്മാർജ്ജന പ്രക്രിയയ്ക്കു ഊന്നൽ നൽകുക
- കർഷകർ, നഗരസഭ, ബന്ധപ്പെട്ട വകുപ്പുകൾ (കൃഷി ഓഫീസ്, മൃഗാശുപത്രികൾ) മുതലായവ കൂട്ടായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- നിലവിലെ സാധ്യത (KIP കനാലിന്റെയും, തോടുകളുടെയും, കുളങ്ങളുടെയും സാന്നിദ്ധ്യം) പൂർണ്ണമായും ഉപയോഗിച്ചുകൊണ്ടുള്ള ജലസേചന പദ്ധതി രൂപകല്പന ചെയ്യുക
- ജലാശയങ്ങളുടെ സാധ്യത ഉപയോഗിച്ചുകൊണ്ട് ഉൾനാടൻ മത്സ്യബന്ധനം ത്വരിതപ്പെടുത്തുക.

## ഗതാഗത മേഖല

പരവൂരിൽ നിലവിലുള്ള പ്രവർത്തന മേഖലകളെയും, പുതുതായി വിഭാവനം ചെയ്യുന്ന പ്രവർത്തന മേഖലകളെയും ബന്ധിപ്പിക്കുന്നതും, ഇപ്പോൾ ഗതാഗത ശൃംഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായ ഒരു ഗതാഗത ശൃംഖല പരവൂരിനുണ്ടാകണം.

ഇതിനാവശ്യമായ വികസന തന്ത്രങ്ങൾ താഴെപ്പറയുന്നു

- റോഡുകൾക്കു നിശ്ചിത ക്രമം നിശ്ചയിച്ചുകൊണ്ട് ഒരു ഗതാഗത ശൃംഖല രൂപകല്പന ചെയ്യുക.
- ഏറ്റവും തിരക്കേറിയ പരവൂരിന്റെ വാണിജ്യ സിരാകേന്ദ്രം ഒഴിവാക്കി പ്രധാന റോഡു ശൃംഖല വിഭാവനം ചെയ്യുക
- പരവൂരിലെ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന തീരദേശ മേഖല, വിനോദസഞ്ചാര മേഖല, ഐ.റ്റി.കേന്ദ്രം, ഹോസ്പിറ്റൽ കോംപ്ലക്സ്, വാണിജ്യ കേന്ദ്രങ്ങൾ, വ്യവസായ എസ്റ്റേറ്റ് ഇവ റോഡ് ശൃംഖല മുഖേന ബന്ധിപ്പിക്കുക.
- ജില്ലാ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്രമ റോഡുകൾ 21 മീ. ആയും, രണ്ടാം ക്രമ റോഡുകൾ 18 മീ. ആയും, മൂന്നാം ക്രമ റോഡുകൾ 12 മീ. ആയും നിജപ്പെടുത്തുക.

## വാണിജ്യ മേഖല

പരവൂർ വാണിജ്യ സിരാകേന്ദ്രത്തിനൊപ്പം അനുബന്ധ വാണിജ്യ കേന്ദ്രങ്ങളെന്ന നിലയ്ക്കു നെടുങ്ങോലം, തെക്കുംഭാഗം, പൊഴിക്കര എന്നിവിടങ്ങളിലും വാണിജ്യ കേന്ദ്രങ്ങൾ വികസിപ്പിച്ചുകൊണ്ട് വാണിജ്യ കേന്ദ്രങ്ങളെ വികേന്ദ്രീകരിക്കുക എന്നതാണ് വാണിജ്യ മേഖലയെ സംബന്ധിച്ച വികസന നയം. നിലവിലെ വാണിജ്യ സിരാകേന്ദ്രത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഇതിനെ കൂടുതൽ കാര്യക്ഷമമാക്കുകയും വേണം.

ഇതിനാവശ്യമായ വികസന തന്ത്രങ്ങൾ താഴെപ്പറയുന്നു

✍✍✍ നെടുങ്ങോലത്തും, പൊഴിക്കരയിലും, തെക്കുംഭാഗത്തും വാണിജ്യ പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകത്തക്ക വിധം ഭൂവിനിയോഗം നിജപ്പെടുത്തുക

✍✍✍ പരവൂർ വാണിജ്യ സിരാകേന്ദ്രത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി,

- പാർക്കിംഗ് പ്രദേശം നിജപ്പെടുത്തുക
- ഡ്രെയിനേജ് സൗകര്യം ഒരുക്കുക
- ജംഗ്ഷൻ വികസന പദ്ധതി തയ്യാറാക്കുക
- മാർക്കറ്റ് വിപുലീകരിക്കുക
- ഖരമാലിന്യ ശേഖരണത്തിനും സംസ്ക്കരണത്തിനും വഴിയൊരുക്കുക

## ആരോഗ്യ മേഖല

ആയൂർവ്വേദവും ഹോമിയോയും വളരെ വേഗം വളർന്നുവരുന്നതും ജനസ്വീകാര്യത ഏറിക്കൊണ്ടിരിക്കുന്നതുമായ ആരോഗ്യമേഖലയാണ്. ഇവയ്ക്കും പരവൂരിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ (കെട്ടിടങ്ങൾ, മറ്റ് സൗകര്യങ്ങൾ) ഒരുക്കണം. പരവൂരിലെ സമീപ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കും, പരവൂർ നിവാസികൾക്കും സഹായകമായ രീതിയിൽ മൂന്ന് ആരോഗ്യമേഖലയിലെയും (അലോപ്പതി, ആയൂർവേദം, ഹോമിയോ) സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ആരോഗ്യ മേഖലയെ സംബന്ധിച്ച വികസന കാഴ്ചപ്പാട്.

## വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് (ഹയർ സെക്കണ്ടറി തലം വരെ) പരവൂർ കൂടുതൽ മുൻതൂക്കം നൽകണമെന്നാണ് വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്.

<<< previous | contents | next >>>

# അദ്ധ്യായം – 22

# ജനസംഖ്യയിലും തൊഴിലവസരങ്ങളിലും പ്രതീക്ഷിക്കുന്ന മാറ്റം

*വികസന സങ്കല്പത്തിനനുസൃതമായ വികസനങ്ങൾ പരവൂരിൽ കൂടുതൽ തൊഴിലവസരങ്ങളും, അതുമൂലം ജനസംഖ്യയിലെ വർദ്ധനവും സംഭവിക്കുന്നു. ഈ അദ്ധ്യായത്തിൽ ആസൂത്രണ കാലയളവിനുള്ളിൽ ( Planning period) പരവൂർ നഗരസഭാ പ്രദേശത്ത് തൊഴിൽ ഘടനയിൽ വരുന്ന മാറ്റവും, ജനസംഖ്യയിൽ പ്രതീക്ഷിക്കാവുന്ന മാറ്റവും നിർണ്ണയിക്കണം. ഇവയ്ക്കനുസൃതമായാണ് വിവിധ വികസന മേഖലകളിലെ വികസന നിർദ്ദേശങ്ങൾ നിശ്ചയിക്കുന്നത്.*

## 22.1 തൊഴിൽ ഘടനയിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഒരു പ്രദേശത്തിന്റെ തൊഴിൽ ഘടനയുടെ പ്രൊജക്ഷൻ അവിടെ വരാവുന്ന സാമ്പത്തിക അടിത്തറ നൽകുന്ന പ്രവർത്തനങ്ങളെ ആശ്രയിച്ചായിരിക്കും. വീട്ടുപുരയിടത്തോട് ചേർന്നുള്ള കൃഷിയ്ക്ക് അനുയോജ്യമായ ഏകദേശം 650 പുരയിടങ്ങളെങ്കിലും പരവൂരിൽ ലഭ്യമാണ്. നിലവിലെ ഭൂവിനിയോഗത്തിൽ നിന്നും, വീടുകളുടെ എണ്ണത്തിൽ നിന്നും, അവയുടെ വിതരണ രീതിയിൽ നിന്നും ഇത് കണക്കുകൂട്ടിയെടുക്കാം. ഇതിൽ 100 പേരെയെങ്കിലും പുരയിട കൃഷിയിലേക്കു ആകർഷിക്കാൻ കഴിഞ്ഞാൽ, അധികമായി വരുന്ന കർഷകരുടെ എണ്ണം 100 ആയിരിക്കും. Economic Review 2003 ൽ നൽകിയിരിക്കുന്ന കണക്കനുസരിച്ചു വീട്ടുപുരയിടത്തോടനുബന്ധിച്ചുള്ള കാർഷികവും അനുബന്ധവുമായ പ്രവർത്തനങ്ങൾ 0.25 ഹെക്ടറിന് ദിവസം എന്ന കണക്കിന് തൊഴിൽ അവസരം സൃഷ്ടിക്കും. ഇതു സൂചിപ്പിക്കുന്നത് കാർഷിക അനുബന്ധ പ്രവർത്തന മേഖലയിൽ ഏറ്റവും കുറഞ്ഞ കണക്കിൽ 700 ആൾക്കാർക്കു തൊഴിൽ അധികമായി സൃഷ്ടിക്കപ്പെടും.

| | | |
|---|---|---|
| കർഷകരുടെ എണ്ണം | – | 100 |
| കർഷകരുടെ എണ്ണം 2021 ൽ അധികമായി വരുന്നത് | – | 100 |
| 2021– ൽ മൊത്തം കർഷകരുടെ എണ്ണം | – | **200** |

വിനോദ സഞ്ചാരമേഖലയും, ഐ.റ്റി മേഖലയും സേവന മേഖലയിലെ തൊഴിൽ അവസരങ്ങൾ 40% കണ്ട് വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം കയർമേഖലയിലും, മത്സ്യബന്ധന മേഖലയിലും നിലവിലെ തൊഴിൽ അവസരങ്ങൾ തുടർന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചാൽ, സെൻസസ് പ്രകാരം മറ്റ് തൊഴിൽ മേഖല എന്ന ഗണത്തിൽ വരാവുന്ന തൊഴിൽ അവസരം താഴെ നൽകിയിരിക്കുന്നു.

| | | |
|---|---|---|
| മറ്റ് മേഖലയിലെ നിലവിലെ തൊഴിലാളികളുടെ എണ്ണം | – | 8952 |
| കയർ മേഖലയും, മത്സ്യബന്ധന മേഖലയിലേയും തൊഴിലാളികളുടെ എണ്ണം കുറച്ച ശേഷം. | – | 6952 |

(മത്സ്യ മേഖലയിലും, കയർ മേഖലയിലും നിലവിൽ 2000 തൊഴിലാളികളുണ്ട്)

മറ്റ് മേഖലയിലെ തൊഴിലാളികളുടെ എണ്ണം (2021) – 6952 X 1.4 + 2000 = 11732

കുടിൽ വ്യവസായം (House hold Industrial workers) മേഖലയിൽ 50% വർദ്ധനവ് പ്രതീക്ഷിക്കുന്നു

| | |
|---|---|
| കുടിൽ വ്യവസായ മേഖലയിൽ നിലവിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം | – 302 |
| കുടിൽ വ്യവസായ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം | – 302 X 1.5 = 453 |

തൊഴിൽ ഘടനയിലെ പ്രതീക്ഷിക്കുന്ന മാറ്റം പട്ടിക 22.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 22.1– തൊഴിൽ ഘടനയിലെ പ്രൊജക്ഷൻ*

| | | 2001 | 2021 |
|---|---|---|---|
| 1 | കർഷകർ | 100 | 200 |
| 2. | കർഷക തൊഴിലാളികൾ | 704 | 1404 |
| 3. | കുടിൽ വ്യവസായ തൊഴിലാളികൾ | 302 | 453 |
| 4. | മറ്റ് തൊഴിലാളികൾ | 8952 | 11732 |
| | ആകെ | 10058 | 13789 |

തൊഴിൽ ഘടനയിലെ മാറ്റം താഴത്തെ ചിത്രത്തി (22.1) ൽ വ്യക്തമാക്കിയിരിക്കുന്നു.




*ചിത്രം 22.1– തൊഴിൽ ഘടനയിലെ മാറ്റം (2001 – 2021)*

പരവൂരിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 26.02% മാത്രമാണ് UDPFI Guide Lines അനുസരിച്ച് ഒരു മുനിസിപ്പൽ നഗര പ്രദേശത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് 33% ആയിരിക്കണം. 2021 ഓടെ പരവൂർ മുനിസിപ്പൽ പ്രദേശത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് താഴെ കാണിച്ചിരിക്കും വിധം പ്രൊജക്ട് ചെയ്തിരിക്കുന്നു (ചിത്രം 22.2).




*ചിത്രം 22.2 – തൊഴിൽ പങ്കാളിത്ത നിരക്ക് 2021*

ഇതനുസരിച്ച് 2021 ലെ തൊഴിൽ പങ്കാളിത്ത നിരക്ക് 32% ആയിരിക്കും.

## 22.2 ജനസംഖ്യയിൽ പ്രതീക്ഷിക്കുന്ന മാറ്റം

ഒരു പ്രദേശത്തെ ജനസംഖ്യയിലുണ്ടകാകുന്ന വർദ്ധന അവിടുത്തെ സാമ്പത്തിക അടിത്തറ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക അടിത്തറ ശക്തിപ്പെടുന്നതോടൊപ്പം കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, തൊഴിലിനായി കൂടുതൽ ആളുകളും തുടർന്ന് അവരുടെ കുടുംബങ്ങളും കുടിയേറി പാർക്കുകയും ചെയ്യുന്നു. ഇത് ജനസംഖ്യയിൽ സ്വാഭാവികമായി ഉണ്ടാകുന്ന വളർച്ചയ്ക്കൊപ്പം പുതുതായി ആൾക്കാരെ കൂട്ടിച്ചേർക്കുകയും ജനസ്ഖ്യയിൽ സ്വാഭാവിക വളർച്ചക്കതീതമായി വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുന്നു. ഭാവി തൊഴിൽ പങ്കാളിത്ത നിരക്ക് മൊത്തം ജനസംഖ്യ നിർണ്ണയിക്കുന്നതിൽ ഒരു പ്രധാന ഘടകമാണ്.

പരവൂർ നഗരസഭ പ്രദേശത്തെ 2021 ലെ തൊഴിൽ പങ്കാളിത്ത നിരക്ക് – 32%
പരവൂർ നഗരസഭ പ്രദേശത്തെ 2021 ലെ പ്രതീക്ഷിക്കുന്ന തൊഴിലാളികളുടെ എണ്ണം – 13695
പരവൂർ നഗരസഭ പ്രദേശത്ത് 2021 ൽ പ്രതീക്ഷിക്കുന്ന ജനസംഖ്യ – 13695 ÷ 0.32 = 42797.
ജനസംഖ്യയിലെ വർദ്ധനവ് ചിത്രം 22.3 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 22.3 –ജനസംഖ്യ വർദ്ധനവ്*

ജനസംഖ്യാ വർദ്ധനവിന്റെ നിരക്കിലുള്ള വ്യതിയാനം ചിത്രം–22.4–ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 22.4 –പരവൂരിന്റെ ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് ജില്ലയുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു.*

2011–ൽ പരവൂരിന്റെ ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് ജില്ലയുടെ ജനസംഖ്യാവർദ്ധന വിനോട് ഏകദേശം തുല്യത്തിലെത്തുകയും 2021 ൽ ഇത് ജില്ലയുടെ നിലവാരത്തിന് മുകളിലേക്ക് പോകുകയും ചെയ്യുന്നു.

ജനസംഖ്യാ വർദ്ധനവിന്റെ വാർഡടിസ്ഥാനത്തിലുള്ള വിതരണം 2001 ലെ വാർഡടിസ്ഥാനത്തിലെ വിതരണത്തിന് സമാനമായിരിക്കുമെന്ന് അനുമാനിക്കാവുന്നതാണ്. ജനസംഖ്യയുടെ വിതരണത്തിൽ കാതലായ മാറ്റങ്ങൾ വരുന്ന വലിയ തോതിലുള്ള കുടിയേറ്റമോ, നിലവിലെ ജനവാസമേഖലയിൽ നിന്നും കൂടുതൽ ആൾക്കാർ ഒഴിഞ്ഞുപോകത്തവിധത്തിൽ വലിയ വികസനങ്ങളോ, ജനവാസം സാധ്യമല്ലാത്ത തരത്തിലുള്ള മറ്റുപ്രവർത്തനങ്ങളോ 20 വർഷത്തിനുള്ളിൽ പരവൂർ മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിൽ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ ജനസംഖ്യാസ്ഥാനാന്തരം (Shift in population) ഇരുപത് വർഷം കൊണ്ട് പരവൂർ നഗരസഭ പ്രദേശത്തിനുള്ളിൽ സംഭവിക്കുമെന്ന് കരുതുന്നില്ല.

വാർഡ് അടിസ്ഥാനത്തിലെ ജനസംഖ്യാ വിതരണം (2021) ചിത്രത്തി (22.5) ൽ കാണിച്ചിരിക്കുന്നു.




*ചിത്രം 22.5– വാർഡടിസ്ഥാനത്തിലുള്ള ജനസംഖ്യ വിതരണം*

തീരദേശത്തിനും, കാപ്പിൽ പരവൂർ റോഡിനും, പൊഴിക്കര പരവൂർ റോഡിനും ഇടയ്ക്കുള്ള ത്രികോണാകൃതിയിലുള്ള പ്രദേശത്താണ് പരവൂരിലെ ജനസംഖ്യയുടെ ഭൂരിഭാഗത്തിന്റേയും കേന്ദ്രീകരണമെന്ന് ചിത്രത്തിൽ നിന്നും വ്യക്തമാണ് അതുപോലെ പരവൂർ – ചാത്തന്നൂർ റോഡിനും, പരവൂർ – പാരിപ്പള്ളി റോഡിനും ഇരുവശങ്ങളിലുള്ള വാർഡുകളിലും ജനസംഖ്യയുടെ കേന്ദ്രീകരണം കാണപ്പെടുന്നു.

<<< previous | contents | next >>>

# അദ്ധ്യായം – 23

# ഭൂവിനിയോഗം

*ഈ അദ്ധ്യായത്തിൽ വിവിധ ആവശ്യങ്ങൾക്കായുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കുകയും അവയുടെ സ്ഥാനം വികസന സങ്കല്പനത്തിനനുസൃതമായി നിർണ്ണയിച്ചിരിക്കുകയും ചെയ്യുന്നു. പരവൂർ നഗരസഭ പ്രദേശത്തിന്റെ കഡസ്ട്രൽ ഭൂപടത്തിലാണ് ഭൂവിനിയോഗ മാപ്പ് തയ്യാറാക്കിയിരിക്കുന്നത്.*

## 23.1 ഭൂവിനിയോഗം

### 1. വാസമേഖല

പരവൂരിന്റെ വികസന സങ്കല്പം – 2021 അനുസരിച്ച് വാസമേഖലയ്ക്ക് അനുയോജ്യമായ പ്രദേശമായിട്ടുള്ളത് തീരദേശ വാർഡുകൾ, പരവൂർ–ചാത്തന്നൂർ റോഡിന് ഇരുവശവുമുള്ള വാർഡുകൾ, കനാൽ റോഡിനും നിർദ്ദിഷ്ട ലിങ്ക് റോഡിനും, പരവൂർ കാപ്പിൽ റോഡിനും ഇടയ്ക്കുവരുന്ന പ്രദേശവും, പരവൂർ കാപ്പിൽ റോഡിന് ഇരുവശവുമുള്ള വാർഡുകളുമാണ്. ഈ വാസമേഖലയെ വീണ്ടും രണ്ടായി തിരിക്കുന്നു. പൂർണ്ണതോതിലെ വാസമേഖല(Residential zone)യെന്നും, വാസമേഖലയും മറ്റ് പ്രവർത്തനങ്ങളും അനുവദനീയമായ പ്രദേശങ്ങളെന്നും (Residential mix zone). ചിത്രം 23.1.




*ചിത്രം 23.1– വാസ മേഖല*

പരവൂരിൽ ഭാവിയിൽ വരാവുന്ന വികസനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാകാത്ത രീതിയിൽ പരവൂർ ജംഗ്ഷൻ ഉൾപ്പെടുന്ന വാർഡിനെയും അതിന് ചുറ്റുമുള്ള വാർഡുകളെയും വാസമേഖലയും മറ്റ് പ്രവർത്തനങ്ങളും അനുവദിനീയമായ പ്രദേശങ്ങളെന്ന് (Residential mix zone) തിരിച്ചിരിക്കുന്നു. അതുപോലെ ശാസ്താംനടയ്ക്ക് സമീപം ഭാവിയിൽ വരാവുന്ന മൂന്ന് വികസനങ്ങൾക്ക് (ഐ.ടി.പാർക്ക്, ലിങ്ക് റോഡ്, ബസ് സ്റ്റാൻഡ്) അനുസൃതമായി വരാവുന്ന വികസനങ്ങൾ ഉൾക്കൊള്ളിക്കുന്നതിനായി വാസമേഖലയിൽപ്പെടുന്ന വാർഡ് 27 ലെ കുറച്ചുഭാഗം കൂടി വാസമേഖലയും മറ്റ് പ്രവർത്തനങ്ങളും അനുവദിനീയമായ പ്രദേശങ്ങളെന്ന് തിരിച്ചിരിക്കുന്നു.

**2. വാണിജ്യമേഖല**

വികസന സങ്കല്പം അനുസരിച്ച് നാലു പ്രദേശങ്ങളിലാണ് വാണിജ്യമേഖലയെ ഉൾക്കൊള്ളിച്ചിരിക്കുന്നത് (പരവൂർ ജംഗ്ഷൻ, നെടുങ്ങോലം, തെക്കുംഭാഗം, പൊഴിക്കര). പരവൂർ ജംഗ്ഷൻ നിലവിൽ തന്നെ വാണിജ്യമേഖലയായി തീർന്നിരിക്കുന്ന പ്രദേശമാണ്. അതേ സമയം നെടുങ്ങോലം, തെക്കുംഭാഗം, പൊഴിക്കര എന്നിവ വികസന സങ്കല്പം അനുസരിച്ച് ഇനി വികസിച്ചുവരേണ്ട വാണിജ്യ കേന്ദ്രങ്ങളാണ്. (ചിത്രം–23.2)




*ചിത്രം 23.2– വാണിജ്യമേഖല*

പരവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ചുള്ള വാണിജ്യമേഖലയെ പൂർണ്ണ തോതിലെ വാണിജ്യമേഖല യായും നെടുങ്ങോലം, തെക്കുംഭാഗം, പൊഴിക്കര എന്നിവിടങ്ങളിലെ വാണിജ്യമേഖലകളെ മിശ്രിത മേഖല (വാണിജ്യമേഖലയ്ക്കും, വാസഗൃഹമേഖലയ്ക്കും കൂടിയുള്ള പ്രദേശം) ആയി വിവ ക്ഷിച്ചിരിക്കുന്നു.

പരവൂർ നഗരസഭയിലെ നിലവിലെ വികസന രൂപരേഖ പ്രകാരം (Interim Development Plan for Paravur-2001) ഒരാൾക്ക് 0.5 ഹെക്ടർ എന്ന കണക്കാണ് വാണിജ്യമേഖലയിൽ വരേണ്ട ത്. ഇതനുസരിച്ച് 2021–ൽ പരവൂരിലെ വാണിജ്യമേഖല 21 ഹെക്ടറായിരിക്കണം. പരവൂരിലെ

നിലവിലെ വാണിജ്യമേഖലയുടെ വിസ്തീർണ്ണം 13.3 ഹെക്ടർ ആണ്. ഇത് താഴെ പറയുന്ന രീതിയിൽ വിതരണം നടത്തിയിരിക്കുന്നു.

| | | |
|---|---|---|
| പരവൂർ വാണിജ്യ സിരാകേന്ദ്രം | – | 14 ഹെക്ടർ |
| നെടുങ്ങോലം | – | 3 ഹെ. |
| തെക്കുംഭാഗം | – | 3 ഹെ. |
| പൊഴിക്കര | – | 1 ഹെ. |

നെടുങ്ങോലത്തും, തെക്കുംഭാഗത്തും, പൊഴിക്കരയിലും പൂർണ്ണ തോതിലെ വാണിജ്യമേഖല എന്നതിൽ നിന്ന് ഉപരിയായി മിശ്രിത മേഖലയായി വിവക്ഷിച്ചിരിക്കുന്നതിനാൽ, കണക്കാക്കിയതിൽ കൂടുതൽ വിസ്തീർണ്ണത്തിൽ മിശ്രിത മേഖല ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കൂടാതെ നിലവിലെ മാർക്കറ്റിന് സമീപത്തെ 0.4 ഹെക്ടർ സ്ഥലം കൂടി ഏറ്റെടുത്ത് വിപുലീകരണത്തിന് നിശ്ചയിച്ചിരിക്കുന്നു.

*കുറിപ്പ് : റോഡുകളുടെ സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി പ്രധാന റോഡുകളുടെ (21 മീറ്ററോ, 18 മീറ്ററോ വീതിയുള്ള) ഇരുവശവും 50 മീറ്റർ വീതിയിൽ വാണിജ്യ വാസ മേഖല എന്ന മിശ്രിത മേഖലയായി ഭൂവിനിയോഗത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.*

**3 വ്യവസായ മേഖല**

1. *കയർ മേഖല* :– കയർ വ്യവസായം കൂടുതലും കുടിൽ വ്യവസായം എന്നനിലയിലേക്ക് മാറുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ കയർ വ്യവസായത്തിനായി പുതുതായി സ്ഥലങ്ങൾ നിർദ്ദേശിക്കുന്നില്ല. എന്നാൽ ഒല്ലാൽ നിലവിലുള്ള കയർ മേഖല കയർ വ്യവസായ മേഖലയായി നിലനിർത്തുന്നു. സ്വകാര്യമേഖലയിലെ ഫ്ളോർകോ നിൽക്കുന്ന പ്രദേശത്തും കയർവ്യവസായ മേഖലയായി നിലനിർത്തിയിരിക്കുന്നു.



*ചിത്രം 23.3 –ഫ്ളോർക്കോ*




*ചിത്രം 23.4– ഒല്ലാൽ കയർ മേഖല*

2. *മത്സ്യബന്ധന മേഖല* :– മത്സ്യബന്ധന മേഖല കടലും ജലാശങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്നതിനാൽ, മത്സ്യബന്ധന മേഖലയ്ക്കായി പ്രത്യേകം മേഖല തിരിക്കേണ്ട ആവശ്യമില്ല.

3. *ഐ.റ്റി. മേഖല* :– ചെറുകിട ഐ.റ്റി പാർക്കിനായി 12 ഏക്കർ സ്ഥലം വികസന സങ്കല്പനത്തിനനുസൃതമായി അകത്ത് കായലിന് സമീപം സ്ഥാന നിർണ്ണയം നടത്തിയിരിക്കുന്നു. ഈ സ്ഥലത്തിന്റെ 70% ഐ.റ്റി പാർക്കിനും, 30% അനുബന്ധപശ്ചാത്തല മേഖലയ്ക്കും (ഹോട്ടൽ, വാസഗൃഹത്തിനായുള്ള ഫ്ളാറ്റുകൾ, വാണിജ്യകേന്ദ്രങ്ങൾ, വിനോദോപധികൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾ (created facilities)) മാറ്റിവച്ചിരിക്കുന്നു.



*ചിത്രം 23.5– ഐ.റ്റി പാർക്ക്*

4. *ചെറുകിട വ്യവസായ മേഖല* :– കയർ വിവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്ന 3.5 ഏക്കർ സ്ഥലത്ത് പരവൂരിന്റെ ചെറുകിട വ്യവസായ മേഖല നിർദ്ദേശിക്കുന്നു.



*ചിത്രം 23.6– ചെറുകിട വ്യവസായമേഖല*

**4. വിനോദ സഞ്ചാര മേഖല**

പരവൂരിലും പരിസര പ്രദേശത്തും ഒരു വർഷം ഏകദേശം 1.25 ലക്ഷം വിനോദസഞ്ചാരികൾ എത്തുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 13000പേർ വിദേശ വിനോദ സഞ്ചാരികളാണ്. ഇതിൽ 10% പേർ ഒരു വർഷം പരവൂരിൽ താമസിക്കുമെന്ന് കണക്കാക്കിയാൽ, 1300 പേർക്ക് ഒരു വർഷം താമസ സൗകര്യം പരവൂരിൽ വേണ്ടിവരും. ഇതിനായി ഹോം സ്റ്റേ സൗകര്യം 25 മുതൽ 50 വീടുകളിലെങ്കിലും (ഒരേ സമയം 25 മുതൽ 50 വിനോദ സഞ്ചാരികൾ പരവൂർ നഗരസഭാ പ്രദേശത്ത് താമസിക്കും എന്നു കണക്കാക്കിയാൽ)പരവൂരിൽ ഉണ്ടായിരിക്കണം. അതോടൊപ്പം തന്നെ വിനോദ സഞ്ചാരികൾക്കാവശ്യമായ ഹോട്ടലുകൾ, മറ്റു വാണിജ്യകേന്ദ്രങ്ങൾ, പാർക്ക് മുതലായവ കൂടി കണക്കിലെടുക്കണം. പരവൂരിലെ കടലിനും കായലിനും സാമിപ്യമുള്ള പ്രദേശങ്ങളിലെല്ലാം വിനോദ സഞ്ചാരികളുടെ സൗകര്യങ്ങൾ കൂടി ഒരുക്കുന്ന പ്രദേശമായി കണക്കാക്കിയിരിക്കുന്നു. കൂടാതെ കാപ്പിൽ ബ്രിഡ്ജിന് സമീപം പരവൂർ – കാപ്പിൽ റോഡ് കടന്നുപോകുന്ന കടലും കായലും വേർതിരിക്കുന്ന ചെറിയ ഭൂഭാഗത്തിനേയും വിനോദസഞ്ചാര മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.എന്നാൽ ഈ പ്രദേശങ്ങൾ തന്നെ കാർഷിക മേഖലയ്ക്കും, വാസമേഖലയ്ക്കും, അനുയോജ്യമായ പ്രദേശമായും വികസന സങ്കല്പത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പരസ്പര പൂരകമായ പ്രവർത്തനങ്ങളായതിനാൽ ഈ പ്രദേശത്തെ മിശ്രിത മേഖല (വിനോദ സഞ്ചാരമേഖലയും, കൃഷിമേഖലയും, വാസമേഖലയും കൂടിയുള്ള പ്രദേശം) ആയി വിവക്ഷിച്ചിരിക്കുന്നു..



*ചിത്രം 23.7– വിനോദസഞ്ചാര മേഖല*

**5. കൃഷിയും അനുബന്ധ മേഖലയും**

പരവൂരിലെ ജനസാന്ദ്രത കുറഞ്ഞതും, നിലവിൽ കൃഷിമേഖലയായിട്ടുള്ളതും, പുരയിട കൃഷിക്ക് അനുയോജ്യമായ തരത്തിൽ പുരയിട വിസ്തീർണ്ണം (25 സെന്റിന് മുകളിൽ) കൂടതലുള്ളതുമായ പ്രദേശങ്ങളെ കൃഷിയുടെയും അനുബന്ധമേഖലയ്ക്കും സാധ്യതയുള്ള മേഖലയായി കണക്കാക്കിയിരിക്കുന്നു. ഈ പ്രദേശം പുരയിട കൃഷിക്ക് സാധ്യതയുള്ള പ്രദേശമെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ, ഇത് കാർഷിക മേഖലമാത്രമായി കണക്കാക്കാതെ മിശ്രിത മേഖല (കാർഷികമേഖലയും, വാസമേഖലയും കൂടിയുള്ള പ്രദേശം) ആയി വിവക്ഷിച്ചരിക്കുന്നു. കൂടാതെ പരവൂരിന്റെയും സമീപ പഞ്ചായത്തുകളുടെയും കാർഷിക അനുബന്ധ മേഖലകളുടെ വികസനത്തിനായി ഒരു കാർഷിക അനുബന്ധമേഖല വികസന സെന്റർ ഒല്ലാൽ റെയിൽവേ ക്രോസിന് സമീപം വിഭാവനം ചെയ്തിരിക്കുന്നു. 2 ഏക്കർ സ്ഥലത്ത് കൃഷി ഓഫീസ്, വെറ്റിനറി ഹോസ്പിറ്റൽ, വിത്തുല്പാദന കേന്ദ്രം, കാർഷിക ഉല്പ്ന സംഭരണ വിതരണകേന്ദ്രം, ആധുനിക കശാപ്പുശാല എന്നിവ വിഭാവനം ചെയ്തിരിക്കുന്നു.



*ചിത്രം 23.8 –കാർഷിക അനുബന്ധമേഖല വികസന കേന്ദ്രം*



*ചിത്രം 23.9– കൃഷിയും അനുബന്ധ മേഖലയും*

**6 പബ്ലിക് & സെമി പബ്ലിക് മേഖല**

1. *ആരോഗ്യമേഖല :–* നിലവിലെ രാമറാവു ഹോസ്പിറ്റൽ പ്രവർത്തിക്കുന്ന പ്രദേശം (4.5 ഹെക്ടർ)പരവൂരിന്റെയും സമീപ പ്രദേശത്തിന്റെയും ആരോഗ്യമേഖലയായി കണക്കാക്കി മൂന്ന് തരത്തിലെ ചികിത്സാരീതിയും (അലോപ്പതി, ആയൂർവേദം, ഹോമിയോ) ഇവിടെ സജ്ജമാക്കാൻ നിർദ്ദേശിക്കുന്നു.



*ചിത്രം 23.10– ആശുപത്രി സമുച്ചയം*

2. ഓഫീസ് സമുച്ചയം :– പരവൂരിലെ വിവധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി പരവൂരിലെ നിലവിലെ ആയൂർവേദ ഹോസ്പിറ്റൽ നിൽക്കുന്ന പ്രദേശത്ത് ഒരു ഓഫീസ് കോപ്ലംക്സ് (ജനഭവൻ) പണിയാനായി നിർദ്ദേശിക്കുന്നു.



*ചിത്രം – 23–11 ജനഭവൻ*

ഇവിടെ പ്രവർത്തിക്കാവുന്ന ഗവൺമെന്റ് ഓഫീസുകൾ താഴെ നൽകിയിരിക്കുന്നു.

1. വില്ലേജ് ഓഫിസുകൾ (പരവൂർ, കോട്ടപ്പുറം)
2. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ
3. ജനസേവന കേന്ദ്രം
4. പി.ഡബ്ല്യൂ.ഡി. ഓഫീസ്
5. ജല അതോറിറ്റി ഓഫീസ്
6. സബ് ട്രഷറി
7. സബ് രജിസ്ട്രാർ ഓഫീസ്
8. എംപ്ലോയ്മെന്റ് ഓഫീസ്
9. കയർ ഇൻസ്പെക്ടർ ഓഫീസ്

3. കമ്മ്യൂണിറ്റി ഹാൾ :– നഗരസഭ ഓഫീസിന് തെക്കുവശത്തുള്ള 0.33 ഹെക്ടർ സ്ഥലം കമ്മ്യൂണിറ്റി ഹാളിനായി നിശ്ചയിച്ചിരിക്കുന്നു.




*ചിത്രം – 23.12– കമ്മ്യൂണിറ്റി ഹാൾ*

4. ശ്മശാനം :– ശ്മശാനത്തിനായി 0.22 ഹെക്ടർ സ്ഥലം നീക്കിവച്ചിരിക്കുന്നു.




*ചിത്രം – 23.13– ശ്മശാനത്തിനായി നീക്കിവച്ചിരിക്കുന്ന സ്ഥലം*

5. ഖരലമാലിന്യ നിർമ്മാർജ്ജനം :– ആധുനിക ഖരമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് സജ്ജീകരിക്കുന്നതിനായി 0.11 ഹെക്ടർ സ്ഥലം നീക്കിവച്ചിരിക്കുന്നു.




*ചിത്രം – 23.14– ഖരമാലിന്യ നിർമ്മാർജ്ജനം*

**7. ഗതാഗത മേഖല**

പരവൂരിന്റെ പ്രധാന റോഡ് ശൃംഖല വിഭാവനം ചെയ്തിരിക്കുന്നത് പരവൂരിന്റെ വാണിജ്യ സിരാകേന്ദ്രം ഒഴിവാക്കിയാണ്. മൂന്ന് ക്രമത്തിൽപ്പെടുന്ന റോഡുകളാണ് പരവൂരിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഭൂവിനിയോഗം കണക്കാക്കുമ്പോൾ ഗതാഗത മേഖലയിൽ നഗരസഭാ പ്രദേശത്തെ പ്രധാന റോഡുകൾക്കുള്ള, റെയിൽവേ ലൈനുള്ള സ്ഥലവും കണക്കിലെടുക്കണം.

| | |
|---|---|
| റെയിൽവേ ലൈനും റെയിൽവേ സ്റ്റേഷനും | – 21.7 ഹെക്ടർ |
| റോഡുകൾ | – 26.32 ഹെക്ടർ |
| ബസ് സ്റ്റാൻഡ് | – 1.4 ഹെക്ടർ |

## 8. മൈതാനവും പാർക്കും

നഗരസഭാ ഓഫീസിന് മുൻവശമുള്ള പാർക്കാണ് നിലവിൽ നഗരസഭാ പ്രദേശത്തുള്ള ഏക പാർക്ക്. ഇതു കൂടാതെ പരവൂർ – നടയറ റോഡിന് വടക്ക് വശത്തായി, കായലിന് സമീപം 0.5 ഹെക്ടർ സ്ഥലത്ത് കൂടി ഒരു പാർക്ക് ഉണ്ടാക്കുന്നതിനായി നിർദ്ദേശിക്കുന്നു. അതോടൊപ്പം ലിങ്ക് റോഡിന് സമീപം 3.5 ഹെക്ടർ സ്ഥലത്ത് സ്റ്റേഡിയവും, തുറസായ മൈതാനവും നിർദ്ദേശിക്കുന്നു.




*ചിത്രം–23.15 മൈതാനവും പാർക്കും*

## 9. പരിസ്ഥിതി പ്രാധാന്യമുള്ളതും, പൈതൃക പ്രാധാന്യമുള്ളതുമായ മേഖല

പരവൂർ നഗരസഭാപ്രദേശത്തെ വയലുകളും, ജലാശയങ്ങളും ആയിരവല്ലി അമ്പലത്തിനോട് ചേർന്നുള്ള കാവും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പൊഴിക്കര ദേവീക്ഷേത്രവും, പുറ്റിംഗൽ ദേവീക്ഷേത്രവും പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 23.2 ഭൂവിനിയോഗ മാപ്പ്

പരവൂരിന്റെ വിവിധ പ്രദേശങ്ങളിലെ ഭൂവിനിയോഗത്തെ പ്രധാനമായും പതിമൂന്നായി തിരിച്ചിരിക്കുന്നു.

1. വാസഗൃഹ മേഖല (Residential Use Zone)
2. വാസഗൃഹ മേഖലയ്ക്കും മറ്റു പ്രവർത്തനങ്ങൾക്കുമുള്ള മേഖല (Residential Mix Use Zone)
3. വാണിജ്യ മേഖല (Commercial Use Zone)
4. വാണിജ്യ മേഖലയും വാസഗൃഹ മേഖലയും കൂടിയുള്ള പ്രദേശം (Commercial cum Residential Mixed Use Zone)
5. കൃഷിമേഖല (Dry Agricultural Use Zone)
6. വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള മിശ്രിതമേഖല (Tourism Mixed Use Zone)
7. പബ്ലിക് / സെമി പബ്ലിക് (Public / Semi Public Zone)
8. ജലാശയങ്ങൾ (Water bodies)
9. വ്യവസായ മേഖല (Industrial Use Zone)
10. ഗതാഗത മേഖല (Traffic and Transportation)
11. പാർക്കും തുറസായ പ്രദേശങ്ങളുമായ മേഖല. (Park and Open space)
12. വയലുകൾ (Paddy)

ഈ ഓരോ മേഖലയിലും അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്താണെന്ന് മേഖല നിയന്ത്രണ രേഖയിൽ (zoning regulation ) പറഞ്ഞിരിക്കുന്നു. ഇത് അനുബന്ധം (2) ൽ കാണിച്ചിരിക്കുന്നു. ചില മേഖലകളെ അവിടുത്തെ ഉപയോഗം നിർണ്ണയിച്ചുകൊണ്ട് പ്രത്യേകമേഖലയിൽ (Special Use zone) ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചില പദ്ധതികൾക്കായി മാറ്റി വച്ചിരിക്കുന്ന പ്രദേശങ്ങളെ പരിസ്ഥിതി പ്രാധാന്യമുള്ളതും പൈതൃക പ്രാധാന്യമുള്ളതുമായ പ്രദേശങ്ങളെയാണ് പ്രത്യേകമേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയെ അനുബന്ധം (2) ൽ നൽകിയിരിക്കുന്നു.

ചിത്രം–21–1 പരവൂർ നഗരസഭാ പ്രദേശത്തെ വിവിധ പ്രദേശങ്ങളിലെ ഭൂവിനിയോഗം നിർണ്ണയിച്ചുകൊണ്ടുള്ള ഭൂവിനിയോഗ മാപ്പ്  ചിത്രം 23.16 ൽ കാണിച്ചിരിക്കുന്നു.




*ചിത്രം – 23.16– ഭൂവിനിയോഗ മാപ്പ്*

പട്ടിക 23.16 ൽ പരവൂർ നഗരസഭാ പ്രദേശത്തെ വിവിധ ഭൂവിനിയോഗങ്ങളുടെ വിസ്തൃതിയും അവയുടെ ശതമാനവും കാണിച്ചിരിക്കുന്നു.

പട്ടിക 23.1 ഭൂവിനിയോഗം 2021 – വിസ്തീർണ്ണവും ശതമാനവും

| | | ഹെക്ടർ | ശതമാനം |
|---|---|---|---|
| 1. | വാസഗൃഹങ്ങൾ | 544.46 | 33.38 |
| 2. | വാസഗൃഹമേഖലയ്ക്കും മറ്റ് പ്രവർത്തനങ്ങൾക്കുമുള്ള മേഖല | 13.2 | 0.8 |
| 3. | വാണിജ്യമേഖല | 13.13 | 0.8 |
| 4. | വാണിജ്യമേഖലയ്ക്കും വാസഗൃഹ മേഖലയ്ക്കും കൂടിയുള്ള പ്രദേശം | 71.46 | 4.38 |
| 5. | കൃഷിമേഖല | 386.37 | 23.68 |
| 6. | വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള മിശ്രിത മേഖല | 104.94 | 6.43 |
| 7. | പബ്ലിക് & സെമി പബ്ലിക് മേഖല | 56.99 | 3.49 |
| 8. | ജലാശയങ്ങൾ | 377.36 | 23 |
| 9. | വ്യവസായ മേഖല | 8.29 | 0.5 |
| 10. | ഗതാഗത മേഖല | 49.42 | 3 |
| 11. | പാർക്കും തുറസ്സായ പ്രദേശങ്ങളുമായ മേഖല | 12.85 | 0.78 |
| 12. | വയലുകൾ | 3.21 | 0.19 |
| | **ആകെ** | **1631** | **100** |

**നിലവിലെ (2006) ഭൂവിനിയോഗത്തിന്റെ ശതമാനം പട്ടിക 23.2–ൽ നൽകിയിരിക്കുന്നു.**

*പട്ടിക 23.2 പരവൂരിന്റെ ഭൂവിനിയോഗം (2006)*

| ഭൂവിനി യോഗം | വാസ മേഖല | വാണിജ്യ മേഖല | വ്യവസായ മേഖല | പബ്ലിക് & സെമിപബ്ലിക് | കാർഷിക മേഖല | ജലാശയം | തരിശ് മേഖല | ഗതാഗത മേഖല | ആകെ |
|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം (ച.കി.മി) | **9.02** | **0.13** | **0.05** | **0.59** | **2.16** | **3.86** | **0.04** | **0.37** | **16.22** |
| **മൊത്തം വിസ്തീർണ്ണ ത്തിന്റെ ശതമാനത്തിൽ** | **55.61** | **0.82** | **0.29** | **3.62** | **13.33** | **23.81** | **0.24** | **2.28** | **100** |
| ജനവാസത്തിന് യോഗ്യമല്ലാത്ത പ്രദേശം (ജലാ ശയം)ഒഴിവാ ക്കിയ ശേഷം വിസ്തീർണ്ണം ശതമാനത്തിൽ | 73 | 1 | 0.4 | 4.8 | 17.5 | | 0.3 | 3 | |

അവലംബം – ഭൂവിനിയോഗ സർവ്വേ 2006

പട്ടിക 24.1 ഉം, 24.2 ഉം പരിശോധിക്കുമ്പോൾ വ്യക്തമാവുന്നത് വാസമേഖലയായി നിൽക്കുന്ന പ്രദേശം 2006 ൽ നിന്നും 2021 ലേക്കു വരുമ്പോൾ 33% ത്തിലേക്കു കുറയുകയാണെന്ന് കാണാം. എന്നാൽ ഇവിടെ വാസമേഖലയുടെ വിസ്തീർണ്ണം യഥാർത്ഥിൽ കുറയുകയല്ല ചെയ്തിരിക്കുന്നത് മറിച്ച് വാസമേഖലയിൽ വരാവുന്ന മറ്റ് പ്രവർത്തനങ്ങൾ (വിനോദ സഞ്ചാരം, കാർഷികം, വാണിജ്യം) കൂടി ഉൾപ്പെടുത്തി സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിരിക്കുന്നതിനാൽ പൂർണ്ണതോതിലെ വാസമേഖല 33% മാത്രമാണെന്നേയുള്ളൂ.

<<< previous | contents | next >>>

# ഭാഗം– 5

# മേഖലാ നിർദ്ദേശങ്ങൾ

<<< previous | contents | next >>>

# അദ്ധ്യായം – 24

# കാർഷിക മേഖല

*ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാപ്രദേശത്ത് കാർഷികമേഖലയിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ വിശദമാക്കിയിരിക്കുന്നു.*

പുരയിടകൃഷിയ്ക്കു സാധ്യത നിലനിൽക്കുന്നതിനാൽ കൃഷിയൊടൊപ്പം മൃഗസമ്പത്തും എന്ന ഒരു രീതിയാണ് പരവൂരിന് അഭികാമ്യമായിട്ടുള്ളത്. കാർഷികോല്പന്നങ്ങളും, മൃഗസംരക്ഷണ മേഖലയിലെ ഉല്പന്നങ്ങളും വിനോദ സഞ്ചാര മേഖല കൂടി ലാക്കാക്കി വേണം ഉത്പാദിപ്പിക്കാൻ. ജൈവകൃഷി രീതികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. നഗരസഭയിലെ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന പ്ലാന്റിൽ നിന്നും ജൈവകൃഷിയ്ക്കാവശ്യമായ വളം ലഭ്യമാക്കണം. കൂടാതെ വീട്ടുവളപ്പിലെ കംമ്പോസ്റ്റ് പ്ലാന്റുകൾക്കു പ്രോത്സാഹനം നൽകണം.

നെൽ വയലുകൾ ഉണ്ടെങ്കിലും പരവൂരിനെ സംബന്ധിച്ചിടത്തോളം കരകൃഷിക്കാണ് (വീട് പുരയിടത്തിനോട് അനുബന്ധിച്ചുള്ള കൃഷി ഉൾപ്പടെ) വികസന രൂപരേഖയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. നിലവിലെ നെൽ വയലുകളിലെ പ്രധാനപ്പെട്ട ഏലകളിലെല്ലാം (ക്ലാവറ ഏല, കൂനയിൽ ഏല, പണ്ഡാരത്തിൽ ഏല, പശുമൺ ഏല, ഏലക്കുളം ഏല) തുടർന്നും നെൽകൃഷി ചെയ്യുക എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. 4,5,7 എന്നീ വാർഡുകളിലെ തുണ്ടുകളായ വയലുകളെ പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങളായി വിലയിരുത്തിയിരിക്കുന്നു. കരകൃഷിയിൽ തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക് എന്നിവയ്ക്കാണ് സാധ്യത. അതോടൊപ്പം വീട്ടുവളപ്പിലെ കൃഷി എന്ന നിലയ്ക്ക് പച്ചക്കറി കൃഷി, പൂകൃഷി എന്നിവയ്ക്കും സാധ്യതയുണ്ട്. കയർ മേഖലയുടെ ഉന്നമനത്തിന് തെങ്ങ് കൃഷി ഊർജ്ജിതമായി പരവൂർ നഗരസഭാ പ്രദേശത്ത് നടത്തേണ്ടതാണ്. തീരദേശ പ്രദേശമെന്ന നിലയ്ക്ക് നിലവിൽ തന്നെ ഇവിടെ തെങ്ങ് കൃഷി വ്യാപകമായിട്ടുണ്ട്. നിലവിൽ തേങ്ങ ഉൽപാദനം ഇരട്ടിയാക്കുക എന്നതാണ് കാർഷിക മേഖല ലാക്കാക്കുന്ന ഒരു ലക്ഷ്യം.

പരവൂർ നഗരസഭാപ്രദേശത്ത് കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങൾ വാർഡ് –1, 4, 5, 6,7,8,14,15,16, 22,23,27,28 എന്നിവിടങ്ങളിലാണ്.(നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ ഈ പ്രദേശങ്ങൾ വ്യക്തമാക്കിയിരിക്കന്നു.) കാർഷിക മേഖലയുടെ ഉന്നമനത്തിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടൊപ്പം കർഷകർ പരസ്പരം സഹായിക്കുന്ന കൂട്ടുകൃഷി സമ്പ്രദായത്തിന് മുൻഗണന നൽകണം. നഗരസഭ കർഷകരെയും ബന്ധപ്പെട്ട വകുപ്പുകളെയും, വിപണന കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി (Role of a facilitator) പ്രവർത്തിക്കണം.

കാർഷിക മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ താഴെ വിശദമാക്കിയിരിക്കുന്നു

## 24.1 കർഷക തൊഴിലാളി ബാങ്ക് (Agricultural Labour Bank)

പരവൂരിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്. കർഷ തൊഴിലാളികളെ യഥാസമയം ലഭിക്കുന്നതിനായി കാർഷിക തൊഴിലാളികളുടെ ബാങ്ക് (Agricultural Labour Bank) രൂപീകരിക്കണം. ഇതി നായി പരവൂർ നഗരസഭാ പ്രദേശത്തെ കാർഷിക തൊഴിലാളികളുട കണക്കും വിശദമാ യ വിലാസവും നഗര സഭയിൽ സൂക്ഷിക്കണം. കർഷകർക്കു തൊഴിലാളികളെ ആവ ശ്യമായ പക്ഷം ഈ ലേബർ ബാങ്കിൽ സമീപിച്ചാൽ ലഭ്യമാകത്തക്ക രീതിയിൽ കർഷക തൊഴിലാളി ബാങ്ക് പ്രവർത്തിക്കണം. നഗരസഭയുടെ ആഭിമുഖ്യത്തിൽ കൃഷി ഓഫീസറുടെ ചുമതലയിലാണ് ഇത് നടപ്പിലാക്കേണ്ടത്.

## 24.2 കർഷക കൂട്ടം, കാർഷിക ഉപകരണ ബാങ്ക്.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഒന്നിച്ച് നേരിടുന്നതിനും പരിഹാരം കാണുന്നതിനുമായി കർഷകരുടെ ഒരു കൂട്ടായ്മ സംഘടിപ്പിക്കുകയും കർഷക കൂട്ടം രൂപീകരിക്കുകയും വേണം. കർഷകർക്കാവശ്യമായ വളം, വിത്ത് മറ്റു കൃഷി ഉപകരണങ്ങൾ കൂട്ടായി വാങ്ങുകയും, ഈ കർഷക കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കാർഷിക ഉപകരണ ബാങ്ക് സ്ഥാപിക്കുകയും വേണം. ഇത് കാർഷിക മേഖലയിലെ ചിലവ് ഒരു പരിധിവരെ കുറയ്ക്കുവാനും സഹായിക്കും.

## 24.3 സമഗ്രപുരയിട കൃഷി പ്ലാൻ

പുരയിട കൃഷിക്ക് അനുയോജ്യമായ പുരയിടങ്ങൾ കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്തു വിളവെടുക്കുന്നതുവരെ ചെയ്യേണ്ട കാര്യങ്ങൾ പട്ടികപ്പെടുത്തി തയ്യാറാക്കുന്നതാണ് സമഗ്ര പുരയിട കൃഷി പ്ലാൻ.

പുരയിട കൃഷിക്ക് അനുയോജ്യമായ വാർഡുകൾ 1,4,5,6,7,8,14,15,16,22,23,27,28 എന്നിവയാണ്. ഇവിടങ്ങളിലെ 25 സെന്റിന് മുകളിലുള്ള പുരയിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി, ഇതിൽ തന്നെ കാർഷിക പ്രവർത്തനത്തിന് താല്പര്യമുള്ള ഉടമസ്ഥരെ കണ്ടെത്തുകയും വേണം. ഈ പുരയിടങ്ങളെ മാതൃക കൃഷി സ്ഥലങ്ങളായി ലിസ്റ്റു ചെയ്യുക. പരവൂരിൽ പുരയിട കൃഷിക്ക് അനുയോജ്യമായ വിളകൾ തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, പച്ചക്കറി എന്നിവയാണ്. മാതൃകാപുരയിട കൃഷിസ്ഥലങ്ങളായി ലിസ്റ്റ് ചെയ്തിരിക്കുന്ന പുരയിടങ്ങളിലെ രോഗം ബാധിച്ചതും പ്രത്യുൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകളെ മുറിച്ചുമാറ്റി പകരം പുതിയതും അത്യുൽപ്പാദന ശേഷിയുള്ളതുമായ തെങ്ങിൻ തൈകൾ നടുക. തെങ്ങ് കൃഷിയോടൊപ്പം ഇടവിളയായി വാഴ, മരച്ചീനി, കുരുമുളക് എന്നിവയുടെ കൃഷിക്ക് മാതൃകപുരയിട കൃഷിസ്ഥലങ്ങളായി ലിസ്റ്റ് ചെയ്തതിൽ പകുതി പുരയിടങ്ങൾ കണ്ടെത്തുകയും ബാക്കി പകുതി പുരയിടങ്ങളിൽ ഊർജ്ജിത പച്ചക്കറി കൃഷിക്കുള്ള നടപടികൾ സ്വീകരിക്കുകയും വേണം. മാതൃക പുരയിട കൃഷിസ്ഥലങ്ങളായി കണ്ടെത്തിയിട്ടുള്ള പുരയിടങ്ങൾക്ക് ജലസേചന സൗകര്യം (കുഴൽകിണർ, പമ്പ്) കൃഷി വകുപ്പ് മുൻകൈയെടുത്ത് നടപ്പിലാക്കി കൊടുക്കുകയും വേണം. മേൽ വിവരിച്ച കർഷ തൊഴിലാളി ബാങ്ക്, കാർഷിക ഉപകരണ ബാങ്ക്, കർഷക കൂട്ടംഎന്നിവയുടെ ഫലപ്രദമായ പ്രവർത്തനം സമഗ്ര പുരയിട കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്.

## 24.4 കാർഷിക – അനുബന്ധ പ്രവർത്തന വികസന സെന്റർ

പരവൂർ നഗരസഭാ പ്രദേശത്തെ കാർഷിക മേഖലയും മൃഗസംരക്ഷണ മേഖലയും ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു കാർഷിക അനുബന്ധ പ്രവർത്തന വികസന സെന്റർ പരവൂർ നഗരസഭാ പ്രദേശത്ത് സ്ഥാപിക്കണം. ഈ കാർഷിക അനുബന്ധ പ്രവർത്തന വികസന സെന്ററിൽ കൃഷി ഓഫീസ്, മൃഗാശുപത്രി, കാർഷിക മേഖലയിലും, മൃഗസംരക്ഷണ മേഖലയിലും നടപ്പിലാക്കേണ്ട പരിശീലനം നടത്തേണ്ട പരിശീലന ഹാൾ, സ്റ്റോറേജ് സൗകര്യം, വിപണ സൗകര്യം, കാർഷികോല്പന്നങ്ങളും, മൃഗസംരക്ഷണ വകുപ്പിലെ ഉല്പന്നങ്ങളും സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ, ആധുനിക സ്ലാട്ടർ ഹൗസ്

മുതലയാവ ഇവിടെ സജ്ജീകരിക്കുന്നു. കാർഷിക–അനുബന്ധ പ്രവർത്തന വികസന സെന്റർ വാർഡ് 8 ൽ ഒല്ലാൽ ജംഗ്ഷനു സമീപമാണ്.

## 24.5 ജലസേചന സൗകര്യം

പരവൂർ നഗരസഭാ പ്രദേശത്ത് കൂടി കെ.ഐ.പി (കല്ലട ഇറിഗേഷൻ പദ്ധതി) കനാൽ കടന്നുപോകുന്നുണ്ട്. എന്നാൽ കെ.ഐ.പി. കനാലിന്റെ അവസാന ഭാഗ (tailend) മാണ് പരവൂരിലൂടെ കടന്നുപോകുന്നതിനാൽ ഇതിലൂടെ ജലം കടന്നു പോകുന്നില്ല. ഈ കനാലും പരവൂർ നഗരസഭാപ്രദേശത്ത് ജല സേചനത്തിനായി നിലവിലുള്ള തോടുകളും ഫലപ്രദമായി ഉപ യോഗിച്ചാൽ കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങ ളായി കണ്ടിടത്ത് ഉണക്ക് കാലത്തും ആവശ്യമായ ജലം ലഭ്യമാ കുന്നതാണ്. കെ.ഐ.പി. കനാലും, പരവൂർ നഗരസഭാ പ്രദേശത്ത് നിലവിലുള്ള ജല സ്രോതസ്സായ അകത്തുകായലും പരസ്പരം യോജിപ്പിച്ചാൽ ജലസേചന സൗകര്യം പരവൂരിൽ ലഭ്യമാക്കാം. ഇതിനായി അകത്തുകായലിലെ ജലം പമ്പ് ചെയ്ത് കെ.ഐ.പി കനാലിന്റെ പരവൂർ നഗരസഭാപ്രദേശത്തെ തുടക്കത്തിൽ എത്തി ക്കുക. ഇതിനാവശ്യമായ പൈപ്പ് ലൈനും, പമ്പ് ഹൗസും സ്ഥാപി ക്കണം. അതുപോലെ തന്നെ പരവൂരിലെ തോടുകൾ വശങ്ങൾ കെട്ടി സംരക്ഷിക്കുക. കെ.ഐ.പി. കനാലും, തോടുകളും ചേർന്ന് ഒരു ജല ശൃംഖല ഇതുമൂലം സ്ഥാപിതമാവുകയും ഇതു കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശത്തെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യും.



കെ.ഐ.പി. കനാൽ



പണ്ടാരത്ത് ഏലാതോട്

പരവൂരിലെ തോടുകളും കുളങ്ങളും വശങ്ങൾ കെട്ടി സംരക്ഷിക്കുക. ഇത് പര വൂർ നഗരസഭാപ്രദേശത്തെ കൃഷിയ്ക്കാവശ്യമായ ജലസേചന സൗകര്യം വർദ്ധിപ്പിക്കും. കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 24.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 24.1 –കൃഷിമേഖല – പദ്ധതി തുക (ഏകദേശ കണക്ക്)*

| | പ്രവർത്തനം | ഏകദേശ തുക (രൂപ) |
|---|---|---|
| 1 | കാർഷിക തൊഴിലാളി ബാങ്ക് | 25000 |
| 2 | കർഷക കൂട്ടായ്മ കാർഷിക ഉപകരണ ബാങ്ക് | 1000000 |
| 3. | സമഗ്രപുരയിട കൃഷി പ്ലാൻ | 10000 |
| 4 | കാർഷിക – അനുബന്ധ പ്രവർത്തന വികസന സെന്റർ | 11200000 |
| 5 | ജലസേചന സൗകര്യം | 2000000 |

# അദ്ധ്യായം – 25

# മൃഗസംരക്ഷണം

*ഈ അദ്ധ്യായത്തിൽ വികസന നിർദ്ദേശങ്ങൾക്കനുസൃതമായി മൃഗസംരക്ഷണ മേഖല യിൽ നടപ്പിലാക്കേണ്ട പദ്ധതികൾ വിശദമാക്കിയിരിക്കുന്നു.*

കാർഷിക മേഖലയും മൃഗസംരക്ഷണ മേഖലയും ഒരേ പ്രദേശത്ത് കേന്ദ്രീകരിക്കുക (കാർഷിക അനുബന്ധ മേഖലയിൽ) എന്നതാണ് വികസന രൂപരേഖ വിഭാവനം ചെയ്യുന്നത്. പാല്, മുട്ട, ഇറച്ചി എന്നിവയിലുള്ള കഴിവതും കേന്ദ്രീകൃത ശ്രമമാണ് വിജയിക്കുന്നതും, ലാഭമുണ്ടാക്കുന്നതും. വാണി ജ്യാടിസ്ഥാനത്തിൽ പാല്, മുട്ട, ഇറച്ചി ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗം അവലം ബിക്കേണ്ടതുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് മൃഗ സംരക്ഷണ മേഖല നിലനിൽക്കുന്ന തിനാൽ കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങൾ (വാർഡ്–1,4,5,6,7,8,14,15,16,22,23,27,28) തന്നെയാണ് മൃഗ സംരക്ഷണമേഖലയ്ക്കും സാധ്യതയുള്ള പ്രദേശങ്ങളായി കണ്ടെത്തിയിരിക്കുന്ന ത്. വിശകലനങ്ങളിൽ നിന്നും മനസ്സിലാകുന്നത് പരവൂർ നഗരസഭാ പ്രദേശത്ത് ഏകദേശം 1.19 ലക്ഷം ലിറ്റർ പാലും പാലുപ്ന്നങ്ങളും, 1.93 ലക്ഷം മുട്ടയും, ഏകദേശം 9.6 ടൺ ഇറച്ചിയും ഒരു മാസം ഉപ യോഗിക്കുന്നുവെന്നാണ്. ഇതിന്റെ പകുതിയെങ്കിലും പരവൂർ നഗരസഭാപ്രദേശത്ത് തന്നെ ഉല്പ്പാദി പ്പിക്കുക എന്നതാണ് മൃഗസംരക്ഷണമേഖലയെ സംബന്ധിച്ച നയം. വിനോദ സഞ്ചാര മേഖലയുടെ വളർച്ച പാലിനും, മുട്ടയ്ക്കും ഇറച്ചിയ്ക്കുമുള്ള ആവശ്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

## 25.1 ചെറുകിട ഡയറി ഫാമുകൾ

ചെറുകിട ഡയറി ഫാമുകൾ (10 മുതൽ 25 പശുക്കൾ അടുങ്ങുന്ന) 15 എണ്ണം സ്ഥാപിച്ച് നടപ്പിലാക്കുക. ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കുക. ആദ്യ ഘട്ടത്തിൽ 5 യൂണിറ്റും, 20 വർഷം കൊണ്ട് 15 യൂണിറ്റായും വർദ്ധിപ്പിക്കുക. ഇതിലൂടെ ചുരുങ്ങിയത് 0.6 ലക്ഷം ലിറ്റർ പാൽ പര വൂർ നഗരസഭാ പ്രദേശത്ത് ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഇതിനായി മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ സർവ്വേ നടത്തി ചെറുകിട ഡയറി ഫാമുകളുടെ സാധ്യതയ്ക്കുള്ള പ്രദേ ശവും ആൾക്കാരെയും കണ്ടെത്തണം. ചെറുകിട ഫാമുകൾക്കാവശ്യമായ തീറ്റപ്പുൽ കൃഷിയ്ക്ക് പ്രോത്സാഹനം നൽകുക. തീറ്റപ്പുൽകൃഷി കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങ ളിൽ തന്നെ പ്രാവർത്തികമാക്കാവുന്നതാണ്. ഈ ഡയറി ഫാമുകളിൽ കഴിവതും ആധുനിക സംവിധാനങ്ങളോടെ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ വേണ്ട കർമ്മ പരിപാടി മൃഗസംരഭണ വകുപ്പ് നടപ്പിൽ തയ്യാറാക്കുക. കാർഷിക അനുബന്ധ വികസന സെന്ററിന് ചെറു കിട ഡയറി ഫാമുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും, ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, വിൽക്കുന്നതിനും ക്രിയാത്മകമായ സംഭാവന നൽകാൻ കഴിയും.

## 25.2 കാർഷിക – അനുബന്ധ വികസന കേന്ദ്രം

അദ്ധ്യായം 22–ൽ വിശദീകരിച്ചിരിക്കുന്ന കാർഷിക – അനുബന്ധ വികസന കേന്ദ്രം മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുകൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇറച്ചി , മുട്ട, പാൽ മുതലായവ സംഭരിച്ചു സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുക.

## 25.3 താറാവ് വളർത്തൽ

പരവൂരിന്റെ കായൽ തീരങ്ങൾ താറാവു വളർത്തലിന് അനുയോജ്യമായ പ്രദേശങ്ങളാണ്. പരവൂരിന്റെ കായൽ തീരങ്ങളിൽ താമസിക്കുന്നവരുടെ ആഭിമുഖ്യത്തിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കണം. ഇതിന് താല്പര്യമുള്ള ആൾക്കാരേയും കണ്ടെത്താനായി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർവ്വേ നടത്തി തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താറാവു കൃഷി ശാസ്ത്രീയമായി നടത്തണം. താറാവിൻ കുഞ്ഞുങ്ങളെ കാർഷിക–അനുബന്ധ വികസന സെന്ററുകൾ മുഖേന തിരഞ്ഞെടുക്കുന്നവർക്കു നൽകേണ്ടതാണ്. വിനോദസഞ്ചാര മേഖലയുടെ വളർച്ച താറാവിറച്ചിയുടെയും, താറാമുട്ടയുടെയും ആവശ്യകത വർദ്ധിപ്പിക്കും.

## 25.4 മുട്ടക്കോഴി വളർത്തൽ

പരവൂരിലെ ആഭ്യന്തര ഉപയോഗം മാത്രം കണക്കിലെടുത്താൽ തന്നെ 2 ലക്ഷത്തിനടുത്ത മുട്ട ഒരു മാസം ആവശ്യമായിട്ടുണ്ട്. അടുത്ത 20 വർഷത്തിനകം 100 ചെറുകിട മുട്ട വളർത്തൽ കേന്ദ്രങ്ങളെങ്കിലും (75 മുതൽ 100 കോഴികൾ ഉൾപ്പെടുന്ന) പരവൂർ നഗരസഭാ പ്രദേശത്ത് തുടങ്ങാനുള്ള സാധ്യതയുണ്ട്. ഇതിലൂടെ പരവൂരിലെ ആഭ്യന്തര ഉപയോഗത്തിനുള്ള മുട്ട ലഭ്യമാക്കാവുന്നതാണ്. കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ മറ്റൊരാദായ മാർഗ്ഗമായി മുട്ടക്കോഴി വളർത്തൽ കൂടി ആരംഭിക്കാവുന്നതാണ്.

## 25.5 ഇറച്ചിക്കോഴി വളർത്തൽ

അടുത്ത 20 വർഷത്തിനകം 75 ചെറുകിട ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങളെങ്കിലും (100 കോഴികൾ വരെയുള്ള) പരവൂർ നഗരസഭാ പ്രദേശത്ത് തുടങ്ങേണ്ടതാണ്. നാടൻ കോഴിയിറച്ചിക്കു ആവശ്യകത വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. നാടൻ കോഴികളെ വളർത്തുന്നതിലൂടെ കൂടുതൽ വരുമാനവും ലഭ്യമാകും. കാർഷിക മേഖലയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ മറ്റൊരാദായ മാർഗ്ഗമെന്ന നിലയ്ക്കു ഇറച്ചിക്കോഴി വളർത്തൽ കൂടി ആരംഭിക്കാവുന്നതാണ്.

## 25.6 ഫിഷ് ലാന്റിംഗ് സെന്റർ

ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം (ലേല ഹാൾ, മീൻ കേടുകൂടാതെ സംരക്ഷിക്കുന്നതിനുള്ള സജ്ജീകരണം, ഉണക്കമീൻ ശാസ്ത്രീയമായി സംസ്കരിച്ച് തയ്യാറാക്കുന്നതിനുള്ള സജ്ജീകാരണങ്ങൾ മുതലായവ ഉൾപ്പെടെ). ഇത് വാർഡ് നമ്പർ 21 ൽ നിർമ്മിക്കാവുന്നതാണ്.

## 25.7 മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡ്

വലയും മറ്റു മത്സ്യബന്ധന ഉപകരണങ്ങളും സൂക്ഷിക്കുന്നതിന് സ്ഥായിയായ ഒരു ഷെഡ്ഡിന്റെ നിർമ്മാണം. ഇത് വാർഡ് നമ്പർ 21 ൽ ചെയ്യാവുന്നതാണ്.

## 25.8 സ്റ്റോക്ക് സെന്റർ

ഉൾനാടൻ മത്സ്യബന്ധനത്തിനാവശ്യമായ മീൻകുഞ്ഞുങ്ങളെ മേടിച്ച് സൂക്ഷിക്കുന്ന തിനുള്ള –സ്റ്റോക്ക് സെന്റർ സ്ഥാപിക്കുക. (ഇത് കാർഷിക അനുബന്ധ വികസന കേന്ദ്രത്തിൽ ആരംഭിക്കാവുന്നതാണ്.)

## 25.9 കൃത്രിമ പാരിന്റെ നിർമ്മാണം

കായലിൽ കൃത്രിമപാരിനുള്ള സ്ഥലം കണ്ടെത്തി, കൃത്രിമ പാര് നിർമ്മിക്കുന്നതി നുള്ള നടപടി. ഇത് മത്സ്യബന്ധന വകുപ്പുമായി ചേർന്ന് ചെയ്യേണ്ടതാണ്.

## 25.10 ഉൾനാടൻ കുളങ്ങളുടെ സംരക്ഷണം

ഉൾ നാടൻ മത്സ്യബന്ധനത്തിനുള്ള കുളങ്ങൾ വൃത്തിയാക്കി മത്സ്യബന്ധനത്തിന് സജ്ജ മാക്കുക. ഉൾനാടൻ മത്സ്യബന്ധനത്തിന് യോജിച്ച കുളങ്ങൾ താഴെ പട്ടികയിൽ നൽകിയിരി ക്കുന്നു.

*പട്ടിക 25.1 –മത്സ്യംവളർത്തലിന് അനുയോജ്യമായ കുളങ്ങൾ*

| പുതുക്കിയ വാർഡ് | പൊതുകുളം |
|---|---|
| 12 | ചിറയിൽക്കുളം |
| 7 | മാലാക്കുളം |
| 25 | കട്ടാക്കുളം |
| 6 | പാമ്പിൻതൊടിക്കുളം |
| 13 | പന്നിക്കുളം |
| 22 | പന്തലിൽക്കുളം |
| 12 | തോട്ടത്തിൽക്കുളം |
| 13 | പൂലിക്കുളം |
| 1 | വാറുകുളം |

## 25.11 ലൈറ്റ് ഹൗസിന്റെ നിർമ്മാണം.

**മത്സ്യബന്ധനത്തിന് പോകുന്ന വള്ളങ്ങളിലുള്ളവർക്ക് ശരിയായ ദിശ നിർണ്ണയിക്കുന്നതി നായി ലൈറ്റ് ഹൗസിന്റെ നിർമ്മാണം. ഇത് വാർഡ് നമ്പർ 21 ൽ ചെയ്യാം.**

മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 25.2 ൽ നൽകിയിരിക്കുന്നു.

*പട്ടിക 25.2–മൃഗസംരക്ഷ മേഖല പദ്ധതി തുക (ഏകദേശ കണക്ക്)*

| ക്രമ നം. | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | ചെറുകിട ഡയറി ഫാമുകൾ | 250000 |
| 2. | കാർഷിക – അനുബന്ധ വികസന കേന്ദ്രം | 11200000 |
| 3. | താറാവ് വളർത്തൽ | 100000 |
| 4. | മുട്ടക്കോഴി വളർത്തൽ | 100000 |
| 5. | ഇറച്ചിക്കോഴി വളർത്തൽ | 100000 |
| 6. | ഫിഷ് ലാന്റിംഗ് സെന്റർ | 5000000 |
| 7. | മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡ് | 1500000 |
| 8. | സ്റ്റോക്ക് സെന്റർ | 150000 |
| 9. | കൃത്രിമ പാരിന്റെ നിർമ്മാണം | 200000 |
| 10. | ഉൾനാടൻ കുളങ്ങളുടെ സംരക്ഷണം | 500000 |

<<< previous contents next >>>

# അദ്ധ്യായം – 26

# വിനോദസഞ്ചാര മേഖല

*പരവൂർ നഗരസഭാ പ്രദേശത്തിലെ പ്രധാന ഭാവി സാമ്പത്തിക അടിത്തറയാകുമെന്ന് കരുതുന്ന വിനോദ സഞ്ചാരമേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്.* വിനോദ സഞ്ചാരമേഖലയിൽ പരവൂരിൽ ഒരു കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നു. വിശകലനം സൂചിപ്പിക്കുന്നത് ഏകദേശം 14000 ഓളം വിനോദസഞ്ചാരികൾ ഒരു വർഷം പരവൂർ സന്ദർശിക്കാൻ സാധ്യതയുണ്ടെന്നാണ്. പ്രകൃതിയ്ക്കിണങ്ങുന്ന വിനോദ സഞ്ചാരം എന്ന നയമാണ് പരവൂരിലെ വിനോദസഞ്ചാരമേഖലയ്ക്ക് അഭികാമ്യം. അതുകൊണ്ട്തന്നെ വിനോദസഞ്ചാരികൾക്കായി വൻകിട ഹോട്ടൽ സമുച്ചയങ്ങൾ എന്ന രീതി അഭിലഷണീയമല്ല. മറിച്ച് ജലാശയങ്ങളും, കടൽതീരവും ചേർന്നൊരുക്കുന്ന പ്രകൃതിഭംഗിയെ നശിപ്പിക്കാതെ വിനോദസഞ്ചാരത്തിനായി തദ്ദേശീയമായ രീതിയിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് പരവൂരിൽ ഒരുക്കേണ്ടത്. പരവൂരിലുള്ള വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള പരസ്യവും, വിനോദ സഞ്ചാരികൾക്ക് പരവൂരിലെത്താനുള്ള പശ്ചാത്തല സൗകര്യവും ഇവിടെ തങ്ങാനുള്ള പശ്ചാത്തല സൗകര്യവും ഒരുക്കണം.

## 26.1 ലാന്റ് മാർക്കിന്റെ നിർമ്മാണം

പരവൂർ നഗരസഭാ പ്രദേശത്തിന്റെ അതിർത്തിയിൽ പ്രധാന റോഡുകളുടെ വശങ്ങളിൽ , പരവൂർ നഗരസഭാപ്രദേശത്ത് കടക്കുന്നു എന്ന് വിനോദസഞ്ചാരികൾക്ക് മനസ്സിലാകത്തക്ക രീതിയിൽ ഒരു ലാന്റ് മാർക്ക് (Land mark) രൂപകല്പന ചെയ്ത് സ്ഥാപിക്കുക.(ഈ ലാന്റ് മാർക്ക് പരവൂരിന്റെ പ്രത്യേകതകൾ – കടലിന്റെയും കായലിന്റെയും സാമിപ്യം – കയറിന്റെ നാട് – എന്നിവ പ്രതിഫലിക്കുന്നതായിരിക്കണം.)

## 26.2 കനാലിന്റെ വീതി കൂട്ടി സംരക്ഷിക്കൽ

ബോട്ടും, നാടൻവള്ളങ്ങളും കടന്നുപോകുന്ന രീതിയിൽ കനാലിന്റെ ആഴം കൂട്ടുകയും, വശങ്ങൾ വൃത്തിയാക്കുകയും ചെയ്യുക.

## 26.3 വിനോദ സഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് / ബോട്ട്ജട്ടി

നടയറ കായലിൽ നിന്നും തുടങ്ങി, കനാൽ വഴി, പരവൂർ കായലിൽ വന്നു ഇത്തിക്കര ആറിലേക്ക് പോകുന്ന ബോട്ട് സർവ്വീസ്, നാടൻ വള്ളം യാത്ര, എന്നിവ വിനോദ സഞ്ചാരികളെ ലക്ഷ്യമാക്കി ആരംഭിക്കുക.

പരവൂർ കായലിലും, നടയറ കായലിലും സ്പീഡ് ബോട്ട് സംവിധാനം ഒരുക്കുക.പെഡൽ ബോട്ടുകൾ ലഭ്യമാക്കുക.

കാപ്പിൽ പാലത്തിന് സമീപവും മണിയൻകുളം പാലത്തിന് സമീപവും കുട്ടൂർ പാലത്തിന് സമീപവും ടി.എസ്. കനാലിൽ ബോട്ട് ജട്ടി സ്ഥാപിക്കുക.

## 26.4 ഹോം സ്റ്റേ

വിനോദ സഞ്ചാരികൾക്ക് ഹോം സ്റ്റേ സംവിധാനം നൽകാൻ താല്പര്യമുള്ളവരെ കണ്ടെത്താൻ വേണ്ട നടപടികൾ ആരംഭിക്കുക. (ഹോം സ്റ്റേ സംവിധാനം വികസന രൂപരേഖയിൽ വിനോദ സഞ്ചാരമേഖലയായി രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിൽ ആയിരിക്കണം.)

## 26.5 ബീച്ച് / പാർക്ക്

മലപ്പുറം പള്ളിയ്ക്ക് സമീപം തൊട്ട് കാപ്പിൽ പാലം വരെയുള്ള ഭാഗം ബീച്ച് ആയിട്ട് മാറ്റാൻ വേണ്ട നടപടികൾ ആരംഭിക്കുക. മലപ്പുറം പള്ളിയ്ക്ക് സമീപമുള്ള ബീച്ചിൽ എത്താനായി കനാൽ റോഡിൽ നിന്നും ഈ ഭാഗത്തേയ്ക്കുള്ള റോഡിന്റെ വീതി 8 മീറ്ററായി വർദ്ധിപ്പിക്കുക. കാപ്പിൽ പാലത്തിന് സമീപം, പരവൂർ – കാപ്പിൽ റോഡിനും കായലിനും ഇടയ്ക്കുള്ള പ്രദേശത്ത് വിനോദസഞ്ചാരികളെ ലക്ഷ്യമിട്ടുകൊണ്ട് പാർക്കു നിർമ്മിക്കണം.

## 26.6 കായൽ തീര / കനാൽ റോഡുകൾ

വിനോദ സഞ്ചാരികൾ നടയറ കായലിൽ നിന്നും പരവൂർ കായലുവരെ നടന്നുവരത്തക്ക രീതിയിൽ കായൽ തീരറോഡ് – കനാൽ തീര റോഡ് – പരവൂർ കായൽ തീരറോഡ് ഇവ 5 മീറ്റർ വീതിയിൽ നിർമ്മിക്കുക. ഈ റോഡിന്റെ ഇരുവശങ്ങളിലും മരങ്ങൾ, മുള മുതലായവ നട്ടുപിടിപ്പിച്ച് മനോഹരമാക്കുക. ഇത് കായലിനെ സംരക്ഷിക്കുന്നതോടൊപ്പം ഈ ഭാഗത്തെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും ചെയ്യും.

## 26.7 ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ

ഒരു ടൂറിസ്റ്റ് ഇൻഫൊർമേഷൻ സെന്റർ പരവൂരിൽ ആരംഭിക്കുക. ഇത് ടൂറിസം പ്രമോഷൻ കൗൺസിലിന്റെയോ, നഗരസഭയുടെ ആഭിമുഖ്യത്തിലോ ആരംഭിക്കാവുന്നതാണ്.

## 26.8 വെബ് സൈറ്റ്

പരവൂരിന്റെ വിനോദസഞ്ചാര സാധ്യതയെക്കുറിച്ചും, ഇവിടുത്തെ പ്രത്യേകതകളെക്കുറിച്ചും, വിനോദ സഞ്ചാരികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങളെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് ഒരു വെബ് –സൈറ്റ് ആരംഭിക്കുക.

## 26.9 ലുക്ക് ഔട്ട് ഏരീയ

പരവൂരിലെ കടൽ തീരത്തെ ഏറ്റവും ഉയർന്ന പ്രദേശമായ മലപ്പുറം പള്ളിക്ക് സമീപം വിനോദ സഞ്ചാരികൾക്ക് കടൽ വീക്ഷിക്കുന്നതിനുള്ള ഒരു ലുക്ക് ഔട്ട് (Look out) ഏരിയായി വികസിപ്പിക്കുക. (കൈവരി മുതലായവ കെട്ടി ആൾക്കാർക്ക് സുരക്ഷിതമായി കടലിനെ വീക്ഷി

ക്കുന്നതിനുള്ള സൗകര്യം)

## 26.10 ഹെറിറ്റേജ് മ്യൂസിയം

പുറ്റിംഗൽ അമ്പലത്തിനോട് ചേർന്ന് പരവൂരിന്റെ ചരിത്രവും പൈതൃകവും വെളിവാക്കുന്ന ഒരു ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കുക.

## 26.11 ആന സവാരി

വിനോദസഞ്ചാരികൾക്ക് ആനകളെ അടുത്ത് കാണാനും, പുറത്ത് കയറി സഞ്ചരിക്കാനുമുള്ള സൗകര്യം ലഭ്യമാക്കുക, (സ്വകാര്യസംരഭമായി ഇത് ആരംഭിക്കാവുന്നതാണ്.)

## 26.12 ചൂണ്ടയിടൽ പ്ലാറ്റ് ഫോമുകൾ

വിനോദസഞ്ചാരികളുടെ (പ്രത്യേകിച്ചും വിദേശ വിനോദ സഞ്ചാരികളുടെ) ചൂണ്ടയിടാനുള്ള സൗകര്യാർത്ഥം പരവൂർ കായലിന്റെയും നടയറ കായലിന്റേയും അനുയോജ്യമായ സ്ഥലങ്ങളിൽ കായലിലേയ്ക്ക് തള്ളിനിൽക്കുന്ന തടികൊണ്ടുണ്ടാക്കുന്ന പ്ലാറ്റുഫോമുകൾ നിർമ്മിക്കുന്നത് കൂടുതൽ വിനോദസഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കും.

## 26.13 വഴിയോര നാടൻ ഭക്ഷണശാലകൾ

പ്രകൃതിയ്ക്കിണങ്ങുന്ന വിനോദസഞ്ചാര സൗകര്യങ്ങൾ എന്ന സങ്കല്പത്തിനനുസൃതമായ സൗകര്യമാണ് വഴിയോര നാടൻ ഭക്ഷണശാലകൾ. പരവൂരിലെ കായലിൽ നിന്നും, കടലിൽ നിന്നും ലഭ്യമായ മത്സ്യവും, പരവൂരിലെ കാർഷിക-അനുബന്ധ മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും, ഇറച്ചിയും, മുട്ടയും പരവൂരിന്റെ തനതായ രുചിയിൽ പാചകം ചെയ്തു വിളമ്പുന്ന ഭക്ഷണശാലകളാണ് വഴിയോര നാടൻ ഭക്ഷണശാലകൾ. ഇത് വിനോദസഞ്ചാര മേഖലയുടെ ഭാഗമായി, സ്വകാര്യ സംരംഭകർക്കു പരവൂരിലെ വിനോദസഞ്ചാര മേഖലകളിൽ ആരംഭിക്കാവുന്നതാണ്.

വിനോദസഞ്ചാര മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 26.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 26.1 വിനോദ സഞ്ചാരമേഖല – പദ്ധതിതുക (ഏകദേശ കണക്ക്)*

| ക്രമ നം. | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | ലാന്റ് മാർക്കിന്റെ നിർമ്മാണം | 300000 |
| 2. | കനാലിന്റെ വീതി കൂട്ടി സംരക്ഷിക്കൽ | 10000000 |
| 3. | വിനോദ സഞ്ചാരികൾക്കുവേണ്ടി ബോട്ട് സർവ്വീസ് / ബോട്ട്ജട്ടി | 1600000 |
| 4. | ഹോം സ്റ്റേ | |
| 5. | ബീച്ച് / പാർക്ക് | 3975000 |
| 6. | കായൽ തീര / കനാൽ റോഡുകൾ | 26100000 |
| 7. | ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ | 200000 |
| 8. | വെബ് സൈറ്റ് | 50000 |
| 9. | ലുക്ക് ഔട്ട് ഏരിയ | 1000000 |
| 10. | ഹെറിറ്റേജ് മ്യൂസിയം | 1000000 |
| 11. | ആന സവാരി | 1000000 |
| 12. | ചൂണ്ടയിടൽ സൗകര്യംഒരുക്കൽ | 500000 |

<<< previous | contents | next >>>

# അദ്ധ്യായം - 27

# ഗതാഗതം

*ഗതാഗത മേഖലയിൽ അടുത്ത 20 വർഷം കൊണ്ട് നടപ്പിൽ വരുത്തേണ്ട പദ്ധതിക ളാണിവിടെ വിശദീകരിക്കുന്നത്.*

## 27.1 നിർദ്ദിഷ്ട റോഡ് ശൃംഗല

പരവൂരിന്റെ പ്രധാന റോഡ് ശൃംഖല വിഭാവനം ചെയ്തിരിക്കുന്നത് പരവൂരിന്റെ വാണിജ്യ സിരാകേന്ദ്രം ഒഴിവാക്കിയാണ്. നാല് ക്രമത്തിൽപ്പെടുന്ന റോഡുകളാണ് പരവൂരിൽ വിഭാവനം ചെയ്തിരിക്കുന്നത്.

*ഒന്നാം ക്രമത്തിൽ വരുന്ന റോഡുകൾ :-*

1) നെടുങ്ങോലം ജംഗ്ഷൻ മുതൽ പരവൂർ റെയിൽവേ ഓവർ ബ്രിഡ്ജ് വരെയുള്ള റോഡ് (21 മീ)
2) ഒല്ലാൽ റെയിൽവേ ക്രോസ് മുതൽ കൂനയിൽ ജംഗ്ഷൻ വരെയുള്ള റോഡ് (21 മീ)
3) കുട്ടൂർ പാലം മുതൽ കാപ്പിൽ പാലം വരെയുള്ള റോഡ് (21 മീ)
4) കൊല്ലത്തുനിന്നുള്ള തീരദേശ റോഡിന്റെ മണിയംകുളം പാലംവരെയുള്ള ഭാഗം (21 മീ)
5) മണിയംകുളം പാലം മുതൽ കുട്ടൂർ പാലം വരെയുള്ള കനാൽ റോഡ് (18 മീ)
6) മണിയംകുളം പാലം - ശാസ്താം നട വഴി സമാജം ജംഗ്ഷനിൽ എത്തിച്ചേരുന്ന റോഡ് (18 മീ.)- ഇത് 21 മീറ്റർ വീതിയുള്ള തീരദേശ റോഡിനേയും ചാത്തന്നൂർ പരവൂർ റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡാണ്.
7) ഒല്ലാൽ റെയിൽവേ ക്രോസ് മുതൽ ചാത്തന്നൂർ - പരവൂർ റോഡിലെ ഓവർ ബ്രിഡ്ജ് വരെ യുള്ള റോഡ് (18 മീ).

*രണ്ടാം ക്രമത്തിൽ വരുന്ന റോഡുകൾ :-*

മേൽപ്പറഞ്ഞ റോഡുകളിൽ നിന്നും പരവൂർ ജംഗ്ഷനിലേക്ക് വരുന്ന റോഡുകളാണിവ. ഇവയെല്ലാം 12 മീറ്റർ വീതിയിലെ റോഡുകളായി വിഭാവനം ചെയ്തിരിക്കുന്നു.

1) മണിയംകുളം ബ്രിഡ്ജ് - പാമ്പിൻതൊടി - പരവൂർ ജംഗ്ഷൻ
2) കുട്ടൂർ പാലം - പരവൂർ ജംഗ്ഷൻ
3) ഒല്ലാൽ ലെവൽ ക്രോസ് - പരവൂർ ജംഗ്ഷൻ
4) റെയിൽവേ ഓവർ ബ്രിഡ്ജ് - ശാസ്താംനട - പരവൂർ കായൽ തീരം (റെയിൽവേ ലൈനിന് സമാന്തരമായി).
5) റെയിൽവേ ഓവർബ്രിഡ്ജ് -പരവൂർ ജംഗ്ഷൻ




*ചിത്രം 27.1 നിർദ്ദിഷ്ട റോഡ് ശൃംഗല*

*മൂന്നാം ക്രമത്തിൽ വരുന്ന റോഡുകൾ : –*

മൂന്നാം ക്രമത്തിൽ വരുന്ന റോഡുകൾ 8 മീറ്ററാണ് വീതി നിശ്ചയിച്ചിരിക്കുന്നത്.

1) വിനായകർ വീവേഴ്സ് ജംഗ്ഷൻ തുടങ്ങി – പാറയിൽക്കാവ് ജംഗ്ഷൻ – റേഷൻ ഷോപ്പ് ജംഗ്ഷൻ വഴി ഒഴുക്കുപാറ വരെ.
2) കൂനയിൽ ജംഗ്ഷനിൽ തുടങ്ങി – ആയിരവല്ലി ക്ഷേത്രം – ചിറയിൽ ക്ഷേത്രം – റേഷൻ ഷോപ്പ് ജംഗ്ഷൻ വഴി ചന്ദനമൂട് ക്ഷേത്ര ജംഗ്ഷൻ വരെ.
3) ദയാബ്ജി ജംഗ്ഷൻ മുതൽ പനയിൽകാവ് ക്ഷേത്രം വഴി റോഡ് –2 ൽ കൂടി വാർഡ് നമ്പർ 6,7 അതിർത്തിയിൽ കൂടി പരവൂർ അതിർത്തി വരെ.
4) തീയറ്റർ ജംഗ്ഷനു ശേഷം തുടങ്ങി ഐ.ടി.സി. യുടെ പുറക് വശത്തുകൂടി ഉള്ള റോഡ് തുടർച്ച.
5) ഓബർ ബ്രിഡ്ജ് – ശാസ്താം നട ക്ഷേത്ര റോഡിൽ തുടങ്ങി ദുർഗ്ഗാക്ഷേത്രം വഴി പെരുമ്പുഴ ക്ഷേത്രം വഴി തുടർന്നുള്ള റോഡ്.
6) മാവിൻമൂട് ജംഗ്ഷനിൽ തുടങ്ങി റോഡ് 5 ൽ അവസാനിക്കുന്നത്.
7) ഓവർ ബ്രിഡ്ജിനു ശേഷം തുടങ്ങി മുനിസിപ്പൽ ഓഫിസിനു മൂമ്പിൽക്കൂടി, റെയിൽവേ സ്റ്റേഷന് സമാന്തരമായി റിംഗ് റോഡിൽ അവസാനിക്കുന്നത്.
8) മുനിസിപ്പൽ ഓഫീസ് ജംഗ്ഷൻ മുതൽ ആയുർവേദ ആശുപത്രിക്ക് മുൻവശത്തുകൂടി പരവൂർ ജംഗ്ഷനിൽ അവസാനിക്കുന്നത്.
9) പ്രൈവറ്റ് ബസ് സ്റ്റാന്റിനുശേഷം തുടങ്ങി റോഡ് 8 ക്രോസ് ചെയ്ത്, ഓവർ ബ്രിഡ്ജ് റോഡിൽ അവസാനിക്കുന്നത്.
10) പുറ്റിംഗൽ ക്ഷേത്ര ജംഗ്ഷൻ തുടങ്ങി – റിംഗ് റോഡിൽ അവസാനിക്കുന്നത്.
11) മഞ്ചാടി മൂട് ജംഗ്ഷൻ തുടങ്ങി പരവൂർ – കാപ്പിൽ റോഡിൽ അന്ന പൂർണ്ണേശ്വരി ക്ഷേത്രത്തിന് ശേഷമുള്ള ജംഗ്ഷൻ വരെ.
12) പരവൂർ – കാപ്പിൽ റോഡിൽ പുതിയകാവ് ജംഗ്ഷനു ശേഷമുള്ള റേഷൻ ഷോപ്പ് ജംഗ്ഷൻ മുതൽ കായൽ വരെയുള്ള റോഡ്.
13) പുതിയ കാവ് ക്ഷേത്രത്തിന് ശേഷം വാർഡ് 16,17 അതിർത്തി വഴി പുതിയകാവ് ക്ഷേത്രത്തിന് പുറകിൽ കൂടി തീരദേശത്തേയ്ക്കുള്ള റോഡ്.
14) പൊട്ടഴികത്ത് ജംഗ്ഷനിൽ നിന്നും തീരദേശത്തേയ്ക്കുള്ള റോഡ്.
15) പരവൂർ – മണിയംകുളം റോഡിൽ തയ്യിൽ ക്ഷേത്രജംഗ്ഷൻ തുടങ്ങി കാഞ്ഞിരക്കാട് മുക്കുവഴി പരവൂർ – കാപ്പിൽ റോഡിൽ അവസാനിക്കുന്നത്.
16) കനാൽ റോഡിൽ റോഡിൽ ശാസ്താക്ഷേത്രത്തിന് ശേഷം തുടങ്ങി തീരദേശത്തിന് സമാന്തരമായി പടിപ്പുര വീട് ജംഗ്ഷനിൽ അവസാനിക്കുന്ന റോഡ്.
17) കുട്ടൂർ പാലം – പരവൂർ റോഡിനെയും മണിയംകുളം– പരവൂർ റോഡിനെയും ബന്ധിപ്പിക്കുന്ന വാർഡ് നമ്പർ 11, 12 അതിർത്തി വഴിയുള്ള റോഡ്

*നാലാം ക്രമത്തിൽ വരുന്ന റോഡുകൾ : –*

രണ്ടാം ക്രമത്തിലും മൂന്നാം ക്രമത്തിലും പെടുന്ന റോഡുകളെയും ചെറിയ ജംഗ്ഷനുകളെയും പരസ്പരം ബന്ധിപ്പിക്കുന്ന 5 മീറ്റർ വീതിയിലുള്ള റോഡുകളാണ് നാലാം ക്രമത്തിൽപ്പെടുന്ന റോഡുകൾ. ഇവ റോഡ് മാപ്പിൽ കാണിച്ചിരിക്കുന്നു.

## 27.2 ജംഗ്ഷൻ വികസന പദ്ധതികൾ

വികസനം അവശ്യമായ ജംഗ്ഷനുകൾ താഴെ പറയുന്നു.

- പരവൂർ ജംഗ്ഷൻ
- കുട്ടൂർ പാലം ജംഗ്ഷൻ
- മണിയംകുളം പാലം ജംഗ്ഷൻ
- സമാജം ജംഗ്ഷൻ

## 27.3 വിശദമായ പ്ലാൻ തയ്യാറാക്കേണ്ട റോഡുകൾ

- മണിയംകുളം പാലം–ശാസ്താംനട– സമാജംജംഗ്ഷൻ റോഡ്
- റെയിൽവേ ഓവർ ബ്രിഡ്ജ് – ഒല്ലാൽ ലെവൽ ക്രോസ് റോഡ്
- റെയിൽവേ ഓവർ ബ്രിഡ്ജ്–ശാസ്താംനട ജംഗ്ഷൻ–കായൽതീര റോഡ്

## 27.4 മറ്റ് വികസനങ്ങൾ

### 1. ബസ്റ്റ് സ്റ്റാൻഡ്

നിർദ്ദിഷ്ട മണിയംകുളം പാലം – ശാസ്താം നട – സമാജം റോഡിന്റെ വശത്തായി ശാസ്താം നടയ്ക്ക് സമീപം രണ്ട് ഏക്കർ സ്ഥലത്ത് ബസ്സ് സ്റ്റാൻഡിന്റെ നിർമ്മാണം.

### 2. ലോറി സ്റ്റാൻഡ് /കാർ സ്റ്റാൻഡ്

നിലവിലെ ബസ് സ്റ്റാൻഡ്, ലോറി സ്റ്റാൻഡും, ടാക്സി സ്റ്റാൻഡുമായി മാറ്റണം. ഇവിടെ തന്നെ ബസ് ബേ കൂടി നിർമ്മിക്കണം. ശാസ്താം നടയ്ക്ക് സമീപത്ത് നിന്ന് വരുന്ന ബസുകൾ ലിങ്ക് റോഡ് വഴി ഈ ബസ് ബേയിൽ എത്തുകയും ഇവിടെ നിന്നും ആൾക്കാരെ കയറ്റി വിവിധ പ്രദേശങ്ങളിലേക്ക് പോകുകയും ചെയ്യുക.

### 3. ആട്ടോ ബൂത്ത്

പരവൂർ ജംഗ്ഷനിലുള്ള അട്ടോകൾക്ക് പാർക്ക് ചെയ്യുന്നതിനായി നിലവിലെ ടാക്സി സ്റ്റാൻഡ് ഏരിയയും (പരവൂർ – ചാത്തന്നൂർ റോഡിന്റെ വശത്തുള്ള), മാർക്കറ്റിന്റെ കുറച്ച് ഭാഗവും ഉപയോഗിക്കുക. ബസ് ബേ നിർദ്ദേശിച്ചിരിക്കുന്നിടത്ത് ആട്ടോ ബൂത്ത് സ്ഥാപിക്കുക. ഇവിടെ അഞ്ച് ആട്ടോകളിൽ അധികം പാർക്ക് ചെയ്യാതിരിക്കുകയും, ആട്ടോകൾ ഇവിടെ നിന്നും സവാരിക്ക് പോകുന്ന മുറയ്ക്ക് നിശ്ചിത ആട്ടോ സ്റ്റാൻഡിൽ നിന്നും ആട്ടോകൾ ഇവിടെ പാർക്ക് ചെയ്യാനുള്ള സംവിധാനം ഒരുക്കുക.

ഗതാഗത മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 27.1 ൽ നൽകി യിരിക്കുന്നു.

*പട്ടിക 27.1 – ഗതാഗത മേഖല – പദ്ധതി തുക*

| ക്രമ.നം | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | ഒന്നാംക്രമത്തിലെ റോഡുകളുടെ നിർമ്മാണം | 39230000 |
| 2. | രണ്ടാം ക്രമത്തിലെ റോഡുകളുടെ നിർമ്മാണം | 4042000 |
| 3. | മൂന്നാം ക്രമത്തിലെ റോഡുകളുടെ നിർമ്മാണം. | 20240000 |
| 4. | പ്രാദേശിക റോഡുകളുടെ നിർമ്മാണം | 53402000 |
| 5. | ജംഗ്ഷൻ വികസന പദ്ധതികൾ | 100000 |
| 6. | മണിയംകുളം പാലം–ശാസ്താംനട– സമാജം ജംഗ്ഷൻ റോഡിന്റെ വിശദമായ പ്ലാൻ (Detailed Alignment Plan) തയ്യാറാക്കുക. | 50000 |
| 7. | റെയിൽവേ ഓവർ ബ്രിഡ്ജ് – ഒല്ലാൽ ലെവൽ ക്രോസ് റോഡിന്റെ വിശദമായ പ്ലാൻ തയ്യാറാക്കുക. | 25000 |
| 8. | റെയിൽവേ ഓവർ ബ്രിഡ്ജ്–ശാസ്താംനട ജംഗ്ഷൻ– കായൽതീര റോഡിന്റെ വിശദമായ പ്ലാൻ തയ്യാറാക്കുക | 25000 |
| 9. | മുനിസിപ്പാലിറ്റി ഓഫീസിനു സമീപത്തുള്ള റെയിൽ ഓവർ ബ്രിഡ്ജിന് വീതി കൂടുന്നതിനുള്ള നടപടികൾ ആരംഭിക്കുക. | 5000000 |
| 10. | ടാക്സി സ്റ്റാന്റും, ലോറി സ്റ്റാന്റും പഴയ ബസ് സ്റ്റാന്റിലേക്ക് മാറ്റി സ്ഥാപിക്കുക.ആട്ടോ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളെടുക്കുക. | 50000 |
| 11. | ശാസ്താം ക്ഷേത്രത്തിനടുത്തുള്ള നിർദ്ദിഷ്ഠ ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുകയും ബസ് സ്റ്റാൻഡിന്റെ നിർമ്മാണവും. | 11200000 |
| 12. | ശാസ്താ ക്ഷേത്രത്തിനടുത്ത് ലിങ്ക് റോഡിൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം | 100000000 |

# അദ്ധ്യായം – 28

# വ്യവസായം

*ഈ അദ്ധ്യായത്തിൽ വ്യവസായ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ വിശദമാക്കിയിരിക്കുന്നു.*

പരവൂരിന്റെ സാമ്പത്തിക അടിത്തറയുടെ കണക്കുകൂട്ടൽ സൂചിപ്പിക്കുന്നത് വ്യവസായ മേഖലയിൽ പരവൂരിന് കയർ, മത്സ്യബന്ധനം, ഉന്നത സാങ്കേതിക വിദ്യാഭ്യാസധിഷ്ഠിത വ്യവസായങ്ങൾ (ഇൻഫർമേഷൻ ടെക്നോളജി) എന്നിവയ്ക്ക് സാധ്യതയുണ്ടന്നാണ്. അതോടൊപ്പം തന്നെ സ്വാഭാവികമായും ചെറുകിട വ്യവസായ സംരഭങ്ങൾക്കും പരവൂരിൽ സാധ്യതയേറുന്നു. ചെറിയതോതിലുള്ള ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കാണ് പരവൂർപോലുള്ള ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സാധ്യതയുള്ളത്. 10 മുതൽ 20 ഹെക്ടർവരെ വരുന്ന പ്രദേശത്ത് വരാവുന്ന ഐ.ടി. പാർക്കാണ് പരവൂരിൽ അഭികാമ്യം.

കയർമേഖലയിൽ വൻ കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നില്ല. നിലവിലെ സ്ഥിതികൂടുതൽ മോശമാകാതെ മെച്ചപ്പെട്ടതോതിൽ തുടർന്ന് പോകാനുള്ള സാധ്യതയാണ് ആരായേണ്ടത്. ഒരു പ്രദേശം കേന്ദ്രീകരിച്ചുള്ള കയർപിരിപ്പ് എന്നതിനുപരിയായി വീടുകൾ കേന്ദ്രീകരിച്ച് കുടിൽ വ്യവസായമെന്ന നിലയിൽ കയർപിരിപ്പ് മാറുന്ന രീതിയാണ് കാണുന്നത്. എന്നാൽ നിലവിൽ കേന്ദ്രീകൃതമായ രീതിയിൽ കയർപിരിപ്പുള്ള ഒല്ലാൽ മേഖലയിൽ ആ രീതിയിൽ തുടരാനുള്ള സാധ്യതയാണുള്ളത്. അതോടൊപ്പം കയർ മേഖലയും വിനോദസഞ്ചാര മേഖലയും ബന്ധിപ്പിക്കേണ്ടതുണ്ട്. പരവൂരിലെത്തുന്ന വിനോദസഞ്ചാരികൾക്കായി, സുവർണ്ണ കയർനാരുകൊണ്ടുള്ള സുവനീർ (വള, മാല, ചിത്രങ്ങൾ മുതലായവ) തയ്യാറാക്കേണ്ടതാണ്. അതുപോലെ പരവൂർ സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കു കയർ പിരിക്കുന്ന പ്രക്രിയ വീക്ഷിക്കാനും അതിൽ പങ്കെടുക്കാനുമുള്ള അവസരങ്ങൾ ഒരുക്കുകയും വേണം. ഇതു രണ്ടും കയർമേഖലയ്ക്കു അധികവരുമാനം ലഭ്യമാക്കുന്നതാണ്.

**1. മിനി വ്യവസായ എസ്റ്റേറ്റ്**

വിനായർ വീവേഴ്സ് സൊസൈറ്റി പ്രദേശത്ത് മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. നഗരസഭ Small Scale Industrial Development Corporation നുമായി ചേർന്ന് പരവൂരിൽ സാധ്യതയുള്ള ചെറുകിട വ്യവസായ സംരംഭങ്ങളെക്കുറിച്ച് പഠനം നടത്തുകയും വ്യവസായ സംരംഭകരെ കണ്ടെത്തുകയും വേണം.

മിനി വ്യവസായ എസ്റ്റേറ്റിനു വേണ്ടുന്ന പശ്ചാത്തല സൗകര്യം ഒരുക്കുക. (കെട്ടിടങ്ങൾ, അകത്തുള്ള റോഡുകൾ, വൈദ്യുതി, വെള്ളം മുതലായ സൗകര്യങ്ങൾ). SIDCO യും നഗരസഭയും സംയുക്തമായി ഇത് ആരംഭിക്കേണ്ടതാണ്.

**2. ഐ.ടി. പാർക്ക്**

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതമായ, എല്ലാ നഗരസഭാ പ്രദേശങ്ങളിലും ചെറുകിട ഐ.റ്റി പാർക്ക് എന്ന സംരംഭം പരവൂരിൽ കൊണ്ടുവരണം. ശാസ്താ ക്ഷേത്രത്തിനടുത്തുള്ള 12 ഏക്കർ സ്ഥലത്ത് ഐ.റ്റി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് നഗരസഭയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുക

അതോടൊപ്പം ശാസ്താം ക്ഷേത്രത്തിനടുത്തുള്ള ഈ പ്രോജക്ടിനു വേണ്ടുന്ന സ്ഥലം ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

ഈ സ്ഥലത്തേയ്ക്കുള്ള റോഡ് ഗതാഗതം സുഗമമാക്കുവാൻ റെയിൽവേ ഓവർ ബ്രിഡ്ജിനു സമീപത്തു നിന്നും ശാസ്താം ക്ഷേത്രത്തിനടുത്തുകൂടി പരവൂർ കായൽ തീരത്തുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

**3. കുടുംബശ്രീയുടെ സഹായത്തോടെയുള്ള തൊണ്ട് ശേഖരണം**

വിശകലനം സൂചിപ്പിക്കുന്നത് കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് പച്ച തൊണ്ടിന്റെ ദൗർലഭ്യമാണ്. അതേസമയം വീടുകളിൽ ഉപയോഗിക്കപ്പെടുന്ന തേങ്ങയുടെ തൊണ്ട് ലഭ്യമാക്കുവാനുള്ള നടപടികളൊന്നും നടക്കുന്നുമില്ല. ഏകദേശം 9000 വീടുകളുള്ള പരവൂർ നഗരസഭാ പ്രദേശത്ത് 2 ലക്ഷത്തോളം തൊണ്ടുകൾ ഒരുമാസം ലഭ്യമാണ്. ഇതിലെ പകുതി ശേഖരിക്കുകയാണെങ്കിൽ 1 ലക്ഷത്തോളം തൊണ്ടുകൾ ശേഖരിക്കുവാൻ കഴിയും. 50 പൈസ ഉടമസ്ഥനും, 50 പൈസ ശേഖരിക്കുന്ന ആൾക്കുമെന്നു കണക്കാക്കിയാൽ തൊണ്ടു ശേഖരണത്തിലൂടെ അമ്പതിനായിരത്തിനടുത്ത രൂപ ഒരുമാസം സമ്പാദിക്കാനാകും. 10 ആൾക്കാർ ഉൾപ്പെടുന്ന ഒരു യൂണിറ്റ് തൊണ്ടു ശേഖരണത്തിനു വേണ്ടി സജ്ജീകരിച്ചാൽ 5000 രൂപ ഒരാൾക്ക് മാസവരുമാനമുണ്ടാകും. കയർ മേഖലയിലെ തൊണ്ടു ശേഖരണത്തിനായി കുടുംബശ്രീ യൂണിറ്റിനെ ഏല്പിക്കുകയും അവർക്കാവശ്യമായ സൗകര്യങ്ങൾ (തൊണ്ട് ശേഖരിച്ച് ആവശ്യക്കാർക്ക് എത്തിക്കാനുള്ള വാഹനം മുതലയാവ) ലഭ്യമാക്കുക.

**4. കയർ ഉല്പന്നങ്ങൾ**

ചകിരിച്ചോറിൽ നിന്നും വളവും, കാർഡ്ബോർഡും ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ് മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ ആരംഭിക്കുക.

കയർ ഉപയോഗിച്ചുള്ള സോവനീർ നിർമ്മിക്കാനുള്ള പദ്ധതിയുടെ തുടക്കം കുറിക്കുക. ഇതിനായി സോവനീറിന്റെ മാതൃകയും, അതു തയ്യാറാക്കുന്ന വിധവും വിശദമാക്കുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം.

വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 28.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 28.1 –വ്യവസായ മേഖല – പദ്ധതി തുക*

| ക്രമ. നം. | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1 | മിനി വ്യവസായ എസ്റ്റേറ്റ് | 10200000 |
| 2. | ഐ.ടി. പാർക്ക് | 52500000 |
| 3. | കുടുംബശ്രീയുടെ സഹായത്തോടെയുള്ള തൊണ്ട് ശേഖരണം | 300000 |
| 4. | കയർ ഉല്പന്നങ്ങൾ | 300000 |
| 5. | കയർ ഉപയോഗിച്ചുള്ള സോവനീർ നിർമ്മാണം | 100000 |

<<< previous    contents    next >>>

# അദ്ധ്യായം– 29
# വിദ്യാഭ്യാസം

*ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്തെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.*

വിദ്യാഭ്യാസ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് (ഹയർ സെക്കണ്ടറി തലം വരെ) പരവൂർ കൂടുതൽ മുൻതൂക്കം നൽകണമെന്നാണ് വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്. ഇതനുസരിച്ചുള്ള വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ വിവരിച്ചിരിക്കുന്നു.

## 29.1 മുനിസിപ്പൽ ഗ്രന്ഥശാല

പരവൂർ മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലും വായന ശാലകളും ഗ്രന്ഥശാലകളും തുടങ്ങുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസത്തിന് കൂടി ഉപയോഗിക്കത്തക്കവിധം ഒരു മുനിസിപ്പൽ ഗ്രന്ഥശാല പരവൂരിൽ സ്ഥാപിക്കണം. ഇതിനായി ഭൂവിനിയോഗ മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം (പരവൂർ നഗരസഭയ്ക്ക് അടുത്തുള്ള) ഏറ്റെടുക്കുക. ഇവിടെ ഗ്രന്ഥശാല കെട്ടിടവും മറ്റ് പശ്ചാത്തല സൗകര്യവും ഒരുക്കുക.

## 29.2 ഹയർ സെക്കണ്ടറി തലം

ഹയർ സെക്കണ്ടറി തലത്തിൽ കൂടുതൽ സീറ്റുകൾ ആവശ്യമാണ് എന്ന വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കെ.എച്ച്.എസ്. പരവൂരിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി, സെക്കണ്ടറി തലത്തിൽ 100 സീറ്റുകൾ ഉൾപ്പെടുത്തി ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തണം.

## 29.3 ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ

നിലവിൽ പരവൂരിലുള്ള 10 സ്കൂളുകളിലെ ഭൗതിക അക്കാദമിക് സൗകര്യങ്ങൾ ഉയർത്തേണ്ടതുണ്ട്. അവ താഴെ പട്ടിക (29.1)ൽ കാണിച്ചിരിക്കുന്നു.

*പട്ടിക 29.1 – വിദ്യാലയങ്ങളിലെ ഭൗതിക അക്കാദമിക് ആവശ്യങ്ങൾ*

| ക്രമ നം | പേര് | ആവശ്യങ്ങൾ |
|---|---|---|
| 1 | ഗവ. എൽ.പി.എസ്., പരവൂർ | കമ്പ്യൂട്ടർ മുറി, ഫർണിച്ചർ, കെട്ടിട പുനരുദ്ധാരണം |
| 2. | ഗവ. എൽ.പി.എസ്., കൂനയിൽ | ലൈബ്രറി സൗകര്യം, ചുറ്റുമതിൽ |
| 3. | ഗവ. ഡബ്ല്യു. എൽ.പി.എസ്സ്, ഒഴുകുപാറ | ചുറ്റുമതിൽ, ലൈബ്രറി, കമ്പ്യൂട്ടർ മുറി, |
| 4. | ഗവ. എൽ.പി.എസ്സ്., കോട്ടപ്പുറം | ലൈബ്രറി, ചുറ്റുമതിൽ |
| 5. | ഗവ. യു.പി.എസ്സ്., കുറുമണ്ഡൽ | ലൈബ്രറി, കമ്പ്യൂട്ടർ മുറി ലബോറട്ടറി, ക്ലാസ്സ് മുറികൾ. |
| 6. | ഗവ. യു.പി.എസ്സ്., പരവൂർ | കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി, ഫർണിച്ചർ |
| 7. | ആയിരവല്ലി.യു.പി.എസ്സ്. കൂനയിൽ | ചുറ്റുമതിൽ, ലൈബ്രറി, കമ്പ്യൂട്ടർ മുറി. |
| 8. | ഗവ. ഹയർസെക്കണ്ടറി സ്കൂൾ, പരവൂർ, തെക്കുംഭാഗം | ടോയിലറ്റ് സൗകര്യം, നിലവിലുള്ള ടോയിലറ്റുകൾക്ക് മേൽക്കൂര, കമ്പ്യൂട്ടർ |
| 9. | എസ്.എൻ.വി.ജി.എച്ച്.എസ്സ്., പരവൂർ | കമ്പ്യൂട്ടർ |
| 10. | കെ.എച്ച്.എസ്., പരവൂർ | പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം. |

# അദ്ധ്യായം– 30

# ആരോഗ്യം

ആരോഗ്യ മേഖലയിൽ പരവൂർ നഗരസഭാ പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികൾ ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

സംയോജിത കൊല്ലം ജില്ലാ വികസന രൂപ രേഖ പ്രകാരം പരവൂരിനെ മൂന്നാം ക്രമത്തിൽപ്പെടുന്ന പ്രദേശമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. സമീപ ഗ്രാമപഞ്ചായത്തുകളുടെയകൂടി ഉയർന്ന സേവന മേഖല പ്രദേശമായി പരവൂർ പ്രവർത്തിക്കണമെന്നർത്ഥം. പരവൂരിലെ പശ്ചാത്തല സൗകര്യങ്ങൾ സമീപ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യകൂടി കണക്കിലെടുത്തുവേണം നിശ്ചയിക്കാൻ. സമീപ ഗ്രാമപഞ്ചായത്തുകളിലെ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗം പരവൂരിലെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗിക്കുമെന്ന് അനുമാനിച്ചാൽ

പശ്ചാത്തല സൗകര്യങ്ങൾക്കായി പരവൂരിനെ
ആശ്രയിക്കുന്ന ജനസംഖ്യ = പരവൂരിലെ ജനസംഖ്യ + 1/3 (മയ്യനാട്ടിലെയും ഭൂതക്കുളത്തിലെയും + ചിറക്കരയിലെയും ജനസംഖ്യ)

= 75000

സർക്കാർ മേഖലയിലെ അലോപ്പതി ആരോഗ്യ കേന്ദ്രത്തിൽ (രാമറാവു ഹോസ്പിറ്റൽ, നെടുങ്ങോലം) ഇപ്പോൾ കിടക്കകളുടെ എണ്ണം 55 ആണ്. ആസൂത്രണ സൂചകം (Planning Standerd) അനുസരിച്ച് ഇത് 100 എങ്കിലും ആയിരിക്കണം.

ആയൂർവ്വേദവും ഹോമിയോയും വളരെ വേഗം വളർന്നുവരുന്നതും ജനസ്വീകാര്യത ഏറിക്കൊണ്ടിരിക്കുന്നതുമായ ആരോഗ്യമേഖലയാണ്. ഇവയ്ക്കും പരവൂരിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ (കെട്ടിടങ്ങൾ, മറ്റ് സൗകര്യങ്ങൾ) ഒരുക്കണം. പരവൂരിലെ സമീപ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കും, പരവൂർ നിവാസികൾക്കും സഹായകമായ രീതിയിൽ മൂന്ന് ആരോഗ്യമേഖലയിലെയും (അലോപ്പതി, ആയൂർവേദം, ഹോമിയോ) സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ആരോഗ്യ മേഖലയെ സംബന്ധിച്ച വികസന കാഴ്ചപ്പാട്.

### 1. ഹോസ്പിറ്റൽ കോംപ്ലക്സ്

പരവൂരിലെ ആരോഗ്യമേഖലയിലെ ഏറ്റവും പ്രധാന വികസന നിർദ്ദേശമായിട്ടു ഉൾക്കൊള്ളിച്ചിരിക്കുന്നത് നെടുങ്ങോലം രാമറാവു ആശുപത്രി നിൽക്കുന്ന 4.5 ഹെക്ടർ സ്ഥലത്ത് മൂന്ന്

ആരോഗ്യമേഖലയിലും (അലോപ്പതി–ആയുർവേദം– ഹോമിയോപ്പതി) പെട്ട ആശുപത്രി സൗകര്യം ഒരുക്കുക എന്നതാണ്. ഇവിടെ ആശുപത്രികൾക്കുവേണ്ടുന്ന പൊതുസൗകര്യങ്ങൾ ലാബറട്ടറി, മെഡിക്കൽ സ്റ്റോർ, ആബുലൻസ് സൗകര്യം, കുടിവെള്ളം, കാന്റീൻ, മറ്റുപശ്ചാത്തല സൗകര്യങ്ങൾ പൊതുവായി ഒരുക്കാവുന്നതാണ്. ഇവയ്ക്കെല്ലാംകൂടി ഏകദേശം 2 കോടി രൂപയുടെ വികസനമാണ് പ്രതീക്ഷിക്കുനത് (250–200 ബെഡ്ഡുള്ള ഹോസ്പിറ്റൽ, ഓപറേഷൻ തീയറ്റർ മുതലയാവ ഉൾപ്പടെ).

**2. ആരോഗ്യ സർവ്വേ**

നഗര ജീവിതത്തിൽ ജീവിതശൈലി രോഗങ്ങൾ (ഹൈ പ്രഷർ, പ്രമേഹം, ഹൃദ്രോഗം, കൊളസ്ട്രോൾ മുതലായവ) വലിയ ആഘാതം ഏല്പിച്ചുകൊണ്ടിരിക്കുകയാണ്. പലപ്പോഴും ഇവ മൂർച്ചിച്ചതിനു ശേഷമായിരിക്കും വിദഗ്ദ്ധ ചികിത്സയ്ക്കായി ആൾക്കാർ മുതിരുന്നത്. ഈ അസുഖങ്ങൾ വളരെ നേരത്തേ കണ്ടെത്താൻ കഴിഞ്ഞാൽ, പിന്നീട് വരുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെ തടയാൻ കഴിയും. അങ്ങനെ ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാനും സാധിക്കും. ജീവിത ശൈലി രോഗങ്ങളെക്കുറിച്ച് മുൻധാരണയുണ്ടാക്കുന്നതിനായി പരവൂർ നഗരസഭാ പ്രദേശത്തുള്ള 30 വയസ്സിനു മുകളിലുള്ള എല്ലാവരുടെയും ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കണം. ഇതിന് ഏകദേശം 3 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

ആരോഗ്യ മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 30.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 30.1 ആരോഗ്യമേഖലയിലെ പ്രവർത്തന രംഗം (ഏകദേശ കണക്ക്)*

| ക്രമ നമ്പർ | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | ഹോസ്പിറ്റൽ കോംപ്ലക്സ് | 20000000 |
| 2. | ആരോഗ്യ സർവ്വേ | 300000 |

# അദ്ധ്യായം– 31

# കുടിവെള്ളവും മാലിന്യ നിർമാർജ്ജനവും

*കിണറുകൾ ഭൂഗർഭ ജലത്തിന്റെ ഉപയോഗം സാധ്യമാക്കുന്നു. പരവൂരിലെ മിക്കവാറും എല്ലാ വീടുകളിലും കിണറുകളുള്ളതിനാൽ ഇതിന്റെ സാധ്യത നിലനിർത്തിക്കൊണ്ടാണ് പരവൂരിലെ കുടിവെള്ള മേഖലയെ വികസന രൂപരേഖയിൽ സമീപിച്ചിരിക്കുന്നത്. പ്രാദേശിക കുടിവെള്ള സ്രോതസ്സുകൾ പരമാവധി ഉപയോഗിക്കുക എന്നതാണ് കുടിവെള്ള മേഖലയെ സംബന്ധിച്ച കാഴ്ചപ്പാട്. പരവൂരിലെ കുടിവെള്ള മേഖലയിൽ നിർദ്ദേശിച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.*

## 31.1 കുടിവെള്ളം

പരവൂരിൽ 2021–ൽ പ്രതീക്ഷിക്കുന്ന ജനസംഖ്യ 42797 ആണ്. കിണറുകളുടെ സാധ്യത ഭാവിയിലും നിലനിക്കുമെന്ന് കണക്കാക്കിയാൽ, പൈപ്പുവഴി നൽകേണ്ട ആളോഹരി വെള്ളത്തിന്റെ അളവ് ഒരു ദിവസം 75 ലിറ്റർ ആണ്. (ഒരാളുടെ നിത്യോപയോഗത്തിന് ഒരു ദിവസം കണക്കിലെടുക്കുന്ന സാധാരണ അളവ് 135 ലിറ്റർ ആണ്). പൊതു ഉപയോഗത്തിനും, വാണിജ്യ ആവശ്യങ്ങൾക്കും കൂടി ആളോഹരി ഒരു ദിവസം 50 ലിറ്റർ വേണമെന്ന് കണക്കാക്കിയാൽ, പൈപ്പുവഴി ഒരു ദിവസം നൽകേണ്ട ആളോഹരി ജലം 125 ലിറ്റർ ആണ്.

| | |
|---|---|
| പരവൂർ പ്രദേശത്ത് ഒരു ദിവസം നൽകേണ്ട പൈപ്പ് ജലം | = 42797 X 125 = 53.5 ലക്ഷം ലിറ്റർ. |
| ഇപ്പോൾ പൈപ്പ് വഴി നൽകുന്ന ജലം | = 25 ലക്ഷം ലിറ്റർ. |
| ബാക്കി | = 28.5 ലക്ഷം ലിറ്റർ. |

പരവൂരിന്റെ ഭാവി ജല സ്രോതസ്സായി അകത്ത് കായലിനെ ഉപയോഗിക്കാവുന്നതാണ്. പൊഴിക്കരയിൽ നിലവിലുള്ള ചീർപ്പ് (Sluice value) ശരിയാക്കുകയും പരവൂർ കായലിലേയ്ക്ക് ഉപ്പ് കയറുന്നതിനെ തടയുകയും വേണം. ഇത് പരവൂർ കായലിനെ ജില്ലയിലെ ഒരു പ്രധാന ജല സ്രോതസ്സായി മാറ്റും.

### 1. കുടിവെള്ള പദ്ധതി

അകത്തുകായലിനെ പരവൂരിലെ പ്രധാന ജല സ്രോതസ്സായി മാറ്റുക. അതിന്റെ സംരക്ഷണവും ഉറപ്പുവരുത്തുക. ജലം പമ്പുചെയ്യുന്നതിനുള്ള പമ്പ് ഹൗസ്, ജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ്, (അകത്ത് കായലിന് സമീപം) ജലസംഭരണികൾ മുതലായവയുടെ നിർമ്മാണം. ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കേണ്ട പദ്ധതിയാണ്.

### 2. പൊഴിക്കര ചീർപ്പ് നന്നാക്കുക

പൊഴിക്കരയിലെ ചീർപ്പ് നന്നാക്കി വേനൽക്കാലത്ത് പരവൂർ കായലിൽ കടൽ വെള്ളം കയറുന്നത് നിയന്ത്രിക്കുക.

കുടിവെള്ള മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 31.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 31.1– കുടിവെള്ളം – പദ്ധതി തുക*

| ക്രമ നമ്പർ | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | കുടിവെള്ള പദ്ധതി | 21500000 |
| 2. | പൊഴിക്കര ചീർപ്പ് നന്നാക്കുക | 1000000 |

## 31.2 മാലിന്യ നിർമ്മാർജ്ജനം

### മലിന ജല നിർമ്മാർജ്ജന പദ്ധതി

പരവൂർ നഗരസഭാ പ്രദേശത്തെ മലിന ജല നിർമ്മാർജ്ജനത്തെ സംബന്ധിച്ച് വിശകലനം സൂചിപ്പിക്കുന്നത് 99% ആൾക്കാരും സെപ്റ്റിക് ടാങ്കോ, കുഴികക്കുസോ ഉപയോഗിക്കുന്നുണ്ട് എന്നാണ്. കോളനികളിൽ മാത്രമാണ് മാലിന്യനിർമ്മാർജ്ജനത്തിന് ശാസ്ത്രീയ സൗകര്യങ്ങൾ ഒന്നും ഇല്ലാത്തത്. പരവൂർ നഗരപ്രദേശത്തെ ശരാശരി പുരയിട വിസ്തീർണ്ണം 25 സെന്റിനും 50 സെന്റിനും മധ്യേയായതിനാൽ തുടർന്നും സെപ്ടിക് ടാങ്ക് വഴിയുള്ള മാലിന്യ നിർമ്മാർജ്ജനം തുടരുന്നത് ആരോഗ്യ പ്രശ്നമൊന്നും സൃഷ്ടിക്കുന്നില്ലെന്നും ഈ ഒരു രീതി അഭികാമ്യമെന്നും കരുതാം.

രണ്ടു കായലുകളുടെയും കടലിന്റെയും സാന്നിദ്ധ്യം മൂലം മഴവെള്ളം കെട്ടിനിൽക്കുന്ന പ്രശ്നം പരവൂർ നഗരസഭാപ്രദേശത്തെ ഭൂരിഭാഗം പ്രദേശങ്ങളിലുമില്ല. പരവൂർ നഗരസിരാ കേന്ദ്രത്തിൽ മഴവെള്ളം ഒഴുകിപോകുന്നതിനായി ശാസ്ത്രീയമായ ആസൂത്രണം ചെയ്ത ഓടകളുടെ അഭാവംമൂലം പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അതിനാൽ പരവൂർ നഗരസിരാ കേന്ദ്രത്തിൽ ഓടകളുടെ ശാസ്ത്രീയമായ ആസൂത്രണവും, മഴവെള്ളത്തിന്റെ നിർമ്മാർജ്ജനവുമാണ് ആവശ്യം. ഇതിനായി വാണിജ്യ സിരാകേന്ദ്രത്തിലെ റോഡുകളുടെ വശങ്ങളിലെല്ലാം ഓട നിർമ്മിക്കാനും ഈ ഓടകളിലൂടെ സംഭരിക്കുന്ന ജലം, മഞ്ചാടി മൂടിന് സമീപം പ്രാഥമിക മാലിന്യ സംസ്കരണ പ്ലാന്റ് (Primary treatment Plan) സ്ഥാപിച്ചു അവിടെ സംസ്കരിച്ചശേഷം കായലിലേക്കു ഒഴുക്കുന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. ചിത്രം 31.1




*ചിത്രം 31.1– മലിനജല നിർമ്മാർജ്ജന പദ്ധതി (പരവൂർ നഗരസിരാകേന്ദ്രത്തിനു വേണ്ടി)*

**2. ഖര മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതി**

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ ഇതിനകം തന്നെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വാർഡ് 5ൽ നിന്നും 0.11 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എങ്കിലും വിനോദ സഞ്ചാരമേഖല, ആൾക്കാർ തിങ്ങിപാർക്കുന്ന തീരദേശ വാർഡുകൾ (11 മുതൽ 23 വരെയുള്ള വാർഡുകൾ) എന്നിവിടങ്ങളിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം സംസ്കരിക്കുന്നതിനായി ഒരു ബയോഗ്യാസ് പ്ലാന്റ് വാർഡ് 12 ൽ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനായി അഞ്ചു സെന്റിനടുത്ത സ്ഥലം ഏറ്റെടുക്കേണ്ടതാണ്. കൂടാതെ ഖരമാലിന്യം ദിവസേന ശേഖരിക്കുന്നതിനായി കൂടുതൽ ആൾക്കാരേയും വാഹനങ്ങളെയും (നിലവിൽ ഒരുലോറി മാത്രമാണ്) സജ്ജീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. (ഒരു ലോറിയും, മാലിന്യം ശേഖരിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റ് യഥാവിധി പ്രവർത്തിപ്പിക്കുന്നതിനുമായി ചുരുങ്ങിയത് 4 ആൾക്കാരെങ്കിലും ആവശ്യമാണ്.) (പരവൂർ നഗര സഭയിൽ നിലവിലുള്ള ആൾക്കാർക്കു പുറമെയാണിത്)




*ചിത്രം 31.2 ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായുള്ള നിർദ്ദിഷ്ഠ പ്രദേശങ്ങൾ*

മാലിന്യ നിർമ്മാർജ്ജന മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 31.2 ൽ നൽകിയിരിക്കുന്നു.

*പട്ടിക 31.2– മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ*

| **ക്രമ നമ്പർ** | **പ്രവർത്തനം** | **തുക (രൂപ)** |
|---|---|---|
| 1. | ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും | 6000000 |
| 2. | വാണിജ്യ സിരാ കേന്ദ്രത്തിലെ ഡ്രെയിനേജ് സൗകര്യം | 5000000 |

# അദ്ധ്യായം– 32

# വാണിജ്യ വിപണന മേഖല

*പരവൂർ വാണിജ്യ സിരാകേന്ദ്രത്തിനൊപ്പം അനുബന്ധ വാണിജ്യ കേന്ദ്രങ്ങളെന്ന നിലയ്ക്കു നെടുങ്ങോലം, തെക്കുംഭാഗം, പൊഴിക്കര എന്നിവിടങ്ങളിലും വാണിജ്യ കേന്ദ്രങ്ങൾ വികസിപ്പിച്ചു കൊണ്ട് വാണിജ്യ കേന്ദ്രങ്ങളെ വികേന്ദ്രീകരിക്കുക എന്നതാണ് വാണിജ്യ മേഖലയെ സംബന്ധിച്ച വികസന നയം. നിലവിലെ വാണിജ്യ സിരാകേന്ദ്രത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഇതിനെ കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. പരവൂർ നഗരസഭാ പ്രദേശത്ത് വാണിജ്യ വിപണന മേഖലയിൽ നടപ്പിലാക്കേണ്ട പ്രധാന വികസന നിർദ്ദേശങ്ങൾ ഇനി വിശദീകരിച്ചിരിക്കുന്നു.*

**1. വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുക**

പരവൂരിന്റെ വാണിജ്യ സിരാകേന്ദ്രത്തിന്റെ വിസ്തീർണ്ണം ഏകദേശം 14.5 ഹെക്ടറോളം സ്ഥലത്താണ്. എന്നാൽ ഇവിടെ ഇടത്തരവും ചെറുതുമായ 240 ഓളം കടകളാണ് പ്രവർത്തിക്കുന്നത്. റോഡിന്റെ വശങ്ങളോട് ചേർന്ന് നില്ക്കുന്ന കടകളൊഴിച്ചാൽ, ഉൾഭാഗം പലയിടത്തും ഉപയോഗിക്കപ്പെടാതെകിടക്കുന്നതായി കാണാം. അതുകൊണ്ട് വാണിജ്യസിരാകേന്ദ്രത്തിലെ സ്ഥലത്തിന്റെ പരിമാവധി ഉപയോഗം സാധ്യമാക്കുന്നതിനും അവിടെ വാഹന പാർക്കിംഗ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുമായി, വാണിജ്യസിരാകേന്ദ്രത്തിനുവേണ്ടി (14.5 ഹെക്ടർ പ്രദേശം) ഒരു വിശദ നഗര ആസൂത്രണ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

**2. മാർക്കറ്റിന്റെ വിപുലീകരണം**

നിലവിലെ മാർക്കറ്റിന്റെ വിപുലീകരണം.

**3. ബസ്ബേ**

പരവൂർ നഗര സിരാകേന്ദ്രത്തിലേക്ക് വരികയും പോകുകയും ചെയ്യുന്ന ആൾക്കാർക്ക് ബസ് ഇറങ്ങുന്നതിനും കയറുന്നതിനും ബസ്ബേ നിലവിലെ ബസ് സ്റ്റാൻഡിനു സമീപം നിർമ്മിക്കുക.

**4. ടാക്സി സ്റ്റാൻഡ്/ ലോറി സ്റ്റാൻഡ്**

ഗതാഗത മേഖലയിൽ വിശദീകരിച്ചിരിക്കുന്നു.

**5. ആട്ടോ ബൂത്ത്**

ഗതാഗത മേഖലയിൽ വിശദീകരിച്ചിരിക്കുന്നു.

വാണിജ്യ വിപണന മേഖലയിലെ വിവിധ പദ്ധതികൾക്കായി വരുന്ന ഏകദേശ ചിലവ് പട്ടിക 32.1 ൽ നൽകിയിരിക്കുന്നു.

*പട്ടിക 32.1– വാണിജ്യവിപണന മേഖല*

| ക്രമ നമ്പർ | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | **വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുക** | 100000 |
| 2. | **മാർക്കറ്റിന്റെ വിപുലീകരണം** | 2900000 |
| 3. | **ബസ്‌ബേ** | 20000 |
| 4. | **ടാക്സി സ്റ്റാൻഡ് / ലോറി സ്റ്റാൻഡ്** | 50000 |
| 5. | **ആട്ടോ ബൂത്ത്** | 50000 |

<<< previous | contents | next >>>

# അദ്ധ്യായം- 33

## ചേരിപ്രദേശങ്ങൾ

*ഈ അദ്ധ്യായത്തിൽ പരവൂർ നഗരസഭാ പ്രദേശത്തെ ഗവൺമെന്റ് അംഗീകൃത അഞ്ച് ചേരികൾ ഉൾപ്പടെയുള്ള നിലവാരം കുറഞ്ഞ 15 അധിവാസ കേന്ദ്രങ്ങളിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.*

**1. വാറുകുളം കോളനി പുനരുദ്ധാരണം**

വാറുകുളം കോളനി നിവാസികൾക്ക് പട്ടയം നൽകാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. കോളനി നിവാസികൾക്ക് നിലവാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സഹായം നൽകേണ്ടതാണ്. ഇവിടെ സാനിട്ടേഷൻ സൗകര്യങ്ങളില്ലാത്ത ഓരോ വീടിനും കക്കൂസുകൾ പ്രത്യേകമായും എന്നാൽ സെപ്റ്റിക് ടാങ്ക് പൊതുവായും നൽകാവുന്നതാണ്. അതിനോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കേണ്ടതാണ്. ബയോഗ്യാസ് തെരുവിളക്കുകൾ കത്തിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

**2. ചരുവിള–1 കോളനി പുനരുദ്ധാരണം**

ചരുവിള–1 കോളനിയിൽ നിലവാരം കുറഞ്ഞ വീടുകൾക്ക് പകരം മെച്ചപ്പെട്ടവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ കോളിനികളിൽ സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തത നികത്തേണ്ടതാണ്.

**3. യക്ഷിക്കാവ് (വിയറ്റ്നാം) കോളനി പുനരുദ്ധാരണം**

യക്ഷിക്കാവ് (വിയറ്റ്നാം) കോളനിയിൽ നിലവാരം കുറഞ്ഞ വീടുകൾക്ക് പകരം മെച്ചപ്പെട്ടവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ കോളിനികളിൽ സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തത നികത്തേണ്ടതാണ്. കോളനി നിവാസികളുടെ യാത്രാ സൗകര്യത്തിനായി ഇന്റേണൽ റോഡുകൾ നിർമ്മിക്കേണ്ടതാണ്.

**4. പുലിക്കുളം കോളനി പുനരുദ്ധാരണം**

പുലിക്കുളം കോളനിയിൽ നിലവാരം കുറഞ്ഞ വീടുകൾക്ക് പകരം മെച്ചപ്പെട്ടവ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കോളനിയോട് ചേർന്ന കുളം വൃത്തിയാക്കി സംരക്ഷണഭിത്തി കെട്ടേണ്ടതാണ്.

**5. പേരാൽത്തൊടി കോളനി പുനരുദ്ധാരണം**

പേരാൽത്തൊടി കോളനി നിവാസികളുടെ യാത്രാ സൗകര്യത്തിനായി ഇന്റേണൽ റോഡുകൾ നിർമ്മിക്കേണ്ടതാണ്. കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കുഴൽക്കിണർ ഉൾപ്പെടുന്ന ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**6. മുതലക്കുളം പുനരുദ്ധാരണം**

മുതലക്കുളം കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കുഴൽക്കിണർ ഉൾപ്പെടുന്ന ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കേണ്ടതാണ്.

### 7. പുഞ്ചിറക്കുളം കോളനി പുനരുദ്ധാരണം

**പുഞ്ചിറക്കുളം** കോളനിയിലെ വീടുകളുടെ നിലവാരം മെച്ചപ്പെടുത്തുകയും, സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തത നികത്തേണ്ടതുമാണ്.

### 8. വെട്ടിക്കുന്നുവിള കോളനി പുനരുദ്ധാരണം

ഇവിടെ വീടില്ലാത്തവർക്ക് വീടുവച്ചു കൊടുക്കുകയും, നിലവിലുള്ള വീടുകളുടെ നിലവാരം മെച്ചപ്പെടുത്തുകയും, കുഴൽകിണർ ഉൾപ്പെടെയുള്ള ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

### 9. മാലാക്കായൽ കോളനി പുനരുദ്ധാരണം

മാലാക്കായൽ കോളനിയിൽ വീടുകളുടെ നിലവാരം മെച്ചപ്പെടുത്തുകയും, കുടിവെള്ള പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

### 10. എ.ഗ്രേഡിൽപ്പെടുന്ന കോളനികൾ

ചരുവിള–2, പരകുളം, പരകുളം പാറയിൽക്കാവ്, കൂനയിൽ ലക്ഷംവീട് എന്നീ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതാണ്. പണ്ടാരേത്ത് വടക്കേതൊടി കോളനിയിലുള്ള വീടുകളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതാണ്. പന്നിക്കുളം കോളനിയിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

***പട്ടിക–33.1 ചേരിപ്രദേശങ്ങളുടെ പുനരുദ്ധാരണം***

| ക്രമ നം. | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1 | വാറുകുളം കോളനി പുനരുദ്ധാരണം | 2250000 |
| 2 | ചരുവിള 1 കോളനി പുനരുദ്ധാരണം | 595000 |
| 3 | യക്ഷിക്കാവ് (വിയറ്റ്നാം) കോളനി പുനരുദ്ധാരണം | 2255000 |
| 4 | പുലിക്കുളം കോളനി പുനരുദ്ധാരണം | 850000 |
| 5 | പേരാൽതൊടി കോളനി പുനരുദ്ധാരണം | 350000 |
| 6 | മുതലക്കുളം കോളനി പുനരുദ്ധാരണം | 100000 |
| 7 | പുഞ്ചിറക്കുളം കോളനി പുനരുദ്ധാരണം | 600000 |
| 8 | വെട്ടിക്കുന്നുവിള കോളനി പുനരുദ്ധാരണം | 300000 |
| 9 | മാലാക്കായൽ കോളനി പുനരുദ്ധാരണം | 210000 |
| 10 | എ ഗ്രേഡ് (ചരുവിള 2, പരകുളം, പരകുളം പാറയിൽകാവ്, കൂനയിൽ ലക്ഷംവീട്, പ ാരേത്ത് വടക്കേതൊടി, പന്നിക്കുളം) കോളനികളുടെ പുനരുദ്ധാരണം | 530000 |

<<< previous | contents | next >>>

# അദ്ധ്യായം– 34

## മറ്റ് പശ്ചാത്തല സൗകര്യങ്ങൾ

*ഇവിടെ പരവൂർ നഗരസഭാ പ്രദേശത്ത് വിഭാവനം ചെയ്തിരിക്കുന്ന പശ്ചാത്തല സൗകര്യ ങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.*

1. ജനഭവൻ – വിശകലനം സൂചിപ്പിക്കുന്നത് പരവൂർ നഗരസഭാ പ്രദേശത്തെ മിക്ക കെട്ടിട ങ്ങളും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നാണ്. ചിതറിക്കിടക്കുന്ന എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ജനഭവൻ നിർമ്മിക്കുക. ഇതി നായി നിലവിലെ ആയുർവേദ ആശുപത്രി നിൽക്കുന്ന പ്രദേശം ഉപയോഗിക്കേണ്ടതാണ്.

2. ഠൗൺ ഹാൾ – ഠൗൺ ഹാൾ നിർമ്മിക്കുന്നതിനായി നഗരസഭയോടു ചേർന്നു കിടക്കുന്ന 0.33 ഹെക്ടർ ഏറ്റെടുക്കുകയും ഇതിനായുള്ള പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. ഇവിടെ തന്നെയാണ് മുനിസിപ്പൽ ഗ്രന്ഥശാലയും ഉൾപ്പെടുത്തിയിരിക്കുന്നത്.

3. സ്റ്റേഡിയം – ലിങ്ക് റോഡിന് സമീപം 3.5 ഹെക്ടർ സ്ഥലത്ത് സ്റ്റേഡിയവും തുറസ്സായ മൈതാനവും പരവൂർ നഗരസഭയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്.

4. പൊതു ശ്മശാനം – വാർഡ് നമ്പർ 7 ൽ പൊതു ശ്മശാനത്തിനായി 0.22 ഹെക്ടർ സ്ഥലം നഗരസഭ ഏറ്റെടുത്തിട്ടുണ്ട്. ഇവിടെ ശ്മശാനം നിർമ്മിക്കുവാനുള്ള പദ്ധതി ആരംഭിക്കേ ണ്ടതാണ്.

*പട്ടിക 34.1– മറ്റ് പശ്ചാത്തല സൗകര്യങ്ങൾ*

| ക്രമ നമ്പർ | പ്രവർത്തനം | തുക (രൂപ) |
|---|---|---|
| 1. | ജനഭവൻ നിർമ്മാണം | 10000000 |
| 2. | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 10000000 |
| 3. | സ്റ്റേഡിയം നിർമ്മാണം | 20000000 |
| 4. | ശ്മശാനത്തിന്റെ നിർമ്മാണം | 2000000 |

# അദ്ധ്യായം– 35

# പരിസ്ഥിതിയും പൈതൃക പ്രദേശങ്ങളും

*പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളായി വയലേലകളെയും, ജലാശയങ്ങളെയും, കാവുകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. പൈതൃക പ്രദേശങ്ങളായി പുരാതന ക്ഷേത്രങ്ങളായ പുറ്റിംഗൽ ദേവീ ക്ഷേത്രത്തെയും, പൊഴിക്കര ദേവീ ക്ഷേത്രത്തേയും ഉൾപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളെയും, പൈതൃക പ്രദേശങ്ങളെയും നശിപ്പിക്കപ്പെടാതെ സംരക്ഷിക്കുക എന്നതാണ് ഈ മേഖലയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്.*

## 35.1 പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ

1. വയലേലകൾ

വിശകലനം സൂചിപ്പിക്കുന്നത് പരവൂരിലെ വയലേലകൾ ചുറ്റുമുള്ള പ്രദേശങ്ങളേക്കാൾ താഴ്ന്ന പ്രദേശങ്ങളാണെന്നും, മഴവെള്ളം സംഭരിച്ചു ഭൂഗർഭ ജലവിതാനം ഉയർത്താൻ സാധിക്കുമെന്നാണ്. നഗരപ്രദേശത്തെ 92% ആൾക്കാരും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്ന പശ്ചാത്തലത്തിൽ ഇവയുടെ സംരക്ഷണം അത്യാവശ്യമാണ്. കൂടാതെ സമീപ പ്രദേശങ്ങളിൽ നിന്ന് മഴവെള്ളം ഒഴുകി ഇവിടെ വരുന്നതിനാൽ സമീപ പ്രദേശങ്ങളിലെ വെള്ളപ്പൊക്കവും ഈ വയലേലകൾ നിയന്ത്രിക്കുന്നു.സംരക്ഷിക്കേണ്ട വയലേലകൾ താഴെപറയുന്നു.

- ✍✍ ക്ലാവറ ഏല
- ✍✍ കൂനയിൽ ഏല
- ✍✍ പണ്ഡാരത്തിൽ ഏല
- ✍✍ പശുമൺ ഏല
- ✍✍ ഏലക്കുളം ഏല

ഈ വയലേലകൾ നെൽകൃഷിയേയും ഭാവിയിലും നെൽകൃഷിയിലും, നെൽകൃഷിയുടെ സാധ്യത നശിപ്പിക്കാത്ത മറ്റു കൃഷികളും ഉഴുന്നു, എള്ള് മുതലായവ കൃഷിചെയ്യുന്നതിനായി നിർദ്ദേശിക്കുന്നു.

2. കടൽ തീരം

കടൽ തീരത്തോടു ചേർന്ന് CRZ നു വിധേയമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം നിർദ്ദേശിക്കുന്നു. മലപ്പുറം പള്ളിക്ക് സമീപം 200 മീറ്റർ നീളത്തിൽ കടൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

3. കായൽ തീരം

കായൽ തീരം വ്യക്തമായും വേർതിരിക്കുകയും ഇവിടെ മുളവച്ച് പിടിപ്പിക്കുകയും വേണം. മുള കായൽ തീരം കൂടുതൽ ഇടിയുന്നത് തടയുകയും പാകമായ മുള നല്ലൊരു വരുമാന മാർഗ്ഗം കൂടി തരുകയും ചെയ്യുന്നു. ഇതുകൂടാതെ പരവൂർ കായലിന്റെയും, നടയറ കായലിന്റെയും അതിർത്തിയിലൂടെ കായൽ തീര റോഡ് 5 മീറ്റർ വീതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഈ റോഡിന്റെ ഇരുവശങ്ങളിലും മുള വച്ചുപിടിപ്പിക്കാനും നിർദ്ദേശിക്കുന്നു. ഇത് കായലിനെ സംരക്ഷിക്കുകയും കായൽ കയ്യേറ്റം തടയുകയും ചെയ്യുന്നു.




*ചിത്രം 35.1 – കായൽ തീരറോഡുകൾ*

4. അകത്തുകായൽ

അകത്തുകായലിന്റെ തീരത്തു നിന്നും അതിനെ ചുറ്റി രണ്ടുവശത്തുമുള്ള റോഡിനും ഇടയിലുള്ള ഭാഗം നിർമ്മാണ വിമുക്ത മേഖല (No construction zone) ആക്കുക.

5. കാവുകൾ

ആയിരവല്ലി കാവ് അതുപോലെ സംരക്ഷിക്കുക. കാവിന് ഭംഗം വരുത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാതിരിക്കുക.

## 35.2 പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ

നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്നതും പൈതൃക പ്രാധാന്യമുള്ളതുമായ രണ്ടു പുരാതന ക്ഷേത്രങ്ങളാണ് പൊഴിക്കര ദേവീക്ഷേത്രവും, പുറ്റിംഗൽ ദേവീ ക്ഷേത്രവും. ഈ രണ്ടു ക്ഷേത്രങ്ങളും സംരക്ഷിക്കണം. ഈ ക്ഷേത്രങ്ങലുടെ പ്രാധാന്യം നിലനിർത്തുന്നതിനായി ക്ഷേത്ര കോമ്പൗണ്ടിനു ചുറ്റുമുള്ള 50 മീറ്റർ പ്രദേശത്ത് രണ്ടു നിലയിൽ കൂടുതലുള്ള ഒരു നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കാതിരിക്കുക. പൊഴിക്കര കൊട്ടാരത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് ഇതിനെ പുനരുദ്ധാരണം നടത്തി ഒരു പൈതൃക പ്രാധാന്യമുള്ള കെട്ടിടം എന്ന നിലയ്ക്ക് സംരക്ഷിക്കേണ്ടതാണ്.

<<< previous | contents | next >>>

# ഭാഗം– 6

## ധനകാര്യം, വികസന ഭരണം, വികസന ഘട്ടങ്ങൾ

